لَآ اِلٰهَ اِلَّا اللّٰهُ مُحَمَّدٌ رَّسُوْلُ اللّٰهِ

# പരീക്ഷണത്തിന്റെ പൊരിവെയിലിൽ എരിയുന്നവർ

അല്ലാഹുവിൽനിന്നുവരുന്ന ദൂതന്മാർ പരിഹസിക്കപ്പെടാതിരിക്കുകയില്ല എന്ന അവന്റെ വാഗ്ദാനം സത്യമാണെങ്കിൽ വാഗ്ദത്ത മസീഹും പരിഹസിക്കപ്പെടേണ്ടത് നിർബന്ധമാണ്. അതിനാൽ മസീഹ് മൗഊദ് അഥവാ വാഗ്ദത്ത മസീഹ് എതിർക്കപ്പെടുന്നത് അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനുള്ള തെളിവാണ്; കള്ളപ്രവാചകനാണെന്നതിനല്ല. മസീഹ് മൗഊദിനെ എതിർക്കുന്ന നിർഭാഗ്യരാണ് ഉലമാ എന്നു പറയപ്പെടുന്നവരും മൗലവിമാരും. അവർ സ്വയം വഴികേടിലായി; ജനതയെ വഴികേടിലാക്കുകയും ചെയ്തു. വിശുദ്ധ ഖുർആനിന്റേയും തിരുഹദീഥുകളുടേയും വെളിച്ചത്തിൽ മർയമിന്റെ മകൻ മസീഹ് മരണപ്പെട്ടു. വിശുദ്ധ ഖുർആനിന്റെ അടിസ്ഥാനത്തിൽ മരിച്ചവർ ഈ ലോകത്ത് വീണ്ടും വരികയില്ല. നബി(സ)തിരുമേനി ഏതൊരു മസീഹ് ഇറങ്ങുമെന്നാണോ പ്രവചിച്ചത് അദ്ദേഹത്തെ സംബന്ധിച്ച് പറഞ്ഞു: 'അദ്ദേഹം നിങ്ങളിൽനിന്നു തന്നെയായിരിക്കും.' അതായത് മുഹമ്മദിയ്യാ ഉമ്മത്തിൽനിന്നു തന്നെ നിയോഗിക്കപ്പെടുന്നതാണ്. മുസ്‌ലിം ഉലമാ വിശുദ്ധ ഖുർആനിനും തിരുഹദീഥുകൾക്കും വിരുദ്ധമായി വഴിപിഴച്ച വിശ്വാസവുമായിട്ടാണിരിക്കുന്നത്. രണ്ടായിരം വർഷം മുമ്പേ ബനുഇസ്റായേലിന് നബി എന്ന നിലയിൽവന്ന മർയമിന്റെ മകൻ മസീഹ് ഇപ്പോഴും സ്ഥൂലശരീരത്തോടെ ആകാശത്തിൽ ജീവിച്ചിരിക്കുന്നുവെന്നും അദ്ദേഹംതന്നെ വീണ്ടും വരുമെന്നുമുള്ള വിശ്വാസത്തിലാണ് അവരുള്ളത്. അദ്ദേഹം എപ്പോഴാണ് ഇറങ്ങുക? ഇറങ്ങുന്നത് അവിടെ നില്ക്കട്ടെ, അദ്ദേഹം മരിച്ചുപോയിരിക്കുന്നു. പക്ഷേ, അല്ലാഹു മുഹമ്മദിയ്യാ ഉമ്മത്തിനുമേൽ കരുണയും ദയയും കാണിച്ചുകൊണ്ട് ഏതൊരു മസീഹിനെയാണോ ഇറക്കിയത് അതായത് മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദുമായ സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി(അ)യെ ഇവർ എതിർക്കുന്നു. അല്ലാഹു നിയോഗിക്കുന്നവരും ദൂതന്മാരും എന്തുകൊണ്ടാണ് എതിർക്കപ്പെടുന്നത്? ഇതുസംബന്ധമായി വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)പറയുന്നു:

**ദൈവിക ജമാഅത്തും എതിർപ്പും:**

'ഒരു നബിയോ റസൂലോ അല്ലാഹുവിൽനിന്ന് നിയോഗിക്കപ്പെടുമ്പോൾ, ആളുകൾക്ക് ആ നബിയുടെ അല്ലങ്കിൽ റസൂലിന്റെ കക്ഷി സുലക്ഷണമുള്ളവരും സാത്വികരും ധൈര്യവാന്മാരും അഭിവൃദ്ധിപ്പെടുന്നവരുമായി കാണിക്കപ്പെടുന്നു. അവരെ സംബന്ധിച്ച് നിലവിലുള്ള ജനതകളുടേയും കക്ഷികളുടേയും മനസ്സിൽ തീർച്ചയായും ഒരുതരത്തിലുള്ള വെറുപ്പും അസൂയയുമുണ്ടാകുന്നു. പ്രത്യേകിച്ചും എല്ലാ മതത്തിന്റേയും പണ്ഡിതന്മാരും സിംഹാസനാരൂഢരും ശക്തമായ വെറുപ്പ് പ്രകടിപ്പിക്കുന്നു. കാരണം ആ ദൈവപുരുഷന്റെ വെളിപ്പെടൽകൊണ്ട് അവരുടെ വരവുകളിലും ബഹുമതികളിലും വ്യതിയാനമുണ്ടാകുന്നു.......ഉലമാഇന്റേയും ശേയ്ഖന്മാരുടേയും കക്ഷി എപ്പോഴും നബിമാരോടും റസൂൽമാരോടും അസൂയപ്പെട്ടാണ് വരുന്നത്. കാരണം നബിമാരുടേയും റസൂൽമാരുടേയും കാലത്ത് അവരുടെ രഹസ്യങ്ങളെല്ലാം പരസ്യമായി രംഗത്തുവരുന്നു. എന്തുകൊണ്ടെന്നാൽ, വാസ്തവത്തിൽ അവർ അപൂർണരാണ്. വെളിച്ചവുമായി വളരെ കുറച്ചുബന്ധമാണ് അവർക്കുള്ളത്. അല്ലാഹുവിന്റെ നബിമാരോടും പുണ്യാത്മാക്കളോടുമുള്ള അവരുടെ ശത്രുത ശരീരേച്ഛാപരം മാത്രമാണ്. അവർ ആപാദചൂഢം ശരീരേച്ഛയ്ക്ക് അടിപ്പെട്ട് ഉപദ്രവിക്കാനുള്ള പദ്ധതികൾ ആലോചിക്കുന്നു. എന്നല്ല ചിലപ്പോൾ പരിശുദ്ധ മനസ്സുള്ള അല്ലാഹുവിന്റെ ഒരു ദാസനെ അന്യായമായി ബുദ്ധിമുട്ടിച്ച് ദൈവകോപത്തിനു കീഴിൽ വന്നിരിക്കുന്നുവെന്ന് അവർക്കു തോന്നുകയും ചെയ്യാറുണ്ട്. അവരുടെ കർമങ്ങളും എപ്പോഴും പുണ്യാത്മാക്കൾക്കെതിരിൽ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അവരുടെ കുറ്റബോധാവസ്ഥ അവരിൽ പ്രകടമായിക്കൊണ്ടിരിക്കുന്നു. എന്നാലും അസൂയാഗ്നിയുടെ വേഗമുള്ള എഞ്ചിൻ ശത്രുതയുടെ കുഴിയിലേക്ക് അവരെ വലിച്ചുകൊണ്ടുവരുന്നു. ഇതാണ് നബി(സ)തിരുമേനിയുടെ കാലഘട്ടത്തിൽ ബഹുദൈവ വിശ്വാസികളുടേയും യഹൂദികളുടേയും ക്രിസ്ത്യാനികളുടേയും പണ്ഡിതന്മാരെ സത്യം സ്വീകരിക്കുന്നതിൽനിന്ന് തടഞ്ഞത്. എന്നല്ല കഠിനമായി എതിർക്കാൻ പ്രേരിപ്പിക്കുകയും ചെയ്തു." (ഗവൺമെന്റ് അംഗ്രേസി ഔർ ജിഹാദ് , റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 3)

**മസീഹ് മൗഊദിനെ നിഷേധിച്ചവരുടെ ഉദാഹരണം:**

ഇമാം മഹ്ദിയെ കണ്ടെത്തിയാൽ തന്റെ സലാം എത്തിക്കണമെന്ന് നബി(സ) തിരുമേനി താക്കീതു ചെയ്ത് പറഞ്ഞതാണ്. മറ്റൊരു ഹദീഥിൽ മഞ്ഞുകട്ടയുടെ മുകളിലൂടെ ഇഴഞ്ഞുപോകേണ്ടിവന്നാലും പോകണമെന്നും ബയ്അത്ത് ചെയ്യണമെന്നും പറഞ്ഞു. ഉലമാ എന്ന് പറയുന്നവർ നബി(സ) തിരുമേനിയുടെ ഈ ഗൗരവാവഹമായ നിർദ്ദേശങ്ങളെ പിൻപുറം തള്ളിക്കളഞ്ഞു. സലാം എത്തിക്കുന്നതിനുപകരം അദ്ദേഹത്തെ ജുഗുപ്സാവഹമായി എതിർത്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അക്കൂട്ടരെ ഉദാഹരിച്ചത് ഇങ്ങനെയാണ്: 'കഠിനമായ വിശപ്പുള്ളവർ പലരീതിയിലുള്ള ആഹാരപദാർഥങ്ങൾ നിറഞ്ഞ തീൻമേശയിൽ ചെന്ന് മുട്ടുകയും വിശപ്പുകൊണ്ടു മരിക്കുകയും ചെയ്യുക.' അവിടന്ന് പറയുന്നു: 'അഹോ കഷ്ടം! 14–ാം നൂറ്റാണ്ടിൽനിന്ന് 21 വർഷവും കഴിഞ്ഞുപോയി. നമ്മുടെ വാദത്തിന്റെ കാലഘട്ടം എത്രമാത്രം ദീർഘമായെന്നാൽ, എന്റെ വാദത്തിന്റെ തുടക്കത്തിൽ വയറ്റിലായിരുന്നവരുടെ മക്കളും യുവാക്കളായി. എന്നാൽ, ഞാൻ സത്യവാദിയാണെന്ന് നിങ്ങൾക്കിതുവരെ മനസ്സിലായില്ല. തങ്ങളുടെ ഹദീഥുകളിൽ 30 ദജ്ജാൽ വരുമെന്ന് എഴുതിയിരിക്കുന്നതുകൊണ്ട് തങ്ങൾ വിശ്വസിക്കുന്നില്ലെന്നാണ് ആവർത്തിച്ചാവർത്തിച്ച് പറയുന്നത്.

നിർഭാഗ്യരായ ജനമേ! നിങ്ങളുടെ ഓഹരിയിൽ ദജ്ജാൽ മാത്രമേ ഉള്ളുവോ? രാത്രി നേരത്ത് ആളറിയാത്ത ഒരാളുടെ മൃഗം ഒരു വയലിനെ നശിപ്പിക്കുന്നതുപോലെ നിങ്ങൾ നാലുഭാഗത്തുനിന്നും നശിപ്പിക്കപ്പെട്ടിരിക്കുന്നു. നിങ്ങളുടെ ആന്തരികമായ അവസ്ഥകളും

ബദ്ർ ആഴ്ചപ്പതിപ്പ് "മസീഹ് മൗഊദ് സ്പെഷ്യൽ പതിപ്പ്"


| | വിഷയങ്ങൾ | പേജ് നമ്പർ |
|---|---|---|
| ❁ | പത്രാധിപക്കുറിപ്പും വിഷയവിവരങ്ങളും | 1 |
| ❁ | മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും വരുമെന്ന സുവാർത്ത വിശുദ്ധ ഖുർആനിലും തിരുഹദീഥുകളിലും | 2 |
| ❁ | സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദേശങ്ങൾ | 3 |
| ❁ | ഖുത്ബ ജുമുഅ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് | 4 |
| ❁ | വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ജീവചരിത്രം; സൗഹാർദത്തിന്റേയും സഹിഷ്ണുതയുടേയും വെളിച്ചത്തിൽ | 9 |
| ❁ | ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം; ദൈവിക സുവാർത്തകളുടേയും താക്കീതുകളുടേയും പരിപ്രേക്ഷ്യത്തിൽ. | 12 |
| ❁ | സിയാൽക്കോട്ട്; ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രണ്ടാമത്തെ സ്വദേശം! | 17 |


അങ്ങേയറ്റം മോശമായിരിക്കുന്നു. പുറത്തുനിന്നുള്ള ആക്രമണങ്ങളും ഉച്ചിയിലെത്തിയിരിക്കുന്നു. നൂറ്റാണ്ടിന്റെ തലയ്ക്കൽ മുജദ്ദിദുമാർ വരാറുണ്ടായിരുന്നതും നഊദുബില്ലാഹ് അല്ലാഹു മറന്നുപോയി. ഈ പ്രാവശ്യം നൂറ്റാണ്ടിന്റെ തലയ്ക്കൽ വന്ന ആളും നിങ്ങൾ പറയുന്നതനുസരിച്ച് ദജ്ജാലാണ്. നിങ്ങൾ മണ്ണിലലിഞ്ഞു ചേർന്നിരിക്കുന്നു. എന്നാൽ, അല്ലാഹു നിങ്ങളുടെ വിവരം തിരക്കിയില്ല. നിങ്ങൾ അനാചാരങ്ങളിൽ മുങ്ങിത്താണു. എന്നാൽ, അല്ലാഹു നിങ്ങളെ സംരക്ഷിച്ചില്ല. നിങ്ങളിൽനിന്ന് ആത്മീയത പൊയ്പോയി. സത്യസന്ധതയുടേയും നേരിന്റേയും പരിമളം നിങ്ങളിൽ ബാക്കിയായില്ല. സത്യം പറയുക! ഇപ്പോൾ നിങ്ങളിൽ റൂഹാനിയ്യത്ത് അഥവാ ആത്മീയത എവിടെയാണുള്ളത്? അല്ലാഹുവുമായി ബന്ധമുള്ളതിന്റെ ലക്ഷണം എന്താണുള്ളത്? നിങ്ങളുടെ പക്കൽ എന്താണ് ദീൻ? നാവുകൊണ്ടുള്ള തന്ത്രങ്ങൾ! ഉപദ്രവകരമായ കലഹങ്ങൾ! പക്ഷപാതിത്വത്തിന്റെ ആവേശത്തിമിർപ്പ് ! അന്ധന്മാരെപോലെ പോരാട്ടം! അല്ലാഹുവിൽനിന്ന് ഒരു നക്ഷത്രം ഉദിച്ചുയർന്നു. എന്നാൽ, നിങ്ങൾ അതിനെ തിരിച്ചറിഞ്ഞില്ല. നിങ്ങൾ ഇരുട്ടിനെ സ്വീകരിച്ചു. അതുകൊണ്ട് അല്ലാഹു നിങ്ങളെ കൂരിരുട്ടിൽത്തന്നെ ഉപേക്ഷിക്കുകയും ചെയ്തു.

ഈ പരിതഃസ്ഥിതിയിൽ നിങ്ങളും മറ്റുള്ളവരും തമ്മിലുള്ള വ്യത്യാസമെന്താണ്? അന്ധന്മാരുടെ ഇടയിൽ ഇരുന്ന് നിന്റെ അവസ്ഥയെക്കാൾ എന്റെ അവസ്ഥയാണ് നല്ലതെന്ന് ഒരു അന്ധന് പറയാൻ കഴിയുമോ?

അല്ലയോ അജ്ഞരായ സമൂഹമേ! ഞാൻ എന്തിനോടാണ് നിങ്ങളെ ഉപമിക്കേണ്ടത്. വലിയ ദാനിയായ ഒരുവന്റെ തോട്ടത്തിന്നടുത്ത് താമസിച്ച ദൗർഭാഗ്യരായവരോടാണ് നിങ്ങൾക്ക് സാദൃശ്യം. അതിൽ എല്ലാ തരത്തിലുള്ള ഫലദായ വൃക്ഷങ്ങളും വെച്ചുപിടിപ്പിച്ചു. അതിന്റെ ഉള്ളിൽ മധുരമുള്ള വെള്ളത്തിന്റെ നദി ഉണ്ടാക്കി. അതിലെ വെള്ളം അങ്ങേയറ്റം മധുരമുള്ളതായിരുന്നു. അതിൽ വലിയ വലിയ തണൽ വൃക്ഷങ്ങളും പിടിപ്പിച്ചു. അത് ആയിരക്കണക്കിന് ആളുകളെ വെയിലിൽനിന്ന് രക്ഷിക്കാനുതകുന്നതായിരുന്നു. അപ്പോൾ ആ ദാനി, തണലൊന്നുമില്ലാതെ, ഫലവർഗങ്ങളില്ലാതെ, വെള്ളമില്ലാതെ വെയിലിൽ പൊരിഞ്ഞുകൊണ്ടിരുന്ന ആ ജനതയെ തണലിലിരിക്കാനും പഴങ്ങൾ തിന്നാനും വെള്ളം കുടിക്കാനും വിളിച്ചു. പക്ഷേ, ആ ദുഷ്ടജനം അതു നിഷേധിച്ചു. ആ വെയിലത്ത് പൊരിയുന്ന ചൂടുകൊണ്ട് ദാഹവും വിശപ്പും സഹിക്കവയ്യാതെ മരിച്ചൊടുങ്ങി. അവരുടെ സ്ഥാനത്ത്, ആ മരങ്ങളുടെ തണലിരിക്കുന്നവരും, പഴങ്ങൾ തിന്നുന്നവരും മാധുര്യമേറിയ വെള്ളം കുടിക്കുന്നവരുമായ മറ്റൊരു ജനതയെ താൻ കൊണ്ടുവരുമെന്ന് അല്ലാഹു പറയുന്നത് അതുകൊണ്ടാണ്. അല്ലാഹു ഉദാഹരണമെന്ന നിലയിൽ വിശുദ്ധ ഖുർആനിൽ എത്ര ഭംഗിയായാണ് പറഞ്ഞിട്ടുള്ളത്. ദുൽഖർനൈൻ ഒരു ജനതയെ വെയിലത്ത് പൊരിയുന്നതായി കണ്ടു. അവർക്കും സൂര്യനുമിടയിൽ ഒരു മറയുമുണ്ടായിരുന്നില്ല. ആ ജനത ദുൽഖർനൈനോട് സഹായമൊന്നും ചോദിച്ചില്ല. അതുകൊണ്ട് അവർ ആ വിപത്തിൽ കഴിഞ്ഞു. പക്ഷേ ദുൽഖർനൈന് മറ്റൊരു ജനതയെ കിട്ടി. അവർ ദുൽഖർനൈനോട് ശത്രുക്കളിൽനിന്ന് രക്ഷിക്കാൻ സഹായം അഭ്യർഥിച്ചു. അവർക്കുവേണ്ടി ഒരു ഭിത്തി പടുത്തുയർത്തപ്പെട്ടു. അതിനാൽ അവർ ശത്രുക്കളുടെ ആക്രമണങ്ങളിൽനിന്ന് രക്ഷപ്പെട്ടു.

'അതിനാൽ ഞാൻ സത്യമായും പറയുന്നു: വിശുദ്ധഖുർആനിലെ പ്രവചനമനുസരിച്ച് എല്ലാ ഓരോ ജനതയുടേയും നൂറ്റാണ്ടു പ്രാപിച്ച ആ ദുൽഖർനൈൻ ഞാനാകുന്നു. മുസ്‌ലിംകളിൽനിന്ന് എന്നെ വിശ്വസിക്കാത്തവരാണ് വെയിലത്ത് എരിഞ്ഞടങ്ങുന്നവർ. ചെളിക്കുണ്ടിലും ഇരുട്ടിലും ഇരിക്കുന്നവർ ക്രിസ്ത്യാനികളാണ്. ശേഷം പേജ് 20 ൽ

# മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും വരുമെന്ന സുവാർത്ത വിശുദ്ധ ഖുർആനിലും തിരുഹദീഥുകളിലും

۞ هُوَ الَّذِىْ بَعَثَ فِى الْاُمِّيّٖنَ رَسُوْلًا مِّنْهُمْ يَتْلُوْا عَلَيْهِمْ اٰيٰتِهٖ وَيُزَكِّيْهِمْ وَيُعَلِّمُهُمُ الْكِتٰبَ وَالْحِكْمَةَ ۗ وَاِنْ كَانُوْا مِنْ قَبْلُ لَفِىْ ضَلٰلٍ مُّبِيْنٍ ○ وَّاٰخَرِيْنَ مِنْهُمْ لَمَّا يَلْحَقُوْا بِهِمْ ؕ وَهُوَ الْعَزِيْزُ الْحَكِيْمُ ○ (الجمعة:3)

"അവനത്രെ അക്ഷരജ്ഞാനമില്ലാത്ത ആ ജനതയിൽ (അറബികളിൽ) അവരിൽനിന്നുള്ള ഒരു ദൂതനെ എഴുന്നേല്പിച്ചിട്ടുള്ളത്. ആ ദൂതൻ അവന്റെ വചനങ്ങൾ അവർക്ക് വായിച്ചുകേൾപ്പിക്കുകയും അവരെ ശുദ്ധീകരിക്കുകയും അവർക്ക് ഗ്രന്ഥവും തത്ത്വജ്ഞാനവും പഠിപ്പിച്ചുകൊടുക്കുകയും ചെയ്യുന്നു. ഇതിനുമുമ്പേ അവർ സ്പഷ്ടമായ വഴികേടിലായിരുന്നുവെങ്കിലും; അവരോടൊപ്പം ഇതുവരെ ചേർന്നിട്ടില്ലാത്ത അവരിൽനിന്നുള്ള മറ്റൊരു ജനതയിലും(അവൻ ദൂതനെ എഴുന്നേല്പിക്കുന്നതാണ്). അവൻ പ്രതാപവാനും അഗാധജ്ഞനുമാകുന്നു." (62:3-4) സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ് റഹ്മഹുല്ലാഹ് ഈ വചനങ്ങൾക്ക് നല്കിയ വിശദീകരണത്തിൽ പറയുന്നു:'ഈ വചനങ്ങളിൽ അവസാനം വരുന്ന ഏതൊരു ആളുകളെ കുറിച്ചാണോ പറയപ്പെട്ടിരിക്കുന്നത്, കഴിഞ്ഞ വചനത്തിൽ പറയപ്പെട്ടിട്ടുള്ള അതേ റസൂലിന്റെ നിയോഗം ഇവരിലുമുണ്ടാകുമെന്നാണ്. (هُوَ الَّذِىْ بَعَثَ فِى الْاُمِّيّٖنَ رَسُوْلًا)എന്നാൽ, ഈ വചനത്തിന്റെ അവസാനത്തിൽ രണ്ടാമത്തെ വചനത്തിന്റെ അവസാനം പറഞ്ഞ ആ നാലു ദൈവഗുണങ്ങൾ വിവരിക്കപ്പെട്ടിട്ടില്ല; മറിച്ച് കേവലം 'അസീസ്, ഹക്കീം' എന്ന രണ്ടു ദൈവഗുണം ആവർത്തിക്കപ്പെട്ടു. ഇതിൽനിന്ന് മനസ്സിലാകുന്നത് ആരംഭത്തിൽ ഏതൊരു റസൂലിനെ കുറിച്ചാണോ പറഞ്ഞിട്ടുള്ളത് അദ്ദേഹം വീണ്ടും സ്വയം നിയോഗിതനാകുകയില്ല. മറിച്ച് അദ്ദേഹത്തിന്റെ ഏതെങ്കിലും പ്രതിബിംബം നിയോഗിതനാകും എന്നാണ്. അദ്ദേഹം ശരീഅത്ത് വാഹിയായിട്ടുള്ള നബിയായിരിക്കുകയില്ല. ഹദ്റത്ത് ഈസാ(അ)നെ കുറിച്ച് പറഞ്ഞതിലും ഈ രണ്ട് ദൈവഗുണം വിവരിക്കപ്പെട്ടു എന്നതാണ് രസകരമായ കാര്യം. بَلْ رَّفَعَهُ اللّٰهُ اِلَيْهِ ؕ وَكَانَ اللّٰهُ عَزِيْزًا حَكِيْمًا (4:159)

۞ وَاِذْ قَالَ عِيْسَى ابْنُ مَرْيَمَ يٰبَنِىْۤ اِسْرَآءِيْلَ اِنِّىْ رَسُوْلُ اللّٰهِ اِلَيْكُمْ مُّصَدِّقًا لِّمَا بَيْنَ يَدَىَّ مِنَ التَّوْرٰىةِ وَمُبَشِّرًاۢ بِرَسُوْلٍ يَّاْتِىْ مِنْۢ بَعْدِى اسْمُهٗۤ اَحْمَدُ ؕ فَلَمَّا جَآءَهُمْ بِالْبَيِّنٰتِ قَالُوْا هٰذَا سِحْرٌ مُّبِيْنٌ ○ وَمَنْ اَظْلَمُ مِمَّنِ افْتَرٰى عَلَى اللّٰهِ الْكَذِبَ وَهُوَ يُدْعٰۤى اِلَى الْاِسْلَامِ ؕ وَاللّٰهُ لَا يَهْدِى الْقَوْمَ الظّٰلِمِيْنَ ○

(سورہ الصف آیت 7، 8)

* "മർയമിന്റെ മകൻ ഈസാ പറഞ്ഞ അവസരം (സ്മരിക്കുക). ഇസ്റായിൽ സന്തതികളേ, എന്റെ മുമ്പിലിരിക്കുന്ന തൗറാത്തിനെ സാക്ഷാൽക്കരിക്കുന്നവനായും എനിക്ക് ശേഷം വരുന്ന അഹ്മദ് എന്ന് പേരുള്ള ഒരു ദൂതനെ കുറിച്ച് സന്തോഷവാർത്ത അറിയിക്കുന്നവനായും ഞാൻ നിങ്ങളുടെയടുക്കൽ (നിയുക്തനായ) അല്ലാഹുവിന്റെ ദൂതനാകുന്നു. അങ്ങനെ അദ്ദേഹം അവരുടെയടുക്കൽ വ്യക്തമായ തെളിവുകളും കൊണ്ട് ചെന്നപ്പോൾ അവർ പറഞ്ഞു, ഇത് സ്പഷ്ടമായൊരു ഇന്ദ്രജാലമാണ്. താൻ ഇസ്ലാമിലേക്ക് ക്ഷണിക്കപ്പെട്ടുകൊണ്ടിരിക്കെ അല്ലാഹുവിന്റെമേൽ കള്ളം കെട്ടിച്ചമയുന്ന ഒരുത്തനെക്കാൾ കടുത്ത അക്രമി മറ്റാരുണ്ട്? അക്രമികളായ ജനങ്ങളെ അല്ലാഹു നേർവഴിയിൽ നയിക്കുകയില്ല." (61:7-8)

7-ാമത്തെ ആയത്തിന്റെ വിശദീകരണത്തിൽ സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാനി മിർസാ ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) പറയുന്നു: ബർണബാസിന്റെ ഇഞ്ചീലിൽ നബി(സ) തിരുമേനിയെ കുറിച്ച് എഴുതിയിട്ടുള്ള പ്രവചനമാണ് ആ ആയത്തിലുള്ളത്. ക്രിസ്ത്യാനികൾ അത് വ്യാജമായ ഇഞ്ചീലാണെന്ന് പറയുന്നു. എന്നാൽ, ഇത് പോപ്പിന്റെ ലൈബ്രറിയിലുണ്ട്. ഇതിനു പുറമെ പ്രചാരത്തിലിരിക്കുന്ന സുവിശേഷങ്ങളിൽ 'ഫാറഖലീത്ത്' വരുമെന്ന് പ്രവചനം ചെയ്യപ്പെട്ടിട്ടുള്ളതും തെളിവാണ്. ഇതിന്റെ അർത്ഥം 'അഹ്മദ്' എന്നു തന്നെയാണ്. അതിനാൽ ഈ വചനത്തിൽ നബി(സ) തിരുമേനിയെ കുറിച്ച് നേരിട്ടും അടുത്ത അധ്യായത്തിൽ പ്രതിപാദിച്ചിരിക്കുന്ന ആ മഹാത്മാവിന്റെ പ്രതിബിംബത്തെ കുറിച്ച് നേരിട്ടല്ലാതെയും വിവരം നല്കപ്പെട്ടിരിക്കുകയാണ്.

8-ാമത്തെ വചനത്തിന്റെ വിശദീകരണത്തിൽ ഹുദൂർ പറയുന്നു:

നബി(സ)തിരുമേനിയുടെ പ്രതിബിംബത്തിന്റെ വരവിനെ സംബന്ധിച്ച് പ്രത്യേക ശ്രദ്ധ വേണമെന്ന കാര്യം ഈ ആയത്തിൽ പ്രകടമാക്കപ്പെട്ടിരിക്കുന്നു. അദ്ദേഹം പ്രവചനത്തിന്റെ നേരിട്ടുള്ള പാത്രമല്ല. പക്ഷേ, ഇസ്ലാമിലേക്ക് അദ്ദേഹം വിളിക്കപ്പെടും. മുഹമ്മദ്(സ) സ്വയം ലോകത്തെ ഇസ്ലാമിലേക്ക് വിളിക്കുകയായിരുന്നു.

.......☆.......☆.......☆.......

## നിങ്ങളുടെ ഇമാം നിങ്ങളിൽ നിന്നായിരിക്കും:

● عَنْ اَبِىْ هُرَيْرَةَ رَضِىَ اللّٰهُ عَنْهُ قَالَ : قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ : كَيْفَ اَنْتُمْ اِذَا نَزَلَ ابْنُ مَرْيَمَ فِيْكُمْ وَاِمَامُكُمْ مِنْكُمْ وَفِىْ رِوَايَةٍ فَاَمَّكُمْ مِنْكُمْ (بخاری کتاب الانبیاء)

ഹദ്റത്ത് അബൂ ഹുറയ്റ(റ) വിവരിക്കുന്നു, നബി(സ) തിരുമേനി പറഞ്ഞു: 'ഇബ്നു മർയം(അതായത് മസീഹിന്റെ സദൃശൻ) നിങ്ങളിൽനിന്ന് നിങ്ങളുടെ ഇമാമായി നിങ്ങളിൽ അവതരിക്കുമ്പോൾ നിങ്ങളുടെ അവസ്ഥ എന്തായിരിക്കും.' മറ്റൊരു നിവേദനത്തിലുണ്ട്. 'നിങ്ങളിൽ നിന്നായ കാരണത്താൽ അദ്ദേഹം നിങ്ങൾക്ക് ഇമാമത്തിന്റെ കടമകൾ നിർവഹിക്കുന്നതായിരിക്കും.'

## മസീഹ് മൗഊദ്(അ)ന്റെ ജോലി:

● عَنْ اَبِىْ هُرَيْرَةَ رَضِىَ اللّٰهُ عَنْهُ عَنِ النَّبِىِّ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ قَالَ : لَا تَقُوْمُ السَّاعَةُ حَتّٰى يَنْزِلَ عِيْسَى بْنُ مَرْيَمَ حَكَمًا مُقْسِطًا وَاِمَامًا عَدْلًا فَيَكْسِرُ الصَّلِيْبَ وَيَقْتُلُ الْخِنْزِيْرَ وَيَضَعُ الْجِزْيَةَ وَيَفِيْضُ الْمَالَ حَتّٰى لَا يَقْبَلَهٗ اَحَدٌ.

(سنن ابن ماجہ کتاب الفتن باب فتنۃ الدجال وخروج عیسی بن مریم وخروج یاجوج وماجوج)

അബൂഹുറയ്റ(റ) വിവരിക്കുന്നു, നബി(സ)തിരുമേനി പറഞ്ഞു: 'നീതിമാനായ വിധികർത്താവായി ഈസബ്നു മർയം നിങ്ങളിൽ നിയോഗിതനായി വരാത്തിടത്തോളം ഖിയാമത്തു വരികയില്ല. (അദ്ദേഹം നിയോഗിതനാകുമ്പോൾ) കുരിശുടയ്ക്കുകയും പന്നിയെ കൊല്ലുകയും ജിസ്യ അവസാനിപ്പിക്കുകയും ചെയ്യുന്നതാണ്. അദ്ദേഹം ആളുകൾ സ്വീകരിക്കാൻ തയ്യാറാകാത്തത്ര ധനം വിതരണം ചെയ്യുന്നതാണ്.'

## ഇമാം മഹ്ദിയുടേയും വാഗ്ദത്ത മസീഹിന്റേയും കാലഘട്ടം:

● عَنْ حُذَيْفَةَ بْنِ يَمَانٍ قَالَ : قَالَ رَسُوْلُ اللّٰهِ صَلَّى اللّٰهُ عَلَيْهِ وَسَلَّمَ : اِذَا مَضَتْ اَلْفٌ وَمِائَتَانِ وَاَرْبَعُوْنَ سَنَةً يَبْعَثُ اللّٰهُ الْمَهْدِىَّ (النجم الثاقب، جلد2 صفحہ 209)

ഹദ്റത്ത് ഹുദയ്ഫത്തുബ്നു യമാൻ(റ) വിവരിക്കുന്നു, നബി(സ) തിരുമേനി പറഞ്ഞു: '1240 വർഷത്തിനുശേഷം അല്ലാഹു മഹ്ദിയെ നിയോഗിച്ചയക്കുന്നതായിരിക്കും.' (അന്നജ്മുഥ്ഥാഖിബ്, വാള്യം 2, പേജ് 209)

## മസീഹ് മൗഊദിനെ കണ്ടാൽ എന്റെ സലാം പറയണം.

● اَلَا اِنَّ عِيْسَى بْنَ مَرْيَمَ لَيْسَ بَيْنِىْ وَبَيْنَهٗ نَبِىٌّ وَلَا رَسُوْلٌ، اَلَا اِنَّهٗ خَلِيْفَتِىْ فِىْ اُمَّتِىْ مِنْ بَعْدِىْ، اَلَا اِنَّهٗ يَقْتُلُ الدَّجَّالَ وَيَكْسِرُ الصَّلِيْبَ وَيَضَعُ الْجِزْيَةَ، وَتَضَعُ الْحَرْبُ اَوْزَارَهَا اَلَا مَنْ اَدْرَكَهٗ فَلْيَقْرَأْ عَلَيْهِ السَّلَامَ - (طبرانی الاوسط والصغیر)

'ശ്രദ്ധിച്ചുകേൾക്കുവിൻ! ഈസബ്നു മർയമിന്റേയും (മസീഹ് മൗഊദ്) എന്റേയുമിടയിൽ ഒരു നബിയോ റസൂലോ ഉണ്ടാകുകയില്ല. നല്ലവണ്ണം കേട്ടുകൊള്ളുവിൻ! അദ്ദേഹം എനിക്കുശേഷം ഉമ്മത്തിൽ എന്റെ ഖലീഫയായിരിക്കും. അദ്ദേഹം തീർച്ചയായും ദജ്ജാലിനെ കൊല്ലുകയും കുരിശ് (അതായത് കുരിശുപരമായ വിശ്വാസം) ഉടയ്ക്കുകയും ജിസ്യ നിറുത്തുകയും ചെയ്യുന്നതാണ്. (അതായത് ആ സമ്പ്രദായം എടുക്കപ്പെടുന്നതാണ്). അക്കാലത്ത് മതയുദ്ധങ്ങൾ അവസാനിക്കുന്നതായിരിക്കും. ഓർമിച്ചുകൊള്ളുവിൻ! അദ്ദേഹത്തെ കണ്ടുമുട്ടാൻ ആർക്ക് ഭാഗ്യം കിട്ടിയാലും അവർ അദ്ദേഹത്തിന് എന്റെ സലാം എത്തിക്കേണ്ടതാണ്.'

## ഇമാം മഹ്ദിയ്ക്ക് ബയ്അത്ത് ചെയ്യൽ നിർബന്ധം:

● فَاِذَا رَاَيْتُمُوْهُ فَبَايِعُوْهُ وَلَوْ حَبْوًا عَلَى الثَّلْجِ فَاِنَّهٗ خَلِيْفَةُ اللّٰهِ الْمَهْدِىُّ-

'മുസ്ലിംകളേ! നിങ്ങൾ ഇമാം മഹ്ദിയെ കണ്ടെത്തിയാൽ അദ്ദേഹത്തിന് ബയ്അത്ത് ചെയ്യുക. അദ്ദേഹം അല്ലാഹുവിന്റെ ഖലീഫയായ മഹ്ദിയാണ്.' (അബൂദാവൂദ് ബാബ് ഖുറൂജുൽ മഹ്ദി)

.......☆.......☆.......☆.......

# എന്റെ കൈയാൽ അല്ലാഹു ഇസ്‌ലാമിനെ മുഴുലോകത്തും വിജയിപ്പിക്കുന്നതിനുവേണ്ടിയാണ് ഞാൻ അവനിൽനിന്ന് അയക്കപ്പെട്ടിരിക്കുന്നത്.

**സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഉപദേശനിർദ്ദേശങ്ങൾ**

### വിശുദ്ധഖുർആനിന്റെ സദ്ഗുണങ്ങളും ഹദ്റത്ത് റസൂൽ കരീംസ്വല്ലല്ലാഹു അലയ്ഹിവസല്ലമിന്റെ മാഹാത്മ്യങ്ങളും പ്രകടിപ്പിക്കുന്നതിനും വേണ്ടി എന്നെ അല്ലാഹു ഈ 14–ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ നിയോഗിച്ചയച്ചിരിക്കുന്നു;

“ഇസ്‌ലാമിന്റെ മഹാത്മാക്കളേ! അല്ലാഹു നിങ്ങളുടെ മനസ്സുകളിൽ എല്ലാ കക്ഷികളെക്കാളുമുപരി സദുദ്ദേശ്യം സൃഷ്ടിക്കുമാറാകട്ടെ. വിഷമസന്ധിയുടെ നേരത്ത് നിങ്ങളെ തന്റെ പ്രിയപ്പെട്ട ദീനിന്റെ സത്യവാന്മാരായ സേവകരാക്കുമാറാകട്ടെ. ഞാൻ ഇപ്പോൾ അല്ലാഹുവിനുവേണ്ടി മാത്രം ഒരു അത്യാവശ്യകാര്യത്തെ കുറിച്ച് അറിയിക്കുകയാണ്; എന്നെ അല്ലാഹു ഈ 14–ാം നൂറ്റാണ്ടിന്റെ തലയ്ക്കൽ തന്നിൽനിന്ന് നിയോഗിച്ചുകൊണ്ട് കെട്ടുറപ്പുള്ള ഇസ്‌ലാം ദീനിന്റെ പരിഷ്കരണത്തിനും സഹായത്തിനും വേണ്ടി അയച്ചിരിക്കുന്നു; കോലാഹലം നിറഞ്ഞ ഇക്കാലഘട്ടത്തിൽ വിശുദ്ധഖുർആനിന്റെ സദ്ഗുണങ്ങളും ഹദ്റത്ത് റസൂൽ കരീംസ്വല്ലല്ലാഹു അലയ്ഹിവസല്ലമിന്റെ മാഹാത്മ്യങ്ങളും പ്രകടിപ്പിക്കുന്നതിനും ഇസ്‌ലാമിന്റെമേൽ ആക്രമണം നടത്തിക്കൊണ്ടിരിക്കുന്ന എല്ലാ ശത്രുക്കൾക്കും എനിക്ക് പ്രദാനം ചെയ്യപ്പെട്ടിരിക്കുന്ന പ്രകാശങ്ങളുടേയും അനുഗ്രഹങ്ങളുടേയും അമാനുഷിക സിദ്ധികളുടേയും നേരിട്ട് അല്ലാഹുവിൽനിന്ന് ലഭിച്ച അറിവുകളുടേയും സഹായത്താൽ മറുപടി നല്കുന്നതിനും വേണ്ടി.” *(ബറക്കാത്തുദ്ദുആ, പേജ് 34, റൂഹാനീ ഖസാഇൻ, വാല്യം 6)*

### അല്ലാഹു എന്റെ പ്രബന്ധംകൊണ്ട് എല്ലാ ഓരോ കക്ഷിയുടേയുംമേൽ ന്യായപൂർത്തി വരുത്തി

“വിശുദ്ധഖുർആനിലെ ഈ ആയത്ത് എനിക്ക് ഇൽഹാമുണ്ടായിട്ട് ഏകദേശം 20 വർഷം കഴിഞ്ഞിരിക്കുന്നു: هُوَالَّذِیۡۤ اَرۡسَلَ رَسُوۡلَهٗ بِالۡهُدٰی وَدِیۡنِ الۡحَقِّ لِیُظۡهِرَهٗ عَلَی الدِّیۡنِ کُلِّهٖ അല്ലാഹുവിൽനിന്ന് എനിക്ക് ഈ ഇൽഹാം മനസ്സിലാക്കപ്പെട്ടത് ഇങ്ങനെയാണ്; അല്ലാഹു ഇസ്‌ലാമിനെ എന്റെ കൈയാൽ സകല മതങ്ങളുടേയുംമേൽ വിജയിപ്പിക്കുന്നതിന് അവനിൽനിന്ന് ഞാൻ അയക്കപ്പെട്ടിരിക്കുന്നു. വിശുദ്ധഖുർആനിലെ ഒരു മഹത്തായ പ്രവചനമാണിതെന്ന് ഇവിടെ ഓർക്കുക. ഈ പ്രവചനം മസീഹ് മൗഊദിന്റെ കൈയാൽ പുലരുമെന്നുള്ളത് ഗവേഷകരായ ഉലമാഇന്റെ ഏകോപിച്ച അഭിപ്രായമാണ്. എത്രത്തോളം ഔലിയാഉം അബ്ദാലും എനിക്ക് മുമ്പേ കഴിഞ്ഞുകടന്നിട്ടുണ്ടോ അവരിലാരും തങ്ങളെ ഈ പ്രവചനത്തിന്റെ സാക്ഷാത്കാരമെന്ന് പറഞ്ഞിട്ടില്ല. പ്രസ്തുത ആയത്ത് തനിക്ക് ഇൽഹാമുണ്ടായിട്ടുണ്ടെന്ന് ആരും വാദിച്ചിട്ടുമില്ല. പക്ഷേ, എന്റെ കാലം വന്നപ്പോൾ എനിക്ക് ഈ ഇൽഹാമുണ്ടായി. ഈ ആയത്തിന്റെ സാക്ഷാത്കാരം നീയാണെന്ന് എന്നോടു പറയപ്പെട്ടു, നിന്റെ കൈയാൽത്തന്നെയും നിന്റെ കാലത്തും ഇസ്‌ലാം ദീനിന്റെ മേന്മ മറ്റു മതങ്ങളുടെമേൽ സ്ഥാപിതമാകും. അങ്ങനെ ഈ ശക്തിപ്രഭാവത്തിന്റെ അത്ഭുതകൃത്യം സർവമത സമ്മേളനത്തിൽ വെളിപ്പെട്ടുകഴിഞ്ഞിരിക്കുന്നു. ഈ സമ്മേളനത്തിൽ എന്റെ പ്രസംഗ സമയത്ത് എതിരിലുള്ള എല്ലാ പ്രസംഗങ്ങളുടേയും എല്ലാ കക്ഷികളുടേയും വക്കീലിന് മനസ്സോടെയോ മനസ്സില്ലാതെയോ, ഇസ്‌ലാം ദീൻ അതിന്റെ ഉത്കൃഷ്ടഗുണങ്ങളോടുകൂടി എല്ലാ ഓരോ മതത്തേക്കാളും ഉയർന്നു നില്ക്കുന്നുവെന്ന് സമ്മതിക്കേണ്ടിവന്നു എന്നതിൽ സംശയമില്ല. അവിടംകൊണ്ടും തീർന്നില്ല. മറിച്ച് അല്ലാഹു എന്റെ പ്രബന്ധംകൊണ്ട് എല്ലാ ഓരോ കക്ഷിയുടേയുംമേൽ ന്യായപൂർത്തി വരുത്തി.” *(തിർയാഖുൽഖുലൂബ്, റൂഹാനീ ഖസായിൻ, വാല്യം 15, പേജ് 232)*

### തന്റെ ദൂതന്മാരെ അല്ലാഹു എന്നെന്നും സഹായിച്ചിരുന്നതുപോലെ അവൻ തീർച്ചയായും എന്നെ സഹായിക്കുമെന്ന് എനിക്കറിയാം. എനിക്കെതിരിൽ നില്ക്കാൻ ആരുമില്ല.

“ഇക്കാലത്തിനുള്ളിൽ നൂറ്റമ്പതോളം പ്രവചനങ്ങൾ വ്യക്തമായ നിലയിൽ പുലർന്നത് ഞാനെന്റെ കണ്ണുകൊണ്ട് കണ്ടുകഴിഞ്ഞിരിക്കുന്നു. അപ്പോൾ ഞാൻ എന്നെ കുറിച്ച് റസൂൽ അല്ലെങ്കിൽ നബി എന്ന പേരിനെ എങ്ങനെയാണ് നിഷേധിക്കുക; അല്ലാഹു സ്വയം ഈ നാമം എനിക്കു വേണ്ടി വെച്ചിട്ടുള്ളപ്പോൾ ഞാനെന്തിനു നിഷേധിക്കണം. അല്ലെങ്കിൽ അവനെയല്ലാതെ മറ്റാരെയെങ്കിലും എന്തിനു ഭയപ്പെടണം. ആരാണോ എന്നെ അയച്ചത് ആ അല്ലാഹുവാണ! അവനിൽ കറ്റുകെട്ടി പറയുക എന്നത് ശപിക്കപ്പെട്ടവരുടെ പണിയാണ്. മസീഹ് മൗഊദായി അവൻ എന്നെ അയച്ചിരിക്കുന്നു. ഞാൻ വിശുദ്ധഖുർആനിലെ വചനങ്ങളിൽ വിശ്വസിക്കുന്നതുപോലെ അണുവിട വ്യത്യാസമില്ലാതെ എനിക്കുണ്ടായ സുവ്യക്തമായ വഹ്‌യുകളിലും വിശ്വസിക്കുന്നു. അതിന്റെ സത്യത അതിന്റെ നിരന്തരമായുണ്ടായ അടയാളങ്ങളാൽ എന്നിൽ തുറക്കപ്പെട്ടിരിക്കുന്നു. ഞാൻ ബയ്ത്തുല്ലായിൽനിന്നുകൊണ്ട്, എന്നിൽ ഇറങ്ങിയ പരിശുദ്ധമായ വഹ്‌യ്, ഹദ്റത്ത് മൂസായ്ക്കും ഹദ്റത്ത് ഈസായ്ക്കും (അ) ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യ്ക്കും തന്റെ കലാം ഇറക്കിയ അതേ അല്ലാഹുവിന്റെ കലാമാണെന്ന് സത്യം ചെയ്തു പറയാൻ എനിക്ക് കഴിയുന്നതാണ്. എനിക്കുവേണ്ടി ഭൂമിയും സാക്ഷി പറഞ്ഞു; ആകാശവും. ഇപ്രകാരം ഞാൻ ഖലീഫത്തുല്ലാഹ് അഥവാ അല്ലാഹുവിന്റെ ഖലീഫയാണെന്ന് എനിക്കുവേണ്ടി ആകാശവും സംസാരിച്ചു; ഭൂമിയും. എന്നാൽ, പ്രവചനമനുസരിച്ച് നിഷേധിക്കപ്പെടേണ്ടതും നിർബന്ധമായിരുന്നു. അതുകൊണ്ട് ആരുടെ മനസ്സുകളിലാണോ പർദയുള്ളത് അവർ സ്വീകരിക്കുകയില്ല. തന്റെ ദൂതന്മാരെ അല്ലാഹു എന്നെന്നും സഹായിച്ചിരുന്നതുപോലെ അവൻ തീർച്ചയായും എന്നെ സഹായിക്കുമെന്ന് എനിക്കറിയാം. എനിക്കെതിരിൽ നില്ക്കാൻ ആരുമില്ല.” *(റൂഹാനീ ഖസായിൻ, വാല്യം 18, ഏക് ഗലത്വീകാ ഇസാല പേജ് 210)*

### അല്ലാഹു എന്നെ ഇക്കാലത്ത് പരിഷ്കരണത്തിന് അയച്ചിരിക്കുന്നു;

“അമ്പിയാക്കന്മാർ(അ)ലോകത്തുനിന്ന് അനന്തരാവകാശികളില്ലാതെ കടന്നുപോയി എന്ന ചിന്താഗതി ശരിയല്ല. ഇപ്പോൾ അവരെക്കുറിച്ച് എന്തെങ്കിലും അഭിപ്രായം പറയുക എന്നത് കഥാകഥനത്തെക്കാളധികം ഒരുനിലയും ഉൾക്കൊള്ളുന്നില്ല. എന്നല്ല എല്ലാ ഓരോ നൂറ്റാണ്ടിലും ആവശ്യമുള്ളപ്പോൾ അവരുടെ അനന്തരാവകാശികൾ ജനിച്ചുകൊണ്ടിരുന്നു; ഈ നൂറ്റാണ്ടിൽ ഈ സാധുവാണ്. അല്ലാഹു എന്നെ ഇക്കാലത്ത് പരിഷ്കരണത്തിന് അയച്ചിരിക്കുന്നു; അല്ലാഹുവിന്റെ പ്രത്യേകമായ സഹായമില്ലാതെ ഉള്ളിൽനിന്ന് പുറത്തുകളയാൻ സാധിക്കാത്ത ആ തെറ്റുകൾ മുസ്‌ലിംകളുടെ ചിന്താഗതികളിൽനിന്ന് പുറത്തുപോകാനും നിഷേധികൾക്ക് സത്യവാനും ജീവസുറ്റവനുമായ ദൈവത്തിന്റെ തെളിവ് നല്കുന്നതിനും ഇസ്‌ലാമിന്റെ മഹത്ത്വവും യാഥാർഥ്യവും ചൂടുള്ള അടയാളങ്ങളാൽ സ്ഥാപിക്കുന്നതിനും വേണ്ടി. അതാണ് ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്നത്. വിശുദ്ധഖുർആനിന്റെ ഈശ്വരീയജ്ഞാനങ്ങൾ വെളിപ്പെട്ടുകൊണ്ടിരിക്കുന്നു. മാധുര്യമുള്ളതും അതിസൂക്ഷ്മമായതുമായ ദൈവവചനങ്ങൾ തുറന്നുകൊണ്ടിരിക്കുന്നു. ആകാശീയമായ അടയാളങ്ങളും അമാനുഷിക സിദ്ധികളും പ്രകടമായിക്കൊണ്ടിരിക്കുന്നു. ഇസ്‌ലാമിന്റെ സൗന്ദര്യങ്ങളുടേയും പ്രകാശങ്ങളുടേയും അനുഗ്രഹങ്ങളുടേയും ദിവ്യജ്യോതിസ് അല്ലാഹു ആദ്യം മുതലേ കാണിക്കാൻ തുടങ്ങിയിരിക്കുന്നു. ആരുടെ കണ്ണാണോ കാണാനുള്ളത് അവർ കാണട്ടെ. ആരിലാണോ സത്യസന്ധമായ ആവേശമുള്ളത് അവർ അന്വേഷിക്കട്ടെ. ആരിലാണോ അണുവോളം അല്ലാഹുവിനോടും റസൂലിനോടുമുള്ള സ്നേഹമുള്ളത് അവർ എഴുന്നേല്ക്കുകയും പരീക്ഷിക്കുകയും അല്ലാഹുവിന്റെ ഈ ഇഷ്ടജമാഅത്തിൽ പ്രവേശിക്കുകയും ചെയ്യട്ടെ. ഇതിന്റെ അടിസ്ഥാനശില അവൻ തന്റെ പരിശുദ്ധകരങ്ങളാൽ വെച്ചിരിക്കുന്നു.” *(ബറക്കാത്തുദ്ദുആ, റൂഹാനീ ഖസാഇൽ, വാല്യം 6, പേജ് 24)*

### എനിക്ക് അല്ലാഹു ഖുർആനികജ്ഞാനം നല്കിയിരിക്കുന്നു. തന്റെ ഗ്രന്ഥത്തിന്റെ യാഥാർഥ്യങ്ങളും വിജ്ഞാനങ്ങളും എന്നിൽ തുറന്നിരിക്കുന്നു.

“ഞാൻ എല്ലാ ഓരോ മുസ്‌ലിമിനോടും ഉപദേശം എന്ന നിലയിൽ പറയുകയാണ്; ഇസ്‌ലാമിനുവേണ്ടി ഉണരുക; ഇസ്‌ലാം കഠിനമായ പരീക്ഷണത്തിലാണുള്ളത്. അതിനെ സഹായിക്കുക. ഇപ്പോൾ ഇത് ദാരിദ്ര്യത്തിലാണ്. ഞാൻ ഇതിനുവേണ്ടിയാണ് വന്നിട്ടുള്ളത്. എനിക്ക് അല്ലാഹു ഖുർആനികജ്ഞാനം നല്കിയിരിക്കുന്നു. തന്റെ ഗ്രന്ഥത്തിന്റെ യാഥാർഥ്യങ്ങളും വിജ്ഞാനങ്ങളും എന്നിൽ തുറന്നിരിക്കുന്നു. അമാനുഷികസിദ്ധി എനിക്ക് പ്രദാനം ചെയ്തിരിക്കുന്നു. അതുകൊണ്ട് എന്നിലേക്ക് വരിക; ഈ നിഅ്മത്തിൽനിന്ന് നിങ്ങളും ഓഹരി പ്രാപിക്കാൻ! ഏതൊരുവന്റെ കൈയിലാണോ എന്റെ ജീവനിരിക്കുന്നത് അവനെക്കൊണ്ട് സത്യം! ഞാൻ അല്ലാഹുവിൽനിന്ന് അയക്കപ്പെട്ടിരിക്കുന്നു. ഇത്രമാത്രം വലിയ ഫിത്നയുടെ നൂറ്റാണ്ടിന്റെ തലയ്ക്കൽ ഒരു മുജദ്ദിദ് പരസ്യമായ വാദത്തോടെ വരേണ്ടത് അനിവാര്യമായിരുന്നില്ലേ? വളരെ അടുത്തുതന്നെ എന്റെ പ്രവർത്തനത്തോടുകൂടി നിങ്ങളെന്നെ തിരിച്ചറിയുന്നതായിരിക്കും. അല്ലാഹുവിൽനിന്ന് വന്നിട്ടുള്ള എല്ലാവരും അക്കാലത്തെ ഉലമാഇന്റെ അറിവില്ലായ്മകൊണ്ട് അവരുടെ വഴിയിൽ തടസമായി. അവസാനം അവർ തിരിച്ചറിയപ്പെട്ടപ്പോൾ തങ്ങളുടെ പ്രവർത്തനം കൊണ്ടാണ് തിരിച്ചറിയപ്പെട്ടത്. കയ്പുള്ള വൃക്ഷം മധുരഫലം കൊണ്ടുവരാറില്ല. അല്ലാഹു തന്റെ പ്രിയപ്പെട്ടവർക്ക് നല്കുന്ന അനുഗ്രഹങ്ങൾ അന്യർക്ക് നല്കാറില്ല. ജനങ്ങളേ! ഇസ്‌ലാം അങ്ങേയറ്റം ക്ഷീണിച്ചിരിക്കുകയാണ്. ദീനിന്റെ ശത്രുക്കൾ നാലുപാടും അതിനെ വളഞ്ഞിരിക്കുകയാണ്. മൂവായിരത്തിലധികം ആക്ഷേപങ്ങളുടെ സമാഹാരമാണ് കിട്ടിയിട്ടുള്ളത്. അത്തരം നേരത്ത് സഹതാപത്തോടെ നിങ്ങളുടെ ഈമാൻ കാണിക്കുക. ദൈവപുരുഷന്മാരിൽ ഇടംപറ്റുക. വസ്സലാമു അലാ മനിത്തബഅൽഹുദാ.” *(ബറക്കാത്തുദ്ദുആ, റൂഹാനീ ഖസാഇൻ, വാല്യം 6, പേജ് 36)*

.......☆.......☆.......☆.......

# ഖുത്ബ ജുമുഅ

**മാർച്ച് 23 അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ വലിയ പ്രാധാന്യമുള്ള ദിനമാണ്.**
**കാരണം ആ ദിവസമാണ് ഹദ്റത്ത് മിർസാഗുലാം അഹ്മദ് ഖാദിയാനീ(അ) ഔദ്യോഗികമായി ബയ്അത്തിലൂടെ അഹ്മദിയ്യാ ജമാഅത്തിന് അസ്തിവാരമിട്ടത്. ആ മഹാത്മാവ് പറഞ്ഞു:'നബി(സ)തിരുമേനി സുവാർത്ത അറിയിച്ച ആഗതരാകേണ്ട മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും ഞാനാകുന്നു.' ആ മഹാത്മാവ് പറഞ്ഞു, 'തൗഹീദ് സ്ഥാപിച്ച് ദൈവസ്നേഹം ജനമനസ്സുകളിൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരുക്കുന്നത്. ഈ സ്ഥാനവും പദവിയും നബി(സ)തിരുമേനിയെ പിൻപറ്റിയതുകൊണ്ടും ആ മഹാത്മാവിനെ സത്യസന്ധമായി സ്നേഹിച്ചതുകൊണ്ടുമാണ് എനിക്ക് ലഭിച്ചത്.**

---

**ഹദ്റത്ത് മസീഹ് മൗഊദും(അ) അദ്ദേഹത്തെ വിശ്വസിക്കുന്നവരും നഊദുബില്ലാഹ് നബി(സ)തിരുമേനിയുടെ ദർജ കുറയ്ക്കുന്നവരാണെന്ന് പറയുന്നവർ ള്വാലിമാണ്.**

---

**ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം തൗഹീദിന്റെ സംസ്ഥാപനവും നബി(സ)തിരുമേനിയുടെ പദവിയേയും സ്ഥാനത്തേയും വ്യക്തമാക്കി ലോകത്തെ ആ മഹാത്മാവിന്റെ കൊടിക്കീഴിൽ കൊണ്ടുവരിക എന്നതാണ്. അതിനോടൊപ്പം സൃഷ്ടികളോടുള്ള കടമനിർവഹിക്കുകയും സൃഷ്ടികളുടെമേൽ അല്ലാഹുവിനുള്ള വാത്സല്യത്തിന്റേ ഗ്രാഹ്യം നല്കുകയും അവരെക്കൊണ്ട് അതനുസരിച്ച് കർമങ്ങൾ ചെയ്യിക്കുകയുമാണ്. അഹോ കഷ്ടം! ഇക്കാലഘട്ടത്തിലെ നീതിമാനായ വിധികർത്താവും മസീഹും മഹ്ദിയും ഹദ്റത്ത് മിർസാ ഗുലാം അഹ്മദു ഖാദിയാനി തന്നെയാണെന്ന് ഇവർക്ക് മനസ്സിലായിരുന്നെങ്കിൽ. ഇസ്ലാമിന്റെ പ്രചാരണവും തൗഹീദിന്റെ സംസ്ഥാപനവും ഹൃദയങ്ങളിൽ സ്ഥാപിതമാകേണ്ട- ഭൂമിയിലല്ല-നബി(സ)തിരുമേനിയുടെ ഭരണവും മസീഹ് മൗഊദ് മുഖേന തന്നെയാണ് സ്ഥാപിതമാകേണ്ടത്. അവിടത്തെ ജമാഅത്തു മുഖേനതന്നെയാണ് സ്ഥാപിതമാകേണ്ടത്. അല്ലാതെ ഏതെങ്കിലും വാളുകൊണ്ടോ തുപ്പാക്കികൊണ്ടോ ഊക്കുകൊണ്ടോ അല്ലെങ്കിൽ ഭീകരത പരത്തുന്നതുകൊണ്ടോ ഇസ്ലാമിന്റെ പേരിൽ അക്രമിക്കപ്പെട്ടവരെ കൊല്ലുന്നത് കൊണ്ടോ അല്ല. അല്ലാഹുവിന്റെ മസീഹിനാൽ വിതയ്ക്കപ്പെട്ട ആ വിത്ത് അവന്റെതന്നെ കൃപയാൽ പുഷ്പിക്കുകയും കായ്ക്കുകയും വളരുകയും ചെയ്തുകൊണ്ടു പോകുന്നു. നമ്മൾ അതിന്റെ പച്ചപ്പുള്ള ശാഖകളാകണമെങ്കിൽ, എഴുത്തുകളിലൂടേയും കർമങ്ങളിലൂടേയും അല്ലാഹുവിനോടുള്ള സ്നേഹവും നബി(സ)തിരുമേനിയോടുള്ള അനുരക്തിയും നമ്മുടെ കർമങ്ങളും മനുഷ്യകുലത്തോടുള്ള സഹതാപവും സ്നേഹവും നമ്മുടെ എല്ലാ കർമങ്ങളിലും കാണാൻ കഴിയുമാറാക്കിത്തീർക്കേണ്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞതുപോലെ നമ്മുടെ ജോലിയാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.**

**ജുമുഅ ഖുത്ബ 2017 മാർച്ച് 24/1396 അമാൻ 24 മസ്ജിദ് ബയത്തുൽ ഫുതൂഹ് മോർഡൻ, ലണ്ടൻ**

أَشْهَدُ أَنْ لَا إِلٰهَ إِلَّا اللّٰهُ وَحْدَهُ لَا شَرِيكَ لَهُ وَأَشْهَدُ أَنَّ مُحَمَّدًا عَبْدُهُ وَرَسُولُهُ
أَمَّا بَعْدُ فَأَعُوذُ بِاللّٰهِ مِنَ الشَّيْطٰنِ الرَّجِيمِ- بِسْمِ اللّٰهِ الرَّحْمٰنِ الرَّحِيمِ-
اَلْحَمْدُ لِلّٰهِ رَبِّ الْعٰلَمِينَ- الرَّحْمٰنِ الرَّحِيمِ- مٰلِكِ يَوْمِ الدِّينِ-
إِيَّاكَ نَعْبُدُ وَإِيَّاكَ نَسْتَعِينُ- اِهْدِنَا الصِّرَاطَ الْمُسْتَقِيمَ-
صِرَاطَ الَّذِينَ أَنْعَمْتَ عَلَيْهِمْ غَيْرِ الْمَغْضُوبِ عَلَيْهِمْ وَلَا الضَّالِّينَ-

ഇന്നലെ മാർച്ച് 23 ആയിരുന്നു. മാർച്ച് 23 അഹ്മദിയ്യാ ജമാഅത്തിന്റെ ചരിത്രത്തിൽ വലിയ പ്രാധാന്യമുള്ള ദിനമാണ്. കാരണം ആ ദിവസമാണ് ഹദ്റത്ത് മിർസാഗുലാം അഹ്മദ് ഖാദിയാനീ(അ) ഔദ്യോഗികമായി ബയ്അത്തിലൂടെ അഹ്മദിയ്യാ ജമാഅത്തിന് അസ്തിവാരമിട്ടത്. ആ മഹാത്മാവ് പറഞ്ഞു:'നബി(സ)തിരുമേനി സുവാർത്ത അറിയിച്ച ആഗതരാകേണ്ട മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും ഞാനാകുന്നു.' ആ മഹാത്മാവ് പറഞ്ഞു, 'തൗഹീദ് സ്ഥാപിച്ച് ദൈവസ്നേഹം ജനമനസ്സുകളിൽ ഉണ്ടാക്കുന്നതിനുവേണ്ടിയാണ് ഞാൻ അയക്കപ്പെട്ടിരുക്കുന്നത്.' ആ മഹാത്മാവ് പറഞ്ഞു:'യൂറോപ്പിലാകട്ടെ ഏഷ്യയിലാകട്ടെ ഭൂമിയുടെ വിവിധ സ്ഥലങ്ങളിൽ വസിക്കുന്ന സൽപ്രകൃതക്കാരായ ആ എല്ലാ ആത്മാക്കളേയും തൗഹീദിലേക്ക് വലിച്ചടുപ്പിക്കുന്നതിനും തന്റെ ദാസരെ ഏകമതത്തിൽ സംഘടിപ്പിക്കുന്നതിനും അല്ലാഹു ആഗ്രഹിക്കുന്നു. ഇതാണ് അല്ലാഹുവിന്റെ ഉദ്ദേശ്യം. ഇതിനുവേണ്ടി ഞാൻ ലോകത്ത് അയക്കപ്പെട്ടിരിക്കുന്നു. അതിനാൽ മൃദുലഭാവത്തിലും സൽസ്വഭാവത്തിലും പ്രാർഥനകളിലും സമ്മർദ്ദം ചെലുത്തിക്കൊണ്ട് നിങ്ങൾ ഈ ഉദ്ദേശ്യത്തെ പിൻപറ്റുക. (അൽവസിയ്യത്ത്, റൂഹാനീ ഖസായിൻ വാല്യം 20 പേജ് 306-307)

പിന്നീട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഈ സ്ഥാനവും പദവിയും നബി(സ)തിരുമേനിയെ പിൻപറ്റിയതുകൊണ്ടും ആ മഹാത്മാവിനെ സത്യസന്ധമായി സ്നേഹിച്ചതുകൊണ്ടുമാണ് എനിക്ക് ലഭിച്ചത്. അതുകൊണ്ട് ആ റസൂലിനെ സ്നേഹിക്കാനും ആ മഹാത്മാവിനെ പിൻപറ്റാനുമാണ് മുഴുലോകത്തിനുമുള്ള സന്ദേശം. ഇതു മുഖേന അല്ലാഹുവുമായിട്ടുള്ള ബന്ധവും ഉണ്ടാകുന്നതാണ്. യഥാർഥ മുവഹ്ഹിദും അതായത് ഏകദൈവവിശ്വാസിയും ആയിത്തീരുന്നതാണ്.' അവിടന്ന് പറയുന്നു: 'മുഴുവൻ ആദം സന്തതികൾക്കും മുഹമ്മദ് മുസ്തഫാ(സ) അല്ലാതെ ഇപ്പോൾ ഒരു റസൂലോ ശിപാർശകനോ ഇല്ല. അതിനാൽ നിങ്ങൾ ഈ പ്രതാപശാലിയായ നബിയോടു ഹൃദയംഗമമായ സ്നേഹം പുലർത്താൻ ശ്രമിക്കുക. ആകാശത്തിൽ നിങ്ങൾ മോക്ഷം പ്രാപിച്ചവരെന്ന് എഴുതപ്പെടുന്നതിന് അദ്ദേഹത്തിനു പുറമെ മറ്റൊരാൾക്കും ഒരു തരത്തിലുള്ള മഹത്ത്വവും നിങ്ങൾ നല്കുരത്. മരിച്ചതിനുശേഷം വെളിപ്പെടുന്ന ഒന്നല്ല മോക്ഷമെന്ന് ഓർക്കുക. പ്രത്യുത യഥാർഥമോക്ഷം ഈ ലോകത്തുതന്നെ അതിന്റെ വെളിച്ചം കാണിക്കുന്നു. ആരാണ് മോക്ഷപ്രാപ്തൻ? ദൈവം സത്യമാണെന്നും മുഹമ്മദ് മുസ്തഫാ(സ) അവന്റേയും മുഴുവൻ സൃഷ്ടികളുടേയും ഇടയ്ക്കുള്ള ശിപാർശക്കാരനാണെന്നും ആകാശത്തിൻകീഴിൽ അദ്ദേഹത്തിന് സമാനനായി മറ്റൊരു റസൂലില്ലെന്നും വിശുദ്ധ ഖുർആനു സമാനമായി മറ്റൊരു ഗ്രന്ഥമില്ലെന്നും ആരും എന്നെന്നും ജീവിച്ചിരിക്കാൻ അല്ലാഹു ആഗ്രഹിച്ചിട്ടില്ലെങ്കിലും ഈ തിരഞ്ഞെടുക്കപ്പെട്ട നബി എന്നെന്നും ജീവിച്ചിരിക്കുന്നവനാണെന്നും ദൃഢമായി വിശ്വസിക്കുന്നവൻതന്നെ.'(കശ്തിയെ നൂഹ്, റൂഹാനീ ഖസായിൻ വാല്യം 19 പേജ് 13-14)

ഇതായിരുന്നു ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പക്കൽ നബി(സ)തിരുമേനിയുടെ സ്ഥാനവും ആ മഹാത്മാവിനോടുള്ള സ്നേഹവും. ഇതെപ്പോഴും ആ മഹാത്മാവ് പ്രകടിപ്പിച്ചുകൊണ്ടിരുന്നിട്ടുണ്ട്. ഈ സ്നേഹവും സ്ഥാനവും എപ്പോഴും തങ്ങളുടെ മുന്നിൽ വെക്കേണ്ടതാണെന്ന് തന്നെ വിശ്വസിച്ചവരോടും ആ മഹാത്മാവ് ഉപദേശിച്ചു. ഹദ്റത്ത് മസീഹ് മൗഊദും(അ)അദ്ദേഹത്തെ വിശ്വസിക്കുന്നവരും നഊദുബില്ലാഹ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെക്കാൾ നബി(സ)തിരുമേനിയുടെ ദർജ കുറയ്ക്കുന്നവരാണെന്ന് പറയുന്നവർ ള്വാലിമാണ്. ഈയിടെയായി അൽജീരിയായിലും അഹ്മദികളുടെമേൽ ഈ ആക്ഷേപം ഉന്നയിക്കുന്നു. ആക്ഷേപം ഉന്നയിച്ച് ജയിലറകളിൽ അടയ്ക്കുന്നു. ഇപ്പോൾ സ്ത്രീകളുടെ മേലും അവർ കൈവെക്കാൻ തുടങ്ങിയിരിക്കുകയാണ്. അവർക്കെതിരിലും കേസെടുക്കാൻ തുടങ്ങിയിരിക്കുന്നു. സ്ത്രീകളെ, കുറച്ചുമാസം മാത്രം പ്രായമായ അവരുടെ കൈക്കുഞ്ഞുങ്ങളേയും കൂട്ടി മണിക്കൂറുകൾ യാത്ര ചെയ്യിച്ച് കേസിനായി മറ്റു നഗരങ്ങളിൽ കൊണ്ടുപോകുന്നു. കേസെടുക്കുകയും ജയിലിൽ അടക്കുകയും ചെയ്യുന്നു. പക്ഷേ, സ്ത്രീകളും, മസീഹ് മൗഊദിനെ തങ്ങൾ വിശ്വസിക്കുകയും വിശ്വസിച്ചതിനുശേഷം തങ്ങൾക്ക് യഥാർഥ തൗഹീദും നബി(സ)തിരുമേനിയുടെ സ്ഥാനവും പദവിയും ആ മഹാത്മാവിനോടുള്ള യഥാർഥ സ്നേഹവും അറിയാൻ കഴിഞ്ഞെന്നും തങ്ങൾക്കെങ്ങനെയാണ് ഈമാനിൽനിന്ന് പിന്നോട്ടുപോകാൻ കഴിയുക? എന്നുള്ള സന്ദേശമാണ് എനിക്ക് അയക്കുന്നത്. അല്ലാഹു ആ അഹ്മദികൾക്ക് എളുപ്പ

പ്രദാനം ചെയ്യുമാറാകട്ടെ എന്ന് നമ്മൾ ദുആ ചെയ്യുന്നതിനോടൊപ്പം അല്ലാഹു ആ രാജ്യത്തിലെ മുസ്ലീംകൾക്ക് അല്ലാഹുവിന്റെ വാഗ്ദാനമനുസരിച്ച് തൗഹീദിന്റെ സംസ്ഥാപനത്തിനും ഇസ്ലാമിന്റെ പുനരുജ്ജീവനത്തിനുംവേണ്ടി വന്ന നബി(സ)തിരുമേനിയുടെ സത്യസന്ധനായ പ്രേമിയെ വിശ്വസിക്കുന്നതിനുള്ള തൗഫീഖ് കിട്ടുന്നതിനും ദുആ ചെയ്യുക. അല്ലാഹുവിനോടുള്ള സ്നേഹത്തിന്റേയും തൗഹീദിന്റെ സംസ്ഥാപനത്തിനുള്ള ആവേശത്തിന്റേയും ഒരു മിന്നലാട്ടം ആ മഹാത്മാവിന്റെ വാക്കുകളിൽനിന്ന് ലഭിക്കുന്നുണ്ട്. ആ മഹാത്മാവ് അല്ലാഹുവിനെ സംബോധന ചെയ്തുകൊണ്ടു പറയുന്നു:'നോക്കൂ, പക്ഷി അതിന്റെ കൂട്ടിലേക്ക് വരുന്നതുപോലെ എന്റെ ആത്മാവ് അങ്ങേയറ്റം ഭരമേല്പിക്കലോടുകൂടി നിന്നിലേക്ക് പറന്നുവന്നുകൊണ്ടിരിക്കുന്നു. ഞാൻ നിന്റെ ശക്തിപ്രഭാവത്തിന്റെ ദൃഷ്ടാന്തം കാണാനാഗ്രഹിക്കുന്നു. പക്ഷേ, എനിക്കുവേണ്ടിയല്ല. എന്റെ അന്തസ്സ് ആഗ്രഹിച്ചുകൊണ്ടുമല്ല. നിന്നെ ജനങ്ങൾ തിരിച്ചറിയുന്നതിനും നിന്റെ പരിശുദ്ധമായ വഴി സ്വീകരിക്കുന്നതിനും നീ അയച്ചയാളെ നിഷേധിച്ചുകൊണ്ട് സന്മാർത്തിൽനിന്ന് അകന്നുപോകാതിരിക്കാൻ വേണ്ടിയുമാണ്. നീയാണ് എന്നെ അയച്ചതെന്നതിന് ഞാൻ സാക്ഷ്യം വഹിക്കുന്നു. എന്നെ പിന്തുണച്ചുകൊണ്ട് വലിയ വലിയ ദൃഷ്ടാന്തങ്ങൾ വെളിപ്പെടുത്തുകയും ചെയ്തു. എത്രത്തോളമെന്നാൽ പ്രവചനത്തിന്റെ തിയതികളനുസരിച്ച് സൂര്യനും ചന്ദ്രനും റമളാനിൽ ഗ്രഹണമുണ്ടാകാൻ കല്പന നല്കി. ഞാൻ നിന്നെ തിരിച്ചറിയുന്നു. നീ തന്നെയാണ് എന്റെ അല്ലാഹു. അതുകൊണ്ട് എന്റെ ആത്മാവ് നിന്റെ പേരു കേൾക്കുമ്പോൾ മുല കുടിക്കുന്ന കുഞ്ഞ് തന്റെ ഉമ്മയെ കാണുമ്പോൾ തുള്ളിച്ചാടുന്നതുപോലെ തുള്ളിച്ചാടുന്നു. പക്ഷേ, അധികമാളുകളും എന്നെ തിരിച്ചറിഞ്ഞില്ല. സ്വീകരിച്ചതുമില്ല.'(തിർയാഖുൽ ഖുലൂബ്,റൂഹാനീ ഖസായിൻ വാള്യം 15 പേജ് 511)

അല്ലാഹുവിനോടുള്ള സ്നേഹവും അവന്റെ മഹത്ത്വവും സ്ഥാപിക്കുന്നതിനുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആവേശം കാണുന്നതിനോടൊപ്പം മനുഷ്യകുലത്തെ രക്ഷിക്കുന്നതിനുവേണ്ടിയുള്ള ആ മഹാത്മാവിന്റെ അസ്വസ്ഥതകളുടെ ശക്തമായ പ്രകടനവും കാണാൻ കഴിയുന്നു. അതെന്തുകൊണ്ട് ഉണ്ടാകുകയില്ല. അവിടന്ന് തന്നെയാണല്ലോ അവസാന കാലത്ത് നബി(സ)തിരുമേനിയുടെ ദാസത്വത്തിൽ അല്ലാഹുവിനോടുള്ള സ്നേഹം മനസ്സുകളിൽ സ്ഥാപിക്കുന്നയാളും, സ്വയം സ്ഥാപിക്കുന്നയാളാണെന്ന് മാത്രമല്ല അവിടന്ന് തന്നെയും അല്ലാഹുവിനോടുള്ള സ്നേഹത്തിൽ മുങ്ങിയിരുന്നയാളുമാണ്. അല്ലഹുവിനോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും തീപ്പൊരി മറ്റുള്ളവരുടെ മനസ്സുകളിലും ഉണ്ടാകണമെന്ന തിളപ്പ് ആ മഹാത്മാവിന് എത്രത്തോളമായിരുന്നു. ഇതുസംബന്ധമായി അവിടന്ന് പറയുന്നു:'സർവശക്തനായ ഒരു ദൈവം ഉണ്ടെന്ന് ഇനിയും അറിഞ്ഞിട്ടില്ലാത്തവൻ എത്രമാത്രം നിർഭാഗ്യവാൻ! നമ്മുടെ സ്വർഗം നമ്മുടെ ദൈവമാകുന്നു. നമ്മുടെ ഉയർന്ന ആനന്ദാനുഭൂതികളത്രയും നമ്മുടെ ദൈവത്തിലാകുന്നു. എന്തെന്നാൽ ഞാൻ അവനെ കാണുകയും എല്ലാ സൗന്ദര്യങ്ങളും അവനിൽ ദർശിക്കുകയും ചെയ്തിരിക്കുന്നു. ജീവൻ കളഞ്ഞിട്ടും കൈവരിക്കേണ്ട സമ്പത്താണിത്. സർവവും നഷ്ടപ്പെടുത്തിയിട്ടും വിലക്കെടുക്കേണ്ട മാണിക്യക്കല്ലാണിത്. അല്ലയോ നിർഭാഗ്യരേ! ഇതാ ഈ നീരുറവയിലേക്ക് ഓടിവരുവിൻ! ഇതു നിങ്ങൾക്ക് ദാഹശമനം വരുത്തും. ഇതു നിങ്ങളെ രക്ഷപ്പെടുത്തുന്ന ജീവിതസ്രോതസ്സാകുന്നു. ഞാനെന്തു ചെയ്യണം! എങ്ങനെ ഞാൻ ഈ സന്തോഷവാർത്ത നിങ്ങളുടെ ഹൃദയത്തിലെത്തിക്കും? ഏതു ചെണ്ട കൊട്ടിയാണ്, 'ഇതാ നിങ്ങളുടെ ദൈവം' എന്ന് ജനങ്ങളെ അറിയിക്കാനുള്ള പ്രഖ്യാപനം ഞാൻ നടത്തേണ്ടത്; ജനങ്ങൾ കേൾക്കുമാറാകാൻ! അവരുടെ കാതുകളിൽ ഏത് ഔഷധം പ്രയോഗിച്ചാണ് ഞാൻ ചികിത്സിക്കേണ്ടത്; അവ തുറക്കുമാറാകാൻ.'(റൂഹാനീ ഖസായിൻ വാള്യം 19 പേജ് 21-22, കശ്തിയെനൂഹ്).

ഈ വാക്കുകളുടെ അടിത്തട്ടിൽ എത്രമാത്രം വേദനയാണുള്ളത്. എന്നല്ല ഓരോവാക്കിലും വേദനയുടെ പല വശങ്ങൾ മറഞ്ഞിരിക്കുന്നുവെന്ന് പറയണ്ടതാണ്. ഓരോ വാക്കിലും പല തളികകളുണ്ട്. ഓരോ തളികയിലും വേദനയുണ്ട്. അവയുടെ ആഴത്തിൽ ഓരോരുത്തർക്കും തങ്ങളുടെ ബുദ്ധിയും ഗ്രാഹ്യവും അനുസരിച്ച് പോകാൻ കഴിയും. പക്ഷേ, ഏതു പരിധിവരെ ആര് തന്റെ കഴിവുകളനുസരിച്ച് എത്തുന്നുവോ അവൻ ആത്മീയതയിൽ അസാധാരണമായ ഉന്നതിയും അസാധാരണമായ അഭിവൃദ്ധിയും കരസ്ഥമാക്കുന്നവനായിരിക്കും. പിന്നീട് അല്ലാഹുവിനോടുള്ള ആരാധനയും അല്ലാഹുവിനോടുള്ള സ്നേഹവും ഉപദേശിച്ചുകൊണ്ട് പറയുന്നു: 'നിങ്ങൾ അല്ലാഹുവിന്റേതായിത്തീരുമെങ്കിൽ തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക അല്ലാഹു നിങ്ങളുടേതുതന്നെയാണ്. നിങ്ങൾ ഉറങ്ങുമ്പൾ അല്ലാഹു നിങ്ങൾക്കുവേണ്ടി ഉണർന്നിരിക്കും. നിങ്ങൾ ശത്രുക്കളെ സംബന്ധിച്ച് അശ്രദ്ധരാകുമ്പോൾ അല്ലാഹു അവരെ നോക്കുന്നതാണ്. അവരുടെ ഗൂഢപദ്ധതികൾ തകർക്കുന്നതാണ്. നിങ്ങളുടെ അല്ലാഹുവിൽ എന്തെന്തെല്ലാം ശക്തിപ്രഭാവങ്ങളാണുള്ളതെന്ന് നിങ്ങൾക്കു ഇപ്പോഴും അറിയുകയില്ല. നിങ്ങളറിയുമായിരുന്നെങ്കിൽ ലോകത്തിനുവേണ്ടി കഠിനമായി വിലപിക്കുന്ന ദിവസങ്ങളൊന്നും നിങ്ങൾക്കു വരുമായിരുന്നില്ല. ഒരു ഖജനാവ് കൈവശമുള്ളവൻ ഒരു പൈസ നഷ്ടപ്പെട്ടാൽ കരയുകയും നിലവിളിക്കുകയും നശിക്കാൻ പോകുകയും ചെയ്യുമോ? നിങ്ങളുടെ എല്ലാ ഓരോ ആവശ്യത്തിന്റെ നേരത്തും പ്രയോജനപ്പെടുന്ന ആ ഖജനാവിനെക്കുറിച്ച് നിങ്ങൾക്ക് അറിവുണ്ടായിരുന്നെങ്കിൽ നിങ്ങൾ ദുൻയാവിനുവേണ്ടി ഇങ്ങനെ അസ്വസ്ഥരാകുമോ? അല്ലാഹു ഒരു പ്രിയപ്പെട്ട ഖജനാവാകുന്നു. അവനെ വിലമതിക്കുക. അവൻ നിങ്ങളുടെ ഓരോ ചുവടിലും നിങ്ങളെ സഹായിക്കുന്നവനാണ്. അവനെക്കൂടാതെ നിങ്ങൾ ഒരു വസ്തുവുമല്ല. നിങ്ങളുടെ കാര്യഹേതുക്കളും പ്ലാനുകളുമൊന്നും ഒന്നുമല്ല.' പറയുന്നു: 'പൂർണമായും ഭൗതിക സാധനസാമഗ്രികളിൽ വീഴപ്പെട്ടിരിക്കുന്ന അന്യ സമുദായക്കാരെ അനുകരിക്കരുത്. (ഭൗതികതയും ലൗകികതയുമല്ലാതെ അവരുടെ പക്കൽ മറ്റൊന്നുമില്ല). പാമ്പ് മണ്ണുതിന്നുതുപോലെ അവർ താഴെക്കിടയിലുള്ള സാധനസാമഗ്രികളുടെ മണ്ണു തിന്നു. കഴുകനും നായയും ശവം തിന്നുന്നതുപോലെ അവർ ശവത്തിനുമേൽ കടിച്ചു. അവർ അല്ലാഹുവിൽനിന്ന് വളരെ ദൂരെ പോയി വീണു."

പറഞ്ഞു. "ഞാൻ നിങ്ങളെ മധ്യമനിലവരെ ഉപായങ്ങൾ സ്വീകരിക്കുന്നതിൽനിന്ന തടയുന്നില്ല. (ജോലി ചെയ്യാൻ സാധനസാമഗ്രികൾ ഉപയോഗിക്കുന്നതിൽനിന്ന്, ഭൗതിക വസ്തുക്കൾ ഉപയോഗിക്കുന്നതിൽനിന്ന് തടയുന്നില്ല). പ്രത്യുത അന്യസമുദായക്കാരെപ്പോലെ വെറും സാധനസാമഗ്രികളുടെ അടിമകളാകുന്നതിൽ നിന്നും സാധനസാമഗ്രികളും സംഘടിപ്പിച്ചുതരുന്ന ദൈവത്തെ വിസ്മരിക്കുന്നതിൽനിന്നുമാണ് തടയുന്നത്. (ഈ പ്രവർത്തനമാധ്യമങ്ങളും ഭൗതിക വസ്തുക്കളും അവൻതന്നെയാണ് നിങ്ങൾക്കു സംഘടിപ്പിച്ചുതരുന്നത്. അതിനുമേൽ വീഴാതെ അല്ലാഹുവിലേക്ക് നോക്കുക.) പറഞ്ഞു, നിങ്ങൾക്കു കണ്ണുണ്ടെങ്കിൽ അല്ലാഹു മാത്രമേയുള്ളുവെന്നും മറ്റുള്ളതെല്ലാം പാഴ് വസ്തുക്കളാണെന്നും നിങ്ങൾ കാണുന്നതാണ്."(കശ്തിയെ നൂഹ്, റൂഹാനീ ഖസായിൻ വാള്യം 19 പേജ് 21-22)

അതിനാൽ ഇതാണ് അല്ലാഹുമായുള്ള ബന്ധം. ഇതാണ് നമ്മൾ കരസ്ഥമാക്കേണ്ടതും നിലനിറുത്തേണ്ടതും. ഈ നിലവാരം കരസ്ഥമാക്കണമെന്നാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്നെ വിശ്വസിക്കുന്നവരിൽനിന്ന് ആഗ്രഹിക്കുന്നത്.

ഞാൻ ഇപ്പോൾ പറഞ്ഞതുപോലെ തൗഹീദിന്റെ സംസ്ഥാപനത്തിന്റേയും ഇസ്ലാമിന്റെ പുനരുദ്ധാരണത്തിന്റേയും ജോലി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നബി(സ)തിരുമേനിയുടെ അനുധാവനത്തിലും ആ മഹാത്മാവിനോടുള്ള അനുരക്തിയും സ്നേഹവും കൊണ്ടുമാണ് ലഭിച്ചത്. ഈ അനുരക്തിയുടേയും സ്നേഹത്തിന്റേയും ദൃശ്യങ്ങൾ നമുക്ക് ആ മഹാത്മാവിൽ എങ്ങനെയാണ് കാണാൻ കഴിയുന്നത്. അതിനെ സംബന്ധിച്ച് ധാരാളം സംഭവങ്ങളുണ്ട്.

ഒരു സംഭവം നിവേദകൻ വിവരിക്കുന്നു. ഒരിക്കൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) തനിച്ച് മസ്ജിദ് മുബാറക്കിന്റെ മുകളിൽ ഉലാത്തുകയായിരുന്നു. എന്തോ മൂളുന്നുണ്ടായിരുന്നു. അതിനോടൊപ്പം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കണ്ണുകളിൽനിന്ന് കണ്ണീർ ധാരധാരയായി ഒഴുകുന്നുമുണ്ടായിരുന്നു. എന്തുവിഷമമാണ് ഹുദൂറിന് ഉണ്ടായതെന്ന് നിവേദകൻ ചോദിച്ചപ്പോൾ പറഞ്ഞു:'നബി(സ)തിരുമേനി വഫാത്തായപ്പോൾ ഹദ്റത്ത് ഹസ്സാൻ ബിൻ ഥാബിത്ത് ചൊല്ലിയ ഈ കവിതാശകലം ചൊല്ലുകയായിരുന്നു.

كُنْتَ السَّوَادَ لِنَاظِرِيْ فَعَمِيَ عَلَيْكَ النَّاظِرُ
مَنْ شَاءَ بَعْدَكَ فَلْيَمُتْ فَعَلَيْكَ كُنْتُ أُحَاذِرُ

അതായത് അല്ലാഹുവിന് പ്രിയപ്പെട്ട റസൂലേ! അങ്ങ് എന്റെ കണ്ണിന്റെ കൃഷ്ണമണിയായിരുന്നു. ഇന്ന് അങ്ങ് വഫാത്തായ കാരണത്താൽ അത് അന്ധയായിത്തീർന്നു. ഇനി അങ്ങേയ്ക്കുശേഷം ആരുവേണമെങ്കിലും മരിച്ചോട്ടെ. എനിക്ക് അങ്ങയുടെ മരണത്തെ കുറിച്ചുള്ള ആശങ്കയായിരുന്നു ഉണ്ടായിരുന്നത്. അതാണ് ഇപ്പോൾ സംഭവിച്ചിട്ടുള്ളത്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഞാൻ ഈ പദ്യശകലം ചൊല്ലുമ്പോൾ എന്റെ മനസ്സിൽ ആഹ്! ഈ പദ്യം എന്റെ നാവിൽനിന്ന് പുറപ്പെട്ടിരുന്നെങ്കിലെന്ന് ആശിച്ചുപോയി. ഈ പദ്യം ചൊല്ലിയപ്പോൾ അവിടത്തെ നയനങ്ങളിൽനിന്ന് ഇടമുറിയാതെ പുറപ്പെട്ട കണ്ണുനീർ വിളിച്ചോതിയത് ആ മഹാത്മാവിന്റെ മാനസികാവസ്ഥയായിരുന്നു. ഈ അനുരക്തിയുടേയും സ്നേഹത്തിന്റേയും പ്രകടനത്തിന്റെ അടുത്തുപോലും ഹദ്റത്ത് മസീഹ് മൗഊദ്(അ)സ്വയം നബി(സ) തിരുമേനിയെക്കാൾ സ്ഥാനം തനിക്കു നല്കി നഊദുബില്ലാഹ് എന്നു പറഞ്ഞ് ആക്ഷേപം ഉന്നയിക്കുന്നവർക്ക് എത്താൻ കഴിയുമോ? ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആ മാനസികമായ വികാരം ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)വളരെ വേദനാജനകമായ രീതിയിൽ കോറിയിട്ടിരിക്കുന്നു. എല്ലാതരത്തിലുമുള്ള ബലാൽക്കാരവും ഞെരുക്കവും അനുഭവിക്കുകയും, ഏതൊരുളുടെമേൽ എതിരാളികൾ അസംഖ്യം പൊടിക്കാറ്റുകൾ പാറിക്കുകയും നിരവധി ബുദ്ധിമുട്ടുകളിലൂടേയും പീഡനങ്ങളിലൂടേയും കടന്നുവരികയും - വധശ്രമക്കേസുകളും അദ്ദേഹത്തിന്നെതിരിലുണ്ടായി പ്രിയപ്പെട്ടവരും അടുത്ത ബന്ധുക്കളും സുഹൃത്തുക്കളും എവിടംവരെയെന്നാൽ കുട്ടികളുടെ മരണത്തിന്റെ ദൃശ്യങ്ങൾവരെ കണ്ടു- പക്ഷേ, ആ മഹാത്മാവിന്റെ അടുത്ത് വസിച്ചിരുന്നവർ ഒരിക്കലും അവിടത്തെ മുഖത്തും കണ്ണുകളിലും ആ മഹാത്മാവിന്റെ ഹൃദയവികാരങ്ങളുടെ പ്രകടനം കണ്ടില്ല. പക്ഷേ, റസൂലിനോടുള്ള അനുരക്തിയുടെ പ്രകടനത്തിന്റെ അവസരം വന്നപ്പോൾ

ആ മഹാത്മാവിന്റെ നയനങ്ങൾ വെള്ളപ്പൊക്കംപോലെ ഒഴുകി.'(സീറത്തെ ത്വയ്യിബ, ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ)പേജ് 28–30)

നബി(സ)തിരുമേനിയോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും ദൃശ്യങ്ങൾ അവിടത്തെ ഗ്രന്ഥങ്ങളിലും മൽഫൂദാത്തുകളിലും ധാരാളമായി ലഭിക്കുന്നുണ്ട്. ഒരു സ്ഥലത്ത് ഇസ്ലാമിന്റെ ശത്രുക്കൾ നബി(സ)തിരുമേനിയെ പരിഹസിക്കുന്ന സംസാരങ്ങൾ കേട്ട് തന്റെ ഹൃദയാവസ്ഥ വെളിപ്പെടുത്തിക്കൊണ്ട് അവിടന്ന് പറഞ്ഞു:'നമ്മുടെ നബി(സ)തിരുമേനിയെ സബന്ധിച്ചുള്ള അവരുടെ പരിഹാസവാക്കുകൾ എന്റെ മനസ്സിനെ ഇത്രമാത്രം വിഷമിപ്പിച്ചതുപോലെ ഒരു കാര്യവും ഇതുവരെ എന്നെ വിഷമിപ്പിച്ചിട്ടില്ല. നബി(സ)തിരുമേനിയുടെ പരിശുദ്ധമായ പ്രൗഢിക്കെതിരിൽ അവർ പറഞ്ഞുകൊണ്ടിരിക്കുന്ന മനസ്സിനെ വ്രണപ്പെടുത്തുന്ന അവരുടെ കുത്തുവാക്കുകൾ എന്റെ ഹൃദയത്തിന് ആഴത്തിലുള്ള മുറിവേല്പിച്ചിരിക്കുന്നു. അല്ലാഹുവാണ! എന്റെ എല്ലാ മക്കളും മക്കളുടെ മക്കളും എന്റെ എല്ലാ സുഹൃത്തുക്കളും എന്റെ എല്ലാ സഹായികളും പിന്തുണക്കാരും എന്റെ കൺമുമ്പിൽ അറുകൊല ചെയ്യപ്പെട്ടാലും എന്റെ തന്നെ കൈയും കാലും വെട്ടിമുറിച്ചാലും എന്റെ കണ്ണിന്റെ കൃഷ്ണമണി ചൂഴ്ന്നെടുത്തെറിഞ്ഞാലും എന്റെ എല്ലാ ഉദ്ദേശ്യങ്ങളിൽനിന്നും ഞാൻ തടയപ്പെട്ടാലും എന്റെ എല്ലാ സന്തോഷങ്ങളും എല്ലാ ആനന്ദങ്ങളും കളഞ്ഞുകുളിച്ചാലും ഇക്കാര്യങ്ങൾക്കെല്ലാം എതിരിൽ നബി(സ)തിരുമേനിയുടെമേൽ അവിശുദ്ധ ആക്രണം നടത്തുന്നതായിരിക്കും എനിക്കുള്ള അസഹനീയമായ ദുഃഖം. അതിനാൽ ആകാശത്തുള്ള എന്റെ യജമാനനായിട്ടുള്ളവനേ! നീ ഞങ്ങളുടെമേൽ നിന്റെ കാരുണ്യത്തിന്റേയും സഹായത്തിന്റേയും ദൃഷ്ടി പതിപ്പിച്ചാലും. ഞങ്ങളെ ഈ വലിയ പരീക്ഷണങ്ങളിൽനിന്ന് മോചിപ്പിച്ചാലും."(ആയിനയെ കമാലാത്തെ ഇസ്ലാം റൂഹാനീ ഖസായിൻ വാല്യം 5 പേജ് 15 അറബി വാക്യങ്ങളുടെ ഉർദു തർജമ)(സീറത്തെ ത്വയ്യിബ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ)പേജ് 43–44)

ഇത്തരത്തിലുള്ള വികാരങ്ങൾ പ്രകടിപ്പിക്കുന്നവരായി ആരെങ്കിലുമുണ്ടോ? അനുരക്തിയുടേയും സ്നേഹത്തിന്റേയും വാദം പുറപ്പെടുവിക്കുന്നവർ ധാരാളമുണ്ട്. രിസാലത്ത് സംരക്ഷണത്തിന്റേയും ഖത്ത്മെ നുബുവ്വത്തിന്റേയും പേരിൽ ഫിത്നയും ഫസാദും കൊല്ലും കൊള്ളയും നടത്തുന്നവരും ഒരുപാടുണ്ട്. അവർ നബി(സ)തിരുമേനിയുടെ പദവി ലോകത്തെക്കൊണ്ട് അംഗീകരിപ്പിക്കുന്നതിനും ഇസ്ലാമിനേയും വിശുദ്ധ ഖുർആനേയും ലോകത്ത് പ്രചരിപ്പിക്കുന്നതിനും എന്ത് ശ്രമമാണ് ചെയ്തിട്ടുള്ളത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വാക്കുകൾ വെറും നാവുകൊണ്ടുള്ള വാദമല്ല. പ്രത്യുത ആ മഹാത്മാവുമായി ബന്ധമുള്ളവരും അന്യരും നബി(സ) തിരുമേനിയോടുള്ള ആ മഹാത്മാവിന്റെ അനുരക്തിയുടേയും സ്നേഹത്തിന്റേയും പ്രകടനം അവിടത്തെ മനസ്സിന്റെ ശബ്ദമായിരുന്നുവെന്നും അവിടത്തെ എല്ലാ കർമങ്ങളിൽനിന്നും അതു സ്ഥാപിതമാകുന്നുണ്ടെന്നും സാക്ഷ്യം പറയുന്നു.

ഇതു പ്രകടിപ്പിച്ചുകൊണ്ട് അമൃതസറിലെ അനഹ്മദികളുടെ പാത്രമായ 'വക്കീൽ' ഹദ്റത്ത് മസീഹ് മൗഊദ്(അ) വഫാത്തായപ്പോൾ എഴുതി: 'മിർസാ സാഹിബിന്റെ വിയോഗത്തിൽ ഒരു മഹാവ്യക്തിയാണ് ഞങ്ങളിൽനിന്ന് വേർപെട്ടുപോയതെന്നും അതോടൊപ്പം ഇസ്ലാമിന്റെ ശത്രുക്കൾക്കെതിരായി ഇസ്ലാമിനുവേണ്ടി നടത്തിയിരുന്നതും അദ്ദേഹത്തിന്റെ വ്യക്തിത്വവുമായി ബന്ധപ്പെട്ടതുമായ ആ മഹത്തായ പ്രതിരോധത്തിന്റെ അവസാനമെത്തിയിരിക്കുന്നുവെന്നും മുസ്ലിംകൾക്ക്– അതേ, അഭിജ്ഞരും ചിന്താശീലരുമായ മുസ്ലിംകൾക്ക്– മനസ്സിലായിട്ടുണ്ട്. മിർസാ സാഹിബിന്റെ ഭാഗത്തുനിന്ന് ക്രിസ്ത്യാനികൾക്കും ആര്യസമാജികൾക്കുമെതിരായി ആവിഷ്ക്കരിക്കപ്പെട്ടിട്ടുള്ള സാഹിത്യങ്ങൾ പൊതുജനസമ്മതത്തിന്റെ ബിരുദം നേടിക്കഴിഞ്ഞവയാണ്. അദ്ദേഹം തന്റെ കടമ പൂർത്തിയാക്കിയ ഈ അവസരത്തിൽ ആ സാഹിത്യത്തിന്റെ മേന്മയും മഹിമയും ഹൃദയപൂർവം നാം സമ്മതിക്കേണ്ടിയിരിക്കുന്നു. ഭാവിയിൽ നമ്മുടെ പ്രതിരോധത്തിന്റെ പ്രവർത്തനം എത്രതന്നെ വിപുലമായിരുന്നാലും (ഇസ്ലാമിനെ ശത്രുക്കളിൽനിന്ന് പ്രതിരോധിച്ചു നിറുത്തുന്ന അവസ്ഥ എത്രതന്നെ വിശാലമായാലും) അദ്ദേഹത്തിന്റെ കൃതികളെ അഖണ്ഡ്യമാക്കുക സാധ്യമല്ലെന്നുള്ള വാദത്തിന് ആ കൃതികൾത്തന്നെ പ്രത്യക്ഷമായ തെളിവാണ്."(സീറത്തെ ത്വയ്യിബ ഹദ്റത്ത് മിർസാ ബശീർ അഹ്മദ്(റ)പേജ് 45–46)

ഇതെല്ലാം അദ്ദേഹം ചെയ്തത് ഇസ്ലാം അല്ലാഹുവിന്റെ അവസാന ദീനും സമ്പൂർണവും തികവുറ്റതുമാണെന്ന് സ്ഥാപിക്കുന്നതിനുവേണ്ടിയായിരുന്നു. നബി(സ)തിരുമേനിയോടുള്ള അനുരക്തി കാരണത്താൽ അവിടത്തെ പദവി അംഗീകരിപ്പിക്കുന്നതിനുവേണ്ടിയായിരുന്നു. നബി(സ) തിരുമേനിയുടെ സ്ഥാനം തന്നെയാണ് യഥാർഥ സ്ഥാനം എന്ന് ലോകത്തോടു പറയുന്നതിനുവേണ്ടിയായിരുന്നു. മുഴുലോകത്തിനും മതലോകത്തെ മതങ്ങളുടെമേലും മുഹമ്മദിന്റെ മതംപോലെ ഒരു മതവുമില്ലെന്ന് വ്യക്തമാക്കുന്നതിനുവേണ്ടിയായിരുന്നു.

ആക്ഷേപം ഉന്നയിക്കുന്നവർ ആ മഹാത്മാവിന് നബി(സ)തിരുമേനിയോടുള്ള അനുരക്തിയുടേയും സ്നേഹത്തിന്റേയും പ്രകടനം വായിക്കുക. അതിൽ ചിന്തിക്കുക. ഇല്ലെങ്കിൽ കേവലം ആക്ഷേപം അജ്ഞതയുടെ അടയാളമാണ്. അവിടന്ന് ഒരു കൂറുപുലർത്തുന്ന ശിഷ്യനേയും നമ്രയുള്ള സേവകനേയുംപോലെ തനിക്കു കിട്ടിയതെല്ലാം തന്റെ യജമാനരായ ഹദ്റത്ത് മുഹമ്മദു റസൂലുല്ലായുടെ കടാക്ഷവും ആ മഹാത്മാവിനെ പിൻപറ്റിയതിലൂടേയുമാണെന്ന് എപ്പോഴും പറയാറുണ്ടായിരുന്നു. ഇതു പ്രകടിപ്പിച്ചുകൊണ്ട് അവിടന്ന് ഒരിടത്തു പറയുന്നു:'ഇബ്റാഹീമിനോടു സംസാരിക്കുകയും സംബോധന ചെയ്യുകയും പിന്നീട് ഇസ്ഹാഖിനോടും ഇസ്മായീലിനോടും യഅ്ഖൂബിനോടും യൂസുഫിനോടും മൂസായോടും മസീഹ് ബിൻ മർയമിനോടും എല്ലാവർക്കും ശേഷം നമ്മുടെ നബി(സ)തിരുമേനിയോടും ഭാഷണം നടത്തുകയും – ആ നബിയുടെമേൽ ഏറ്റവും കൂടുതൽ വ്യക്തവും പരിശുദ്ധവുമായ വഹ്യാണ് ഇറക്കിയത്– ചെയ്ത ആ അല്ലാഹുവിനെ സത്യംചെയ്തുകൊണ്ട് ഞാൻ പറയുന്നു, അതുപോലെതന്നെ അവൻ എനിക്കും തന്റെ ഭാഷണത്തിന്റേയും സംബോധനയുടേയും ഭാഗ്യം പ്രദാനം ചെയ്തു. എന്നാൽ, മാഹാത്മ്യം എനിക്ക് കേവലം നബി(സ)തിരുമേനിയെ പിൻപറ്റിയതുകൊണ്ടണ് കരസ്ഥമായത്. ഞാൻ നബി(സ)തിരുമേനിയുടെ ഉമ്മത്തി ആയിരുന്നില്ലെങ്കിൽ, ആ മഹാത്മാവിനെ പിൻപറ്റിയില്ലായിരുന്നെങ്കിൽ ലോകത്തിലെ മുഴുവൻ പർവതങ്ങൾക്കും തുല്യം എന്റെ കർമങ്ങളുണ്ടായാലും ഒരിക്കലും ഞാൻ ഭാഷണത്തിന്റേയും സംബോധനയുടേയും ആ മാഹാത്മ്യം പ്രാപിക്കുമായിരുന്നില്ല.'(തജല്ലിയാത്തെ ഇലാഹിയ്യ റൂഹാനീ ഖസായിൻ വാല്യം 20 പേജ് 411–412)

ഇക്കാര്യങ്ങൾ കേട്ട് ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്റെമേൽ ആക്ഷേപം ഉന്നയിക്കുന്നവൻ അക്രമിയും അജ്ഞനും കുഴപ്പമുണ്ടാക്കുന്നവനുമാണെന്നല്ലാതെ ഒന്നും പറയാൻ സാധ്യമല്ല. ഈ വലിയ വലിയ ഉലമാ ആയി ചുറ്റിക്കറങ്ങിനടക്കുന്നവരുടെ കാര്യം ഇപ്പോൾ അല്ലാഹുവിലാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നിയോഗോദ്ദേശ്യം തൗഹീദിന്റെ സംസ്ഥാപനവും നബി(സ)തിരുമേനിയുടെ പദവിയേയും സ്ഥാനത്തേയും വ്യക്തമാക്കി ലോകത്തെ ആ മഹാത്മാവിന്റെ കൊടിക്കീഴിൽ കൊണ്ടുവരിക എന്നതാണ്. അതിനോടൊപ്പം സൃഷ്ടികളോടുള്ള കടമ നിർവഹിക്കുകയും സൃഷ്ടികളുടെമേൽ അല്ലാഹുവിനുള്ള വാത്സല്യത്തിന്റേ ഗ്രാഹ്യം നല്കുകയും അവരെക്കൊണ്ട് അതനുസരിച്ച് കർമങ്ങൾ ചെയ്യിക്കുകയുമാണ്. അവിടന്ന് ബയ്അത്തിന്റെ നിബന്ധനകളിലും ഈ നിബന്ധന വെക്കുകയുണ്ടായി. എന്നല്ല രണ്ടു നിബന്ധനകൾ നേരിട്ട് ഇതുമായി ബന്ധപ്പെട്ടതാണ്. നാലാമത്തെ നിബന്ധനയിൽ അവിടന്ന് പറഞ്ഞു, 'ശാരീരിക ദുരാവേശങ്ങൾക്കടിപ്പെട്ട് ആർക്കും തന്നെ–ലോകത്തിനു പൊതുവേയും മുസ്ലിം സമുദായത്തിന് പ്രത്യേകിച്ചും –നാവുകൊണ്ടോ കൈകൊണ്ടോ മറ്റുപ്രകാരത്തിലോ അന്യായമായ ഒരു ക്ലേശവും ഉണ്ടാക്കുന്നതല്ല. ഒമ്പതാമത്തെ നിബന്ധന ഇതാണ്: 'പൊതുവെ മനുഷ്യസമുദായത്തോടു സഹാനുഭാവം പ്രദർശിപ്പിച്ചുകൊണ്ടിരിക്കുന്നതും അല്ലാഹു നല്കിയ ശക്തികളും അനുഗ്രഹങ്ങളും മുഖേന ജീവാവസാനംവരെ മനുഷ്യകുലത്തിന് സേവനങ്ങൾ ചെയ്തുകൊണ്ടിരിക്കുന്നതുമാകുന്നു.'(ഇസാലയെ ഔഹാം റൂഹാനീ ഖസായിൻ വാല്യം 3 പേജ് 564)

ഇതനുസരിച്ച് ഇസ്ലാമികാധ്യാപനങ്ങൾ സ്മരിച്ചുകൊണ്ടു അവിടന്ന് പറയുന്നു: 'ദീനിന് രണ്ടു ഭാഗങ്ങളുണ്ട്. ഒന്ന് അല്ലാഹുവിനെ സ്നേഹിക്കുക. ഒന്ന് മനുഷ്യകുലത്തിനെ എത്രമാത്രം സ്നേഹിക്കണമെന്നാൽ അവരുടെ മുസീബത്തിനെ സ്വന്തം മുസീബത്തായി മനസ്സിലാക്കുകയും അവർക്കുവേണ്ടി ദുആ ചെയ്യുകയും ചെയ്യുക.'(നസീമെ ദഅ്വത്ത് റൂഹാനീ ഖസായിൻ വാല്യം 19 പേജ് 464)

വീണ്ടും അവിടന്ന് പറയുന്നു: ഇസ്ലാമികാധ്യപനങ്ങളുടെ അടിസ്ഥാനത്തിൽ ദീനെ ഇസ്ലാമിന് വെറും രണ്ടു ഭാഗമാണുള്ളത്. അല്ലെങ്കിൽ ഈ അധ്യാപനം രണ്ടു വലിയ ഉദ്ദേശ്യങ്ങൾ അടങ്ങിയതാണെന്ന് പറയാവുന്നതാണ്. ഒന്നാമത്തേത് അവിടന്ന് പറയുന്നു, ഏക ദൈവത്തെ അറിയുക. അവൻ യഥാർഥത്തിൽ ഉണ്ടെന്നതുപോലെ! അവനെ സ്നേഹിക്കുക. അവനെ സത്യമായി അനുസരിക്കുന്നതിൽ തന്നെത്തന്നെ ആക്കുക; അനുസരണത്തിന്റേയും സ്നേഹത്തിന്റേയും നിബന്ധന എന്നതുപോലെ! പിന്നീടു പറഞ്ഞു: രണ്ടാമത്തെ ഉദ്ദേശ്യം അവന്റെ ദാസരെ സേവിക്കുക. അവരോടുള്ള സഹതാത്തിൽ തങ്ങളുടെ എല്ലാ കഴിവുകളേയും വിനിയോഗിക്കുക. എല്ലാവിധ ശക്തികളും കഴിവുകളും ചെലവഴിക്കുക. രാജാവു മുതൽ നിസാരനായ മനുഷ്യൻവരെ ഔദാര്യം ചെയ്യുന്നവന് നന്ദിയോടും പ്രത്യുപകാരത്തോടുംകൂടി പ്രതിഫലം ചെയ്യുക.'(തുഹ്ഫ ഖയ്സരിയ്യ റൂഹാനീ ഖസായിൻ വാല്യം 12 പേജ് 281)

അല്ലാഹുവിനോടുള്ള സ്നേഹത്തിനുശേഷം സൃഷ്ടികളോടു കാര്യങ്ങൾ ചെയ്യുന്നതിനുള്ള അധ്യാപനമാണിത്. അല്ലെങ്കിൽ അല്ലാഹുവിന്റെ സ്നേഹം കാരണത്താൽ അവന്റെ സൃഷ്ടികളോടുള്ള കടമ നിർവഹിക്കുന്നതിലേക്ക് ശ്രദ്ധക്ഷണിക്കുന്നു എന്ന് പറയാവുന്നതാണ്. ഇതു സംബന്ധമായി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സ്വന്തം അവസ്ഥയും കർമവും എന്താണ്. അവിടന്ന് എങ്ങനെ പ്രവർത്തിച്ചിരുന്നു. ഇതു വ്യക്തമാക്കിക്കൊണ്ട് ഒരു സ്ഥലത്ത് അവിടന്ന് പറയുന്നു,'ലോകത്ത് ആരുംതന്നെ എന്റെ ശത്രുവല്ലായെന്നും സകല മുസ്ലീംകളോടും ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും ആര്യാക്കളോടും ഞാൻ തുറന്നു പറഞ്ഞുകൊള്ളട്ടെ. അതായത് ഞാൻ അവരെ ശത്രുവായി മനസ്സിലാക്കുന്നില്ല. ആരേയും; എതിർപ്പു കാണിക്കുന്നവരേയും! ഒരു

മാതാവ് തന്റെ മക്കളോടു എപ്രകാരം വാത്സല്യം കാണിക്കുന്നുവോ അപ്രകാരമല്ല, അതിലും കൂടുതലായുള്ള സ്നേഹമാണ് എനിക്ക് മനുഷ്യകുലത്തോടുള്ളത്. സത്യത്തെ ഞെക്കിക്കൊല്ലുന്ന വ്യാജ വിശ്വാസങ്ങളുടെ ശത്രുവാണ് ഞാൻ. മനുഷ്യരോടുള്ള സഹാനുഭൂതി എന്റെ കർത്തവ്യധർമമാകുന്നു. കളവും പൊയ്ദൈവപൂജയും അക്രമവും മറ്റെല്ലാ ദുർവൃത്തികളും, അനീതിയും ദുസ്വഭാവവും വെറുക്കുക എന്നതും എന്റെ പാഠമാകുന്നു.'(റൂഹാനീ ഖസായിൻ വാല്യം 17 പേജ് 344, അർബയീൻ നമ്പർ 1 പേജ് 2)

വീണ്ടും ഒരിടത്ത് കൂടുതൽ വിശദീകരിച്ചുകൊണ്ട് അവിടന്ന് പറയുന്നു, 'എല്ലാ ഓരോ വസ്തുവും അതിന്റെ വർഗത്തെ സ്നേഹിക്കുന്നു എന്നത് പ്രകടമാണ്. അതിന്റെ ഇനത്തിൽപ്പെട്ടതിനെ, തരത്തിൽപ്പെട്ടതിനെ സ്നേഹിക്കുന്നു. സ്വർഥതയൊന്നും ഇടയിലില്ലെങ്കിൽ ഉറുമ്പുകളും ഉറുമ്പുകളെ സ്നേഹിക്കുന്നു. ആരാണോ അല്ലാഹുവിലേക്ക് വിളിക്കുന്നത് (ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിലേക്ക് വിളിച്ചുകൊണ്ടിരിക്കുകയാണ്) അയാളുടെ നിർബന്ധ കടമയാണ്, ഏറ്റവും കൂടുതൽ സ്നേഹിക്കുക എന്നത്. അതിനാൽ ഞാൻ മനുഷ്യകുലത്തെ ഏറ്റവും കൂടുതൽ സ്നേഹിക്കുന്നു. അതേ, അവരുടെ ദുഷ്കർമങ്ങളുടേയും എല്ലാ തരത്തിലുള്ള അക്രമങ്ങളുടേയും ആജ്ഞാലംഘനത്തിന്റേയും രാജ്യദ്രോഹത്തിന്റേയും ശത്രുവാണ് ഞാൻ. ആരുടെയെങ്കിലും വ്യക്തിത്വത്തിന്റെ ശത്രുവല്ല. അതുകൊണ്ട് എനിക്കു കിട്ടിയ ഖജനാവ് –അത് സ്വർഗത്തിലെ എല്ലാ ഖജനാവുകളുടേയും അനുഗ്രഹങ്ങളുടേയും താക്കോലാകുന്നു–അത് സ്നേഹാവേശത്താൽ മനുഷ്യകുലത്തിന്റെ മുമ്പിൽ സമർപ്പിക്കുകയാണ്. എനിക്കു കിട്ടിയ ധനം യഥാർഥത്തിൽ മുത്തിന്റേയും സ്വർണത്തിന്റേയും വെള്ളിയുടേയും ധനമാണ്. മോശമായ വസ്തുവല്ല. വളരെ എളുപ്പത്തിൽ അന്വേഷിച്ച് കണ്ടെത്താവുന്നതാണ്. അത് ഇതാണ്; അതായത് എല്ലാ ദിർഹമിലും ദീനാറിലും മുത്തുകളിലും സുൽത്വാന്റെ നാണയത്തിന്റെ അടയാളമുണ്ടാകുന്നു. അതായത് സുൽത്വാൻ രാജാവിന്റെ നാണയത്തിന്റെ അടയാളം. ഏതു രാജാവാണെന്ന്! മറ്റാരിലുമില്ലാത്ത ആ ദൈവികമായ സാക്ഷ്യങ്ങൾ എന്റെ പക്കലുണ്ട്. അല്ലാഹു എന്നെ പിന്തണയ്ക്കുന്നു. എനിക്കുവേണ്ടി സാക്ഷി പറയുന്നു. പറഞ്ഞു, എല്ലാ മതങ്ങളിലുംവച്ച് ഇസ്ലാം മതമാണ് സത്യമെന്ന് എന്നോടു പറയപ്പെട്ടിരിക്കുന്നു. എല്ലാ സന്മാർഗങ്ങളിലും വച്ച് കേവലം ഖുർആനിക സന്മാർഗമാണ് ആരോഗ്യത്തിന്റെ സമ്പൂർണ ദർജയിലും കലർപുകളിൽനിന്ന് മുക്തവുമെന്ന് എന്നോടു പറയപ്പെട്ടിരിക്കുന്നു. "എല്ലാ റസൂൽമാരിലുംവച്ച് ഏറ്റവും പരിപൂർണവും ഏറ്റവും പരിശുദ്ധവും ജ്ഞാനനിർഭരവുമായ ഉപദേശങ്ങൾ നല്കിയ പ്രവാചകനും അത്യുൽകൃഷ്ടമായ മാനുഷികഗുണങ്ങൾ വെളിപ്പെടുത്തിയ പ്രവാചകനും നമ്മുടെ നബിനായകർ മുഹമ്മദു മുസ്തഫാ (സ) തിരുമേനിയാണെന്ന് എനിക്കു മനസ്സിലാക്കിത്തന്നിരിക്കുന്നു."(റൂഹാനീ ഖസായിൻ, വാല്യം 17, പേജ് 345, അർബയീൻ നമ്പർ 1 പേജ് 3)ഞാൻ അവനിൽനിന്നുള്ള മസീഹ് മൗഊദും മഹ്ദിയെ മഅ്ഹൂദും ആന്തരികവും ബാഹ്യവുമായ അഭിപ്രായ ഭിന്നതകളുടെ വിധികർത്താവുമാണെന്ന് അല്ലാഹുവിന്റെ പരിശുദ്ധവും പരിപവിത്രവുമായ വെളിപാടുമുഖേന അറിയിക്കപ്പെട്ടിരിക്കുന്നു. എന്റെ പേര് മസീഹ് എന്നും മഹ്ദിയെന്നും വെക്കപ്പെട്ടിരിക്കുന്നത് ആ രണ്ടുപേരുകൊണ്ടും റസൂലുല്ലാഹി(സ) എന്നെ മഹത്വപ്പെടുത്തിയിരിക്കുന്നതുകൊണ്ടാണ്. അതുകൂടാതെ അല്ലാഹു തന്റെ നേരിട്ടുള്ള സംബോധനയിലൂടെ ഈ പേരുതന്നെയാണ് എനിക്കു വെച്ചിട്ടുള്ളത്. അതുപോലെ ഇക്കാലത്തെ അവസ്ഥയുടെ തേട്ടവും എന്റെ പേര് ഇതുതന്നെയായിരിക്കണമെന്നാണ്.'(അർബയീൻ നമ്പർ 1 റൂഹാനീ ഖസായിൻ വാല്യം 17 പേജ് 345)

ഇക്കാര്യങ്ങൾ വെറും എഴുതുന്നതിനുവേണ്ടി അവിടന്ന് എഴുതിയതല്ല. അല്ലെങ്കിൽ മനുഷ്യകുലത്തോടു തനിക്ക് സ്നേഹമുണ്ടെന്നും ഏറ്റവും കൂടുതൽ സ്നേഹമുണ്ടെന്നും പറഞ്ഞത് വെറും വാദവുമല്ല. അതിന്റെ കർമപരമായ പ്രകടനവും ആ മഹാത്മാവിന്റെ ജീവിതത്തിൽ നമുക്ക് കാണാൻ കഴിയുന്നു.

ഒരു ഭാഗത്ത് ആ മഹാത്മാവിന്റെ മസീഹും മഹ്ദിയുമാണന്നുള്ള വാദമാണ്. ഈ വാദത്തിന്റെ സാക്ഷ്യത്തിനായി അല്ലാഹു ചില അടയാളങ്ങൾ വെളിപ്പെടുത്തുന്നു. അത് ആളുകൾക്ക് ആപത്തുകളുടെ രൂപത്തിലുണ്ടാകുമ്പോൾ അവിടന്ന് അസ്വസ്ഥനാകുന്നു. മൗലവി അബ്ദുൽകരീം സാഹിബ്, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീടിന്റെതന്നെ ഒരു ഭാഗത്തായിരുന്നു താമസിച്ചിരുന്നത്. അദ്ദേഹം വിവരിക്കുന്നു. പ്ലേഗ് പടർന്നു പിടിച്ച ദിനങ്ങളിൽ, ഓരോ ദിവസവും അസംഖ്യമാളുകൾ അതിന്റെ ഇരയായിക്കൊണ്ടിരിക്കുകയും മരണവക്ത്രത്തിലേക്ക് പോയികൊണ്ടിരിക്കുകയും ചെയ്തപ്പോൾ മൗലവി അബ്ദുൽ കരീം സാഹിബ് പറയുന്നു, ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്യുന്നത് ഞാൻ കേട്ടു. അതുകേട്ട് ഞാൻ അത്ഭുതപ്പെട്ടുപോയി. ഹദ്റത്ത് മൗലവി സാഹിബ് പറയുന്നു: ആ ദുആയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ശബ്ദം എത്രമാത്രം വേദനാനിർഭരവും സങ്കടം നിറഞ്ഞതുമായിരുന്നുവെന്നാൽ കേൾക്കുന്നവർക്ക് അത് ഉത്ക്കണ്ഠ ഉണ്ടാക്കുന്നതായിരുന്നു. അതുകേട്ട് അത്ഭുതകരമായ വൈകാരികാവസ്ഥ സംജാതമാകുമായിരുന്നു. പ്രസവവേദനകൊണ്ടു സ്ത്രീ അനിയന്ത്രിതമായി ഞരങ്ങുകയും നിലവിളിക്കുകയും ചെയ്യുന്നതുപോലെ അവിടന്ന് ദൈവസവിധത്തിൽ കരയുകയും വിലപിക്കുകയുമായിരുന്നു. മൗലവി സാഹിബ് പറയുന്നു:ഞാൻ അത് ശ്രദ്ധിച്ചുകേട്ടു. അല്ലാഹുവിന്റെ സൃഷ്ടികൾ പ്ലേഗിന്റെ ശിക്ഷയിൽനിന്ന് രക്ഷപ്പെടുന്നതിനുവേണ്ടി അവിടന്ന് ദുആ ചെയ്യുകയായിരുന്നു. അല്ലാഹുവേ! ഈയാളുകൾ പ്ലേഗിന്റെ നാശത്തിൽ നശിക്കുകയാണെങ്കിൽ പിന്നെ നിന്നെ ആരാധിക്കാൻ ആരാണുണ്ടാകുക.'(സീറത്തെ ത്വയ്യിബ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 54)

അതിനാൽ ചിന്തിച്ചുനോക്കുക. ഒരു പ്രവചനമനുസരിച്ച് എതിരാളികളുടെമേൽ ഈ ശിക്ഷ വന്നുകൊണ്ടിരിക്കുന്നു. പക്ഷേ, അവിടന്ന് അത് അകന്നു പോകാൻ പ്രാർഥിക്കുന്നു. ആ ശിക്ഷ അകലുന്ന കാരണത്താൽ എതിരാളികൾ ബഹളമുണ്ടാക്കാനും സാധ്യതയുണ്ട്. അവിടത്തെ പ്രവചനം സംശയദൃഷ്ടിയോടെ കാണപ്പെടുകയും ചെയ്തേക്കാം. പക്ഷേ, മനുഷ്യകുലത്തോടുള്ള സഹതാപം അതൊന്നും വകവെച്ചില്ല. അവരെ ഈ അദാബിൽനിന്ന് രക്ഷിക്കണേ എന്നും ഈമാൻ സലാമത്താകുന്നതിന് മറ്റു വഴി കാണിക്കണേ എന്നും അവിടന്ന് ദുആ ചെയ്യുന്നു. ആ മഹാത്മാവ് സഹതാപം കാണിക്കേണ്ട നേരത്ത്, അത് കാണിച്ചില്ല എന്ന് എതിരാളികൾക്കും പറയാൻ കഴിയുകയില്ല. അതിനുള്ള ധാരാളം സംഭവങ്ങൾ അദ്ദേഹത്തിന്റെ ജീവിതത്തിൽനിന്ന് നമുക്ക് ലഭിക്കുന്നുണ്ട്. ഒരു സംഭവം പറയാം.

മിനാരത്തുൽമസീഹിന്റെ നിർമാണ പ്രവർത്തനം തുടങ്ങിയപ്പോൾ തങ്ങളുടെ വീടുകളിൽ പർദയില്ലായ്മ ഉണ്ടാകും എന്ന് പറഞ്ഞ് ഹിന്ദുക്കൾ ബഹളമുണ്ടാക്കി. അതിനെ തുടർന്ന് സർക്കാറിൽനിന്ന് ഒരു മജിസ്ട്രേട്ട് അന്വേഷണത്തിന് വന്നു. അദ്ദേഹത്തോടു ഹദ്റത്ത് മസീഹ് മൗഊദ്(അ) എല്ലാ കാര്യങ്ങളും വിശദീകരിച്ചു പറഞ്ഞു. പറഞ്ഞു, ഇതൊരു അടയാളമെന്ന നിലയിലുള്ളതാണ്. ഇതിൽ വെളിച്ചം പിടിപ്പിക്കുന്നതാണ്. ഈപ്രദേശം പ്രകാശിക്കുന്നതാണ്. പർദയില്ലായ്മ ഒരിക്കലുമുണ്ടാകുകയില്ല. അവർക്ക് പർദയില്ലായ്മ ഉണ്ടാകുകയാണെങ്കിൽ നമ്മുടെ വീടുകളിലും പർദയില്ലായ്മ ഉണ്ടാകുന്നതാണ്. അതിനാൽ പർദയില്ലായ്മ ഉണ്ടാകുമെന്നത് തെറ്റായ തോന്നലാണ്. ഇതെല്ലാം നിരർഥമായ ഒഴികഴിവാണ്. മജിസ്ട്രേട്ടിനോടൊപ്പം ലാല ബുഡ്ഢാമൽ എന്ന ഒരു ഹിന്ദു അവിടെ ഉണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു, ഇദ്ദേഹം ഇവിടെ ഖാദിയാനിൽ താമസിക്കുന്നയാളാണ്. ഞങ്ങളുടെ അയൽവാസിയാണ്. ഈ നഗരവാസിയാണ്. ഞാനെപ്പോഴും അയൽവാസികളേയും ദൈവസൃഷ്ടികളേയും ശ്രദ്ധിച്ചുപോരുന്നതാണെന്ന് ഇദ്ദേഹത്തിന്നറിയാം. ഈ ലാല ബുഡ്ഢാമൽ താങ്കളോടൊപ്പം ഉണ്ടല്ലോ. അദ്ദേഹത്തെ സഹായിക്കേണ്ടതായ ഏതെങ്കിലും അവസരം എപ്പോഴെങ്കിലും എനിക്കുണ്ടായിട്ട് ഞാൻ അതിൽ എന്തെങ്കിലും കുറവുവരുത്തിയിട്ടുണ്ടോ എന്നും അല്ലെങ്കിൽ ഏതെങ്കിലും തരത്തിലുള്ള ഗുണം ചെയ്യേണ്ട നേരത്ത് എന്നിൽനിന്ന് എന്തെങ്കിലും തടസ്സമുണ്ടായിട്ടുണ്ടോ എന്നും താങ്കൾ അദ്ദേഹത്തോടു ചോദിക്കുക. പിന്നീട് ലാല സാഹിബിന് എനിക്കു നഷ്ടം വരുത്തേണ്ട ഏതെങ്കിലും അവസരം കിട്ടിയിട്ട് ആ നഷ്ടം എനിക്ക് അദ്ദേഹം വരുത്താതിരുന്നിട്ടുണ്ടോ എന്നും ചോദിക്കുക. അദ്ദേഹം എപ്പോഴും എനിക്ക് നഷ്ടം വരുത്തിയിട്ടുണ്ട്. ഞാനെപ്പോഴും അദ്ദേഹത്തിന് ഗുണവും ചെയ്തിട്ടുണ്ട്. ആ നേരത്ത് മജിസ്ട്രേട്ടിനൊപ്പമുണ്ടായിരുന്ന ലാല ബുഡ്ഢാമല്ലിന് അത് നിഷേധിക്കാനുള്ള തന്റേടമുണ്ടായില്ല. എന്നല്ല ലജ്ജിച്ച് നിലക്കുകയാണ് ചെയ്തത്.(സീറത്ത് ഹദ്റത്ത് മിർസാ ബശീർ അഹ് മദ് സാഹിബ്(റ) പേജ് 61–63)

ഇതാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതമാതൃക. നഷ്ടം വരുത്തുന്നവരോടും സൃഷ്ടികളോടു സഹതാപത്തിന് വിധേയനായി ഗുണം ചെയ്യുകയാണ് ചെയ്തത്.

മൗലവി മുഹമ്മദു ഹുസയ്ൻ ബട്ടാലവി സാഹിബ് കഠിനമായി എതിർത്തുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ കുഫ്ർ ഫത്വ പുറപ്പെടുവിച്ചു.നഊദുബില്ലാഹ് ദജ്ജാലെന്നും വഴിപിഴച്ചവനെന്നും പറഞ്ഞു. രാജ്യം മുഴുവൻ ആ മഹാത്മാവിനെതിരിൽ വിദ്വേഷത്തിന്റേയും ശത്രുതയുടേയും അഗ്നി ജ്വലിപ്പിച്ചു. പക്ഷേ, കേസ്സിൽ ആ മഹാത്മാവിന്റെ വക്കീൽ മൗലവി മുഹമ്മദു ഹുസയ്ന്റെ കുടുംബത്തെ കുറിച്ച് ചില അധിക്ഷേപകരമായ ചോദ്യങ്ങൾ ചോദിക്കാൻ മുതിർന്നപ്പോൾ അതിനെ ശക്തമായി തടഞ്ഞു. അവിടത്തെ വക്കീൽ മൗലവി ഫള്ലുദ്ദീൻ സാഹിബ് അനഹ്മദിയായിരുന്നു. അദ്ദേഹം പറയാറുണ്ടായിരുന്നു,'മിർസാ സാഹിബ് ഒരു അത്ഭുത മനുഷ്യനാണ്. അത്ഭുതകരമായ സൽസ്വഭാവങ്ങളുടെ ഉടമയാണ്. ഒരു വ്യക്തി അദ്ദേഹത്തിന്റെ അഭിമാനത്തിനുമേൽ എന്നല്ല ജീവനുമേൽ ആക്രമണം നടത്തുന്നു. അതിനുള്ള മറുപടിയായി അയാളുടെ സാക്ഷ്യം ബലഹീനമാക്കുന്നതിനുവേണ്ടി ചില ചോദ്യങ്ങൾ അയാളോടു ചോദിക്കുമ്പോൾ താൻ അതിന് സമ്മതിക്കുകയില്ല എന്നു പറഞ്ഞ് അത് തടയുന്നു. ഇതേ മൗലവി മുഹമ്മദുഹുസയ്നെ കുറിച്ച് തന്റെ ഒരു അറബി പദ്യത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനേയും പറഞ്ഞു:

قَطَعْتَ وِدَادًا قَدْ غَرَسْنَاهُ فِي الصِّبَا
وَلَيْسَ فُؤَادِيْ فِي الْوِدَادِ يُقَصِّرُ

(അൽഖസായിദുൽ അഹ്മദിയ്യാ പേജ് 444)

അതായത് നമ്മൾ യുവത്വകാലത്ത് നമ്മുടെ മനസ്സിൽ നാട്ടിയ ആ സ്നേഹത്തിന്റെ വൃക്ഷത്തെ നീ സ്വന്തം കൈകൊണ്ട് വെട്ടിമുറിച്ചു. എന്നാൽ,

എന്റെമനസ്സ്ഒരുവിധത്തിലുംസ്നേഹത്തിന്റെകാര്യത്തിൽ കുറവു വരുത്തുന്നതോ വീഴ്ചവരുത്തുന്നതോ അല്ല.(സീറത്തെ ത്വയ്യിബ ഹദ്റത്ത് മിർസാ ബശീർ അഹ്മദ് സാഹിബ്(റ) പേജ് 57-59)

എന്തായാലും ഇതൊരു ഉദാഹരണമാണ്. ആ മഹാത്മാവിന്റെ മിഷനെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി ധാരാളം മുസ്‌ലിം ഉലമാ ശ്രമിച്ചു. അസംഖ്യം ഉലമാ അദ്ദേഹത്തെ എതിർത്തു. അദ്ദേഹത്തിന്നെതിരിൽ കുഫ്ർ ഫത്‌വ നല്കി. ഇപ്പോഴും നല്കിക്കൊണ്ടിരിക്കുന്നു. ഇതിന്റെ ഫലമായിട്ടാണ് ലോകത്തിന്റെ വിവിധ രാജ്യങ്ങളിൽ, മുസ്‌ലിം രാജ്യങ്ങളിൽ ഞങ്ങൾക്കെതിരെ എതിർപ്പു നടന്നുകൊണ്ടിരിക്കുന്നത്. ഇന്നും നമ്മൾ ആ എതിർപ്പിനുള്ള മറുപടിയിൽ അവർക്കെതിരിൽ ധാർമികമായ നിലവാരങ്ങളെ കൈവിട്ടു കളയുകയോ നിയമങ്ങളെ നമ്മുടെ കൈയിൽ എടുക്കുകയോ ചെയ്തിട്ടില്ല എന്നത് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അധ്യാപനങ്ങളുടെ സ്വാധീനമാണ്. അഹോ കഷ്ടം! ഇക്കാലഘട്ടത്തിലെ നീതിമാനായ വിധികർത്താവും മസീഹും മഹ്ദിയും ഹദ്റത്ത് മിർസാ ഗുലാം അഹ്മദു ഖാദിയാനി തന്നെയാണെന്ന് ഇവർക്ക് മനസ്സിലായിരുന്നെങ്കിൽ. ഇസ്‌ലാമിന്റെ പ്രചാരണവും തൗഹീദിന്റെ സംസ്ഥാപനവും ഹൃദയങ്ങളിൽ സ്ഥാപിതമാകേണ്ട- ഭൂമിയിലല്ല - നബി(സ)തിരുമേനിയുടെ ഭരണവും മസീഹ് മൗഊദ് മുഖേന തന്നെയാണ് സ്ഥാപിതമാകേണ്ടത്. അവിടത്തെ ജമാഅത്തു മുഖേനതന്നെയാണ് സ്ഥാപിതമാകേണ്ടത്. അല്ലാതെ ഏതെങ്കിലും വാളുകൊണ്ടോ തുപ്പാക്കികൊണ്ടോ ഊക്കുകൊണ്ടോ അല്ലെങ്കിൽ ഭീകരത പരത്തുന്നതുകൊണ്ടോ ഇസ്‌ലാമിന്റെ പേരിൽ അക്രമിക്കപ്പെട്ടവരെ കൊല്ലുന്നത് കൊണ്ടോ അല്ല.

യൂറോപ്പിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന സംഭവങ്ങൾ, ഇസ്‌ലാമിന്റെ പേരിൽ വ്യക്തികളോ സംഘടനകളോ ആണ് അത് ചെയ്തുകൊണ്ടിരിക്കുന്നത്. അല്ലെങ്കിൽ ഇവിടെ ലണ്ടനിൽ രണ്ടു ദിവസം മുമ്പേ അക്രമപരമായനിലയിൽ നിരപരാധികളെ വധിക്കുകയുണ്ടായി. വഴിപോക്കരുടെ മേൽ കാറ് ഇടിച്ചുകയറ്റി. ഒരു പോലീസുകാരൻ വധിക്കപ്പെട്ടു. ഇതിനുകാരണം ഈ നാമമാത്ര ഉലമാ മുസ്‌ലിം മനസ്സുകളിൽ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം ഇടുന്നതിനു പകരം അവർക്ക് തെറ്റായ മാർഗദർശനം നല്കി അക്രമത്തിന്റേയും ബലാൽക്കാരത്തിന്റേയും ചിന്താഗതികൾ ഉണ്ടാക്കിയിരിക്കുന്നു എന്നതാണ്.

ഇത്തരം സാഹചര്യത്തിൽ അഹ്മദികളായ നമ്മുടെ ജോലിയാണ്, ഞാൻ മുമ്പേയും പറഞ്ഞുകൊണ്ടിരുന്നതുപോലെ, എപ്പോഴും പറഞ്ഞുകൊണ്ടിരിക്കുന്നതുപോലെ ഇസ്‌ലാമിന്റെ സൗന്ദര്യം ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുക. അഹ്മദിയ്യത്തിന്റെ എതിർപ്പിനെ സംബന്ധിച്ചിടത്തോളം അതിനെ അഹ്മദിയ്യത്തിനെ ഒന്നും ചെയ്യാൻ സാധിക്കുകയില്ല. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അല്ലാഹു അയച്ചതാണ്. അദ്ദേഹത്തെ വിജയിപ്പിക്കുന്നതിനുവേണ്ടിയാണ് അയച്ചിട്ടുള്ളത്. ഇസ്‌ലാം ഇപ്പോൾ അവിടന്ന് മുഖേനതന്നെ വ്യാപിക്കേണ്ടതുണ്ട്. നമ്മൾ ആ ഇസ്‌ലാമിനെയാണ് പ്രചരിപ്പിക്കേണ്ടത്. ഈ നടന്നുകൊണ്ടിരിക്കുന്ന കൊലയുടേയും കൊള്ളയുടേയും പ്രവർത്തനം നിരപരാധികളെ കൊന്നൊടുക്കിക്കൊണ്ടിരിക്കുന്ന പ്രവർത്തനം നമ്മൾ എല്ലാ സ്ഥലങ്ങളിലും ശക്തമായി തടയേണ്ടതുണ്ട്. അതിന്നെതിരിൽ ശബ്ദം ഉയർത്തേണ്ടതുണ്ട്. ഈ കെടുതികൾ ബാധിക്കുന്നവരോടു സഹതാപം കാണിക്കേണ്ടത് നമ്മുടെ ജോലിയാണ്.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: 'എല്ലാ മനുഷ്യരും കേട്ടുകൊള്ളട്ടെ! ഭൂമിയും ആകാശവും സൃഷ്ടിച്ചിട്ടുള്ളവന്റെ പ്രവചനമാകുന്നു ഇത്. അവൻ തന്റെ ഈ ജമാഅത്തിനെ മുഴുലോകത്തും പരത്തുന്നതാണ്. തെളിവുകൊണ്ടും പ്രമാണങ്ങൾകൊണ്ടും എല്ലാവരുടെ മേലും അതിനു വിജയം നല്കും. ആദരവോടെ സ്മരിക്കപ്പെടുന്ന മതം ഇതൊന്ന് മാത്രമായിരിക്കുന്ന ആ നാൾ വരുന്നു. അതല്ല അടുത്തെത്തിയിരിക്കുന്നു. അല്ലാഹു ഈ മതത്തിലും ജമാഅത്തിലും പരമമായ പദവിയിലുള്ള അമാനുഷിക അനുഗ്രഹങ്ങൾ ഇടുന്നതാണ്. ഇതിനെ ഇല്ലാതാക്കാൻ ചിന്തിച്ചുകൊണ്ടിരിക്കുന്ന എല്ലാ ഓരോരുത്തരേയും പരാജയപ്പെടുത്തുന്നതാണ്. ഈ വിജയം ഖിയാമത്തു വരുന്നതുവരെ അനശ്വരമായിരിക്കും. ഇപ്പോൾ എന്നെ പരിഹസിക്കുന്നുവെങ്കിൽ അതുകൊണ്ട് എന്തു നഷ്ടമാണ്! കാരണം പരിഹസിക്കപ്പെടാത്തതായി ഒരു നബിയും വന്നിട്ടില്ല. അതുകൊണ്ട് മസീഹ് മൗഊദും പരിഹസിക്കപ്പെടേണ്ടത് നിർബന്ധമായിരുന്നു. *അല്ലാഹു യാ ഹസ്റത്തൻ അലൽ ഇബാദീ മാ യഅ്തീഹിം മിൻ റസൂലിൻ ഇല്ലാ കാനൂ ബിഹി യസ്തഹ്സിഊൻ* എന്നു പറഞ്ഞതുപോലെ തന്നെ! എല്ലാ നബിമാരും പരിഹസിക്കപ്പെടുന്നുവെന്നത് അല്ലാഹുവിൽനിന്നുള്ള അടയാളമാണ്. എന്നാൽ, എല്ലാവരും കാൺകെ ആകാശത്തുനിന്ന് ഇറങ്ങുകയും മലക്കുകളും അദ്ദേഹത്തോടൊപ്പം ഉണ്ടാകുകയും ചെയ്ത ആളെ ആര് പരിഹസിക്കാനാണ്! അതിനാൽ ഈ തെളിവിൽനിന്നും ബുദ്ധിമാന് മനസ്സിലാക്കാൻ കഴിയും മസീഹ് മൗഊദിന്റെ ആകാശത്തുനിന്നുള്ള ഇറക്കം കേവലം വ്യജമായ ചിന്താഗതിയാണെന്ന്. ഓർമിച്ചുകൊള്ളുക! ആരും ആകാശത്തുനിന്നിറങ്ങുകയില്ല. ഇപ്പോൾ ജീവിച്ചിരിക്കുന്ന നമ്മുടെ എല്ലാ എതിരാളികളും മരിച്ചൊടുങ്ങും. അവരിൽ ആരും ഈസബ്നുമർയം ആകാശത്തുനിന്നിറങ്ങുന്നത് കാണുകയില്ല. പിന്നീട് അവശേഷിക്കുന്ന അവരുടെ മക്കളും മരിക്കുന്നതാണ്. അവരിലും ആരുംതന്നെ ഈസബ്നു മർയം ആകാശത്തുനിന്നിറങ്ങുന്നത് കാണുകയില്ല. പിന്നെ മക്കളുടെ മക്കളും മരിക്കുന്നതാണ്. അവരും മർയമിന്റെ മകനെ ആകാശത്തുനിന്നിറങ്ങുന്നതായി കാണുകയില്ല. അപ്പോൾ അല്ലാഹു അവരുടെ മനസ്സുകളിൽ പരിഭ്രമം ഇടുന്നതാണ്. അതായത് കുരിശിന്റെ വിജയവും കഴിഞ്ഞുപോയി. ലോകം മറ്റൊരു വർണത്തിൽ വരികയും ചെയ്തു. എന്നാൽ, മർയമിന്റെ മകൻ ഇപ്പോഴും ആകാശത്തുനിന്നിറങ്ങിയില്ല. അപ്പോൾ ബുദ്ധിമാന്മാർ ഈ വിശ്വാസത്തിൽനിന്ന് ജാഗരൂകരാകും. ഇന്നുമുതൽ മൂന്നാമത്തെ നൂറ്റാണ്ട് തികയുന്നതിനുമുമ്പേ ഈസായെ പ്രതീക്ഷിച്ചിരിക്കുന്നവർ- അവർ മുസ്‌ലീംകളാകട്ടെ ക്രിസ്ത്യാനികളാകട്ടെ അതീവ നിരാശരും തെറ്റായഭാവനക്കാരുമായി വ്യാജമായ ഈ വിശ്വാസത്തെ ഉപേക്ഷക്കുന്നതാണ്. ലോകത്ത് ഒരേയൊരു മതവും ഒരേയൊരു നബിയും ആയിരിക്കും ഉണ്ടാകുക. ഞാൻ ഒരു വിത്തു പാകുന്നതിനായി വന്നിരിക്കുക. എന്റെ കൈയാൽ ആ വിത്ത് വിതയ്ക്കപ്പെട്ടു. ഇനി അത് വളരും പുഷ്പിക്കും. അതിനെ തടയാൻ ആർക്കും സാധിക്കുകയില്ല.'(തദ്ക്കിറത്തു ശഹാദത്തയ്ൻ, റൂഹാനീ ഖസായിൻ വാല്യം20 പേജ് 66-67)

അല്ലാഹുവിന്റെ മസീഹിനാൽ വിതയ്ക്കപ്പെട്ട ആ വിത്ത് അവന്റെതന്നെ കൃപയാൽ പുഷ്പിക്കുകയും കായ്ക്കുകയും വളരുകയും ചെയ്തുകൊണ്ടു പോകുന്നു. നമ്മൾ അതിന്റെ പച്ചപ്പുള്ള ശാഖകളാകണമെങ്കിൽ, എഴുത്തുകളിലൂടേയും കർമങ്ങളിലൂടേയും അല്ലാഹുവിനോടുള്ള സ്നേഹവും നബി(സ)തിരുമേനിയോടുള്ള അനുരക്തിയും നമ്മുടെ കർമങ്ങളും മനുഷ്യകുലത്തോടുള്ള സഹതാപവും സ്നേഹവും നമ്മുടെ എല്ലാ കർമങ്ങളിലും കാണാൻ കഴിയുമാറാക്കിത്തീർക്കേണ്ടത് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞതുപോലെ നമ്മുടെ ജോലിയാണ്. അല്ലാഹു നമുക്കതിന് തൗഫീഖ് നല്കുമാറാകട്ടെ.

# അല്ലാഹുവിനെക്കുറിച്ചുള്ള അറിവാണ് ഏറ്റവും അനിവാര്യമായിട്ടുള്ളത്

(1930 ഡിസംബറിൽ നടന്ന വാർഷിക സമ്മേളനത്തിൽ അഹ്മദിയ്യ മുസ്‌ലിം ജമാഅത്തിന്റെ രണ്ടാം ഖലീഫ ഹദ്റത്ത് ബശീറുദ്ദീൻ മഹ്മൂദ് അഹ്മദ്(റ) സ്ത്രീകളോടു ചെയ്ത പ്രസംഗത്തിൽ 'ദൈവവിധി' യെ കുറിച്ചു പറഞ്ഞ ഭാഗമാണ് താഴെ ചേർത്തിട്ടുള്ളത്. വിവ: എം. എം. ഇസ്മായീൽ ആലപ്പുഴ)

ഒരുപാട് സ്ത്രീകൾ മനസ്സിലാക്കുന്നുണ്ടാകും തങ്ങൾക്ക് അല്ലാഹുവിനെക്കുറിച്ച് അറിവുണ്ടെന്ന്. എന്നാൽ, ഇല്ല. അവർക്ക് അല്ലാഹുവിനെ അറിയില്ല. അറിഞ്ഞിരുന്നുവെങ്കിൽ അവനിൽ പൂർണ വിശ്വാസമുണ്ടാകുമായിരുന്നു. അറിയാത്ത കാരണത്താലാണ് സ്ത്രീകൾ പെട്ടെന്ന് ഓരോ പ്രവർത്തിയിലും ഓരോന്നിന്റെ അവസാനത്തിലും 'വിധി' യെ പഴിപറഞ്ഞുകൊണ്ടിരിക്കുന്നത്. അല്ലാഹുവിനെക്കുറിച്ചും അവന്റെ സിഫത്തുകളെക്കുറിച്ചും അറിവില്ല എന്നതിന് തെളിവാണിത്.

വിധിയെക്കുറിച്ചുള്ള നിങ്ങളുടെ ചിന്താഗതി തെറ്റാണെന്ന കാര്യം ഓർത്തുകൊള്ളുക. നിങ്ങളുടെ വീഴ്ചകളുടെ പിന്നാലെ വെളിപ്പെടുന്ന തിക്തഫലങ്ങളുടെ പേര് നിങ്ങൾ വിധി എന്നു വെച്ചുകൊണ്ട് അല്ലാഹുവിന്റെ മേൽ ആരോപണം ഉന്നയിക്കുന്നു. ഇത്ര വലിയ ഭൂമിയുടേയും ആകാശത്തിന്റേയും രാജാവായ അല്ലാഹുവിന് നിങ്ങളിലാർക്കെങ്കിലും ദുഃഖം നല്കിയിട്ടോ, സുഖം നല്കിയിട്ടോ. ആരെയെങ്കിലും കരയിച്ചിട്ടോ, ആരെയെങ്കിലും ചിരിപ്പിച്ചിട്ടോ അവനെന്ത് കിട്ടാനാണെന്ന് നിങ്ങൾ ചിന്തിക്കുന്നില്ല. ഒരു മകൻ ജീവിച്ചിരിക്കണം ഒരു മകൻ മരിക്കണം ഒന്ന് കാഴ്ചയുള്ളവനായിരിക്കണം ഒന്ന് അന്ധനായിരിക്കണം ഒന്ന് രോഗിയായിരിക്കണം ഒന്ന് ആരോഗ്യവാനായിരിക്കണം എന്ന് ഏതെങ്കിലും ഉമ്മ ആഗ്രഹിക്കുമോ? ഈ ചിന്താഗതി വിവരമില്ലായ്മയാണ്. നമ്മുടെ ജനതയുടെ ഒരുപാട് നാശത്തിനു കാരണം ഈ 'വിധി' പ്രശ്നമാണ്. ഇതു കാരണത്താൽ നമ്മുടെ പരിശ്രമങ്ങൾ പാഴായിപ്പോയി. നമ്മുടെ അധ്വാനങ്ങൾ തകർന്നതരിപ്പണമായി. നമ്മുടെ എല്ലാ ഉത്സാഹങ്ങളും നിഷ്ഫലമാകുകയും ചെയ്തു.

വിധിയെക്കുറിച്ചുള്ള ഈ ചിന്താഗതി തികച്ചും തെറ്റാണെന്ന കാര്യം നല്ലവണ്ണം ഓർത്തുകൊള്ളുക. അല്ലാഹു തആല നിയമം ഉണ്ടാക്കിയിരിക്കുന്നു. ആരാണോ അതനുസരിച്ച് നേരെ നടക്കുന്നത് അവൻ വിജയിച്ചു. തലതിരിഞ്ഞു നടക്കുന്നവൻ പരാജയപ്പെട്ടു. ഉദാഹരണത്തിന് ഈ ജൽസതന്നെ. പലരും പിന്നിലിരിക്കുന്നു. പലരും മുന്നിലിരിക്കുന്നു. ഇങ്ങനെ അവരെ അല്ലാഹു ഇരുത്തിയതാണോ? സംഘാടകർക്കും അതിൽ ഒരു പരിധിവരെ കൈകടത്തലുണ്ട് എന്ന് അംഗീകരിച്ചു. എന്നാലും മുമ്പും പിമ്പും തമ്മിലുള്ള വ്യത്യാസമുണ്ട്. ആദ്യം വന്ന സ്ത്രീയ്ക്ക് നല്ലതും അടുത്തുള്ളതുമായ സ്ഥലം ലഭിച്ചു; പിന്നാലെ വന്ന സ്ത്രീയ്ക്ക് ദൂരത്തും. ഇതിൽ വിധിയ്ക്കെന്ത് ഇടപെടലാണുള്ളത്.

ഹദ്റത്ത് ഉമർ(റ)ന്റെ കാലഘട്ടത്തിൽ ഒരു തവണ പ്ലേഗ് പടർന്നു പിടിച്ചപ്പോൾ, ഇവിടെനിന്ന് മാറിപ്പോകണമെന്ന് ആളുകൾ പറഞ്ഞു. ഹദ്റത്ത് ഉമർ(റ)ന്റെ അഭിപ്രായവും ഇതു തന്നെയായിരുന്നു. എന്നാൽ, ഇന്നു വിധിയെക്കുറിച്ച് തെറ്റായി മനസ്സിലാക്കുന്നവരെപ്പോലെ അന്നും കുറച്ചാളുകൾ ഉണ്ടായിരുന്നു. അവർ അതിനെ എതിർത്തു. അവർ ഈ വിധിയെ അവതരിപ്പിച്ചുകൊണ്ടു ചോദിച്ചു, അതഫിർറൂന മിൻ ഖദരില്ലാഹ് നിങ്ങൾ തഖ്ദീർ അഥവാ ദൈവവിധിയിൽനിന്ന് ഓടുകയാണോ? അതിനു ഹദ്റത്ത് ഉമർ(റ)എത്ര മനോഹരമായ മറുപടിയാണ് നല്കിയത്. അദ്ദേഹം പറഞ്ഞു, അഫിർറു മിൻഖദരില്ലാഹി ഇലാ ഖദരില്ലാഹി ഞാനോടുന്നത് അല്ലാഹുവിന്റെ ഒരു വിധിയിൽനിന്ന് മറ്റൊരു വിധിയിലേക്കാണ്. നിങ്ങൾ ചിന്തിക്കുക, ഒരു അണു കടിക്കുന്നതുകൊണ്ട്

ശേഷം പേജ് 16 ൽ

2018 ജൽസാ സാലാന ഖാദിയാൻ പ്രസംഗത്തിൽ നിന്ന്

# വാഗ്ദത്ത മസീഹ് ഹദ്റത്ത് അഹ്മദ്(അ)ന്റെ ജീവചരിത്രം; സൗഹാർദത്തിന്റേയും സഹിഷ്ണുതയുടേയും വെളിച്ചത്തിൽ

(മൗലാനാ മുഹമ്മദ് ഹമീദ് കൗഥർ നാളിർ ദഅ്വത്തെ ഇലല്ലാഹ് മർക്കസിയ്യ)

وَإِذْ قَالَ عِيسَى ابْنُ مَرْيَمَ يَٰبَنِيٓ إِسْرَٰٓءِيلَ إِنِّي رَسُولُ اللَّهِ إِلَيْكُم مُّصَدِّقًا لِّمَا بَيْنَ يَدَيَّ مِنَ التَّوْرَىٰةِ وَمُبَشِّرًۢا بِرَسُولٍ يَأْتِي مِنۢ بَعْدِي اسْمُهُۥٓ أَحْمَدُ ۖ فَلَمَّا جَآءَهُم بِالْبَيِّنَٰتِ قَالُوا۟ هَٰذَا سِحْرٌ مُّبِينٌ

(سورة الصف: 7)

ഗാലിയാൻ സുൻ കെ ദുആ ദോ
പാക്കെ ദുഃഖ് ആരാമ് ദോ
കിബ്ർ കി ആദത്ത് ജോ ദേഖോ
തും ദിഖാവോ ഇൻകിസാർ
ഗാലിയാൻ സുൻ കെ ദുആ ദേത്താഹൂം
ഉൻ ലോഗോംകൊ
രഹം ഹെ ജോശ് മെ
ഔർ ഗയ്ള് ഘടിയാ ഹം നെ

നിങ്ങൾ കേട്ട വിശുദ്ധ ഖുർആനിലെ വചനത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ് (അ)പറയുന്നു: " *വ മുബശ്ശിറൻ ബി റസൂലിൻ യഅ്ത്തീ മിൻ ബഅ്ദിസ്മുഹു അഹ്മദ്* ഇതിലുള്ള സൂചന അവസാനകാലത്ത് നബി(സ)തിരുമേനിയുടെ ഒരു പ്രതിഭ വെളിപ്പെടുമെന്നാണ്. ആ പ്രതിഭ അദ്ദേഹത്തിന്റെ ഒരു കൈ എന്ന നിലയിലായിരിക്കും. അദ്ദേഹത്തിന്റെ നാമം ആകാശത്തിൽ അഹ്മദ് എന്നായിരിക്കും. അദ്ദേഹം ഹദ്റത്ത് മസീഹ്(അ)ന്റെ വർണത്തിൽ സൗന്ദര്യാത്മകമായ നിലയിൽ ദീനിനെ വ്യാപിപ്പിക്കുന്നതാണ്."(അർബഈൻ നമ്പർ 3, റൂഹാനീ ഖസാഇൻ വാല്യം 17 പേജ് 421)

വർത്തമാന കാലത്ത് ഇസ്ലാം ദീനിന്റെ സൗന്ദര്യാത്മകമായ വശത്തെ സ്പഷ്ടമാക്കി ലോകത്തിന്റെ മുമ്പിൽ അവതരിപ്പിക്കുന്നതിന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ അഥവാ വാഗ്ദത്ത മസീഹിനെ അയച്ചിരിക്കുന്നു. എന്നാൽ, ലൗകികരുടെ ഭൂരിഭാഗവും ഇസ്ലാമിന്റെ സൗന്ദര്യാത്മകവും ശാന്തിനിർഭരവുമായ അധ്യാപനങ്ങളെ സ്വീകരിക്കാൻ തയ്യാറല്ലെന്നതാണ് ഖേദകരം. ഭൂരിഭാഗവും മുന്നിൽനിന്ന് ശക്തമായ പ്രതികരണം പ്രകടിപ്പിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും അവിടത്തെ ജമാഅത്തിനേയും പീഢിപ്പിക്കുകയും വിഷമിപ്പിക്കുകയും ചെയ്തുകൊണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)അവരുടെ പീഢനങ്ങൾ ക്ഷമയോടും സഹിഷ്ണുതയോടും സഹിച്ചുകൊണ്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും എതിരാളികളുടെ അവസ്ഥയേയും ഒരു ഉദാഹരണത്തിലൂടെ നമുക്ക് മനസ്സിലാക്കാവുന്നതാണ്: മാതാവ് തന്റെ രോഗിയായ കുട്ടിയുടെ രോഗം സുഖമാകുന്നതിനും ആരോഗ്യത്തിനും വേണ്ടി കയ്പുള്ള മരുന്ന് കുടിപ്പിക്കുന്നു. പക്ഷേ, കുട്ടി ആ മരുന്ന് കുടിക്കാൻ തയ്യാറാകുന്നില്ല. അവൻ തന്റെ കൈകളും കാലുകളുംകൊണ്ട് മാതാവിനെ അടിക്കാനും മാന്താനും തുടങ്ങുന്നു. എന്നാൽ, ബുദ്ധിമതിയായ മാതാവ് കുട്ടിയുടെ അടി അങ്ങേയറ്റം ക്ഷമയോടും സഹിഷ്ണുതയോടും സഹിക്കുന്നു; മരുന്നു കുടിപ്പിക്കുന്നതുവരെ കുട്ടിയെ വിടുന്നില്ല. ഈ അവസ്ഥയെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതാണ്ടിങ്ങനെ വിവരിക്കുന്നു: "എന്നെക്കൊണ്ട് കഴിയുന്നിടത്തോളം മുസ്ലീംകളിലുള്ള എല്ലാ തെറ്റുകളും അകറ്റുന്നതിനും പരിശുദ്ധമായ സ്വഭാവത്തിന്റേയും സഹനശീലത്തിന്റേയും സൗമ്യതയുടേയും നീതിയുടേയും സത്യസന്ധതയുടേയും വഴികളിലേക്ക് ജനങ്ങളെ വിളിക്കുന്നതിനുമുള്ള ദൈവനിയോഗിതനാകുന്നു ഞാൻ. ലോകത്ത് എനിക്കൊരു ശത്രുവുമില്ലെന്നും വാത്സല്യനിധിയായ മാതാവ് തന്റെ കുട്ടികളെ സ്നേഹിക്കുന്നതിനെക്കാൾ കൂടുതൽ എന്നല്ല അതിനെക്കാളുപരി ഞാൻ മനുഷ്യകുലത്തെ സ്നേഹിക്കുന്നുവെന്നുമുള്ള കാര്യം മുസ്ലീംകളോടും ക്രിസ്ത്യാനികളോടും ഹിന്ദുക്കളോടും ആര്യസമാജക്കാരോടും ഞാൻ പ്രകടിപ്പിക്കുകയാണ്. സത്യം കൊല ചെയ്യപ്പെടുന്ന നി രർഥമായ വിശ്വാസാദർശങ്ങളുടെ മാത്രം ശത്രുവാകുന്നു ഞാൻ. മനുഷ്യരോടുള്ള അനുകമ്പ എന്റെ നിർബന്ധ കടമയാണ്; കളവിനോടും ബഹുദൈവാരാധനയോടും അക്രമത്തോടും എ ല്ലാ ഓരോ ദുഷ്കർമത്തോടും അനീതിയോടും ദുസ്വഭാവത്തോടുമുള്ള വെറുപ്പ് അടിസ്ഥാനപരമായ സിദ്ധാന്തവും."(അർബഈൻ നമ്പർ 1 റൂഹാനീ ഖസാഇൻ വാല്യം 17 പേജ് 421)

സത്യം കൊലചെയ്യപ്പെട്ടുകൊണ്ടിരുന്ന ആ നിരർഥ വിശ്വാസാദർശങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജനങ്ങളുടെ മുമ്പിൽ അവതരിപ്പിച്ചുകൊണ്ട് അതിനെ ഖണ്ഡിക്കാനും ശരിയാക്കാനും തുടങ്ങിയപ്പോൾ അദ്ദേഹത്തിന് കഠിനമായ ബുദ്ധിമുട്ടുകളും പീഢനങ്ങളും നേരിടേണ്ടി വന്നു. അത് സഹിക്കുന്നതിനുവേണ്ടി അവിടന്ന് സഹിഷ്ണുതയുടേയും ക്ഷമയുടേയും സൗഹാർദത്തിന്റേയും ആത്മനിയന്ത്രണത്തിന്റേയും ഉന്നതമായ മാതൃകയാണ് സമർപിച്ചത്. ഇതുസംബന്ധമായി ചില ഉദാഹരണങ്ങൾ വിവരിക്കുകയാണ്.

1893 ഏപ്രിൽ മാസത്തിൽ നടന്ന സംഭവമാണ്. അമൃതസറിനടുത്തുള്ള ഒരു പട്ടണമായ ജൻഡിയാലയിൽ ക്രിസ്ത്യാനികളുടെ ഒരു പ്രശസ്ത ലീഡർ ഡോക്ടർ ഹെൻട്രി മാർട്ടിൻ ക്ലാർക്ക് ക്രൈസ്തവ പക്ഷത്തുനിന്ന് മുസ്ലീംകളെ എഴുത്തിലൂടെ വാദപ്രതിവാദം നടത്താൻ വെല്ലുവിളിച്ചു. ജൻഡിയാലയിലെ മുസ്ലീംകൾ അവരുടെ ഉലമായേയും മതത്തിലെ മാന്യവ്യക്തികളേയും മൈതാനത്തുകൊണ്ടുവന്ന് സത്യദീനിനെ കുറി ച്ച് അന്വേഷിക്കാനും ഇല്ലെങ്കിൽ ഇനി ശബ്ദിക്കരുതെന്നും വീരവാദം മുഴക്കി. ഹദ്റത്ത് മസീഹ് മൗഊദ്(അ) എഴുത്തിലൂടെ വാദപ്രതിവാദം നടത്തുക എന്ന വെല്ലുവിളി സ്വീകരിച്ചു. 1893 മെയ് 22 മുതൽ 1893 ജൂൺ 5 വരെയുള്ള 15 ദിവസത്തെ വിധി നിർണായകമായ വാദപ്രതിവാദം അമൃതസറിൽ തുടർന്നു. അല്ലാഹുവിന്റെ കൃപയാൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ന് ഈ വാദപ്രതിവാദത്തിൽ മഹത്തായ വിജയം കരസ്ഥമായി. എന്നാൽ, ആ വിജയം ക്രൈസ്തവരുടെ മനസ്സുകളിൽ അസൂയയുടേയും പ്രതികാരത്തിന്റെ അഗ്നി ജ്വലിപ്പിച്ചു. നാലു വർഷം വരെ അവർക്ക് പ്രതികാരം ചെയ്യാനുള്ള അവസരമൊന്നും കൈവന്നില്ല. 1897-ൽ ഡോക്ടർ മാർട്ടിൻ ക്ലാർക്കും അയാളുടെ ചങ്ങാതിമാരും ഹദ്റത്ത് മസീഹ് മൗഊദിനു(അ)മേൽ വ്യാജവും അടിസ്ഥാനരഹിതവുമായ ആരോപണം ഉന്നയിച്ചു; ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് സാഹിബ്(അ) അബ്ദുൽ ഹമീദ് എന്നു പേരുള്ള ഒരു വ്യക്തിയെ അമൃതസറിലുള്ള മാർട്ടിൻ ക്ലാർക്കിനെ കൊല്ലാൻ ഖാദിയാനിൽനിന്ന് അയച്ചു എന്നതായിരുന്നു ആ ആരോപണം! വധക്കുറ്റത്തിന്റെ ഈ കേസിന്റെ വാദം ബട്ടാലയിൽ ആ നേരത്തെ ഇംഗ്ലീഷുകാരനായ ഗുരുദാസ്പൂർജില്ല മജിസ്ട്രേറ്റ്, പഞ്ചാബ് ക്യാപ്റ്റൻ ഡഗ്ലസിന്റെ കോടതിയിൽ ആരംഭിച്ചു. അത് ഏകദേശം 10 ദിവസം നടന്നു. സുദീർഘവും അഗാധവുമായ അന്വേഷണത്തിനുശേഷം1897 ആഗസ്റ്റ് 20ന് ജില്ല മജിസ്ട്രേട്ട് ക്യാപ്റ്റൻ ഡഗ്ലസ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ആദരവോടുകൂടി മോചിപ്പിച്ചു. അദ്ദേഹം മസീഹ് മൗഊദി(അ)നോടു ചോദിച്ചു: 'താങ്കൾ ഹെൻട്രി ക്ലാർക്കിനെതിരിൽ കേസുകൊടുക്കാൻ ആഗ്രഹിക്കുന്നുണ്ടോ? കേസു കൊടുക്കാൻ ആഗ്രഹിക്കുന്നെങ്കിൽ താങ്കൾക്ക് നിയമപരമായ അവകാശമുണ്ട്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) ക്ഷണത്തിൽ മറുപടി നല്കി, 'ഞാനൊരു കേസും ആഗ്രഹിക്കുന്നില്ല. എന്റെ കേസ് ആകാശത്തിലാണ്.'(സീറത്ത് മസീഹ് മൗഊദ് (അ) യഅ്ഖൂബ് അലി സാഹിബ് ഇർഫാനീ)

ഈ സംഭവങ്ങളുമായി ഏറ്റക്കുറച്ചിലുകളോടെ ബന്ധമുള്ള ഒരു വിളംബരം 13 നൂറ്റാണ്ടുകൾക്കു മുമ്പേ ആദരണീയമായ മക്കയിൽ, നബി(സ) തിരുമേനിയുടെ വർഗശത്രുക്കൾ അവിടത്തെ മുമ്പിൽ നില്ക്കുകയായിരുന്നപ്പോഴുണ്ടായി. അവരുടെ അക്രമങ്ങളുടെ ചരിത്രം എല്ലാവരുടേയും മുമ്പിലുണ്ടായിരുന്നു. അക്കാലത്തെ നിയമങ്ങളും നാട്ടുരീതിയും നബി(സ) തിരുമേനിക്ക് പ്രതിക്രിയയ്ക്കുള്ള അവകാശം നല്കിയിരുന്നു. എന്നാൽ, നബി(സ) തിരുമേനി വിളംബരം ചെയ്തു: *ലാ തഥ്രീബ അലയ്ക്കുമുൽയൗം* (ഇന്നേദിവസം നിങ്ങളിൽ ഒരു ബലക്കാരവുമില്ല; നിങ്ങൾ സ്വതന്ത്രരാണ്. ഇതുപോലെ നബി(സ) തിരുമേനിയുടെ വർത്തമാനകാലത്തെ രണ്ടാമത്തെ നിയോഗത്തിന്റെ പ്രതിഭയും (ഹദ്റത്ത് മസീഹ് മൗഊദും) അങ്ങേയറ്റം ദ്രോഹിച്ചുകൊണ്ടിരുന്ന ശത്രുക്കളെ കുറിച്ച് പറഞ്ഞു. 'ഞാൻ ഒരു കേസും കൊടുക്കാനാഗ്രഹിക്കുന്നില്ല. എന്റെ കേസ് ആകാശത്തിലാണ്.' ഏതൊരു ക്ഷമയുടേയും സഹതാപത്തിന്റേയും സൗമ്യതയുടേയും വിശാലമായ സഹിഷ്ണുതയുടേയും ഉന്നതമായ മാതൃകയാണോ യജമാനൻ കാണിച്ചത്. അവിടത്തെ ദാസനും അതേ ജീവിത മാതൃകയനുസരിച്ച് പ്രവർത്തിച്ചു.

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ പ്രവചനത്തെ ബാഹ്യമായ നിലയിലും പൂർത്തിയാക്കുന്നതിനുവേണ്ടി ഖാദിയാനിലെ മസ്ജിദ് അഖ്സായിൽ മിനാരത്തുൽ മസീഹ് നിർമിക്കുന്നതിന് 1903 മാർച്ച് 13ന് ഒരു ഇഷ്ടികയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ദുആ ചെയ്ത് അതിന്റെ അടിത്തറവെപ്പിച്ചു. മിനാരത്തുൽ മസീഹിന്റെ നിർമാണത്തെക്കുറിച്ച് ശത്രുക്കൾ അറിഞ്ഞപ്പോൾ അവർ ഭരണകർത്താക്കൾക്ക് പരാതി നല്കി. മിനാരത്തുൽ മസീഹിന്റെ നിർമാണപ്രവർത്തനം തടയാൻ എല്ലാവിധത്തിലും ശ്രമിച്ചു. അങ്ങനെ അന്വേഷണത്തിനും അവസ്ഥകൾ വിലയിരുത്തുന്നതിനും ഉന്നതഭരണാധികാരികൾ 1903 മെയ് 8ന് ബട്ടാല തഹ്സിൽദാരെ ഖാദിയാനിൽ അയച്ചു. മസ്ജിദ് മുബാറക്കിനോടു ചേർന്നുള്ള ബയ്ത്തുൽ ഫിക്റിന്റെ മുറിയിൽ തഹ്സിൽദാറിന്റെ കൂടിക്കാഴ്ച ഹദ്റത്ത് മസീഹ് മൗഊദുമായി നടന്നു. ആ അവസരത്തിൽ പരാതിക്കാരുമുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തഹ്സിൽദാരെ മിനാരത്തുൽ മസീഹിന്റെ നിർമാണോദ്ദേശ്യവും കാരണവും ബോധ്യപ്പെടുത്തി. പരാതിക്കാരിൽ ബുദ്ധാമൽ സാഹിബും അടുത്ത് ഇരിപ്പുണ്ടായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) തഹ്സിൽദാരോടു പറഞ്ഞു: 'പരാതിക്കാരനായ ബുദ്ധാമൽ എന്റെ ചെറുപ്പം മുതലെ എന്നെ അറിയുന്നയാളാണ്. കുട്ടിക്കാലം മുതൽ ഇന്നേവരെ അദ്ദേഹത്തിന് സഹായം ചെയ്യേണ്ട അവസരം വന്നപ്പോഴെല്ലാം ഞാൻ അദ്ദേഹത്തെ സഹായിച്ചിട്ടുണ്ടോ എന്ന് അദ്ദേഹത്തോട് ചോദിക്കുക. എന്നെ ബുദ്ധിമുട്ടിക്കാനുള്ള അവസരം കിട്ടിയപ്പോഴെല്ലാം എന്നെ ബുദ്ധിമുട്ടിച്ചിട്ടുണ്ടോ എന്നും അദ്ദേഹത്തോടു ചോദിക്കുക.' നിവേദകൻ പറയുന്നു. ബുദ്ധാമൽ സാഹിബ് ലജ്ജകൊണ്ട് മുഖം കുനിച്ചിരുന്നു. ഒരു വാക്കുപോലും ഉരിയാടിയില്ല.

ഈ സംഭവത്തിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശാലമായ സഹിഷ്ണുതയേയും സൗഹാർദത്തേയും കുറിച്ചറിയാൻ കഴിയുന്നു.

കുട്ടിക്കാലം മുതൽ യുവത്വംവരേയും യുവത്വം മുതൽ മധ്യവയസ്കനാകുന്നതുവരേയും കുറഞ്ഞത് 50 വർഷക്കാലം ബൂഢാമൽ സാഹിബ് അദ്ദേഹത്തെ അവസരം കിട്ടുമ്പോഴെല്ലാം ബുദ്ധിമുട്ടിച്ചുകൊണ്ടിരുന്നു. ബൂഢാമൽ സാഹിബ് അങ്ങനെയൊക്കെ പെരുമാറിയെങ്കിലും അവിടന്ന് അദ്ദേഹത്തോട് നല്ലരീതിയിൽ പെരുമാറിക്കൊണ്ടിരുന്നു. അവിടന്ന് അഹ്മദിയ്യാ ജമാഅത്തിലെ അംഗങ്ങളെ ഉപദേശിച്ചതനുസരിച്ച് പ്രവർത്തിച്ചു കാണിക്കുകയും ചെയ്തു.

*ഗാലിയാൻ സുൻ കെ ദുആ ദൊ*
*പാക്കെ ദുഃഖ് ആരാമ് ദൊ*

(ചീത്തവിളികേട്ട് ദുആ ചെയ്യുക. ദുഃഖിതരെ കണ്ട് സൗഖ്യം പകരുക).

ഹദ്റത്ത് മസീഹ് മൗഊദ്(അ) വീണ്ടും പറഞ്ഞു: 'മുഴുവൻ മനുഷ്യകുലത്തിനോടും അനുകമ്പയോടെ പെരുമാറുക എന്നതാണ് എന്റെ അടിസ്ഥാന സിദ്ധാന്തം. അയൽവാസിയായ ഒരു ഹിന്ദുവിന്റെ വീടിന് തീപിടിക്കുന്നത് കണ്ട് അത് അണയ്ക്കാൻ ശ്രമിക്കാത്തവൻ ഞാൻ സത്യമായും പറയുന്നു, എന്നിൽപെട്ടവനല്ല. ഒരു ക്രിസ്ത്യാനിയെ കൊല്ലുന്നതു കണ്ട് അവനെ വിടുവിക്കാൻ സഹായിക്കാത്ത എന്റെ അനുയായികളിൽപെട്ട ഒരുവൻ, ഞാൻ നിങ്ങളോടു പറയുന്നു എന്നിൽപെട്ടവനല്ല.' (സിറാജെ മുനീർ, റൂഹാനീ ഖസാഇൻ, വാള്യം 12, പേജ് 28)

ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)യുടെ എതിരാളികളിൽപെട്ട, ആ മഹാത്മാവിന്റെ പിതൃവ്യൻ അബൂ ലഹബും ചില ബന്ധുക്കളും ആ ധന്യാത്മാവിനെ എതിർക്കുന്നതിൽ മുൻപന്തിയിലുണ്ടായിരുന്നു. ഇതേപോലെതന്നെ ഹദ്റത്ത് മസീഹ് മൗഊദിനെ എതിർക്കുന്നതിലും ഉപദ്രവിക്കുന്നതിലും അവിടത്തെ പിതൃസഹോദരൻ ഇമാമുദ്ദീനും മിർസാ നിള്വാമുദ്ദീനും മുൻപന്തിയിലായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ ചീത്ത പറയുന്നതിനുവേണ്ടി അവർ നീചനായ ഒരാളെത്തന്നെ നിശ്ചയിച്ചിരുന്നു. ചില അവസരങ്ങളിൽ രാത്രി മുഴുവൻ അയാൾ ചീത്തപറഞ്ഞുകൊണ്ടിരുന്നു. ഇടയത്താഴത്തിന്റെ നേരത്ത് അയാൾക്കെന്തെങ്കിലും തിന്നാൻ കൊടുത്തുവിടാനും അയാൾ ക്ഷീണിച്ചിട്ടുണ്ടാകുമെന്നും തൊണ്ട വരണ്ടിട്ടുണ്ടാകുമെന്നും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഹദ്റത്ത് ഉമ്മുൽ മുഅ്മിനീനോടു പറയാറുണ്ടായിരുന്നു.

ഹദ്റത്ത് റസൂൽ ബീബി സാഹിബ (ഹാഫിള് ഹാമിദ് അലി സാഹിബിന്റെ ഭാര്യ) ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞു: 'അത്തരം ദുഷ്ടന് ഒന്നുംതന്നെ കൊടുക്കരുത്.' അപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ആരെങ്കിലും തിന്മ ചെയ്താൽ അല്ലാഹു കാണുന്നുണ്ട്. നമ്മളിൽനിന്ന് ഒന്നുമുണ്ടാകാൻ പാടില്ല.' (സീറത്തുൽ മഹ്ദി, ഭാഗം 4, പേജ് 103, രിവായത്ത് നമ്പർ 1130)

ആ രണ്ടു സഹോദരന്മാർ മിർസാ ഇമാമുദ്ദീനും മിർസാ നിള്വാമുദ്ദീനും 1900 ജനുവരി 5ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നേയും അവിടത്തെ അസ്ഹാബിനേയും ദ്രോഹിക്കുന്നതിനും ബുദ്ധിമുട്ടിക്കുന്നതിനും വേണ്ടി മസ്ജിദ് മുബാറക്കിന്റെ താഴെ ഇഷ്ടകകൾകൊണ്ട് ഭിത്തി കെട്ടി മുട്ടിച്ചു. ഇതുമുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അതിഥികളായ സ്വഹാബിമാർക്ക് മസ്ജിദ് മുബാറക്കിൽ പോകാൻ ചുറ്റിക്കറങ്ങി മോശമായ വഴിയിലൂടെ പോകേണ്ടിവന്നിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) വഴിയടക്കരുതെന്നും അതുമുഖേന തന്റെ അതിഥികൾക്ക് വളരെ ബുദ്ധിമുട്ടുണ്ടാകുന്നുവെന്നും നിങ്ങൾക്ക് വേണമെങ്കിൽ എന്റെ മറ്റേതെങ്കിലും സ്ഥലം കൈയേറാമെന്നും വളരെ സൗമ്യതയോടെപറഞ്ഞുമനസ്സിലാക്കിക്കൊടുക്കാൻതന്റെ ചില സ്വഹാബാക്കളെ മിർസാ ഇമാമുദ്ദീന്റെയടുക്കൽ അയച്ചു. മിർസാ ഇമാമുദ്ദീൻ ഇതു കേട്ടപാടെ കോപാന്ധനായി പറഞ്ഞു: 'അയാൾ (ഹദ്റത്ത് മസീഹ് മൗഊദ്) എന്തുകൊണ്ട് നേരിട്ടുവന്നില്ല. എനിക്ക് നിങ്ങളെ എന്തറിയാം. പിന്നീട് പരിഹസിച്ചുകൊണ്ടു പറഞ്ഞു: വഹ്‌യ് വരാൻ തുടങ്ങിയതു മുതൽ അയാൾക്കെന്താണ് പറ്റിയതെന്നറിയില്ല.' അവിടന്ന് ജില്ലാ ഭരണകർത്താവായ ഗുരുദാസ്പൂർ ഡപ്യൂട്ടി കമ്മീഷണറുടെ അടുക്കൽ ഒരു സംഘത്തെ അയച്ച് ബുദ്ധിമുട്ടുകൾ അകറ്റാൻ ശ്രമിച്ചു. എന്നാൽ, ഡി സിയുടെ നടപടിയും അങ്ങേയറ്റം എതിർത്തുകൊണ്ടുള്ളതാണെന്ന് സ്ഥാപിതമായി. ഈ ബുദ്ധിമുട്ട് അകറ്റുന്നതിനുള്ള എല്ലാ വഴികളും അടയുന്നതായി കണ്ടപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഗുരുദാസ്പൂർ ജില്ലാ ജഡ്ജിയുടെ കോടതിയിൽ കേസ് കൊടുത്തു. 1901 ആഗസ്ത് 12ന് ഈ കേസിന്റെ വിധി ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അനുകൂലമായുണ്ടായി. ജില്ലാ ജഡ്ജി മിർസാ ഇമാമുദ്ദീന്റെ മേൽ കോടതി ചെലവ് ചുമത്തുകയും 100 രൂപ പിഴയിടുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വക്കീൽ ഹുദൂറിന്റെ അനുവാദമോ അഭിപ്രായമോ കൂടാതെ ചെലവ് കൊടുക്കാനുള്ള നോട്ടീസ് അയപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അപ്പോൾ ഗുരുദാസ്പൂരിലാണുണ്ടായിരുന്നത്. ആ മഹാത്മാവിന്റെ അസാന്നിധ്യത്തിൽ സർക്കാരുദ്യോഗസ്ഥൻ ഖാദിയാനിൽ വന്നു. അപ്പോൾ മിർസാ ഇമാമുദ്ദീൻ മരിച്ചുകഴിഞ്ഞിരുന്നു. മിർസാ നിള്വാമുദ്ദീൻ സാഹിബ് ജീവനോടെ ഉണ്ടായിരുന്നു. എന്നാൽ, അദ്ദേഹത്തിന്റെ അവസ്ഥ ഈ അക്രമങ്ങൾ കാരണത്താൽ എത്രമാത്രം ശോചനീയമായിരുന്നുവെന്നാൽ ആവശ്യപ്പെട്ട 144 രൂപ അഞ്ച് അണ, ഏഴു പൈസ അടയ്ക്കാൻ കഴിയില്ലായിരുന്നു. ജപ്തിയല്ലാതെ മറ്റൊരു നിർവാഹവുമുണ്ടായിരുന്നില്ല. അതുകൊണ്ട് മിർസാ നിള്വാമുദ്ദീൻ സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് തുക മാപ്പാക്കണമെന്ന് അപേക്ഷിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഖാദിയാനിൽനിന്ന് ഏകദേശം 20 മൈൽ ദൂരത്തുള്ള ഗുരുദാസ്പൂരിൽ ഇതിനെക്കുറിച്ച് അറിയിപ്പ് കിട്ടിയപ്പോൾ തനിക്ക് രാത്രി ഉറക്കം വരികയില്ലെന്ന് അവിടന്ന് പറഞ്ഞു. താൻ ഈ ചെലവ് മാപ്പാക്കിയിരിക്കുന്നുവെന്നറിയിക്കാൻ അവിടന്ന് ഖാദിയാനിലേക്ക് ആളെ അയച്ചു. തന്റെ അറിവു കൂടാതെ കോടതിച്ചെലവിന്റെ നോട്ടീസ് ഖാദിയാനിലേക്കയച്ചതിൽ ഖേദം പ്രകടിപ്പിക്കുകയും ചെയ്തു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) തന്റെ അവസ്ഥയുടെ ചിത്രം വരച്ചുകൊണ്ട് പറയുന്നു. "ആരെങ്കിലും എന്നെ ആയിരംതവണ ദജ്ജാലെന്നും കദ്ദാബെന്നും പറഞ്ഞാലും എനിക്കെതിരിൽ എന്തെന്തെല്ലാം ശ്രമിച്ചാലും അവസാനം രഞ്ജിപ്പിന് തയ്യാറായാൽ, എന്റെ മനസ്സിൽ അയാൾ എന്താണ് പറഞ്ഞതെന്നോ എന്നോടു എങ്ങനെ പെരുമാറിയെന്നോ ഉള്ള വിചാരംപോലും ഉണ്ടാകുകയില്ലെന്ന് ഞാൻ ആണയിട്ടു പറയുന്നു." (മൽഫൂദാത്ത്, വാള്യം 9, പേജ് 74, 1985 ലണ്ടൻ പതിപ്പ്)

1903 ജനുവരി 28ന് അഹ്മദിയ്യത്തിന്റെ ഒരു എതിരാളി മൗലവി കറംദ്ദീൻ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിൽ ഒരു കേസുകൊടുത്തു. ഈ കേസ് ഗുരുദാസ്പൂരിൽ ചന്ദുലാൽ ഫസ്റ്റ് ക്ലാസ് മജിസ്ത്രേട്ടിന്റെ കോടതിയിലാണ് നടന്നത്. അദ്ദേഹം ജമാഅത്തിനോട് ദ്വേഷമുള്ള വ്യക്തിയായിരുന്നു. വാദം നടക്കുന്നതിന്നിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടുള്ള അയാളുടെ പെരുമാറ്റം എതിർത്തുകൊണ്ടായിരുന്നു. അവിടന്ന് ആ പെരുമാറ്റത്തെ ക്ഷമയോടെ സഹിച്ചുകൊണ്ടിരുന്നു. ഒരുതവണ വിചാരണയ്ക്കിടയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വിശദീകരണം ഉണ്ടാകണമായിരുന്നു. ആ ദിവസം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണുന്നതിനും അവിടത്തെ വിവരണം കേൾക്കുന്നതിനും അസാധാരണമായ ജനക്കൂട്ടമായിരുന്നു. അങ്ങനെ ചന്ദുലാൽ ആ ദിവസം വെളിയിൽ മൈതാനത്താണ് കച്ചേരി നടത്തിയത്. അയാൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദിച്ചു: 'ദൃഷ്ടാന്തങ്ങൾ കാണിക്കുമെന്നുള്ള വാദവും താങ്കൾക്കുണ്ടോ?' ഹദ്റത്ത് മസീഹ് മൗഊദ്(അ) വലിയ ധൈര്യത്തോടും ഉത്സാഹത്തോടുംകൂടി പറഞ്ഞു: 'ഉണ്ട്.' അല്പനേരത്തിനുശേഷം വലിയ ആവേശത്തോടെ പറഞ്ഞു: 'നിങ്ങൾ ആഗ്രഹിക്കുന്ന അടയാളം എനിക്കിപ്പോൾ കാണിക്കാൻ കഴിയും' ഈ മറുപടി കേട്ട് അദ്ദേഹം അമ്പരന്നുപോയി. ഈ പരസ്യമായ വിളംബരം ജനങ്ങളെ വല്ലാതെ സ്വാധീനിച്ചു. മറ്റൊരു അവസരത്തിൽ വിചാരണയ്ക്കിടയിൽ മജിസ്ട്രേട്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ചോദിച്ചു: *ഇന്നീ മുഹീനുൻ മൻ അറാദ ഇഹാനത്തക* ഇത് താങ്കളോടു ദൈവം പറഞ്ഞതാണോ? ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'ഇത് അല്ലാഹുവിന്റെ വചനമാണ്. അവൻ എന്നോടു വാഗ്ദാനം ചെയ്തിട്ടുണ്ട്. അല്ലാഹു എന്നെ സംബോധന ചെയ്തുകൊണ്ടു പറഞ്ഞു, നിന്റെ നിന്ദ്യത ആഗ്രഹിക്കുന്നവനെ ഞാൻ നിന്ദിതനും അപമാനിതനുമാക്കുന്നതാണ്.' മജിസ്ത്രേട്ട് പറഞ്ഞു: 'താങ്കളെ നിന്ദിക്കുന്നവൻ നിന്ദിതനും തിരസ്കൃതനുമാകും!' ഹദ്റത്ത് മസീഹ് മൗഊ ദ്(അ) പറഞ്ഞു: 'നിസംശയം!' മജിസ്ത്രേട്ടു പറഞ്ഞു: 'ഞാൻ അങ്ങനെ ചെയ്താൽ?' ഹുദൂർ വളരെ തന്റേടത്തോടും ഉത്സാഹത്തോടും പറഞ്ഞു: 'ആരു ചെയ്താലും!' മജിസ്ത്രേട്ട് രണ്ടാമതും മൂന്നാമതും ഈ ചോദ്യം ആവർത്തിച്ചു. 'ആരു ചെയ്താലും' എന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ) ആവർത്തിച്ചാവർത്തിച്ച് പറഞ്ഞുകൊണ്ടിരുന്നു. പിന്നീട് മജിസ്ത്രേട്ട് നിശബ്ദനായി.

മജിസ്ത്രേട്ട് നിശബ്ദനായി എന്നത് ശരി. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് വാഗ്ദാനം ചെയ്ത അല്ലാഹു ആ വാഗ്ദാനം അഹ്കമുൽ ഹാക്കിമീനായ അല്ലാഹുവിൽനിന്നുള്ളതാണെന്ന് ചന്ദുലാലിന് കാണിച്ചുകൊടുത്തു. സർക്കാർ തങ്ങളുടെ ഗുണം കാംക്ഷച്ചുകൊണ്ട് ചന്ദുലാലിനെ നിലവിലുള്ള ഔദ്യോഗികസ്ഥാനത്തുനിന്ന് ഡീപ്രമോട്ട് ചെയ്ത് താഴ്ന്ന പദവിയിലുള്ള ജഡ്ജിയാക്കി മുൽത്താനിലേക്ക് അയച്ചു. കുറച്ചുകാലത്തിനുശേഷം അയാൾ പെൻഷൻ പറ്റി ലുധിയാനയിൽ വന്നു. ഇവിടെ അയാളുടെ അവസ്ഥ വളരെ മോശമായി. പിന്നീട് മാനസികരോഗത്തിൽ അകപ്പെട്ട് ഈ ലോകത്തുനിന്ന് വിടപറഞ്ഞു.

*ഖുദ്റത്ത് സെ അപ്നീ ദാത്ത് കാ*
*ദേത്താഹെ ഹഖെ ഥബൂത്ത്*
*ഉസ് ബേനിശാൻ കി ചഹ്‌രെ*
*നുമായി യഹീതൊ ഹെ.*

ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവനിശ്ചയമനുസരിച്ച് 1889 മാർച്ച് 23ന് അഹ്മദിയ്യാ മുസ്‌ലിം ജമാഅത്തിന് പഞ്ചാബിലെ പ്രസിദ്ധ പട്ടണമായ ലുധിയാനയിൽ അടിത്തറയിട്ടു. ആ നഗരത്തിൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടാകുന്ന എതിർപ്പിനെ സംബന്ധിച്ച് ഒരു മജ്ദൂബും(ദൈവസ്നേഹത്തിൽ വിലയം പ്രാപിച്ചയാൾ) മഹാത്മാവുമായ ഗുലാബ് ശാഹ് സാഹിബ്, ഈസാ അതായത് ഹദ്റത്ത് മസീഹ് മൗഊദ്(അ) ലുധിയാനയിൽ വരുന്നതായിരിക്കുമെന്നും ഇവിടെ അദ്ദേഹത്തിന് ശക്തമായ എതിർപ്പുണ്ടാകുമെന്നും പ്രവചനം ചെയ്തിരുന്നു; അതങ്ങനെത്തന്നെ സംഭവിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) മൂന്നുനാലു തവണ ലുധിയാനയിൽ പോകുകയുണ്ടായി. എല്ലാ പ്രാവശ്യവും അവിടെ മൗലവിമാർ കഠിനമായി എതിർത്തു. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ) ക്ഷമയുടേയും സൗമ്യതയുടേയും സഹിഷ്ണുതയുടേയും അനുകരണാർഹമായ മാതൃക കാഴ്ചവച്ചു. അല്ലാഹുവും ആ മഹാത്മാവിന് ക്ഷമയുടെ മധുരഫലം പ്രദാനം ചെയ്തു.

ധാരാളം എതിരാളികളും ശത്രുക്കളും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അടുക്കൽ വരികയും ഓരോ കാര്യത്തിലും തർക്കിക്കുകയും കലഹിക്കുകയും ചെയ്തു. ചിലർ പരീക്ഷിക്കുന്നതിനും ചിലർ കേവലം കാണുന്നതിനും വന്നു. ഒരു ദിവസം എതിരാളികൾ അഞ്ചാളുകളെ പ്രകോപിപ്പിച്ചയച്ചു. അവരോടു പറഞ്ഞത്, ഈ വീട്ടിൽ ഒരാളുണ്ടെന്നും എല്ലാ നബിമാരേയും അയാൾ ചീത്ത പറയുന്നുവെന്നും ഖുർആനും ഹദീഥും വിശ്വസിക്കുന്നില്ലെന്നുമായിരുന്നു. ആ എതിരാളികൾ കോപാകുലരായി ഹദ്റത്ത് മസീഹ് മൗഊദ്(അ) താമസിച്ചിരുന്ന വീട്ടിൽ അപ്രതീക്ഷിതമായി തള്ളിക്കയറി. 'ആ നേരത്ത് ഒരു അഹ്മദി ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഒരു ആയത്തിന്റെ

അർഥം ചോദിക്കുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) എങ്ങനെയുള്ള വ്യാഖ്യാനമാണതിന് പറഞ്ഞതെന്നാൽ, ആക്രമിക്കാൻ വന്നവർ ഒരുപാടു സമയം നിശബ്ദരായി കേട്ടിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) നിറുത്തിയപ്പോൾ ആക്രമിക്കാൻ വന്നവർ ആ മഹാത്മാവിന് കൈകൊടുത്തു. അവിടത്തെ പരിശുദ്ധ കരങ്ങളിൽ മുത്തം വെച്ചു. പറഞ്ഞു: താങ്കളെ എതിർക്കുകയും താങ്കളോടു ശത്രുത പുലർത്തുകയും ചെയ്യുന്നവൻ ഞങ്ങളെ വഞ്ചിക്കുകയായിരുന്നു. അങ്ങയെ കാഫിർ എന്നു പറയുന്നവർ സ്വയം കാഫിറാണ്. അങ്ങ് മുസ്‌ലിമല്ലെങ്കിൽ ലോകത്ത് ഒരു മുസ്‌ലിമുമില്ല. അവർ തിരിച്ചുപോകാൻ വെളിയിൽ വന്നപ്പോൾ അവരെ അയച്ച എതിരാളികൾ പറഞ്ഞു: 'മിർസാ ഇന്ദ്രജാലക്കാരനാണോ? അയാളുടെ അടുത്ത് പോകുന്നവരെല്ലാം അയാളുടേതായിത്തീരുന്നു. അയാളുടെ അടുത്ത് ആരും പോകരുത്.' (താരീഖെ അഹ്മദിയ്യത്ത്, വാല്യം 1 പേജ് 394, തദ്ക്കിറത്തുൽ മഹ്ദി, വാല്യം 1, പേജ് 104-105)

ലുധിയാനയിൽത്തന്നെ ഒരു അനഹ്മദി ഉപദേശകൻ ചന്തയിൽനിന്നുകൊണ്ട് വളരെ ആവേശത്തോടെ പറഞ്ഞു: 'മിർസാ കാഫിറാണ്. ആരെങ്കിലും അയാളെ കൊന്നിട്ടാൽ അയാൾ വളരെ വലിയ പ്രതിഫലം കരസ്ഥമാക്കുന്നതാണ്. നേരെ സ്വർഗ്ഗത്തിൽ പോകുന്നതാണ്.' പരിഷ്കാരമില്ലാത്ത ഒരു ഗ്രാമവാസി കൈയിൽ ഒരു വടിയുമായിനിന്ന് അയാളുടെ പ്രസംഗം കേൾക്കുകയായിരുന്നു. ആ പ്രസംഗത്തിൽ അയാൾ വളരെ ആകർഷിതനായിരുന്നു. അയാൾ വളരെ നിശ്ശബ്ദതയോടെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വീട് തിരക്കി അവിടന്ന് താമസിക്കുന്ന സ്ഥലത്തെത്തി. ഹദ്റത്ത് മസീഹ് മൗഊദ്(അ)അപ്പോൾ പൂമുഖത്തിരുന്ന് പ്രസംഗിക്കുകയായിരുന്നു. കുറച്ച് അനുയായികളും മറ്റു ജമാഅത്തിൽപെട്ട ചിലരും പ്രസംഗം കേൾക്കുകയായിരുന്നു. ആ ഗ്രാമവാസിയും വലിയ വടി തോളിൽവച്ചുകൊണ്ട് മുറിയിൽ കടന്നു. ഭിത്തിയോടു ചേർന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)നുമേൽ ആക്രമണം നടത്താൻ തക്കം പാർത്തുനിന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാളെ ശ്രദ്ധിച്ചില്ല. തന്റെ പ്രസംഗം തുടർന്നു. അയാളും കേൾക്കാൻ തുടങ്ങി. കുറച്ചു മിനിറ്റുകൾക്കുശേഷം അയാളുടെ മനസ്സിനെ പ്രസംഗം കുറച്ചു സ്വാധീനിച്ചു. വലിയ വടി അയാളുടെ തോളിൽനിന്ന് തറയിൽ വീണു. പ്രസംഗം കേൾക്കാൻ അയാൾ അവിടെയിരുന്നു. കേട്ടുകൊണ്ടിരുന്നു. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ) പ്രസംഗം നിറുത്തി. അപ്പോൾ മജ്‌ലിസിൽനിന്ന് ഒരാൾ പറഞ്ഞു: 'ഹുദൂറിന്റെ വാദം എനിക്ക് മനസ്സിലായിരിക്കുന്നു. ഞാൻ ഹുദൂറിനെ സത്യവാദിയായി മനസ്സിലാക്കുന്നു. അങ്ങയുടെ മുരീദുമാരിൽ പ്രവേശിക്കാനാഗ്രഹിക്കുന്നു.' അപ്പോൾ കൊല്ലാൻ വേണ്ടി വന്ന ആ ഗ്രാമവാസി മുന്നോട്ടുവന്ന് പറഞ്ഞു: 'ഞാൻ ഒരു എതിരാളിയുടെ പ്രസംഗം കേട്ട് അങ്ങയെ കൊല്ലാൻ വന്നതാണ്. എന്നാൽ, അങ്ങയുടെ പ്രസംഗം എനിക്കിഷ്ടപ്പെട്ടു. അങ്ങയുടെ കാര്യങ്ങൾ കേട്ടതിനുശേഷം അനഹ്മദി മൗലവിയുടെ ഉപദേശപ്രസംഗം ശത്രുതകൊണ്ട് നിറഞ്ഞതാണെന്ന് എനിക്ക് ദൃഢവിശ്വാസമായി. അങ്ങ് സത്യവാദിയാണെന്നതിൽ സംശയമില്ല. ഞാനും അങ്ങയുടെ മുരീദുമാരിൽ പ്രവേശിക്കാനാഗ്രഹിക്കുകയാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ) അയാളുടെ ബയ്അത്തു വാങ്ങി. (ദിക്റെ ഹബീബ്, സമാഹരണം, ഹദ്റത്ത് മുഫ്ത്തീ മുഹമ്മദ് സ്വാദിഖ് സാഹിബ്, പേജ് 14)

ഹദ്റത്ത് മുസ്‌ലിഹ് മൗഊദും(റ) ഓരോ ജമാഅത്തംഗങ്ങളോടും ശത്രുക്കളുടെ എതിർപ്പിനെതിരിൽ ക്ഷമയുടേയും സൗമ്യതയുടേയും വിശാലമായ സഹിഷ്ണുതയുടേയും മാതൃക കാണിക്കാൻ ഉപദേശിച്ചുകൊണ്ടു പറഞ്ഞു: 'ഇതിൽനിന്ന് സ്നേഹത്തിന്റെ തുള്ളികൾ ഇറ്റിറ്റുവീഴുന്നത് നിങ്ങൾ കാണുന്നതായിരിക്കും. വിപത്തുകളുടേയും നാശങ്ങളുടേയും കാർമേഘങ്ങൾ ഉരുണ്ടുകൂടുകയാണെങ്കിൽ ഉരുണ്ടുകൂടികൊള്ളട്ടെ. സ്വർണം തീയിൽ പതിക്കുമ്പോഴാണ് തങ്കമായി വെളിയിൽ വരുന്നത്. പിന്നെന്തിനാണ് നിങ്ങൾ ചീത്തവിളിയെ ഭയപ്പെടുന്നത്. മനസ്സുകൾ കോപാഗ്നികൊണ്ട് ജ്വലിച്ചുയരുകയാണെങ്കിൽ ജ്വലിച്ചുകൊള്ളട്ടെ.'

അല്ലാഹു വിശുദ്ധ ഖുർആനിലും ഹദ്റത്ത് മുഹമ്മദ് മുസ്തഫാ(സ)തിരുമേനിയും അവസാനകാലത്ത് പ്ലേഗ് പടർന്നുപിടിക്കുന്നതിനെ സംബന്ധിച്ച് പ്രവചനം ചെയ്തിരുന്നു. ഇപ്രകാരംതന്നെ വാഗ്ദത്ത മസീഹിന്റെ കാലത്ത് ഒരേ റമളാനിൽ സൂര്യചന്ദ്ര ഗ്രഹണങ്ങൾ അദ്ദേഹത്തിന്റെ സത്യസാക്ഷ്യത്തിനായി ഉണ്ടാകുമെന്നും പ്രവചനമുണ്ട്. കൃത്യസമയത്തുതന്നെ ആ ഗ്രഹണങ്ങൾ ഉണ്ടായി. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം പകൽവെളിച്ചംപോലെ സ്ഥാപിതമായി. അല്ലാഹു വിശുദ്ധ ഖുർആനിലും പറഞ്ഞിട്ടുണ്ടായിരുന്നു: *വ ഇദാ വഖഅൽ ഖൗലു അലയ്ഹിം അഖ്റജ്നാ ലഹും ദാബ്ബത്തൻ മിനൽ അർളി തുകല്ലിമുഹും* (27:83) അവരുടെ നാശത്തെ കുറിച്ചുള്ള മുന്നറിയിപ്പ് പുലർന്നുകഴിഞ്ഞാൽ അവരെ മുറിവേല്പിക്കുന്ന ഒരു ജന്തുവിനെ ഭൂമിയിൽനിന്ന് നാം അവർക്കുവേണ്ടി പുറത്തുകൊണ്ടുവരുന്നതാണ്.

സൂര്യചന്ദ്രഗ്രഹണങ്ങളുടെ ദൃഷ്ടാന്തം വെളിപ്പെട്ടതിനുശേഷം ജനങ്ങൾ അതിൽനിന്ന് ഫലമെടുക്കുകയും നിന്നെ സ്വീകരിക്കുകയും ചെയ്യുന്നില്ലെങ്കിൽ അവരിൽ പൊതുവായൊരു ശിക്ഷ ഇറങ്ങുന്നതാണെന്ന് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു പറഞ്ഞിരുന്നു.

ഈ പ്രവചനം പുലരുന്നതിന് അവിടന്ന് ഒരു പകർച്ചവ്യാധിയ്ക്കുവേണ്ടി ദുആ ചെയ്യണമെന്ന തോന്നൽ അദ്ദേഹത്തിനുണ്ടായി. അദ്ദേഹം 1894-ൽ പ്രസിദ്ധീകരിച്ച അറബി ഖസീദയിൽ തന്റെ ഈ ആഗ്രഹത്തേയും ദുആയേയും കുറിച്ച് പറഞ്ഞു.

فَلَمَّا طَغَى الْفِسْقُ الْمُبِيْدُ بِسَيْلِهٖ
تَمَنَّيْتُ لَوْ كَانَ الْوَبَاءُ الْمُتَبِّرُ
فَإِنَّ هَلَاكَ النَّاسِ عِنْدَ أُولِي النُّهٰى
أَحَبُّ وَ أَوْلٰى مِنْ ضَلَالٍ يُدَمِّرُ

നശിപ്പിക്കുന്ന ആജ്ഞാലംഘനം ഒരു വെള്ളപ്പൊക്കംപോലെ ഉയർന്നപ്പോൾ ഞാൻ അല്ലാഹുവിനോടു ആഗ്രഹിച്ചു. ജനങ്ങളെ നശിപ്പിക്കുന്ന ഒരു പകർച്ചവ്യാധി പടർന്നുപിടിച്ചിരുന്നെങ്കിലെന്ന്! കാരണം ബുദ്ധിമതികളുടെ പക്കൽ ജനങ്ങൾ മരിക്കുക എന്നത്, നശിപ്പിക്കുന്ന വഴികേടിൽ അകപ്പെടുന്നതിനെക്കാൾ കൂടുതൽ ഇഷ്ടപ്പെട്ടതും നല്ലതുമായി മനസ്സിലാക്കപ്പെടുന്നു.

ഈ പ്രവചനം പുലർന്നപ്പോൾ പ്ലേഗ് എന്ന മഹാമാരി ഇന്ത്യയിലും പഞ്ചാബിലും നാശം വിതച്ചു. ജനങ്ങൾ പ്ലേഗുകൊണ്ട് ഈയലുകളെപോലെ മരിക്കാൻ തുടങ്ങി. അപ്പോൾ അവിടന്ന് ദൈവദത്തമായ സഹിഷ്ണുതയുടേയും സൗമ്യതയുടേയും വിനയത്തിന്റേയും സഹതാപത്തിന്റേയും വികാരത്താൽ പ്ലേഗ് അവസാനിക്കുന്നതിനുവേണ്ടി ദുആ ചെയ്യാൻ തുടങ്ങി. ഹദ്റത്ത് മൗലവി അബ്ദുൽ കരീം സാഹിബ്(റ) പറയുന്നു: 'പഞ്ചാബിൽ പ്ലേഗ് പടർന്നുപിടിച്ച ദിനങ്ങളിൽ ആയിരക്കണക്കിനാളുകൾ ഓരോ ദിവസവും ആ ഉപദ്രവകാരിയായ രോഗത്തിന് ഇരയാകുകയായിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇങ്ങനെ ദുആ ചെയ്യുന്നതു അദ്ദേഹം കേട്ടു. അല്ലാഹുവേ! ഇക്കൂട്ടർ പ്ലേഗിന്റെ ശിക്ഷയാൽ മരിക്കുകയാണെങ്കിൽ പിന്നെ നിന്നെ ആരാധിക്കാനാരാണുള്ളത്?'

ഏതെങ്കിലും ലൗകികനായിരുന്നെങ്കിൽ അയാൾ സന്തോഷിക്കുമായിരുന്നു. ജനങ്ങളേ! നിങ്ങളെന്നെ നിഷേധിച്ച കാരണത്താൽ ഏതുരീതിയിലാണ് പ്ലേഗ് പിടിപെട്ടു മരിച്ചുകൊണ്ടിരിക്കുന്നതെന്ന് അന്തസോടെ പറയുമായിരുന്നു. എന്നാൽ, അല്ലാഹുവിന്റെ ഈ മസീഹിന്റെ സഹിഷ്ണുതയും മൃദുലമായ മനസും നോക്കുക! എതിരാളികൾ മരിക്കുന്നതും അദ്ദേഹത്തിന് അസഹ്യമായിക്കൊണ്ടിരിക്കുന്നു. അവർക്കുവേണ്ടി ദുആയും ചെയ്യുന്നു; അല്ലാഹുവേ ഇവരേയും പ്ലേഗിന്റെ പിടിയിൽനിന്ന് രക്ഷിച്ചാലും. അവർ നിന്നെ ആരാധിക്കുന്നവരായിത്തീരാൻ അവർക്ക് നീ ഹിദായത്ത് നല്കിയാലും! അല്ലാഹു ആ മഹാത്മാവിന്റെ പ്രാർഥന സ്വീകരിച്ചുകൊണ്ട് ആ ശിക്ഷ അകറ്റുകയും ചെയ്തു.

ഇതിനു മുമ്പേ ഡോക്ടർ ഹെൻട്രി മാർട്ടിൻ ക്ലാർക്ക് കൊടുത്ത കേസിനെ കുറിച്ച് പറഞ്ഞു കഴിഞ്ഞതാണ്. ഈ കേസിന്റെ ഒരു സംഭവം ഇങ്ങനെയാണ്. അഹ്‌ലെ ഹദീഥ് നേതാവായ മുഹമ്മദ് ഹുസയ്ൻ ബട്ടാലവി സാഹിബ് ഹദ്റത്ത് മസീഹ് മൗഊദ്(അ)നെതിരിലുള്ള ശത്രുതയിൽ എത്രമാത്രം ഉയർന്നുവെന്നാൽ, അദ്ദേഹം കോടതിയിൽ ക്രിസ്ത്യാനികളെ പിന്തുണച്ചുകൊണ്ടും സഹായിച്ചുകൊണ്ടും ഹാജരായി. ഒരാൾക്കെതിരിൽ എന്തെല്ലാം വ്യാജാരോപണങ്ങൾ ഉന്നയിക്കാമോ അതെല്ലാം കോടതിയിൽ ഹദ്റത്ത് മസീഹ് മൗഊദ് (അ)ന്നെതിരിൽ ഉന്നയിച്ചു. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ വക്കീൽ ഫള്‌ൽദീൻ സാഹിബ്, മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയോടു മാപ്പ് ചോദിച്ചുകൊണ്ട് അദ്ദേഹത്തിന്റെ അഭിമാനത്തെ ചോദ്യം ചെയ്യുന്ന രീതിയിൽ ചോദിക്കാൻ മുതിർന്നപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) കസേരയിൽനിന്നെഴുന്നേറ്റ് അദ്ദേഹത്തിന്റെ വായ അടച്ചുപിടിച്ചു. പറഞ്ഞു: 'എനിക്കുവേണ്ടി ഇത്തരം ചോദ്യങ്ങൾ ചോദിക്കാൻ പാടില്ല. താങ്കൾ താങ്കളുടെ ഉത്തരവാദത്തിൽ കോടതിയുടെ അനുമതിയോടെ ചോദിക്കുകയാണെങ്കിൽ അതിന് അധികാരമുണ്ട്.' സ്വാഭാവികമായും ഡപ്യൂട്ടി കമ്മീഷണർ സാഹിബിന് അതറിയാൻ താൽപര്യമായി. അദ്ദേഹം തന്റെ എഴുത്തുകാരനായ രാജ ഗുലാം ഹൈദർഖാൻ സാഹിബിനോടു ചോദിച്ചു, ആ ചോദ്യത്തെ സംബന്ധിച്ച് താങ്കൾക്കെന്തെങ്കിലും അറിയുമോ? അദ്ദേഹം ഇല്ല എന്ന് മറുപടി നല്കി. ഉച്ചഭക്ഷണ ഇടവേളയിൽ രാജ ഗുലാം ഹൈദർ ഖാൻ സാഹിബ്, ശേയ്ഖ് റഹ്മത്തുല്ലാഹ് സാഹിബ് മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)നോടു ഈ ചോദ്യത്തെക്കുറിച്ച് അന്വേഷിപ്പിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'മൗലവി മുഹമ്മദ് ഹുസയ്ൻ സാഹിബിന്റെ പിതാവിന്റെ ഒരു കത്ത് നമ്മുടെ കൈയിലുണ്ട്. അതിൽ കുറച്ച് നിക്കാഹിന്റെ അവസ്ഥകളും മൗലവി മുഹമ്മദ് ഹുസയ്ന്റെ ദുഷ്കൃത്യങ്ങളുടെ കഥകളുമാണുള്ളത്. അത് അങ്ങേയറ്റം ആക്ഷേപാർഹമാണ്. ആ കഥകൾ കേസിന്റെ ഫയലിൽ കൊണ്ടുവരാൻ നാം ആഗ്രഹിക്കുന്നില്ല.'

നിങ്ങൾക്കറിയാം, ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ കല്പനയാൽ 'മസീഹ് മൗഊദ്' എന്നു വിളംബരം ചെയ്തപ്പോൾ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയായിരുന്നു ആദ്യം കളവാക്കുകയും നിഷേധിക്കുകയും പിന്നീട് കുഫ്ർ ഫത്‌വ തയ്യാറാക്കി തന്റെ സഹചാരികളായ മൗലവിമാരെക്കൊണ്ട് ഒപ്പിടുവിക്കുകയും ചെയ്തത്. പൊതുജനങ്ങളെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്നെതിരിൽ പ്രകോപിതരാക്കി. ഈ എല്ലാ എതിർപ്പുകളും ദ്രോഹങ്ങളും ഉണ്ടായിട്ടും അയാളുടെ വ്യാജമായ അഭിമാനത്തെ കോടതിയുടെ മുമ്പിൽ മണ്ണിൽ കലർത്താനുള്ള സമയം വന്നപ്പോൾ അദ്ദേഹം തന്റെ വക്കീൽ സാഹിബിനെ അതിൽനിന്ന് വിലക്കി. അക്കാര്യം അല്ലാഹുവിനെ ഏല്പിച്ചു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) 117 വർഷം മുമ്പേ, 1900 ഡിസംബർ 29ന് അഹ്മദിയ്യാ ജമാഅത്തിന്റെ ശത്രുക്കളെ സംബോധന ചെയ്തു പറഞ്ഞു: "ഈ ദൈവികനടപടിയെ മനുഷ്യന് തടഞ്ഞുനിറുത്താൻ കഴിയുമോ? നിങ്ങൾക്കെന്തെങ്കിലും കഴിവുണ്ടെങ്കിൽ തടഞ്ഞുനോക്കുക. നബിമാരുടെ എതിരാളികൾ ചെയ്തിരുന്ന ചതിയും വഞ്ചനയുമെല്ലാം ചെയ്തുകൊള്ളുക. കഴിവിന്റെ പരമാവധി ശക്തി ചെലുത്തിക്കൊള്ളുക. മരിച്ചുപോകുംവിധം ശാപപ്രാർഥന ചെയ്യുക. എന്നിട്ട് എന്താണ് ചെയ്യാൻ കഴിഞ്ഞതെന്ന് നോക്കുക." (അർബയീൻ നമ്പർ 4, റൂഹാനീ ഖസാഇൻ, വാല്യം 17, പേജ് 473)

അഹ്മദിയ്യത്തിന്റെ ശത്രുക്കളേ! കഴിഞ്ഞ 117 വർഷത്തിൽ അഹ്മദിയ്യാ ജമാഅത്തിനെ നശിപ്പിക്കുന്നതിനുവേണ്ടി നിങ്ങൾ ചെയ്യാത്തതായ എന്തെങ്കിലുമുണ്ടോ? ആദ്യം മൗലവിമാർ, പിന്നീട് സ്ഥാപനങ്ങൾ, പിന്നീട് അസംബ്ലികൾ, പിന്നീട്

ശേഷം പേജ് 22 ൽ

2018 ജൽസാ സാലാന ഖാദിയാൻ പ്രസംഗത്തിൽ നിന്ന്

# ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യസാക്ഷ്യം; ദൈവിക സുവാർത്തകളുടേയും താക്കീതുകളുടേയും പരിപ്രേക്ഷ്യത്തിൽ.

(മൗലാനാ സുൽത്വാൻ അഹ്മദ് സഫ്ർ, നാളിം ഇർശാദ് വഖ്ഫെ ജദീദ് ഖാദിയാൻ)

പരിഭാഷ: മൗലവി അംനാസ് അഹ്മദ്.

പരിശുദ്ധ ഖുർആനിൽ അല്ലാഹു പറയുന്നു:

وَمَا نُرۡسِلُ الۡمُرۡسَلِیۡنَ اِلَّا
مُبَشِّرِیۡنَ وَمُنۡذِرِیۡنَ ۚ فَمَنۡ اٰمَنَ وَاَصۡلَحَ
فَلَا خَوۡفٌ عَلَیۡہِمۡ وَلَا ہُمۡ یَحۡزَنُوۡنَ ○
وَالَّذِیۡنَ کَذَّبُوۡا بِاٰیٰتِنَا یَمَسُّہُمُ الۡعَذَابُ
بِمَا کَانُوۡا یَفۡسُقُوۡنَ (سورہ الانعام:50،49)

عٰلِمُ الۡغَیۡبِ فَلَا یُظۡہِرُ عَلٰی غَیۡبِہٖۤ
اَحَدًا ○ اِلَّا مَنِ ارۡتَضٰی مِنۡ رَّسُوۡلٍ
(الجن:28،27)

ഞാനിവിടെ കേൾപിച്ച് ഖുർആനിക സൂക്തങ്ങളിൽ അല്ലാഹു പറയുന്നു: “സന്തോഷവാർത്ത അറിയിക്കുന്നവരും മുന്നറിയിപ്പു നല്കുന്നവരുമായിട്ടല്ലാതെ നാം ദൂതന്മാരെ അയക്കുന്നില്ല. അപ്പോൾ ആര് വിശ്വസിക്കുകയും സ്വയം തിരുത്തി നന്നാക്കുകയും ചെയ്യുന്നുവോ അവർക്ക് (ഭാവിയെ സംബന്ധിച്ച്) ഒരു ഭയവുമുണ്ടാകുകയില്ല. (കഴിഞ്ഞതിനെ സംബന്ധിച്ച്)അവർ ദുഃഖിക്കുകയുമില്ല. നമ്മുടെ ദൃഷ്ടാന്തങ്ങളെ നിഷേധിച്ചവരാരോ അവർ ധിക്കരിക്കുകയായിരുന്നു കാരണത്താൽ അവരെ ശിക്ഷ ബാധിക്കുന്നതാണ്.”

ഹദ്റത്ത് മസീഹ് മൗഊദ്(അ) അദ്ദേഹത്തിന്റെ വാദങ്ങളിൽ സംശയിക്കുന്നവരെ സംബോധന ചെയ്തുകൊണ്ട് പറയുന്നു: “എന്റെ വാദങ്ങളെ സംശയാദൃഷ്ട്യാ നോക്കുന്നവർ സത്യാന്വേഷികളാണെങ്കിൽ അവർക്ക് ലളിതമായി സംശയനിവാരണം നടത്താവുന്നതാണ്. എന്തെന്നാൽ, ഒരു നബിയുടെ സത്യത മനസ്സിലാക്കാൻ മൂന്നു മാർഗങ്ങളുണ്ട്.

ഒന്ന്, ബുദ്ധിപരമാണ്.അതായത് അക്കാലഘട്ടത്തിൽ ഒരു ദൈവനിയോഗിതനായ വ്യക്തിയുടെ ആഗമനത്തെ പ്രായോഗകബുദ്ധി സാധൂകരിക്കന്നുണ്ടോ, ഒരു പരിഷ്കർത്താവിന്റെ അനിവാര്യത നിലനിലക്കുന്നുണ്ടോ എന്ന് നോക്കുക.

രണ്ട്, മുൻപ്രവാചകന്മാരുടെ പ്രവചനങ്ങളാണ്. കഴിഞ്ഞുകടന്ന ഏതെങ്കിലുമൊരു പ്രവാചകൻ വാദമുന്നയിക്കുന്ന നബിയെ കുറിച്ചോ അല്ലെങ്കിൽ അത്തരമൊരു കാലഘട്ടത്തിൽ ആരെങ്കിലും അവതരിക്കുന്നതിനെ കുറിച്ചോ ദീർഘദർശനം നടത്തിയിട്ടുണ്ടോ എന്നു ആരായുക.

മൂന്ന്, ദൈവിക സഹായവും ആകാശീയമായ പിന്തുണയുമാണ്. അതായത് പ്രവാചകത്വവാദിക്ക് ദൈവിക പിന്തുണയുടെ അകമ്പടിയുണ്ടോ എന്ന് പരിശോധിക്കുക.

മാമൂർമിനല്ലാ(ദൈവനിയോഗിതൻ)യെ തിരിച്ചറിയാനുള്ള പണ്ടുമുതൽക്കെയുള്ള മൂന്ന് അടയാളമാണിത്. സ്നേഹിതന്മാരേ! ദൈവകാരുണ്യത്താൽ എന്റെ സത്യസാക്ഷ്യത്തിന് ഇവ മൂന്നും ഒരിടത്ത് സമ്മേളിച്ചിരിക്കുന്നു. ഇനി സ്വീകരിക്കുകയോ നിരാകരിക്കുകയോ എന്നത് നിങ്ങളുടെ ഇഷ്ടം! ബുദ്ധിദൃഷ്ട്യാ അവലോകനം ചെയ്യുമ്പോൾ കാണാവുന്നത് വിശേഷബുദ്ധി നമ്മളോടു ആവശ്യപ്പെടുന്നതും വിലപിക്കുന്നതും മുസ്‌ലീംകൾക്ക് ഇപ്പോൾ ഒരു ദൈവികപരിഷ്കർത്താവ് കൂടിയേതീരൂ എന്നാണ്. അവരുടെ ആന്തരികവും ബാഹ്യവുമായ അവസ്ഥകൾ ശോചനീയമാണ്. മുസ്‌ലീംകൾ ഒരു കുഴിവക്കിലോ കുത്തൊഴിക്കലോ ചെന്ന് പെട്ടതുപോലെയാണ്. പൂർവകാല പ്രവചനങ്ങൾ അന്വേഷിക്കുകയാണെങ്കിൽ ദാനിയേൽനബിയും എന്നെ കുറിച്ചും എന്റെ ഈ കാലഘട്ടത്തെ കുറിച്ചും ദീർഘദർശനം നടത്തിയതായി കാണാം. നബി(സ)തിരുമേനി ഇതേ സമുദായത്തിൽനിന്ന് വാഗ്ദത്ത മസീഹിന്റെ ആവിർഭാവമുണ്ടാകുമെന്ന് പ്രവചിച്ചിട്ടുണ്ട്. ഇതിനെക്കുറിച്ച് അറിവില്ലാത്തവർ സ്വഹീഹ് ബുഖാരിയും സ്വഹീഹ് മുസ്‌ലിമും വായിക്കുക. നൂറ്റാണ്ടിന്റെ തലയ്ക്കൽ മുജദ്ദിദ് വരുമെന്ന പ്രവചനവും വായിച്ചുകൊള്ളുക. എനിക്കുണ്ടായ ദൈവസഹായങ്ങളെ കുറി ച്ച് അന്വേഷിക്കുവാൻ ആഗ്രഹിക്കുന്നെങ്കിൽ ഓർക്കുക! ഇതുവരെ ആയിരക്കണക്കിന് അടയാളങ്ങൾ പ്രകടമായിക്കഴിഞ്ഞിരിക്കുന്നു.”(റൂഹാനീ ഖസാഇൻ വാള്യം 20 പേജ് 20)

അല്ലാഹുവിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ലഭിച്ച അനേകം അദൃശ്യവൃത്താന്തങ്ങളേയും പ്രവചനങ്ങളേയും അദ്ദേഹം തന്റെ സത്യതയ്ക്കുള്ള സാക്ഷ്യമായി അവതരിപ്പിച്ചുകൊണ്ടു പറയുന്നു: “എന്റെ പ്രവചനങ്ങളൊന്നും പുലരാതിരുന്നതായിട്ടോ അവയുടെ ഇരുഭാഗങ്ങളിൽ ഒന്ന് രംഗത്ത് വരാതിരുന്നതായിട്ടോ ഇല്ല. എന്റെ വായിൽനിന്നു പുറപ്പെട്ട ശേഷം നിറവേറാതെ പോയ ഒരു പ്രവചനത്തെ കുറിച്ച് ഒരാൾ നിരന്തരം അന്വേഷിക്കുകയും അങ്ങനെ മരണം വന്നെത്തുകയും ചെയ്താലും അയാൾ നിരാശനായിട്ടായിരിക്കും മരിക്കുക.

നിർലജ്ജയോടെയോ അജ്ഞതയാലോ എന്തു വേണമെങ്കിലും പറയാവുന്നതാണ്. എന്റെ ആയിരക്കണക്കിന് പ്രസ്പഷ്ടമായ പ്രവചനങ്ങൾ അഭിവ്യക്തമായി പുലരുകയും അവയ്ക്ക് ലക്ഷക്കണക്കിന് സാക്ഷികളുണ്ടാകുകയും ചെയ്തെന്ന് എനിക്ക് ദൃഢമായും പറയാൻ കഴിയും. അവയ്ക്കു പൂർവമാതൃകകൾ കഴിഞ്ഞുകടന്ന പ്രവാചകന്മാരിൽ അന്വേഷിക്കുകയാണെങ്കിൽ നബി(സ)തിരുമേനിയിലല്ലാതെ മറ്റാരിലും ലഭിക്കുകയില്ല.”(റൂഹാനീ ഖസാഇൻ വാള്യം 19 കശ്തിയെ നൂഹ് പേജ് 67)

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങളും വിശുദ്ധ ഖുർആനിൽ പരാമൃഷ്ടമായ ഇതര പ്രവാചകന്മാരുടെ പ്രവചനങ്ങൾക്കു സമാനമായി സുവാർത്തകൾ, മുന്നറിയിപ്പുകൾ എന്നീ രണ്ടുവിധത്തിലുണ്ട്. സമയാനുസൃതമായി അദ്ദേഹത്തിന്റെ ആയിരക്കണക്കിന് പ്രവചനങ്ങളിൽനിന്ന് ചിലതുമാത്രം അവതരിപ്പിക്കാൻ ഞാൻ ശ്രമിക്കുന്നതാണ്. ഇൻശാഅല്ലാഹ്.

**സുവാർത്തകൾ:**

**ജമാഅത്തിന്റെ അഭിവൃദ്ധി:**

1882 മാർച്ചിൽ അദ്ദേഹത്തിന് ദൈവനിയോഗിതനാണെന്ന് അറിയിച്ചുകൊണ്ടുള്ള ആദ്യത്തെ ഇൽഹാം ഇപ്രകാരമുണ്ടായി: *യാ അഹ്മദു ബാറക്കല്ലാഹു ഫീക്ക മാ റമയ്ത്ത ഇദ് റമയ്ത്ത വലാക്കിന്നല്ലാഹ റമാ അർറഹ്മാനു അല്ലമൽ ഖുർആൻ ലിതുൻദിറ ഖൗമൻ മ്മാ ഉൻദിറ ആബാഅഹും വലിതസ്തബീന സബിലൽ മുജ്രിമീൻ ഖുൽ ഇന്നീ ഉമിർത്തു വ അന അവ്വലുൽ മുഅ്മിനീൻ* (ബറാഹീനെ അഹ്മദിയ്യാ ഭാഗം 5)

“ അല്ലയോ അഹ്മദേ! അല്ലാഹു നിന്നിൽ അനുഗ്രഹം വെച്ചിരിക്കുന്നു. നീ എറിഞ്ഞതെന്തൊന്നാണോ അത് നീ അല്ല എറിഞ്ഞത്; മറിച്ച് അല്ലാഹുവാണ്. കരുണാമയനായി അല്ലാഹുവാണ് നിനക്ക് ഖുർആൻ പഠിപ്പിച്ചു തന്നത്. അതായത് അതിന്റെ യഥാർഥമായ അർഥത്തെ കുറിച്ച് നിനക്ക് അവബോധം നല്കിയത്; പൂർവപിതാക്കന്മാരിൽ മുന്നറിയിപ്പു ലഭിച്ചിട്ടില്ലാത്ത ഒരു കൂട്ടർക്കു നീ മുന്നറിയിപ്പു നല്കാൻ. അപരാധികളുടെ മാർഗങ്ങൾ സ്പഷ്ടമാകാനും നിന്നെ ധിക്കരിച്ചതുഫലമായി അവരിൽ ന്യായപൂർത്തീകരണം നടക്കുവാനുംവേണ്ടി. അവരോടു പറയുക, ഞാൻ സർവശക്തനായ അല്ലാഹുവിനാൽ നിയോഗിതനായാണ് വന്നിരിക്കുന്നത്. ഏറ്റുവുമാദ്യം വിശ്വാസംകൈക്കൊണ്ട വ്യക്തിയുമാണു ഞാൻ.”

ഈ ഇൽഹാമിലൂടെ അല്ലാഹു അദ്ദേഹത്തെ അതിമഹത്തായ ലക്ഷ്യപ്രാപ്തിക്കായിട്ടാണ് നിയോഗിച്ചത്. ലോകമതങ്ങൾക്കുമേൽ ഇസ്‌ലാം സർവാധിപത്യം നേടുകയെന്ന ദൗത്യം അദ്ദേഹത്തിൽ അർപിതമായി. എന്നാൽ, തദവസരത്തിൽ അദ്ദേഹം എത്രമാത്രം നിർധനനും നിസഹായനും ആയിരുന്നുവന്നും ശോചനീയതയുടെ അവസ്ഥ എന്തായിരുന്നുവെന്നും അദ്ദേഹത്തിന്റെ വാക്കുകളിൽ നമുക്ക് ശ്രദ്ധിക്കാം.അദ്ദേഹം പയുന്നു:

“ഞാൻ സ്വയം എന്നെ വിലയിരുത്തിയപ്പോൾ ഞാൻ എത്രമാത്രം അപ്രശസ്തനും ഏകാകിയുമാണെന്ന് ബോധ്യമായി. കാരണം ഞാൻ യോഗീപാരമ്പര്യമുള്ളവനോ രാജവംശാവലി ഉള്ളവനോ അല്ലായിരുന്നു; അങ്ങനെയായിരുന്നെങ്കിൽ കാര്യം എളുപ്പമായേനെ! എന്റെ പിതൃക്കളുടെ മുരീദുമാർ എന്നിൽ വിശ്വാസം കൈക്കൊണ്ട് എനിക്കു ചുറ്റും തടിച്ചുകൂടുമായിരുന്നു. ഞാൻ ഏതെങ്കിലും പണ്ഡിതവര്യന്റെ കുടുംബത്തിൽ പിറന്നവനുമായിരുന്നില്ല. അങ്ങനെയെങ്കിൽ നൂറുക്കണക്കിന് പിതൃശിഷ്യന്മാർക്ക് എന്നോടു ബന്ധമുണ്ടാകുമായിരുന്നു. ഒരു പണ്ഡിതശ്രേഷ്ടന്റേയും ശിക്ഷണത്തിലുണ്ടാകുകയോ സമ്പത്ത് നേടുകയോ ഞാൻ ചെയ്തിട്ടില്ല. അങ്ങനെവരികിൽ, എന്റെ വ്യുൽപ്പത്തിയിൽ വിശ്വാസമർപിക്കാൻ എനിക്കാകുമായിരുന്നു. ഞാൻ എവിടേയും രാജാവോ നവ്വാബോ ഭരണാധികാരിയോ ആയിരുന്നിട്ടില്ല. അങ്ങനെ സംഭവിച്ചിരുന്നെങ്കിൽ ജനസഹസ്രങ്ങൾ എന്റെ അധികാരം ഭയന്ന് എനിക്കു കീഴ്പ്പെട്ടേനെ. എന്നാൽ ഞാനൊരു ദരിദ്രനും കുഗ്രാമവാസിയുമായിരുന്നു; പ്രശസ്തനാകാനോ സവിശേഷ ജനവിഭാഗത്തിൽപ്പെടാനോ യോഗ്യത ഒന്നുമുണ്ടായിരുന്നില്ല. ഈ ദൈവിക വെളിപാടിനുശേഷം എനിക്ക് തലകറക്കമുണ്ടാകുക എന്നത് സ്വാഭാവികം!എന്റെ ജീവൻ നിലനിറുത്തുവാനായി അതിനുശേഷം അല്ലാഹു മഹത്തായ വാഗ്ദാനങ്ങളിലൂടെ എന്നെ സമാശ്വസിപ്പിക്കേണ്ടത് നിർബന്ധമായിരുന്നു.”(ബറാഹീനെ അഹ് മദിയ്യാ വാള്യം 5 പേജ് 52)

നോക്കുക! അത്തരമൊരു ഘട്ടത്തിൽ അല്ലാഹു അദ്ദേഹത്തെ സ്നേഹംനിറഞ്ഞ രീതിയിൽ സമാധാനപ്പെടുത്തുകയും സുവാർത്ത നല്കുകയും ചെയ്തുകൊണ്ട് പറഞ്ഞു: *ലാ തയ്അസമിൻ ർറൗഹില്ലാഹ് അലാ ഇന്ന നസ്റല്ലാഹി*

*ഖരീബ് യഅ്തീക്ക മിൻകുല്ലി ഫജ്ജിൻ അമീഖ് യഅതൂന മിൻകുല്ലി ഫജ്ജിൻ അമീഖ് യൻസുറുക്കല്ലാഹു മിൻ ഇൻദിഹീ യൻസുറുക്ക രിജാലുൻ നൂഹി ഇലയ്ഹിം നൂഹീ ഇലയ്ഹിം മ്മിനസ്സമാഇ വലാ തുസഅ്ഇർ ലി ഖൽഖില്ലാഹി വലാ തസ്അം മ്മിനന്നാസി അസ്ഹാബു സ്സുഫ്ഫ വമാ അദ്റാക്ക മാ അസ്ഹാബുസ്സുഫ്ഫ തറാ അഅ്യുനുഹും തഫീളു മിനദ്ദംയി യുസല്ലൂന അലയക്ക*(ബറാഹീനെ അഹ്മദിയ്യാ വാല്യം 3 പേജ് 238-242 അടിക്കുറിപ്പിന് അടിക്കുറിപ്പ് നമ്പർ 1).

അറിഞ്ഞുകൊള്ളുക! അല്ലാഹുവിന്റെ സഹായം നിനക്ക് സമീപസ്ഥമാണ്. ജസഞ്ചാരംകൊണ്ട് കുണ്ടുംകുഴിയുമായ വഴികളിലൂടെ നിന്നിലേക്ക് പ്രസ്തുത സഹായം എത്തിച്ചേരുന്നതായിരിക്കും. നിന്റെ അടുക്കലേക്ക് വരുന്ന ജനങ്ങളുടെ ആധിക്യം എത്രമാത്രമായിരിക്കുമെന്നാൽ അവർ കടന്നുപോകുന്നവഴികൾ ഗർത്തങ്ങളായിത്തീരും. നാം നേരിട്ട് ഹൃദയത്തിൽ വെളിപാടു നല്കുന്നവർ നിന്റെ സഹായികളായി മാറും. ഓർത്തുകൊള്ളുക!ജനങ്ങൾ അത്യധികമായി നിന്നിലേക്കു തിരിയുന്ന കാലം വരുന്നു. അതിനാൽ നീ അവരോടു അപമര്യാദ കാട്ടികൂടാത്തതാകുന്നു. അവരുടെ പെരുപ്പംകണ്ട് ക്ഷീണിക്കുകയുമരുത്. അവരിൽ ചിലർ സ്വദേശത്തുനിന്നും പലായനം ചെയ്ത് നിന്റെ സ്വീകരണമുറികളിൽ വന്നു താമസിക്കും. അവരെയാണ് അല്ലാഹു അസ്ഹാബുസ്സുഫ്ഫ എന്ന് ഗണിക്കുന്നത്. അസ്ഹാബുസ്സുഫ്ഫ എന്താണെന്ന് നിനക്കെന്തറിയാം. അവർ പ്രതാപവും ഉയർന്ന വിശ്വാസനിലവാരവുമുള്ളവരാണ്. അവർ ദൃഢവിശ്വാസമുള്ളവരായിരിക്കും. അവരുടെ നയനങ്ങൾ കണ്ണീർ തൂവുന്നത് നീ കാണും. അവർ നിന്റെ മേൽ സ്വലാത്തു ചൊല്ലും."

ഈ പ്രവചനങ്ങളെല്ലാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതത്തിൽത്തന്നെ പ്രൗഢോജ്ജ്വലമായി പുലരുകയുണ്ടായി. ഇന്ന് ഇക്കാര്യങ്ങൾക്കെല്ലാം ലോകം സാക്ഷിയാണ്. ഈ കുഗ്രാമത്തിൽനിന്ന് ഒരു അജ്ഞാതനായ വ്യക്തിയെ അല്ലാഹു സൃഷ്ടികളുടെ പരിഷ്കർത്താവായി നിയോഗിച്ചപ്പോൾ മസീഹിന്റെ ആഗമനവാർത്ത അറിഞ്ഞതും ദൈവസൃഷ്ടികൾ വൻതോതിൽ ഖാദിയാനിലേക്ക് യാത്ര തിരിച്ചു. വിദൂരദിക്കുകളിൽനിന്നും ജനങ്ങൾ ഖാദിയാനിലെത്തി. ചിലർ ഖാദിയാനിൽ സ്ഥിര താമസമാക്കിയപ്പോൾ ചിലർ ആ മഹാത്മാവിനെ സന്ദർശിച്ച് സൗഭാഗ്യവാന്മാരാകുകയോ കുറച്ചു ദിവസം അദ്ദേഹത്തിന്റെ തിരുസന്നിധിയിൽ ചെലവഴിക്കുകയോ ചെയ്ത് സായൂജ്യമടഞ്ഞു. ഈ പ്രവചനത്തിന് 25 വർഷം പൂർത്തിയായപ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇപ്രകാരം എഴു തി: "ഈ പ്രവചനസാക്ഷാൽക്കാരത്തിനായി അല്ലാഹു തന്റെ എന്നിലേക്ക് മടക്കി. കൂട്ടംകൂട്ടമായി ജനങ്ങൾ ഖാദിയാനിലെത്തി. ഇപ്പോഴും എത്തിക്കൊണ്ടിരിക്കുന്നു. ധനവും സാധനസാമഗ്രികളും എല്ലാ വിധത്തിലുമുള്ള പാരിതോഷികങ്ങളും കണക്കില്ലാത്തവിധം ജനങ്ങൾ നല്കിക്കൊണ്ടിരിക്കുകയാണ്." ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:"മൗലവിമാർ പരമാവധി തടസങ്ങൾ സൃഷ്ടിച്ചു. ജനശ്രദ്ധ ഉണ്ടാകാതിരിക്കാൻ അവർ കിണഞ്ഞു ശ്രമിച്ചു. എന്നാൽ, അതെല്ലാം വിഫലമായി.എന്റെ ജമാഅത്താണെങ്കിൽ പഞ്ചാബിലെ എല്ലാ നഗരങ്ങളിലേക്കും ഗ്രാമങ്ങളിലേക്കും വ്യാപിച്ചു. ഇന്ത്യയിൽത്തന്നെ പലയിടങ്ങളിലും ജമാഅത്തിന്റെ ബീജാവാപം നടന്നു. യൂറോപ്പിലേയും അമേരിക്കയിലേയും ചില പാശ്ചാത്യർ ഇസ്ലാം മതം ആശ്ലേഷിച്ചു. ഖാദിയാനിലേക്ക് ജനസഞ്ചയങ്ങൾ നിരന്തരം പ്രവഹിച്ചതിനാൽ കുതിരവണ്ടികളുടെ ആധിക്യം നിമിത്തം ഖാദിയാനിലെ റോഡുകൾ പലയിടത്തും കുണ്ടുംകുഴിയുമായിത്തീർന്നു."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "ഈ പ്രവചനത്തെ സഗൗരവം വിചിന്തനം ചെയ്യേണ്ടതാണ്. ഞാൻ ഒരു വിത്തായി വിതയ്ക്കപ്പെട്ടു. തുടർന്ന് ആയിരമായിരം കാൽച്ചുവട്ടിൽ മെതിക്കപ്പെട്ടു. പൊടിക്കാറ്റ് ആഞ്ഞുവീശി. എന്റെ ചെറു ബീജത്തിനു മുകളിലൂടെ ഒരു ജലപ്രളയംപോലെ വിദ്വേഷകോലാഹലങ്ങൾ കടന്നുപോയി. എന്നിട്ടും ഞാൻ രക്ഷപ്പെടുമെന്ന് ആരാണ് കരുതിയിട്ടുണ്ടാവുക! അങ്ങനെ ദൈവാനുഗ്രഹത്താൽ ആ ബീജം പാഴായില്ല. പ്രത്യുത വളരുകയും പുഷ്പിക്കുകയും ചെയ്തു. ഇന്ന് അതൊരു വൻമരമായി മാറി. അതിനു തണലിൽ മൂന്നു ലക്ഷം മനുഷ്യർ വിശ്രമം കൊള്ളുന്നു. ഇതെല്ലാം ദൈവത്തിന്റെ പ്രവൃത്തികളാണ്. അവ മനസ്സിലാക്കാൻ മനുഷ്യൻ അശക്തനാണ്."(ഹഖീഖത്തുൽ വഹ്‌യ് പേജ് 249)

ഇപ്പറഞ്ഞത് 1907ലെ കാര്യമാണ്. ഇപ്പോൾ വർഷന്തോറും പരിശുദ്ധ മസീഹിന്റെ അതിഥികളായി നിരവധിപേർ ഖാദിയാനിലേഡ വരുന്നുണ്ട്. പ്രത്യേകിച്ച് ജൽസസാലാനയുടെ അവസരത്തിൽ ലോകരാഷ്ട്രങ്ങളിൽനിന്നും അഹ്മദിയ്യാ ജമാഅത്തിന്റെ ശലഭങ്ങൾ അവസാന കാലത്തെ മസീഹിന്റെ പുണ്യ് ഭൂമിയിലേക്ക് ഉപനയിക്കപ്പെടുന്നു.

**ധനസഹായം:**

ഈ പ്രവചനങ്ങളിൽ അല്ലാഹു പറഞ്ഞ മറ്റൊരു കാര്യം അല്ലാഹു ആകാശത്തുനിന്ന് വെളിപാടിറക്കുന്ന ആളുകൾ നിന്നെ സഹായിക്കുമെന്നാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജ്യേഷ്ടന്റെ ഭാര്യ തന്റെ തീൻമേശയിൽ ബാക്കിയായ റൊട്ടിക്കഷണങ്ങൾ അദ്ദേഹത്തിനു കൊടുത്തയച്ചിരുന്ന ഒരു കാലമുണ്ടായിരുന്നു. പക്ഷേ, അല്ലാഹുവിന്റെ സുവാർത്തകളനുസരിച്ച് ഇന്ന് ആയിരക്കണക്കിന് കുടുംബങ്ങൾ അദ്ദേഹത്തിന്റെ തീൻമേശയിൽ നിന്ന് ഭക്ഷണം കഴിക്കുന്നവരാണ്. ഈ അനുഗ്രഹത്തെ കുറിച്ച് സ്മരിച്ചുകൊണ്ട് അദ്ദേഹം ഒരു അറബി കവിതയിൽ ഇപ്രകാരം വിവരിക്കുന്നു.

*ലുഫാദ്വാത്തുൽ മവാഇദി കാന ഉക്‌ലീ*
*ഫസ്വിർത്തുൽ യൗമ മിത്ത്ആമൽ അഹാലീ*

ഒരു കാലത്ത് മറ്റുള്ളവരുടെ തീൻമേശയിലെ ബാക്കിയായ റൊട്ടിക്കഷ്ണങ്ങൾ എന്റെ ഭക്ഷണമായിരുന്നു. എന്നാൽ, ഇന്നത്തെ അവസ്ഥ അനേകം കുടുംബങ്ങൾ എന്റെ അടുക്കളയിൽനിന്നും ഭക്ഷണം കഴിക്കുന്നു.

ഒരു ഘട്ടത്തിൽ ജൽസ സാലാനയുടെ അതിഥികളുടെ സൽക്കാരത്തിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പക്കൽ പണമുണ്ടായിരുന്നില്ല. അപ്പോൾ തന്റെ ഭാര്യയുടെ ഏതെങ്കിലും ആഭരണം വിറ്റ് ഭക്ഷണത്തിനുള്ള സംവിധാനമൊരുക്കാൻ തന്റെ ഭാര്യാ പിതാവായ മീർ നാസിർ നവാബ് സാഹിബ്(റ)നോടു അവിടന്ന് പറയുകയുണ്ടായി: എന്നാൽ, പ്രവചനത്തിന്റെ പുലർച്ചയെന്ന നിലയിൽ ഇന്ന് ഓരോ ജൽസ സാലാനയുടെ അവസരത്തിലും കോടിക്കണക്കിന് രൂപയാണ് ഭക്ഷണത്തിനുമാത്രം ചെലവാകുന്നത്. കൂടാതെ ഇപ്പോൾ ലോകത്തിലെ പല രാജ്യങ്ങളിലും ഖാദിയാനിന്റെ മാതൃകയിൽ ജൽസകൾ ഗംഭീരമായി നടത്തിവരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)നാൽ സ്ഥാപിതമായ ലങ്കർ ഖാന യുണ്ട്. അതിന്റെ അനവധി ശാഖകൾ പല രാജ്യങ്ങളിലും പ്രവർത്തിക്കുന്നുണ്ട്. അതുപോലെ ഒരു കാലത്ത് അദ്ദേഹം ബറാഹീനെ അഹ്മദിയ്യായുടെ അച്ചടിക്കുവേണ്ടി സ്വയം അമൃതസറിൽ പോകുമായിരുന്നു. അതിന്റെ ചെലവിനെ കുറിച്ച് അദ്ദേഹം വളരെ വ്യാകുലനുമായിരുന്നു. എന്നാൽ, ഇന്ന് ദൈവിക ധനസഹായത്തിന്റെ അവസ്ഥ പരിശോധിക്കുക. അദ്ദേഹത്തിന്റെ ദൗത്യപൂർത്തീകരണത്തിനായി അഹ്മദിയ്യാ ജമാഅത്ത് വർഷന്തോറും കോടികളല്ല ദശകോടികളാണ് ചെലവു ചെയ്യുന്നത്. ഒരു ചെറിയ ജമാഅത്തിന് ഇത്രയധികം ധനം എവിടെനിന്നു വരുന്നുവെന്നോർത്ത് ഇന്ന് ലോകം അത്ഭുതപ്പെടുന്നു. ലൗകിക ഭ്രമം മാത്രമുള്ളവർ ഒന്നും മനസ്സിലാകാതെ വരുമ്പോൾ പറയുന്നത് ഇസ്രായീലിൽനിന്നും ധനസഹായം ലഭിക്കുന്നു. ഏതൊക്കെയോ രാജ്യങ്ങൾ സഹായിക്കുന്നു എന്നൊക്കെയാണ്!!

സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഥാലിസ്(റഹ്) പറയുന്നു: "നമ്മുടെ ധനം അമേരിക്കൻ കനേഡിയൻ ഡോളറുകളല്ല. യൂറോപ്യൻ കറൻസിയോ ബ്രിട്ടീഷ് പൗണ്ടോ അല്ല. നമ്മുടെ ധനമെന്നത് ആത്മാർഥമായ ഹൃദയമാണ്. അത് പ്രശോഭിതമായ നെഞ്ചിനുള്ളിൽ മിടിക്കുന്നതാണ്. ഇത്തരം നെഞ്ചുകളുടെ എണ്ണം പെരുകി വരുന്ന കാലത്തോളം പണത്തിനെ ആരു വില മതിക്കാനാണ്. അതിന്റെ ആവശ്യമുണ്ടായാൽ അല്ലാഹു ആകാശത്തുനിന്ന് എറിഞ്ഞുതരുന്നതായിരിക്കും."(ഖുത്ബ ജുമുഅ 1957 നവം 21)

ഇനി ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലം മുതൽ ഇന്നോളം പ്രതാപത്തോടെ പൂർത്തിയായി കൊണ്ടിരിക്കുന്ന പ്രവചനത്തെകുറിച്ച് പറയാം.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് അല്ലാഹു സുവാർത്ത നല്കി: ഞാൻ നിന്റെ തബ്ലീഗിനെ ഭൂമിയുടെ കോണുകളോളം എത്തിക്കുന്നതാണ്. (തദ്കിറ പേജ് 260, ഇൽഹാം 1898)

1898 ലുണ്ടായ ഇൽഹാമാണിത്. അപ്പോൾ അദ്ദേഹത്തിന്റെ അനുയായികൾ തുലോം കുറവായിരുന്നു. അതുകൊണ്ടുതന്നെ അത്തരമൊരു സാഹചര്യത്തിൽ ഇതൊരു മഹനീയ പ്രവചനമാണ്. അല്ലാഹുവിന്റെ അനുഗ്രഹാതിരേകത്താൽ ഇന്ന് അഹ്മദിയ്യാ ജമാഅത്ത് ലോകത്തിലെ 210 രാജ്യങ്ങളിൽ വ്യാപിച്ചിരിക്കുന്നു. ജമാഅത്തിന്റെ അംഗസംഖ്യ ആയിരങ്ങളിൽനിന്നും ലക്ഷങ്ങളിലേക്കല്ല കോടികളിലേക്ക് വർധിച്ചിരിക്കുന്നു.

"ഞാൻ നിന്റെ തബ്ലീഗിനെ ലോകത്തിന്റെ കോണുകളോളം എത്തിക്കും"എന്ന വാഗ്ദാനം പൂർത്തിയാക്കാൻ അല്ലാഹു ജമാഅത്തിന്റെ തബ്ലീഗിന് നിരവധി മാർഗങ്ങൾ തുറന്നു തന്നിരിക്കുകയാണ്. ഇന്ന് അഹ്മദിയ്യ ഖിലാഫത്തിന്റെ തണലിൽ അഹ്മദിയ്യത്ത് അഥവാ യഥാർഥ ഇസ്ലാമിനെ ലോകത്തിന്റെ കോണുകളോളം എത്തിക്കുന്നതിന് ലോകത്തുടനീളം ആയിരക്കണക്കിന് തബ്ലീഗ് കേന്ദ്രങ്ങൾ സ്ഥാപിതമായിട്ടുണ്ട്. തബ്ലീഗിനും മതപ്രചാരണത്തിനും പരസഹസ്രം വഖ്ഫെ സിന്ദഗികൾ, മുബല്ലിഗുമാർ, മുഅല്ലിമുകൾ രാപ്പകലില്ലാതെ പ്രവർത്തന നിരതരായിട്ടുണ്ട്. ലോകരാഷ്ട്രങ്ങളിൽ വിവിധ ഭാഷകളിൽ പുസ്തക പ്രസിദ്ധീകരണങ്ങൾക്ക് അത്യാധുനിക പ്രിന്റിംഗ് പ്രസ്സുകൾ നിർമിതമായിട്ടുണ്ട്. ഇതുവരെ വിശുദ്ധഖുർആനിന്റെ 75 ഭാഷയിൽ വിവർത്തനങ്ങൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞു. 24 മണിക്കൂർ സംപ്രേഷണം ചെയ്യുന്ന മുസ്‌ലിം ടെലിവിഷൻ അഹ്മദിയ്യ എന്ന എം.ടി.എയും ഇതിന്നുള്ള മഹത്തായ ദൃഷ്ടാന്തമാണ്.

*ഇസ്മഊ സൗത്തസ്സമാ*
*ജാഅൽ മസീഹ്*
*ജാഅൽ മസീഹ്*
*നീസ് ബിശ്ണോ അസ് സമീൻ*
*ആമദ് ഇമാമെ കാമ്ഗാർ*

എം.ടി.എ കാരണമായി അഹ്മദിയ്യാ ചക്രവാളത്തിൽ ഓരോ വെള്ളിയാഴ്ചയും ഉദിച്ചുയരുന്നത് പുത്തൻ ഉന്മേഷത്തോടും അനുഗ്രഹങ്ങളോടുമാണ്. ലോകത്തെ 210 രാജ്യങ്ങളിലെ കോടാനുകോടി അഹ്മദികൾ മസ്ജിദുകൾ, നമസ്ക്കാര സെന്ററുകൾ, സ്വന്തം ഗൃഹങ്ങൾ എന്നിവയിൽ സ്വലാത്തു ചൊല്ലിക്കൊണ്ട് തങ്ങളുടെ പ്രിയങ്കരനായ അമീറുൽമുഅ്മിനീന്റെ(അയ്യദഹുല്ലാഹ്)ജുമുഅ ഖുത്ബക്കായി അക്ഷമയോടെ കാത്തിരിക്കുന്നു. ലോകത്ത് വേറെ ആരുടെയെങ്കിലും പ്രഭാഷണം ഇത്രമേൽ പ്ര

താപത്തോടെ ശ്രവിക്കപ്പെടുന്നുവെന്ന് ആർക്കെങ്കിലും വാദമുണ്ടോ? വേറെ ആരുടെ സന്ദേശമാണ് ഇങ്ങനെ ഭൂമിയുടെ അറ്റങ്ങളോളം വ്യാപനം നേടുന്നത്?

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തിൽത്തന്നെ ഇന്ത്യക്കു പുറമെ തബ്ലീഗ് നടന്നിട്ടുണ്ടെങ്കിലും ഇന്ന് അഞ്ചാം ഖിലാഫത്തിന്റെ കാലത്ത് അല്ലാഹുവിന്റെ അനുഗ്രഹാശിസ്സുകളുടെ വർഷം അനന്തമായി തുടരുകയാണ്. അഞ്ചാം ഖലീഫ (അയ്യദഹു)യുടെ ഊർജ്ജസ്വലമായ നേതൃത്വത്തിൽ അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്ത് സാകല്യത്തോടെ എല്ലാ മേഖലകളിലും പുതിയ ഉന്നതികൾ താണ്ടുകയാണ്.

ബ്രിട്ടീഷ്, ഡച്ച്, യൂറോപ്യൻ പാർലമെന്റുകളിലും ജർമനിയുടെ മിലിട്ടറി ഹെഡ്ക്വാർട്ടേസിലും അമേരിക്കയുടെ കേപിറ്റൽ ഹില്ലിലും നിരവധിയായ പീസ് സിമ്പോസിയങ്ങളും കോൺഫ്രൻസുകളും വഴി അല്ലാഹുവിന്റെ അനുഗ്രഹത്താൽ ഹുദൂറിന്റെ പ്രഭാഷണങ്ങളിലൂടെ കോടാനുകോടി ലോകരിലേക്ക് അഹ്മദിയ്യത്തിന്റെ സന്ദേശം എത്തുകയുണ്ടായി. ഇസ്ലാമിന്റെ സമാധാന പൂർണമായ അധ്യാപനങ്ങളെ ആധാരമാക്കിയുള്ള ഈ പ്രഭാഷണങ്ങൾ യൂറോപ്പിലേയും അമേരിക്കയിലേയും പണ്ഡിത സമൂഹത്തേയും സാധാരണ ജനങ്ങളേയുമെല്ലാം ഇസ്ലാമിനെ കുറിച്ചുള്ള തങ്ങളുടെ കാഴ്ചപ്പാടുകൾക്ക് മാറ്റം വരുത്താൻ നിർബന്ധിതരാക്കി.

ഇന്ന് ജമാഅത്തിന് യൂറോപ്പിന്റെ പിന്തുണ ലഭിച്ചതിന് ലൗകികരും അജ്ഞരും വിരോധികളുമായ മൗലവിമാർ ക്ഷുഭിതരാണ്. ലൗകികരായ ഈ മൗലവിമാർ ലൗകികതയുടെ കണ്ണട അഴിച്ചുവെച്ച്ശ്രദ്ധിച്ചാൽ അവർക്കു മനസ്സിലായേനെ ജമാഅത്തിന് യുറോപ്പിന്റെയല്ല അല്ലാഹുവിന്റെ പിന്തുണയാണുള്ളതെന്ന്! യഥാർഥത്തിൽ ഇവരുടെ നടുവൊടിഞ്ഞിരിക്കുകയും ധൈര്യം ക്ഷയിക്കുകയും ചെയ്തിരിക്കുന്നു. എല്ലായിടത്തും കുല്ലുഹും ഫിന്നാർ എന്നതിന്റെ ദൃശ്യമാണ്. അസൂയാഗ്നിയാൽ ഇവർ എരിയുകയാണ്. ഇവർക്ക് എരിഞ്ഞ് ഭസ്മമാകാൻ മാത്രമാണ് വിധി!!!

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവിക വാഗ്ദാനത്തിന്റെ വെളിച്ചത്തിൽ ശക്തിയുക്തം പറയുകയാണ്: "എല്ലാവരും കേട്ടുകൊള്ളുവിൻ! ആകാശ ഭൂമികൾ സൃഷ്ടിച്ചവന്റെ പ്രവചനമാണിത്. ഈ ജമാഅത്തിനെ അവൻ മുഴുലോകത്തും വ്യാപിപ്പിക്കുന്നതാണ്. തെളിവുകളാലും ന്യായപൂർത്തിയാലും എല്ലാറ്റിന്റെ മേലും ഇതിനെ വിജയിപ്പിക്കുന്നതാണ്. ആദരപൂർവം സ്മരിക്കപ്പെടുന്ന ഒരേയൊരു മതം ലോകത്തുണ്ടാകുന്ന ദിവസം സമീപസ്ഥമാണ്. അല്ലാഹു ഈ മതത്തിനും പ്രസ്ഥാനത്തിനും അസാധാരണമായ അനുഗ്രഹങ്ങൾ നല്കും. ഇതിനെ ഉന്മൂലനം ചെയ്യാൻ ആലോചിക്കുന്നവർ പരാജിതരാകും. ഈ വിജയം ഖിയാമത്തുവരെ നിലനില്ക്കും." (റൂഹാനീ ഖസായിൻ വാല്യം 20, തദ്കിറത്തുശ്ശഹാദത്തയ്ൻ പേജ് 66)

**ദൈവിക മുന്നറിയിപ്പുകളും വിരോധികളുടെ പരിണാമവും:**

ഇനി ഞാൻ പ്രസംഗത്തിന്റെ രണ്ടാം ഭാഗത്ത് കടക്കാം. സമയാനുസൃതമായി കുറച്ച് ദൈവിക താക്കീതുകളെ കുറിച്ച് പറയാം.

അല്ലാഹു പരിശുദ്ധ ഖുർആനിൽ പറയുന്നു: *കതബല്ലാഹു ല അഗ്‌ലിബന്ന അന വ റസൂലീ,* അതായത് ഞാനും എന്റെ ദൂതന്മാരും വിജയിക്കുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു. നബിമാരുടെ ശത്രുക്കളെ കുറിച്ച് പറഞ്ഞിരിക്കുന്നു: *ഇന്നാ മിനൽമുജ്‌രിമീന മുൻതഖിമൂൻ* അതായത് കുറ്റവാളികളെ നാം ശിക്ഷിക്കാതെ വിടില്ല. അല്ലാഹു തന്റെ ഈ സനാതന നിയമത്തിന്റെ അടിസ്ഥാനത്തിൽ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് മഹത്തായ വിജയങ്ങളെക്കുറിച്ച് ഒട്ടനവധി സുവാർത്ത നല്കിയപോലെ അദ്ദേഹത്തിന്റെ ശത്രുക്കളുടെ വിനാശം, പരാജയം, അപമാനം, അവഹേളനം എന്നിവയെക്കുറിട്ടും വാർത്ത നല്കിയിട്ടുണ്ട്. അല്ലാഹു ഇൽഹാമിലൂടെ അദ്ദേഹത്തെ അറിയിച്ചു: *ഇന്നീ മുഹീനുൻ മൻ അറാദ് ഇഹാനത്തക്ക* -നിന്നെ നിന്ദിക്കാൻ ഉദ്ദേശിക്കുന്നവനെ ഞാൻ നിന്ദിക്കുന്നതാണ് (തദ്കിറ - പേജ് 27)

*വനുമസ്സിക്കുൽ അഅ്ദാഅ കുല്ല മുമസ്സഖിൻ*-നാം നിന്റെ ശത്രുക്കളെ തുണ്ടം തുണ്ടമാക്കുന്നതാണ് (തദ്കിറ പേജ് 550)

*യഅ്സിമുക്കല്ലാഹു മിനൽ അദാ വ യസ്ത്വബികുല്ലി മൻസത്വാ*-അല്ലാഹു ശത്രുക്കളിൽനിന്ന് നിന്നെ രക്ഷിക്കും. നിന്നെ ആക്രമിക്കുന്നവരെ അവൻ തിരിച്ചാക്രമിക്കും.(തദ്കിറ പേജ് 558)

*ഇന്ന ഫിർഔന വ ഹാമാന വ ജുനൂദഹുമാ കാനൂ ഖാതിഈൻ*-ഫിർഔനിന്റേയും ഹാമാനിന്റേയും സ്വഭാവമുള്ളവരും അവരുടെ കൂടെയുള്ള പട്ടാളവും എല്ലാവരും അബദ്ധത്തിലായിരുന്നു.

*ഇന്നീ മഅൽ അഫ്‌വാജി ആത്തീക്ക ബഗ്‌ത്തത്തൻ*-ഞാൻ മുഴുവൻ സൈന്യത്തോടും കൂടി അതായത് മലക്കുകളോടൊപ്പം ദൃഷ്ടാന്തങ്ങൾ പ്രകടിപ്പിക്കാനായി പൊടുന്നനെ നിന്റെയടുത്ത് വരുന്നതാണ്. (തദ്കിറ പേജ് 494)

അല്ലാഹു ഈ ഇൽഹാമുകളിലൂടെ ഹദ്റത്ത് മസീഹ് മൗഊദി(അ)നെ തന്റെ ജമാഅത്തിന് എതിർപ്പുണ്ടാകുമെന്നും അദ്ദേഹത്തിന്റെ ജമാഅത്തിന് എതിർപ് നേരിടേണ്ടിവരുമെന്നും അദ്ദേഹത്തിന്റെ ദൗത്യത്തെ ഇല്ലായ്മ ചെയ്യാൻ ശത്രുക്കൾ നഖശിഖാന്തം പരിശ്രമിക്കുമെന്നും ശത്രുനിരയിൽ വ്യക്തികളും സംഘങ്ങളും അണിനിരക്കുമെന്നും ഭരണകൂടങ്ങളും എതിരിടാൻ ശ്രമിക്കുമെന്നും വളരെ മുമ്പേതന്നെ അറിയിച്ച കാര്യമാണ്. എന്നാൽ, അദൃശ്യനും സർവശക്തനുമായ അല്ലാഹു അവരെ നിന്ദിതരും പരിഹാസ്യരുമാക്കിത്തീർക്കുന്നതായിരിക്കും. അവർ താമസംവിനാ പരസ്പരം കലഹിച്ച് തമ്മിലടിച്ച് തകരുന്നതാണ്.

അഹ്മദിയ്യാ ചരിത്രത്തിന്റെ ഓരോ നാളും ഇക്കാര്യം സാക്ഷ്യപ്പെടുത്തുന്നത് അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നോട് ഈ പ്രവചനങ്ങൾക്കനുഗുണമായി പെരുമാറിയിരുന്നു എന്നാണ്. ശത്രുക്കൾ പരമാവധി ശ്രമങ്ങൾ നടത്തുകയും ചതിയും വഞ്ചനയും പ്രയോഗിക്കുകയും ചെയ്തു. എന്നാൽ, അല്ലാഹു അവരുടെ നെറികേടുകൾ അവരിലേക്കുതന്നെ തിരിച്ചുവിട്ടു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജമാഅത്ത് സർവ്വരംഗങ്ങളിലും വിജയശ്രീലാളിതമായി.

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ബദ്ധവൈരിയും പ്രഥമവിരോധിയുമായ മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിക്ക് എന്തു സംഭവിച്ചെന്നു നോക്കാം. അയാൾ പറഞ്ഞിരുന്നത് താനാണ് ഈ വ്യക്തിയെ ഉയർത്തിയത്, താൻ തന്നെ ഇയാളെ താഴ്ത്തുമെന്നായിരുന്നു. എന്നാൽ, അല്ലാഹു ഹദ്റത്ത് മസീഹ് മൗഊദ്(അ)നും ജമാഅത്തിനും ഭൂലോകത്ത് എത്ര മഹത്ത്വവും അന്തസ്സും നല്കിയെന്നും മൗലവി മുഹമ്മദ് ഹുസയ്ൻ ബട്ടാലവി എപ്രകാരം ലജ്ജിതനായെന്നും ഇന്ന് ലോകം മുഴുവൻ സാക്ഷ്യം വഹിക്കുന്നു. ഇന്ന് ബട്ടാലയിൽപോയി മുഹമ്മദ് ഹുസയ്ൻ ബട്ടാലവിയെകുറിച്ച് ചോദിച്ചു നോക്കുക. അയാളുടെ പേരുപോലും ആർക്കുമറിയില്ല. അയാളുടെ വീട് എവിടെയായിരുന്നെന്നോ അയാളെ എവിടെയാണ് മറവാടിയതെന്നോ ആർക്കും പറയാൻ കഴിയില്ല. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സന്ദേശം ഇന്ന് പെരുമ്പറ കൊട്ടി മുഴങ്ങുകയാണ്. ലോകത്താകമാനം അദ്ദേഹത്തിനുവേണ്ടി ജീവത്യാഗത്തിന്നു സന്നദ്ധരായ കോടിക്കണക്കിനു ജനങ്ങളുണ്ട്.

മൗലവി സനാഉല്ലാഹ് അമൃതസരിയുടെ കാര്യം നോക്കാം. ഫാതിഹെ ഖാദിയാൻ (ഖാദിയാൻ വിജയി) എന്നു സ്വയം വിശേഷിപ്പിച്ചിരുന്ന വ്യക്തിയാണ് അയാൾ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മുബാഹലക്കുള്ള ക്ഷണം നിരസിക്കാൻ മാർഗം ആരാഞ്ഞുകൊണ്ടേയിരിക്കുകയും പലതവണ സത്യസന്ധതയുടെ അളവുകോലിനെകുറിച്ച് എഴുതുകയും ചെയ്തു. അതായത് സത്യസന്ധന്റെ ജീവിത കാലത്ത് വ്യാജവാദി മരിക്കുന്നതല്ല മറിച്ച് മുസയ്‌ലിമത്തുൽ കദ്ദാബിന്റെ ഉദാഹരണം പോലെ ഖുർആനിൽ വന്നിട്ടുള്ളത് കള്ളവാദിക്ക് ദീർഘകാലം അവധി നല്കുമെന്ന് എഴുതി. അയാളുടെ തെളിവുപോലെ അയാൾക്ക് ദീർഘായുസ്സ് ലഭിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ചരമം പ്രാപിച്ചപ്പോൾ അയാൾ പറയുമായിരുന്നു, മിർസാ സാഹിബിന്റെ എല്ലാ ഗ്രന്ഥങ്ങളും ഒരുമിച്ചുകൂട്ടി തീയിട്ടാൽ ഭാവിയിൽ അദ്ദേഹത്തെ ആരും ഓർക്കില്ല എന്ന്. എന്നാൽ, അയാൾക്ക് എന്തു പറ്റിയെന്നാൽ 1947ലെ കലാപത്തിൽ അയാളുടെ മുന്നിൽ അയാളുടെ മകൻ ദാരുണമായി വധിക്കപ്പെട്ടു. പ്രാണനേക്കാൾ അയാൾക്ക് പ്രിയങ്കരമായിരുന്ന അയാളുടെ ലൈബ്രറി അയാളുടെ കൺമുമ്പിൽ വെച്ച് കത്തിച്ചു ചാമ്പലാക്കി. പരാജിതനും നഷ്ടപ്പെട്ടവനുമായി വലിയ നിരാശയോടെ ഇഹലോകം വെടിഞ്ഞു. അഹ്മദിയ്യത്തിന് ഒരു കോട്ടവും വരുത്താനായതുമില്ല.

ഈ അവസരത്തിൽ ചുരുക്കരൂപത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ നാശത്തിന്നു വേണ്ടി ആശവെച്ച ചില ശത്രുക്കളുടെ പേരു മാത്രം പറയാൻ ആഗ്രഹിക്കുകയാണ്. ചിലർ അദ്ദേഹത്തിന്നെതിരെ ശാപപ്രാർഥന നടത്തി. ചിലർ മുബാഹലയുടെ ഫലമായി നാശമടഞ്ഞു. ഉദാഹരണത്തിന്ന് മൗലവി നദീർ ഹുസയ്ൻ ദഹൽവി, മൗലവി ഗുലാം ദസ്തഗീർ ഖസൂരി, മൗലവി റശീദ് അഹ്മദ് ഗൻഗോഹി, ശാഹ്ദീൻ ലുധിയാനവി, ലുധിയാനയിലെ തന്നെ മൗലവി മുഹമ്മദ്, മൗലവി അബ്ദുൽ അസീസ്, മൗലവി അബ്ദുല്ലാഹ്, അമേരിക്കക്കാരനായ ജോൺ അലക്സാണ്ടർ ഡൂയി, മൗലവി അബ്ദുൽ മജീദ് ദഹൽവി, സഅദുല്ലാഹ് ലുധിയാനവി എന്നിവരെല്ലാം മുബാഹലയുടെ ഫലമായി ദാരുണ മരണത്തിന് ഇരയായി. അതുപോലെ മുഹ്‌യുദ്ദീൻ ലാഘോക്കെ, നൂർ മുഹമ്മദ് ഭഡിചർ, ചിറാഗ് ദീൻ ജമൂനീ, മൗലവി ഗുലാം റസൂൽ അമൃതസരി, ഇസ്മായീൽ അലീഗഢീ, മൗലവി മുഹമ്മദ് ഹുസയ്ൻ ഭീൻ ഇവരെല്ലാം ഹുദൂർ(അ)നെതിരെ ശാപപ്രാർഥന നടത്തുകയും അധികപേരും പ്ലേഗ് എന്ന ശിക്ഷയാൽ നാശമടയുകയും ചെയ്തു. (മസീഹ് മൗഊദ്(അ)ന്റെ ഹഖീഖത്തുൽ വഹ്‌യ് എന്ന ഗ്രന്ഥം വായിക്കുക). ഹദ്റത്ത് മസീഹ് മൗഊദ്(അ) ദൈവിക വാഗ്ദാനം പൂർത്തിയാകുന്നതിന്റെ നന്ദി സൂചകമായി ഒരു പദ്യത്തിൽ പറയുന്നു

ശത്രു ജനങ്ങളെയെല്ലാം നീ ഗർത്തത്തിൽ ഇറക്കി
നമ്മുടെ മിനാരങ്ങളെ ഉന്നതിയേക്കാക്കി
എന്നെ എതിർത്തതിൽ ഇവരെല്ലാം തോറ്റു
എങ്ങനെ മരിക്കാനായിരുന്നു, അവരെ നീ തന്നെ കൊന്നു
കലാപകാരികളുടെ തീപ്പൊരി അവർക്കുതന്നെയേറ്റു
നമ്മുടെ ലക്ഷ്യത്തെ അവർക്കു തടയാനാവില്ല
അവരുടെ വീട്ടിൽ മരണവിലാപവും നമ്മുടെ വീട്ടിൽ ആഘോഷവും
ഫസുബ്ഹാനല്ലദീ അഖ്സൽ അആദീ
(എന്റെ ശത്രുവിനെ പിടിച്ചവൻ പരിശുദ്ധൻ!)

ദൈവിക വാഗ്ദാനങ്ങളനുസരിച്ച് ഈ ശത്രുക്കൾ മസീഹ് മൗഊദ്(അ)ന്റെ ജീവിതകാലത്തുതന്നെ അപമാന ഗർത്തത്തിൽ ആഴ്ത്തപ്പെട്ടു. അദ്ദേഹത്തിന്റെ കാലശേഷവും ഒരുപാട് ഫിത്നകൾ ഉണ്ടായി. 1934ൽ മജ്‌ലിസെ അഹ്റാർ മുന്നോട്ടുവന്നു. അതിന്റെ സ്ഥാപകൻ സയ്യിദ് അത്താഉല്ലാഹ് ശാഹ് ബുഖാരി വളരെ പു

ച്ഛത്തോടെ അഹ്മദികളെ മസീഹിന്റെ ആട്ടിൻകൂട്ടം എന്നു വിളിച്ചിരുന്നു. അദ്ദേഹം ഇപ്രകാരം പറഞ്ഞു: "ഒരുപാട് കൈകൾ ഉയർന്നെങ്കിലും അല്ലാഹുവിന്റെ ഇംഗിതം അഹ്മദിയ്യത്ത് എന്റെ കരങ്ങളാൽ ഉന്മൂലനം ചെയ്യപ്പെടണമെന്നാണ്." എന്നാൽ, ദൈവവിധി പ്രകാരം മജ്‌ലിസെ അഹ്റാറിനും അതിന്റെ സ്ഥാപകനും നേരിട്ട ദാരുണാന്ത്യത്തിന് ലോകം സാക്ഷിയാണ്. 1974ൽ പാകിസ്താൻ പ്രധാനമന്ത്രി ദുൽഫിഖാർ അലി ഭുട്ടോയുടെ സംഭവം നോക്കുക. നീചരായ ഉലമാക്കളെ സന്തോഷിപ്പിക്കാൻ അദ്ദേഹം പാകിസ്താൻ അസംബ്ലിയിൽ അഹ്മദികളെ അമുസ്‌ലിം ന്യൂനപക്ഷമായി പ്രഖ്യാപിച്ചു. അദ്ദേഹം കരുതിയിരുന്നത് തന്റെ കസേര ആർക്കും ഇളക്കാൻ സാധിക്കില്ല എന്നായിരുന്നു. എന്നാൽ, *കൽബുൻ യമൂത്തു അലാ കൽബിൻ* (നായയാണ് നായയുടെ മരണമുണ്ടാകും) എന്ന ഇൽഹാമിന്റെ അടിസ്ഥാനത്തിൽ ഭയാനകമായ ദൈവശിക്ഷയിൽനിന്ന് ലോകത്തെ ഒരു ശക്തിക്കും അദ്ദേഹത്തെ രക്ഷിക്കാനായില്ല.

അഹ്മദിയ്യത്ത് ക്യാൻസറാണെന്നാണ് ഒരു പട്ടാളമേധാവി പറഞ്ഞിരുന്നത്. അഹ്മദികളുടെ ജീവിതം ദുസ്സഹമാക്കാനും അഹ്മദിയ്യാ ഖിലാഫത്തിന്റെമേൽ നേരിട്ട് കൈ വെക്കാനുമായി അന്യായമായ ഓർഡിനൻസ് പുറപ്പെടുവിച്ചു. എന്നാൽ, അല്ലാഹു ഹദ്റത്ത് ഖലീഫത്തുൽ മസീഹ് റാബിഅ്(റഹ്)യെ പ്രതാപത്തോടും സുരക്ഷിതമായും ലണ്ടനിലേക്ക് പലായനം ചെയ്യാൻ അദ്ഭുതപരമായി സൗകര്യമുണ്ടാക്കി. അതേസമയം അക്കാലത്തെ ഫിർഔൻ മുബാഹലയുടെ പരിണാമഫലമായി പരിജനസമേതം അത്ഭുതകരമാംവിധം വിമാനാപായത്തിൽപെട്ട് ആകാശപാളികളിൽ ധൂളീകരിക്കപ്പെടുകയും തിരിച്ചറിയാംവണ്ണം ഒരവയവംപോലും അവശേഷിക്കാതിരിക്കുകയും ചെയ്തു. ഒരു കവിതയിൽ വിവരിച്ച പോലെ:

അതേ പര്യവസാനമാണ് സംഭവിച്ചു പോരുന്നത്;
ഫിർഔന്മാരുടെയും ഹാമാന്മാരുടെയുമെല്ലാം!

ഹദ്റത്ത് മസീഹ് മൗഊദ് (അ) പറയുന്നു:

"എന്റെ നാശം ആശിക്കുന്നവർ തെറ്റിലും ദൗർഭാഗ്യത്തിലുമാണുള്ളത്. യഥാർഥ മാലിക്കി(ഉടമസ്ഥൻ)നാൽ നടപെട്ട വൃക്ഷമാണ് ഞാൻ. എന്നെ മുറിക്കാൻ ഉദ്യമിക്കുന്നവർ ഫലത്തിൽ ഖാറൂൻ, യഹൂദാ അസ്ക്കര്യോത്തി, അബൂജഹൽ എന്നിവരുടെ ഓഹരിയിൽനിന്ന് പങ്കുപറ്റാൻ ആഗ്രഹിക്കുകയാണ് ചെയ്യുന്നത്.

"അല്ലയോ ജനങ്ങളേ, അവസാന ഘട്ടംവരെ എന്നോട് കൂറുകാട്ടുന്ന കരങ്ങളാണ് എന്റെ കൂടെയുള്ളതെന്ന് നിങ്ങൾ നന്നായി അറിഞ്ഞുകൊള്ളുക. നിങ്ങളിൽപെട്ട സ്ത്രീപുരുഷന്മാരും ആബാലവൃദ്ധം ചെറിയവരും വലിയവരും എല്ലാവരും ഒരുമിച്ച് എന്റെ നാശത്തിന് പ്രാർഥിച്ചാലും സുജൂദിൽ കിടന്ന് മൂക്ക് തേഞ്ഞുപോകുകയും കൈ മരവിച്ചു പോകുകയും ചെയ്താലും അല്ലാഹു നിങ്ങളുടെ ദുആ കേൾക്കുകയോ അവന്റെ ഉദ്ദേശ്യം പൂർത്തിയാകുംവരെ വിരമിക്കുകയോ ചെയ്യില്ല." (റൂഹാനി ഖസാഇൻ വാള്യം 17, തുഹ്ഫയെ ഗോൾഡവിയ, അനുബന്ധം, പേജ് 48)

മറ്റൊരു മഹത്തായ പ്രവചനത്തെക്കുറിച്ചാണ് ഇനി പറയാൻ പോകുന്നത്.

1896ന്റെ അന്ത്യത്തിൽ മുംബൈയിലും പ്രാന്തപ്രദേശങ്ങളിലും പ്ലേഗിന്റെ ആക്രമണഫലമായി ആയിരക്കണക്കിന് ജീവനുകൾ പൊലിഞ്ഞുപോയി. അതിനുശേഷം പഞ്ചാബിൽ പ്ലേഗിന്റെ ഒരു ലക്ഷണവും ഉണ്ടായിരുന്നില്ല. എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്ന് അല്ലാഹു പഞ്ചാബിലും പ്ലേഗുപടരുമെന്ന് അറിയിപ്പു നൽകി. അതിനാൽ പൊതുജന നന്മാർഥം 1898 ഫെബ്രുവരി 6ന് അദ്ദേഹം ഒരു വിജ്ഞാപനം ഇറക്കി; തനിക്ക് ലഭിച്ച ഇൽഹാം പ്രകാരം പ്ലേഗിന്റേത് തഖ്ദീറെ മുഅല്ലഖ് (ആപേക്ഷികവിധി) ആണെന്നും ജനങ്ങൾ കർമശുദ്ധി വരുത്തകയും പശ്ചാത്താപം, പാപപ്പൊറുതി, ദാനധർമങ്ങൾ തുടങ്ങിയവ നടത്തുകയും ചെയ്താൽ ഈ വിപത്തിൽനിന്ന് രക്ഷപ്രാപിക്കുന്നതാണെന്നും അദ്ദേഹം അറിയിച്ചു. അദ്ദേഹം മുന്നറിയിപ്പു നൽകികൊണ്ട് പറഞ്ഞു:

"ഭയാനകമായ ആപത്തിന്റെ ദിനങ്ങളാണ്. നാശം പടിവാതിൽക്കൽ അണഞ്ഞിരിക്കുന്നു."(റൂഹാനീ ഖസാഇൻ വാള്യം 14, അയ്യാമുസ്സുൽഹ്, പേജ് 363)

ശത്രുക്കൾ ഇതുകേട്ട് പരിഹസിക്കുകയും ഭർത്സിക്കുകയും ആക്ഷേപങ്ങൾ ഉന്നയിക്കുകയും ചെയ്തു. എന്നാൽ, പഞ്ചാബിലും പ്ലേഗെത്തി. പ്ലേഗിന്റെ സംഹാരതാണ്ഡവത്തിൽ ഒരു ഖിയാമത്തിന്റെ പ്രതീതിയുണ്ടായി. ആയിരക്കണക്കിന് ഗ്രാമങ്ങൾ വിജനമായി. പരശ്ശതം പട്ടണങ്ങൾ ശ്മശാന മൂകമായി. ഒരുകോടി ഇരുപതുലക്ഷം ജീവനുകൾ മരണവലയത്തിലായി." (താരീഖെ അഹ്മദിയ്യത്ത്. വാള്യം 2, പേജ് 6)

തദവസരത്തിൽ ഹദ്റത്ത് മസീഹ് പറഞ്ഞു: "ഈ പ്ലേഗ് വന്നത് അല്ലാഹുവിന്റെ മസീഹിനെ നിഷേധിച്ചതുകൊണ്ടാണ്. എന്നെ കൊലപ്പെടുത്താൻ പദ്ധതികൾ ആസൂത്രണം ചെയ്തതിനാലാണ്. കാഫിർ, ദജ്ജാൽ എന്നീ പേരുകൾ നല്കിയതിനാലാണ്. പ്ലേഗ് എന്റെ സത്യസാക്ഷ്യമായിട്ടാണ് ഇവിടെ വന്നിട്ടുള്ളത്."

അദ്ദേഹം പറഞ്ഞു: "അല്ലാഹു എന്നെ അറിയിച്ചിരിക്കുന്നു. എന്റെ ജമാഅത്തിലുള്ളവരെ പ്ലേഗിൽനിന്ന് അവൻ സംരക്ഷിക്കുന്നതാണ്. അതുകൊണ്ട് അവർ കുത്തിവെയ്പ്പ് നടത്തേണ്ടതില്ല."

ഈ മഹത്തായ പ്രവചനത്തിന് ഒരു രസകരവശമുണ്ടായിരുന്നു. അദ്ദേഹം പറഞ്ഞു: "അല്ലാഹു എനിക്ക് അറിവു നൽകിയിരിക്കുന്നു. ഇന്നഹു അവൽ ഖര്യത്ത അഥവാ അവൻ ഈ പ്രദേശമായ ഖാദിയാനെ പ്ലേഗിന്റെ വിപത്തിൽനിന്ന് സംരക്ഷിക്കുന്നതാണ്. അദ്ദേഹം ശത്രുക്കളോട് ആഹ്വാനം ചെയ്തു. ഇത് നിങ്ങളുടെ സത്യത തെളിയിക്കാനുള്ള അസുലഭ സന്ദർഭമാണ്. ഖാദിയാനു പകരം തങ്ങളുടെ പ്രദേശം പ്ലേഗിൽനിന്ന് സുരക്ഷിതമായിരക്കുമെന്ന് വാദിക്കുക. ഓരോരോ വിരോധിയുടേയും പേരെടുത്ത് അദ്ദേഹം പറഞ്ഞു. മിയാ ശംസുദ്ദീനും ലാഹോർ അഞ്ചുമൻ ഹിമായത്തെ ഇസ്‌ലാമിന്റെ മറ്റംഗങ്ങളും പ്ലേഗിൽനിന്ന് സുരക്ഷിതരായിരിക്കുമെന്ന് പ്രവചനം നടത്തുക. അബ്ദുൽ ജബ്ബാറും അബ്ദുൽ ഹഖും അമൃതസർ പട്ടണത്തെകുറിച്ചും ഇങ്ങനെ പ്രവചിക്കുക. വഹാബി വിഭാഗത്തിന്റെ ഉദ്ഭവ കേന്ദ്രം ദൽഹി ആയതിനാൽ നദീർ ഹുസയ്ൻ ദർഹിയെകുറിച്ചും പ്ലേഗ് മുക്തമായിരിക്കുമെന്ന് ദീർഘ ദർശനം നടത്തുക. അതുപോലെ അഹ്മദ് ഹുസയ്ൻ അംറോഹി തന്റെ ദേശമായ അംറോഹി (അംറോഹ) പ്ലേഗിൽനിന്ന് ഒഴിഞ്ഞു നില്ക്കുമെന്ന് പ്രവചിക്കേണ്ടതാണ്."

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എന്റെ ശത്രുക്കൾ അവർ അംറോഹ, അമൃതസർ, ദൽഹി, കൊൽക്കത്ത, ലാഹോർ, ഗോൽഡ, ബട്ടാല എവിടെ താമസിക്കുന്നവരായാലും അവരുടെ പ്രദേശം പ്ലേഗ്മുക്തമായിരിക്കുമെന്ന് ആണയിട്ടു പറയുകയാണെങ്കിൽ ആ പ്രദേശം എന്തായാലും പ്ലേഗിന്റെ പിടിയിലമരുന്നതാണ്. ഇതെന്റെ ദൃഷ്ടാന്തമായി കണക്കാക്കാം. കാരണം അവർ അല്ലാഹുവിനെതിരെ തിരിഞ്ഞ് അപരാധം ചെയ്തിരിക്കുന്നു."

എന്നാൽ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ആത്മസരക്ഷണം സ്വീകരിക്കാൻ ആരും തയ്യാറായില്ല. മാത്രമല്ല തന്റെ സത്യതയ്ക്കുള്ള ദൃഷ്ടാന്തമായി ഇതിനെ ശക്തമായി അവതരിപ്പിച്ചുകൊണ്ട് ഹദ്റത്ത് അഹ്മദ്(അ)പറഞ്ഞു:

"ഈ പ്ലേഗ് നമ്മുടെ ജമാഅത്തിനെ വർധിപ്പിച്ചുപോരും. നമ്മുടെ എതിരാളികളെ നശിപ്പിച്ചുകൊണ്ടിരിക്കും. എല്ലാമാസവും കുറഞ്ഞപക്ഷം അഞ്ഞൂറുപേരും ചിലപ്പോൾ ആയിരമോ രണ്ടായിരമോ ആളുകളും പ്ലേഗ് കാരണമായി നമ്മുടെ ജമാഅത്തിൽ പ്രവേശിക്കുന്നു. അതിനാൽ പ്ലേഗ് നമുക്ക് ഒരനുഗ്രഹമാണ്. നമ്മുടെ എതിരാളികൾക്ക് അത് ക്ലേശവും ശിക്ഷയുമാണ്. ഇനി അതിന്റെ വിപരീതമായി നടക്കുന്നെങ്കിൽ അതു തെളിയിക്കുന്നവർക്ക് ഞാൻ ആയിരം രൂപ രൊക്കം കൊടുക്കുന്നതാണെന്ന് അല്ലാഹു വിനെ തൊട്ട് സത്യമിട്ടുകൊണ്ടു പറയുന്നു: ഈ വെല്ലുവിളി നേരിടാൻ മുന്നോട്ടുവരാൻ ആരാണുള്ളത്? നമ്മുടെ പക്കൽനിന്ന് ആയിരം രൂപവാങ്ങാൻ ആരാണുള്ളത്?"(റൂഹാനീ ഖസാഇൻ വാള്യം 22, തത്തിമ്മയെ ഹഖീഖത്തുൽ വഹ്‌യ്, പേജ് 568)

## ഭൗതികവും രാഷ്ട്രീയവുമായ പരിവർത്തനവും ഇസ്‌ലാമിന്റെ ലോക വിജയവും:

താക്കീതു നല്കിക്കൊണ്ടുള്ള പ്രവചനങ്ങളിൽ മാഹാത്മ്യമുള്ള ചിലതിനെ സംക്ഷേപിച്ച് നിങ്ങൾക്കു മുമ്പാകെ അവതരിപ്പിക്കുകയാണ്. അവ ഭൗതികവും രാഷ്ട്രീയവുമായ വിപ്ലവകരമായ മാറ്റങ്ങളുമായി ബന്ധമുള്ളവയാണ്. അവ കാരണമായി ലോകത്തിന്റെ രണ്ട് ഭയാനകമായ മഹായുദ്ധങ്ങളാണ് നടന്നിട്ടുള്ളത്. ഇവ രണ്ടിനെ കുറിച്ചും അഹ്മദിയ്യ ജമാഅത്തിന്റെ സ്ഥാപകൻ വർഷങ്ങൾക്കു മുമ്പേപ്രവചിക്കുകയുണ്ടായി. 1904ൽ പാശ്ചാത്യ ശക്തികൾക്കുമേൽ ഒരു പൗരസ്ത്യ ശക്തിക്കും ആധിപത്യമുണ്ടാകുമെന്ന് ചിന്തിക്കാൻ പോലും പറ്റാത്ത സമയത്ത് "ഒരു പൗരസ്ത്യ ശക്തിയും കൊറിയയുടെ ദയനീയാവസ്ഥയും" എന്ന വഹ്‌യ് അല്ലാഹു അദ്ദേഹത്തിന് വഹ്‌യ് ഇറക്കി.

1914ൽ ഒന്നാം ലോകമഹായുദ്ധത്തിന് നാന്ദി കുറിച്ചപ്പോൾ ഈ പ്രവചനത്തിന്റെ പുലർച്ച ലോകം കണ്ടു. ജപ്പാൻ ഒരു പൗരസ്ത്യ ശക്തിയെന്ന നിലയിൽ പാശ്ചാത്യശക്തികൾക്കെതിരെ മുന്നോട്ടുവന്നു. അങ്ങനെ കൊറിയ ജപ്പാന്റെ അധീനത്തിലായി. മുമ്പേ അത് റഷ്യയുടെ അധീനതയിലായിരുന്നു. അപ്രകാരംതന്നെ അദ്ദേഹത്തിന്റെ പ്രവചനംപോലെ ലോകത്തെ ഏറ്റവും വലിയ ശക്തിയായിരുന്ന റഷ്യൻ സാർ ചക്രവർത്തി പൊടുന്നനെ രാജകുടുംബ സമേതം അപഹാസ്യനായി ഭരണത്തിൽ നിന്ന് പുറന്തള്ളപ്പെട്ടു. അയാളെ കുടുംബസമേതം പല സ്ഥലങ്ങളിലും തടവറയിൽവച്ച് ദാരുണമായി പീഢിപ്പിച്ചുകൊണ്ടിരുന്നു. ഇന്നും അതിനെകുറിച്ച് കേൾക്കുമ്പോൾ ഒരാളുടെ ശരീരം കിടിലം കൊള്ളുന്നതാണ്. അവസാനം ചക്രവർത്തിയേയും കുടുംബത്തേയും കഠോര ശിക്ഷകൾ നല്കി വധിക്കുകയുണ്ടായി. അങ്ങനെ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ, 'സാർചക്രവർത്തിയാണെങ്കിലും അന്ന് ദയനീയാവസ്ഥയിലായിരിക്കും' എന്ന ഇൽഹാം പ്രത്യക്ഷരം പുലർന്നു.

തുടർന്ന് 1939 മുതൽ 1945 വരെ നീണ്ടുനിന്ന രണ്ടാം ലോകമഹായുദ്ധത്തിൽ അദ്ദേഹത്തിന്റെ പ്രവചനംപോലെ ലോകവ്യാപകമായി നാശനഷ്ടങ്ങൾ ഉണ്ടായി. അത് ആ ആദ്യത്തെതിനെക്കാൾ കൂടുതൽ വ്യാപ്തവും ഭയാനകനകവുമായിരുന്നു. ആ യുദ്ധത്തിൽ ജപ്പാനിന്നു പരാജയം നേരിട്ടു. ജപ്പാനിലെ ഹിരോശിമ, നാഗസാക്കി എന്നീ പട്ടണങ്ങൾ ആറ്റംബോംബാക്രമണത്താൽ ലോക ഭൂപടത്തിൽനിന്ന് മാഞ്ഞുപോകുമെന്ന അവസ്ഥവരെ എത്തി. ജപ്പാൻ പരാജയപ്പെട്ടതോടെ ചൈന പാശ്ചാത്യ ശക്തിയെന്ന നിലയിൽ ലോകത്തിന്റെ ചക്രവാളത്തിൽ ഉദിച്ചുയർന്നു. ഈ വിപ്ലവങ്ങളെല്ലാം യഥാർഥത്തിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനങ്ങളുടെ അടിസ്ഥാനത്തിലാണ് സംജാതമായത്.

ഇന്ന് ലോകം രണ്ട് ബ്ലോക്കായി മാറിയിരിക്കുന്നു. ഒരു ഭാഗത്ത് അമേരിക്കയും സഖ്യകക്ഷികളും മറുഭാഗത്ത് റഷ്യയും സഖ്യകക്ഷികളും. ഈ രണ്ട് യുദ്ധക്കൊതിയന്മാരായ വിഭാഗങ്ങളുടേയും നാശവും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ പ്രവചനപ്രകാരം മൂന്നാം ലോക മഹായുദ്ധത്തിന്റെ രൂപത്തിൽ തലക്കുചുറ്റും വലയം വെക്കുന്നുണ്ട്. അദ്ദേഹം ലോകത്തെ ഉദ്ബോധിപ്പിക്കുകയുണ്ടായി:

"ലോകത്ത് ഒരു ഖിയാമത്ത് വെളിവാകും. അത് ആദ്യത്തെ ഖിയാമത്തായിരിക്കും. എല്ലാ രാജാക്കന്മാരും പരസ്പരം കടന്നാക്രമണം നടത്തും. ഭൂമിയാകെ രക്തരഭിതമാകുംവിധം കൊലപാതകങ്ങൾ നടക്കുന്നതാണ്. എല്ലാ രാജാക്കന്മാരുടെ പ്രജകളും, പരസ്പരം ഘോരയുദ്ധം നടത്തും. ലോകവ്യാപകമായ നാശം ഉണ്ടാകും. ഈ സംഭവങ്ങളുടെയെല്ലാം പ്രഭവകേന്ദ്രം സിറിയ ആയിരിക്കും." (തദ്കിറ, പേജ് 798)

അദ്ദേഹം മൂന്നാം ലോക മഹായുദ്ധത്തിന്റെ മഹാവിപത്തിനെകുറിച്ച് അറിയിപ്പു നല്കികൊണ്ടു പറഞ്ഞു: "അല്ലയോ യൂറോപ്പേ! നീയും രക്ഷയിലല്ല. അല്ലയോ ഏഷ്യ! നീയും സമാധാനത്തിലായിരിക്കില്ല. അല്ലയോ ദ്വീപുകളിൽ വസിക്കുന്നവരേ! കൃത്രിമ ദൈവങ്ങളൊന്നും നിങ്ങളെ തുണയ്ക്കില്ല. പട്ടണങ്ങൾ കീഴ്മേൽ മറിഞ്ഞുവീഴുന്നതായി ഞാൻ കാണുന്നു. ജനനിബിഢമായ സ്ഥലങ്ങൾ വിജനമായി കാണുന്നു. ഏകമാത്രനായ ദൈവം ഒരുഘട്ടംവരെ നിശബ്ദനായി. അവന്റെ കൺമുമ്പിൽ അനിഷ്ടകരമായ കാര്യങ്ങൾ നടന്നപ്പോൾ അവൻ മൗനം പാലിച്ചു. എന്നാൽ, ഇനി അവൻ ഭയാനകമായി തന്റെ മുഖം കാണിക്കുന്നതാണ്. കേൾക്കാൻ ചെവിയുള്ളവർ കേട്ടുകൊള്ളട്ടെ."(ഹഖീഖത്തുൽ വഹ്യ് പേജ് 257 1906 റൂഹാനീ ഖസാഇൻ വാല്യം 22, ലണ്ടൻ പേജ് 269)

ഇന്നത്തെ ലോകത്തിന്റെ അവസ്ഥയും അറബ് വസന്തത്തിന്റെ ഫലമായി ലോകത്ത് പ്രത്യക്ഷപ്പെട്ട രാഷ്ട്രീയ പരിണാമങ്ങളും പാശ്ചാത്യ ശക്തികൾ സ്വാർഥലാഭത്തിനായി അപര രാജ്യങ്ങളുടെ അവസ്ഥ പരിതാപകരമാക്കിയതും കാരണമായി ലോകം മൂന്നാംലോക മഹായുദ്ധത്തിന്റെ പടിവാതില്ക്കലാണെന്നുപറയാം. ഇന്ന് വീണ്ടും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ "ഒരു പൗരസ്ത്യശക്തിയും കൊറിയയുടെ ദയനീയാവസ്ഥയും" എന്ന ഇൽഹാം സത്യമായി പുലരുകയാണ്. കൊറിയയുടേയും അമേരിക്കയുടേയും ഈയടുത്ത കാലത്തുണ്ടായ കലഹത്തെകുറിച്ച് സയ്യിദുനാ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്) വ്യക്തമായി പ്രതിപാദിക്കുകയുണ്ടായി:

"മധ്യപൗരസ്ത്യ ദേശങ്ങളിലും അറബ് രാഷ്ട്രങ്ങളിലും മാത്രമല്ല യുദ്ധത്തിന്റെ തീപ്പൊരി ഉയരാൻ സാധ്യതയുള്ളത്. അമേരിക്കയും കൊറിയയും തമ്മിലുള്ള പ്രശ്നം ദിവസം ചെല്ലുന്തോറും വഷളായികൊണ്ടിക്കുകയാണ്. ലോകത്തിന്റെ സമകാലികാവസ്ഥയെ നിരീക്ഷിക്കുന്നവരും ചർച്ചാവിധേയമാക്കുന്നവരും തുറന്നു പറയുന്ന കാര്യമിതാണ്; അമേരിക്ക ചെറിയ തരത്തിലെങ്കിലും ആയുധ പ്രയോഗം നടത്തുകയോ കർക്കശ്യം കാട്ടുകയോ അല്ലെങ്കിൽ കൊറിയയുടെ ഭാഗത്തുനിന്ന് നഷ്ടമുണ്ടാക്കണമെന്ന ഉദ്ദേശ്യത്തോടെ അല്ലെങ്കിലും ഭയപ്പെടുത്താനുള്ള ആയുധ പ്രയോഗം ഉണ്ടാകുകയോ ചെയ്താൽ അത് വളരെ ദാരുണമായ യുദ്ധത്തിൽ കലാശിക്കുന്നതാണ്." (ജുമുഅ ഖുത്ബ 2017 ജൂൺ 30)

ചുരുക്കത്തിൽ ഇന്ന് ലോകം ഭയാനക വിപത്തിന്റെ പൂമുഖത്താണ് നില്ക്കുന്നതെന്നും എപ്പോൾ വേണമെങ്കിലും എന്തും സംഭവിക്കാമെന്നതും നിസ്സംശയമാണ്. എന്നാൽ, അല്ലാഹുവിന്റെ വാഗ്ദാനവും പ്രവചനവും പ്രകാരം മൂന്നാം ലോക മഹായുദ്ധത്തിന്റെ ഫലമായ നാശത്തിന്റെ അറുതി ഇസ്ലാമിന്റെ ലോകവിജയത്തിന്റെ തുടക്കമായിരിക്കും.

ഹദ്റത്ത് ഖലീഫത്തുൽ മസീഹ് മൂന്നാമൻ(റഹ് മഹുല്ലാഹ്) ഇതുസംബന്ധമായി പറയുന്നു:

"ഇസ്ലാമിന്റെ സൂര്യൻ മുഴുവൻ തേജസ്സോടുകൂടി ഉദയം ചെയ്യുന്നതാണ്. ലോകത്തെ പ്രകാശമാനമാക്കുകയും ചെയ്യും. എന്നാൽ, ഇതു സംഭവിക്കും മുമ്പേ ഒരു ലോകവിപത്ത് നടമാടുന്നതാണ്. മരണവ്യാപകമായ നാശങ്ങൾ ഉണ്ടാകുന്നതാണ്. എന്നാൽ, ഈ പ്രവചനം മുന്നറിയിപ്പിന്റേതാണെന്ന് മനസ്സിലാക്കേണ്ടതുണ്ട്. താക്കീതുപരമായ പ്രവചനങ്ങൾക്ക് തൗബ, ഇസ്തിഗ്ഫാർ എന്നിവയാൽ കാലതാമസം നേരിടാനും തീർത്തും അസാധുവാകുവാനും സാധ്യതയുണ്ട്. ഒരുവൻ തന്റെ നാഥനിലേക്ക് തിരിയുകയും തൗബചെയ്തു മടങ്ങുകയും കർമങ്ങൾ ശരിയാക്കുകയും ചെയ്താൽ ദൈവിക ശിക്ഷയിൽ നിന്ന് രക്ഷപ്പെടുന്നതാണ്." (ഖുത്ബാത്തെ നാസിർ, വാല്യം 1, പേജ് 930–935)

അവസാനമായി ഹദ്റത്ത് ഖലീഫത്തുൽ മസീഹ് അൽഖാമിസ് (അയ്യദഹുല്ലാഹ്)ന്റെ ഉദ്ധരണി കേൾപ്പിക്കുകയാണ്. അവിടന്ന് പറയുന്നു: "തിരുനബി(സ) നിർദ്ദേശിച്ചപ്രകാരം ആഗതനായ മസീഹും മഹ്ദിയുമായ വ്യക്തിയെ സ്വീകരിച്ചതിനാൽ നമ്മൾ ഭാഗ്യവാന്മാരാണ്. അദ്ദേഹവുമായാണ് ഇനി ലോകത്തിന്റെ സമാധാനവും ശാന്തിയും ബന്ധപ്പെട്ടിരിക്കുന്നത്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞ പ്രകാരം പ്രവർത്തിച്ചെങ്കിലെ ലോകസമാധാനം സ്ഥാപിതമാകുകയുള്ളൂ. യുദ്ധത്തിന്റെ കെടുതികളിൽനിന്നും നാശനഷ്ടങ്ങളിൽനിന്നും ലോകം രക്ഷപ്പെടണമെങ്കിൽ അതിനുള്ള ഏകമാർഗം ഓരോ അഹ്മദിയും വേദനാ നിർഭരമായി അതിനായി ദുആ ചെയ്യുക എന്നതാണ്."

"അമീറുൽ മുഅ്മിനീൻ പറയുന്നത് ഇന്ന് മനുഷ്യകുലം വിനാശത്തിൽനിന്ന് രക്ഷപ്പെടാൻ വേദനയോടെ ദുആ ചെയ്യുകയെന്നത് ഓരോ അഹ്മദിയുടേയും കടമയാണെന്നാണ്. യുദ്ധങ്ങൾ ഇല്ലാതാകാനും ദുആ ചെയ്യണം. ലോകത്തിന്റെ ഒരു ഭാഗം നശിച്ചശേഷം ബാക്കി ഭാഗത്തിന് ബുദ്ധിവരികയും അവർ അല്ലാഹുവിലേക്ക് കുമ്പിടുകയും ആഗതനെ അംഗീകരിക്കുകയും ചെയ്യുന്നതിൽ നമുക്ക് സന്തോഷിക്കാനാകില്ല. നമ്മൾ പരിശ്രമിക്കുന്നതും പ്രാർഥിക്കുന്നതും അല്ലാഹു ആരെയും അവരുടെ ദുഷ്കർമഫലമായി നശിപ്പിക്കാതിരിക്കാനും ജനങ്ങൾക്ക് സൽബുദ്ധി ലഭിച്ച് ദുർപര്യവസാനത്തിൽനിന്ന് രക്ഷപ്പെടാനുമാണ്. നമ്മുടെ പ്രാർഥനയാൽ അവർക്ക് ബുദ്ധിവരികയും അല്ലാഹു അവരെ നാശത്തിന്റെ ഗർത്തത്തിലേക്ക് വീഴുന്നതിൽനിന്നും രക്ഷിക്കുകയും ചെയ്യുമാറാകട്ടെ." (ജുമുഅ ഖുത്ബ 2017 ജൂൺ 30)

ശുദ്ധഹൃദയർക്ക് ദൃഷ്ടാന്തങ്ങൾ അനേകം വേണ്ടിവരില്ല;ഹൃദയം ദൈവഭയമുള്ളതാണെങ്കിൽ ഒരു ദൃഷ്ടാന്തം മതിയാകും *വ ആഖിറു ദഅ്വാനാ അനിൽ ഹംദു ലില്ലാഹി റബ്ബിൽ ആലമീൻ.*

...........★...........★...........★...........

**പേജ് 8 ൽ നിന്ന്**

മനുഷ്യൻ രോഗിയാകുന്നുവെങ്കിൽ ഡാക്ടർ മരുന്നു കൊടുക്കുന്നതും രോഗം സുഖപ്പെടുന്നതും ദൈവവിധിയാണല്ലോ. നിങ്ങൾ ഒരു ദൈവവിധിയിൽ വിശ്വസിക്കുകയും, മറ്റേതിനെ നിഷേധിക്കുകയും ചെയ്യുന്നു.

നിങ്ങളുടെ ഉദാഹരണം പൈതൃകസ്വത്തിൽ കഴിയുന്ന മടിയന്റേതാണ്. ജോലിക്കുപോകാൻ ഭാര്യ എപ്പോഴും നിർബന്ധിച്ചുകൊണ്ടിരുന്നു. അപ്പോഴെല്ലാം ജോലിയൊന്നും കിട്ടുന്നില്ലെന്ന് അയാൾ ഒഴികഴിവ് പറയും. അവസാനം പട്ടാളത്തിലേക്ക് ആളുകളെ എടുക്കുന്നതായി കേട്ടു. നീ അതിൽ പോയി ചേരാൻ ഭാര്യ പറഞ്ഞു. അയാൾ പറഞ്ഞു, നീ എന്റെ മരണം ആഗ്രഹിക്കുന്നെന്ന് തോന്നുന്നു. കാരണം പട്ടാളത്തിൽ ആളെ എടുക്കുന്നത് യുദ്ധത്തിനു വേണ്ടിയാണ്. യുദ്ധത്തിൽ മരണം മാത്രമാണുള്ളത്. ഭാര്യ അയാളെ പാഠം പഠിപ്പിക്കുന്നതിന് ആട്ടുകല്ലിൽ ധാന്യം പൊടിക്കാൻ തുടങ്ങി. ചിലതു പൊടിഞ്ഞു, ചിലത് പൊടിഞ്ഞില്ല. എന്നിട്ട് ഭർത്താവിനോടു പറഞ്ഞു, 'നോക്കു! എല്ലാധാന്യങ്ങളും പൊടിഞ്ഞിട്ടില്ല. പൊടിയാത്ത ധാന്യവും ഇതിലുണ്ട്. പിന്നെ യുദ്ധത്തിന് പോകുന്നവരെല്ലാം മരിക്കുകതന്നെ ചെയ്യുമെന്ന് നിങ്ങളെങ്ങനെയാണ് പറയുക.' അയാൾ പറഞ്ഞു, 'നീ എന്നെ പൊടിഞ്ഞ ധാന്യമായി കരുതിക്കോ.'

മകൻ ഉമ്മയുടെ ശകാരംകൊണ്ട് രോഗിയായെന്നും അല്ലെങ്കിൽ ഉമ്മയുടെ ശാപപ്രാർഥനകൊണ്ട് മരിച്ചെന്നും നിങ്ങൾ മനസ്സിലാക്കുകയാണോ? എന്നാൽ, അല്ലാഹുവിനെ സംബന്ധിച്ച് ലക്കുംലഗാനുമില്ലാതെ നിർഭയം നിങ്ങൾ പറയുന്നു, ഈ അക്രമം അല്ലാഹുവിന്റെ തഖ്ദീർ അഥവാ ദൈവവിധിയാണെന്ന്. നിങ്ങൾ അല്ലാഹുവിനെ ഉടമസ്ഥനായി കരുതുന്നെങ്കിൽ അതിനോടൊപ്പം കരുണാമയനായിട്ടും കരുതുക. അക്രമിയാണെന്ന് എന്തിനാണ് വിചാരിക്കുന്നത്. നിങ്ങളുടെ കുട്ടികളെ രോഗിയാക്കിയിട്ട് അല്ലാഹുവിന് എന്തു കിട്ടാനാണ്. നിങ്ങൾ അവരെ തുണി ഉടുപ്പിക്കാതെ നടത്തി. നിങ്ങൾ സൂക്ഷ്മത കാണിച്ചില്ല. നിങ്ങൾ ദോഷങ്ങളിൽനിന്ന് അവരെ അകറ്റി നിറുത്തിയില്ല. അങ്ങനെ അവർക്ക് നിമോണിയ പിടിപെട്ടു. എന്നിട്ട് അല്ലാഹുവിന്റെമേൽ നിങ്ങൾ പഴിചാരുന്നു. നിങ്ങളുടെ അശ്രദ്ധയാണെന്ന് സമ്മതിക്കുന്നില്ല. പഠിക്കാനുള്ള താൽപര്യം നല്കാത്തതിനാൽ നിങ്ങളുടെ കുട്ടി വിദ്യാഹീനനായി. അവനെ ശിക്ഷിച്ചില്ലെന്ന് മാത്രമല്ല, അവനെ തെമ്മാടിത്തത്തിൽനിന്ന് രക്ഷിച്ചതുമില്ല. എന്നാൽ, നിങ്ങളുടെ ഈ തെറ്റിനെ ദൈവവിധി എന്നു പറഞ്ഞു ന്യായീകരിക്കുന്നു. ഒന്ന് ചിന്തിച്ച് നോക്ക് ! എപ്പോഴാണ് അല്ലാഹുവിന്റെ മലക്കുകൾ നിങ്ങളുടെ കുട്ടികളെ വിവരദോഷിയാകാൻ പ്രേരിപ്പിച്ചത്? മലക്കുകൾ എപ്പോഴാണ് നിങ്ങളുടെ കുട്ടികളുടെ പുസ്തകങ്ങൾ തട്ടിപ്പറിച്ചെടുത്തത്? എപ്പോഴാണ് സ്കൂളിൽ പോകുമ്പോൾ അവരുടെ വഴി തടഞ്ഞത്? ഇതൊക്കെയാണ് ദൈവവിധി എന്നു വിശ്വസിച്ചതുകൊണ്ടാണ് നമ്മുടെ രാജ്യം ദൈവാനുഗ്രഹത്തിൽനിന്ന് പിന്തള്ളപ്പെട്ടത്. നോക്കൂ! ഇതേ രാജ്യത്തിലെ ഇംഗ്ലീഷുകാരായ കുട്ടികൾ ആരോഗ്യവാന്മാരും നിങ്ങളുടെ കുട്ടികൾ രോഗികളും. ഇവിടെ ഇംഗ്ലീഷുകാർ വിദ്യാസമ്പന്നരും നിങ്ങൾ വിദ്യാഹീനരും. ഇംഗ്ലീഷുകാർ സമ്പന്നർ, നിങ്ങൾ കഷ്ടത നിറഞ്ഞവർ. അവർ ഉന്നത നിലയിലുള്ളവരും സന്തോഷവാന്മാരും നിങ്ങൾ അടിമുടി ദരിദ്രരും ദുഃഖിതരും. ഇതിനു കാരണം ദൈവവിധിയ്ക്ക് അവരോട് സൗഹൃദവും നിങ്ങളോട് ശത്രുതയുമാണെന്നല്ല. നേരെമറിച്ച് അതിനു കാരണം അവർ പ്രകൃതി നിയമം പാലിച്ച് പ്രവർത്തിച്ചു. അല്ലെങ്കിൽ ആധുനികമായ യന്ത്രങ്ങൾ ശരിയായ നിലയിൽ ഉപയോഗിക്കുകയും നേട്ടം കൊയ്യുകയും ചെയ്തു. എന്നാൽ, നിങ്ങൾ അനുസരണക്കേടിൽനിന്നും നിയമലംഘനത്തിൽനിന്നും നഷ്ടം അനുഭവിച്ചു.

നിങ്ങളുടെ അശ്രദ്ധയും വിഢ്ഢിത്തവും വിവരക്കേടും കൊണ്ട് മകന് സുഖമില്ലാതായാൽ നിങ്ങൾ അതിനെ വിധി എന്നു പറയുന്നു. സ്വന്തം തെറ്റു സമ്മതിക്കുകയില്ല. സ്വയം നേരെയാകാനും ശ്രമിക്കുകയില്ല. സ്വന്തം ശിക്ഷണ കാര്യവും ശ്രദ്ധിക്കുകയില്ല. എന്നാൽ, മകൻ മോശമാകുമ്പോൾ, ദുർമാർഗിയാകുമ്പോൾ അത് 'വിധി' ആണെന്ന് പറയുന്നുവോ? ഓർക്കുക, ഈ എല്ലാ കാര്യങ്ങളും അശ്രദ്ധയുടേയും നിയമലംഘനത്തിന്റേയും ഫലമാണ്. അല്ലാഹു നിയമം ഉണ്ടാക്കിയിരിക്കുന്നു. അതനുസരിച്ച് പ്രവർത്തിക്കുന്നവൻ വിജയിക്കും. എതിർ പ്രവർത്തിക്കുന്നവൻ നാശമടയും. അതുകൊണ്ട് ഞാൻ വീണ്ടും പറയുന്നു, ഈ 'വിധി' യുടെ മറവിൽ അല്ലാഹുവിനെ ആക്ഷേപിക്കരുത്. അല്ലമ ആദമൽ അസ്മാഅ എന്നതിന്റെ ഉദ്ദേശ്യം അല്ലാഹുവിനെക്കുറിച്ചുള്ള അറിവ്, അതായത് അവന്റെ സിഫത്തുകളെ(സവിശേഷഗുണങ്ങളെ)കുറിച്ചുള്ള ജ്ഞാനം എന്നാണ്. അല്ലാഹു നിയോഗിച്ചിട്ടുള്ള ജമാഅത്തിന്റെ ഭാഗമാണ് നിങ്ങൾ. അതുകൊണ്ട് അവന്റെ സത്തയെ കുറിച്ചുള്ള ജ്ഞാനം നിങ്ങൾക്കുണ്ടാകേണ്ടത് നിർബന്ധമാണ്. നിങ്ങൾ വിധിയെ പഴിക്കുന്നത് **ശേഷം പേജ് 19 ൽ**

# സിയാൽക്കോട്ട്; ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ രണ്ടാമത്തെ സ്വദേശം!

മുജിബുർറഹ്മാൻ മുബല്ലിഗ് സിയാൽക്കോട്ട്
പരിഭാഷ: മൗലവി സഫ്ർ അഹ്മദ്.

സിയാൽക്കോട്ട് പാക്കിസ്താനിലെ പഞ്ചാബ് സംസ്ഥാനത്തിൽ സ്ഥിതിചെയ്യുന്ന ചരിത്രപരവും വ്യാവസായികവുമായ ഒരു പട്ടണമാണ്. ഹിന്ദുക്കളുടെ പരിശുദ്ധഗ്രന്ഥമായ മഹാഭാരതത്തിന്റെ രചയിതാവ് വേദവ്യാസ മഹർഷിയുടെ കണക്കുപ്രകാരം സിയാൽക്കോട്ടിന്റെ ചരിത്രം അയ്യായിരം വർഷം പുരാതനമാണ്. സിയാൽക്കോട്ടിന്റെ ചരിത്രപരമായ മഹത്ത്വത്തെ കുറിച്ച് പല ശ്ലോകങ്ങളും മഹാഭാരതത്തിലുണ്ട്. അതുപോലെതന്നെ ഇവിടെനിന്ന് കളിസാധനങ്ങളും ശസ്ത്രക്രിയക്കുള്ള സാധനങ്ങളും തയ്യാറാക്കുന്നതുകൊണ്ട് ഈ പട്ടണത്തിന് മുഴുലോകത്തും പ്രത്യേക സ്ഥാനമുണ്ട്.

### ഹദ്റത്ത് മസീഹ് മൗഊദും(അ) സിയാൽക്കോട്ടും:

ഹദ്റത്ത് മസീഹ് മൗഊദ്(അ)അല്ലാഹുവുമായി പരിപൂർണമായ ബന്ധം സ്ഥാപിക്കുന്നവരെക്കുറിച്ച് പറയുന്നു:

"അവർ താമസിക്കുന്ന സ്ഥലത്തും അല്ലാഹു അനുഗ്രഹം നൽകുന്നു. അവർ താമസിക്കുന്ന വീടും ബുദ്ധിമുട്ടുകളിൽനിന്ന് സുരക്ഷിതമാക്കപ്പെടുന്നു. അല്ലാഹുവിന്റെ മലക്കുകൾ അതിനെ സംരക്ഷിക്കുന്നു. ഇതേപ്രകാരം അവരുടെ പട്ടണങ്ങളിലും ഗ്രാമങ്ങളിലും അനുഗ്രഹവും ഒരു പ്രത്യേകതയും നൽകുന്നു. ഇപ്രകാരം ഏതൊരു മണ്ണിലാണോ അവരുടെ കാലടികൾ പതിയുന്നത് ആ മണ്ണിന് അനുഗ്രഹം നല്കപ്പെടുന്നു." (ഹഖീഖത്തുൽ വഹ്യ്, റൂഹാനീ ഖസായിൻ, വാല്യം 22, പേജ് 19)

സിയാൽക്കോട്ടും ആ അനുഗൃഹീത സ്ഥലങ്ങളിൽപെട്ട ഒരു സ്ഥലമാണ്. ആ സ്ഥലത്ത് കാലത്തിന്റെ ഇമാം ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത കാലടികൾ പതിഞ്ഞിരുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"എനിക്ക് ഖാദിയാനോട് എത്രമാത്രം സ്നേഹമുണ്ടോ അതുപോലുള്ള സ്നേഹമാണ് ഈ സ്ഥലത്തോടുമുള്ളത്. കാരണം എന്റെ ആദ്യകാല പ്രായത്തിൽ ഞാൻ ഇവിടെ താമസിക്കുകയും പട്ടണത്തിന്റെ തെരുവീഥികളിൽ ചുറ്റിക്കറങ്ങുകയും ചെയ്തിരുന്നു." (ലക്ചർ സി യാൽക്കോട്ട്, റൂഹാനി ഖസായിൻ, വാല്യം 20, പേജ് 243)

1864ൽ ആദ്യമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) ജോലി ആവശ്യാർഥം സിയാൽക്കോട്ടിൽ പോയി. അദ്ദേഹം 1868 വരെ ഇവിടെ താമസിച്ചു. അതിനുശേഷം 1877ലും പോവുകയുണ്ടായി. വാദത്തിനുശേഷം അദ്ദേഹം 1892ലും 1904ലും പോയിരുന്നു.

### ജോലിചെയ്യാനുള്ള കാരണവും ദൈവിക യുക്തിയും:

ഹദ്റത്ത് മുസ്ലിഹ് മൗഊദ്(റ) പറയുന്നു: "തന്റെ പിതാവിന് എഴുതിയിട്ടുള്ള ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു എഴുത്ത് കിട്ടി. അദ്ദേഹത്തിന്റെ പിതാവ് അദ്ദേഹത്തെ ഭൗതികമായ കാര്യങ്ങളിൽ ശ്രദ്ധയുണ്ടാകുന്നതിനുവേണ്ടി കേസുകളിലും മറ്റു കാര്യങ്ങളിലും വ്യാപൃതനാക്കാൻ ആഗ്രഹിച്ചിരുന്നു. അദ്ദേഹം തന്റെ പിതാവിന് ഇപ്രകാരമെഴുതി: 'ഈ ഭൗതികതയും അതിന്റെ സമ്പത്തും നശ്വരമാണ്. എന്നെ ഈ പ്രവൃത്തിയിൽനിന്ന് ഒഴിവാക്കേണ്ടതാണ്.' എന്നാൽ, പിതാവ് അദ്ദേഹത്തിന്റെ പിന്നാലെ കൂടിയപ്പോൾ പകൽ പിതാവിന്റെ ജോലി ചെയ്തും രാത്രിയിൽ ചിന്തയൊന്നുമില്ലാതെ അല്ലാഹുവിനെ സ്മരിച്ചും കഴിയാമല്ലോയെന്ന ഉദ്ദേശ്യത്തോടുകൂടിയാണ് അദ്ദേഹംസിയാൽക്കോട്ടിൽ പോയത്.

ഇതിലുള്ള രണ്ടാമത്തെ യുക്തി എന്നു പറയുന്നത്, ഖാദിയാൻ മുഴുവനും നമ്മുടെ ഉടമസ്ഥതയിലുള്ളതാണ്. ഇപ്പോഴും അവിടെ ആരെല്ലാം ഭൂമി വാങ്ങിയിട്ടുണ്ടോ അവരെല്ലാം അഹ്മദികളാണ്. ഇതിന്റെ അടിസ്ഥാനത്തിലും അവിടെയുള്ള ആളുകൾ നമ്മുടെ പ്രജകളാണ്. അതുകൊണ്ട് അവിടെയുള്ള ജനങ്ങൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കുറിച്ച് സാക്ഷി പറയുകയാണെങ്കിൽ 'ഖാജയുടെ സാക്ഷി തവള' എന്ന് ആരെങ്കിലും പറഞ്ഞേക്കാം. അതുകൊണ്ടാണ് അല്ലാഹു അദ്ദേഹത്തെ സിയാൽക്കോട്ടിൽ എത്തിച്ചത്. അവിടെ അദ്ദേഹത്തിന് അന്യരോടൊപ്പം താമസിക്കേണ്ടതായി വന്നു. അങ്ങനെ അദ്ദേഹത്തേയും അദ്ദേഹത്തിന്റെ കുടുംബത്തേയും കുറിച്ച് അറിയാത്തവരുടെ ഇടയിൽ താമസിച്ച് അവർ അദ്ദേഹത്തിന്റെ പരിശുദ്ധജീവിതത്തെ കുറിച്ച് സാക്ഷി പറയുന്നവരാകണമെന്നതായിരുന്നു ദൈവനിശ്ചയം. പിന്നെ പഞ്ചാബിലെ ക്രിസ്ത്യാനികളുടെ കേന്ദ്രവുമാണ് സിയാൽക്കോട്ട്. അങ്ങനെ അവിടെ അദ്ദേഹത്തിന് അവരെ നേരിടാനുള്ള അവസരവും ലഭിച്ചു. അദ്ദേഹം ക്രിസ്ത്യാനികളുമായി വാദപ്രതിവാദങ്ങൾ നടത്തിക്കൊണ്ടിരുന്നു; മുസ്ലിംകളും അദ്ദേഹത്തിന്റെ ജീവിതം കണ്ടു. ഖാദിയാനിലെ ആളുകൾ അദ്ദേഹത്തിന്റെ കർഷകരാണെന്ന് പറയപ്പെടാവുന്നതാണ്. എന്നാൽ, സിയാൽക്കോട്ടിലെ ജനങ്ങൾക്ക് ഈ നില ഉണ്ടായിരുന്നില്ല. അവിടെയുള്ള വലിയ വലിയ മുസ്ലിംകൾ അദ്ദേഹത്തിന്റെ ഉയർന്ന സ്ഥാനത്തെ പ്രകീർത്തിക്കാൻ തുടങ്ങി.' (അൻവാറുൽ ഉലൂം, വാല്യം 13, പേജ് 408)

ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ താമസിച്ച കാലയളവിൽ ഉണ്ടായ ചില സംഭവങ്ങൾ വായനക്കാരുടെ മുമ്പിൽ സമർപ്പിക്കാം.

### ദൈവികസംരക്ഷണം:

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഒരിക്കൽ ഞാൻ ഒരു വീടിന്റെ രണ്ടാം നിലയിൽ ഉറങ്ങിക്കൊണ്ടിരിക്കുകയായിരുന്നു. ഇതേ മുറിയിൽ എന്നോടൊപ്പം വേറെയും 15, 16 പേരുണ്ടായിരുന്നു. രാത്രിസമയത്ത് മോന്തായത്തിൽ ടിക്, ടിക് ശബ്ദം കേട്ടു. ഞാൻ എല്ലാവരേയും ഉണർത്തി. എന്നിട്ട് പറഞ്ഞു മോന്തായത്തിന് എന്തോ സംഭവിച്ചിട്ടുണ്ട്. എല്ലാവരും ഇവിടന്ന് പുറത്തിറങ്ങുക. അവർ പറഞ്ഞു എലിയായിരിക്കും. പേടിക്കേണ്ട കാര്യമില്ല. ഇത് പറഞ്ഞ് അവരെല്ലാവരും വീണ്ടുമുറങ്ങി. കുറച്ച് കഴിഞ്ഞതിനുശേഷം അതുപോലെ വീണ്ടും ശബ്ദമുണ്ടായി. അപ്പോൾ ഞാൻ വീണ്ടും അവരെ ഉണർത്തി. പക്ഷേ, വീണ്ടും അവർ നിസ്സാരമാക്കി തള്ളിക്കളഞ്ഞു. പിന്നീട് മൂന്നാമത്തെ പ്രാവശ്യവും ശബ്ദമുണ്ടായപ്പോൾ ഞാൻ അവരെ ശക്തമായി എഴുന്നേൽപിക്കുകയും എല്ലാവരേയും വീടിന്റെ പുറത്താക്കുകയും ചെയ്തു. എല്ലാവരും പുറത്തുപോയതിനുശേഷം ഞാനും പുറത്തേക്ക് കടന്നു. ഞാൻ കോണിയുടെ രണ്ടാമത്തെ സ്റ്റെപ്പിലായിരുന്നു ഉണ്ടായിരുന്നത്. അപ്പോൾ ത്തന്നെ മേൽക്കൂര പൊളിഞ്ഞ് താഴെ വീണു. അത് മറ്റൊരു മേൽക്കൂരയോടൊപ്പമാണ് വീണത്. കട്ടിൽ തുണ്ടം തുണ്ടമായി. പക്ഷേ, ഞങ്ങളെല്ലാവരും രക്ഷപ്പെട്ടു. അല്ലാഹുവിന്റെ അത്ഭുതകരമായ നിലയിലുള്ള സംരക്ഷണമായിരുന്നു ഇത്. ഞങ്ങൾ അവിടെനിന്ന് ഇറങ്ങുന്നതുവരെ മേൽക്കൂര സുരക്ഷിതമായി നിന്നു." (മൽഫൂദാത്ത്, വാല്യം 5, പേജ് 226)

മറ്റൊരു സംഭവത്തെ സ്മരിച്ചുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

"ഞാൻ സിയാൽക്കോട്ടിലുള്ളപ്പോൾ ഒരു സംഭവം നടന്നു. ഒരു ദിവസം മഴ പെയ്യുകയായിരുന്നു. ഞാനിരുന്ന മുറിയിൽ മിന്നൽ വന്നു പതിച്ചു. അവിടം മുഴുവൻ പുക നിറഞ്ഞു. ഗന്ധകത്തിന്റെ മണം വന്നു. പക്ഷേ, ഞങ്ങൾക്ക് ഒരു നഷ്ടവും സംഭവിച്ചില്ല. ആ നേരത്ത് തേജാസിംഗിന്റെ അമ്പലത്തിൽ മിന്നൽ പതിച്ചിരുന്നു. ഹിന്ദുക്കളുടെ ആചാരപ്രകാരം വലംവെക്കുന്നതിന് ഇടവിട്ട് ചുറ്റുമതിലുകൾ കെട്ടിയിരുന്നു. അദ്ദേഹം അകത്ത് ഇരിക്കുകയായിരുന്നു. മിന്നൽ ചുറ്റിക്കറങ്ങി അകത്ത് പോയി അദ്ദേഹത്തിൽ പതിച്ചു. കത്തിക്കരിഞ്ഞ് കൽക്കരിപോലെയായി. നോക്കൂ, ഈ മിന്നൽത്തന്നെ അവരെ കത്തിച്ചു ചാമ്പലാക്കി. പക്ഷേ, നമുക്ക് ഒരു നഷ്ടവും സംഭവിച്ചില്ല. കാരണം അല്ലാഹു ഞങ്ങളെ അതിൽനിന്ന് സംരക്ഷിച്ചു.

### ഖുർആനോടുള്ള സ്നേഹം:

ഹദ്റത്ത് മസീഹ് മൗഊദ്(അ) കച്ചേരിയിൽനിന്ന് ജോലി കഴിഞ്ഞ് വീട്ടിൽ വന്നാൽ വാതിലടക്കുമായിരുന്നു. അദ്ദേഹത്തിന്റെ ഈ രീതി, അന്വേഷണത്വരയുള്ള ചിലയാളുകളിൽ മിർസാ സാഹിബ് എന്താണ് ചെയ്യുന്നതെന്ന് നോക്കേണ്ടതാണെന്ന ധാരണ ഉണ്ടാക്കി. അങ്ങനെ അദ്ദേഹം കൈയിൽ ഖുർആനുമായി മുസല്ലയിലിരിക്കുന്നതും വളരെ വിനയത്തോടും യാചനയോടുംകൂടി ഇപ്രകാരം ദുആ ചെയ്യുന്നതുമാണ് അവർ കണ്ടത്: "അല്ലാഹുവേ ഇത് നിന്റെ വചനമാണ്. നീ മനസ്സിലാക്കിത്തന്നാൽ മാത്രമേ എനിക്ക് മനസ്സിലാകുകയുള്ളൂ." (താരീഖെ അഹ്മദിയ്യത്ത്, വാല്യം 1, പേജ് 85)

### ദുആയുടെ സ്വീകാര്യത

മിയാൻ ബുട്ടാ കശ്മീരി സാഹിബ്(ഇദ്ദേഹത്തിന്റെ വീട്ടിലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ദീർഘകാലം താമസിച്ചിരുന്നു) പറയുന്നു:

"ഒരിക്കൽ എന്റെ പിതാവ് രോഗിയായി. ഇനി ഇദ്ദേഹം രക്ഷപ്പെടുകയില്ലെന്നും ചികിത്സിക്കുന്നത് വെറുതെയാണെന്നും എല്ലാ ഡോക്ടർമാരും വൈദ്യന്മാരും മറുപടി നൽകി. എന്നാൽ, "ഞങ്ങൾ മിർസാ സാഹിബിനെ വിളിപ്പിച്ചു. അദ്ദേഹം ദുആ ചെയ്യുകയും ചില ചികിത്സകൾ പറഞ്ഞുതരികയും ചെയ്തു. അദ്ദേഹത്തിന്റെ ദുആയുടെ ഫലമായി അല്ലാഹു എന്റെ പിതാവിന് രോഗശമനം നൽകി. അദ്ദേഹത്തിന്റെ പല ദുആകളും ഞങ്ങളിൽ പൂർത്തിയായിട്ടുണ്ട്." (അൽഫള്ൽ 1925 ഒക്ടോബർ 8)

### സൃഷ്ടിസേവനം
സിയാൽക്കോട്ടിൽ താമസിക്കുന്ന കാലത്ത് ഹദ്റത്ത് മസീഹ് മൗഊദ്(അ) അല്ലാഹുവിന്റെ സൃഷ്ടികളുടെ സേവനത്തിലേക്ക് ശ്രദ്ധിക്കുകയുണ്ടായി. അദ്ദേഹം വളരെയേറെ സൃഷ്ടിസേവനം ചെയ്യുന്നയാളാണ്. അത് കാരണമായി അദ്ദേഹത്തിന്റെ വേതനത്തിൽനിന്ന് കുറച്ച് ചെലവിനെടുത്ത് ബാക്കി മുഴുവനും ആ പ്രദേശത്തുള്ള വിധവകൾക്ക് വസ്ത്രം ഉണ്ടാക്കികൊടുക്കുകയോ അല്ലെങ്കിൽ പണമായി വിതരണം ചെയ്യുകയോ ചെയ്യുമായിരുന്നു. (സീറത്തുൽ മഹ്ദി, ഭാഗം 3, പേജ് 94)

### ഓട്ടമത്സരം:
"ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ മതപരമായ ശ്രേഷ്ഠതയും മുൻകടന്നുള്ള പ്രവൃത്തിയും എല്ലാവരും അറിയുന്ന കാര്യമാണ്. പക്ഷേ, അദ്ദേഹം ശാരീരികമായ നിലയിലും ദൃഢഗാത്രനായിരുന്നു. അതിന്റെ ഫലമായി ഓട്ടത്തിലും അദ്ദേഹം മുൻകടക്കുമായിരുന്നു. ഒരിക്കൽ കച്ചേരി പിരിഞ്ഞതിനുശേഷം കൂടെ ജോലി ചെയ്യുന്നവർ വീട്ടിലേക്ക് തിരിച്ചുപോകാനൊരുങ്ങുമ്പോൾ യാദൃശ്ചികമായി വേഗത്തിൽ ഓടുന്നതിനെ കുറിച്ചും ജയിക്കുന്നതിനെകുറിച്ചും പറയാൻ തുടങ്ങി. തങ്ങൾ വളരെ വേഗത്തിൽ ഓടുന്നതാണെന്ന് ഓരോരുത്തരും വാദിക്കാൻ തുടങ്ങി. അവസാനം ബലാസിംഗ് എന്നു പേരുള്ള ഒരാൾ ഓട്ടത്തിൽ താൻ ജയിക്കുന്നതാണെന്ന് പറഞ്ഞു. തന്നോടൊപ്പം ഓടുകയാണെങ്കിൽ ആരാണ് വേഗത്തിൽ ഓടുന്നതെന്ന് മനസ്സിലാക്കാമെന്ന് മിർസാ സാഹിബും പറഞ്ഞു. അവസാനം റഫറിയായി ശേഖ് അല്ലാദാദ് സാഹിബിനെ നിശ്ചയിച്ചു. ഇവിടെനിന്ന് തുടങ്ങി കച്ചേരി റോഡിലെ പാലംവരെ നഗ്നപാദരായി ഓടണമെന്ന് നിശ്ചയിക്കുകയും ചെയ്തു. എല്ലാവരും പാദരക്ഷകൾ ഒരാളുടെ കൈയിൽ കൊടുക്കുകയും ആരാണ് ജയിച്ചതെന്ന് സാക്ഷ്യം പറയാൻ ഒരാളെ ആദ്യമേ പാലത്തിന്റെയടുത്തേക്കയക്കുകയും ചെയ്തു. മിർസാ സാഹിബും ബലാസിംഗും ഒരേസമയത്ത് ഓട്ടം തുടങ്ങി. ബാക്കിയുള്ളവർ സാധാരണ വേഗത്തിൽ പിന്നീട് പുറപ്പെട്ടു. എന്നാൽ, പാലത്തിന്റെയടുത്തെത്തിയപ്പോൾ മിർസാ സാഹിബ് മുൻകടക്കുകയും ബലാസിംഗ് പിന്നിലാവുകയും ചെയ്തു." (സീറത്തുൽ മഹ്ദി, ഒന്നാം ഭാഗം, പേജ് 272)

### ക്രിസ്ത്യാനികളുടെ വ്യാപനത്തിന് ഇംഗ്ലീഷുകാരുടെ ശ്രമം:
'ചരിത്രത്തിൽ 19-ാം നൂറ്റാണ്ട് ക്രിസ്തുമതത്തിന്റെ വ്യാപനത്തിന്റെ അടിസ്ഥാനത്തിൽ വളരെ പ്രാധാന്യമർഹിക്കുന്ന ഒരു നൂറ്റാണ്ടായിരുന്നു. ആ നൂറ്റാണ്ടിൽ ക്രിസ്തുമതം ബ്രിട്ടീഷ് ഭരണകൂടത്തിന്റെ മേൽനോട്ടത്തിൽ വേഗത്തോടുകൂടി പ്രചരിക്കുകയായിരുന്നു. ക്രിസ്തീയ പാതിരിമാർ മുഴുവൻ ഇന്ത്യയേയും ക്രിസ്ത്യാനികളുടെ മടിത്തട്ടിൽ കൊണ്ടുവരുന്നതാണെന്ന് വീരവാദം മുഴക്കുകയായിരുന്നു. തങ്ങളുടെ ഉദ്ദേശ്യത്തെവിജയിപ്പിക്കുന്നതിനുവേണ്ടി ധാരാളം ലിറ്ററേച്ചറുകൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയായിരുന്നു. ആദ്യമായി മുഴുവൻ ഇന്ത്യക്കാരേയും ക്രിസ്ത്യാനികളുടെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിനുള്ള പോളിസി വളരെ രഹസ്യമായി ആസൂത്രണം ചെയ്തു. 1862-ൽ ഇംഗ്ലണ്ടിലെ പ്രധാനമന്ത്രി പറഞ്ഞു: നമെല്ലാവരും നമ്മുടെ ഉദ്ദേശ്യത്തിൽ ഐക്യത്തിലാണ്. നാം ക്രിസ്തുമതത്തിന്റെ തബ്ലീഗ് കഴിവിന്റെ പരമാവധി വ്യാപിപ്പിക്കുകയും ഇന്ത്യയുടെ ഓരോ കോണുകളിലും ഇതിനെ വ്യാപിപ്പിക്കുകയും ചെയ്യുകയെന്നത് നമ്മുടെ ബാധ്യത മാത്രമല്ല മറിച്ച്, ഇതിൽ നമുക്ക് പ്രയോജനവുമുണ്ട്.' (താരിഖെ അഹ്മദിയ്യത്ത്, വാല്യം 1, പേജ് 89)

### സിയാൽക്കോട്ട് ക്രിസ്ത്യാനികളുടെ കേന്ദ്രം:
പഞ്ചാബിനെ കുരിശിന്റെ കൊടിക്കീഴിൽ കൊണ്ടുവരുന്നതിന് ക്രിസ്ത്യാനികളുടെ കേന്ദ്രം ആദ്യമായി ലുധിയാനയിൽ സ്ഥാപിച്ചു. അതിനുശേഷം മറ്റുള്ള പ്രദേശങ്ങളിലേക്കും അത് വ്യാപിച്ചു. എന്നാൽ, സിയാൽക്കോട്ട് മിഷന്റെ പ്രത്യേകതയെന്തായിരുന്നുവെന്നാൽ സിയാൽക്കോട്ട് എന്ന സ്ഥലമാണ് ശക്തമായി ഇംഗ്ലീഷുകാർക്കെതിരെ രാജ്യദ്രോഹം ചെയ്യുന്നതിന് ഭാഗഭാക്കായത്. അതിനാൽ ഈ സ്ഥലത്തെ തങ്ങളുടെ കേന്ദ്രമാക്കി(ആമലെ ഇമാു)മാറ്റുന്നത് ഉചിതമായിരിക്കുമെന്ന് ഇംഗ്ലീഷുകാർ കരുതി. സൈനിക ഓഫീസർമാരുടെ അഭിപ്രായപ്രകാരം അത് 1856ൽ രൂപീകരിക്കപ്പെട്ടു. പത്തുവർഷം കൊണ്ട് ഈ മിഷൻ അതിന്റെ വേര് ഉറപ്പിച്ചു. ഈ മിഷന്റെ കീഴിൽ ക്രൈസ്തവ ധർമം ധാരാളമായി വ്യാപിക്കാൻ തുടങ്ങി.

### കുരിശുടയ്ക്കൽ
മുസ്‌ലിം ഉമ്മത്തിൽ വരാനിരിക്കുന്ന മസീഹിന്റെ ഏറ്റവും വലിയ ജോലി കുരിശുടയ്ക്കുകയെന്നതാണെന്ന് നബി(സ)തിരുമേനി പ്രവചനം ചെയ്തിരുന്നു. കുരിശുടയ്ക്കുകയെന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് ബാഹ്യമായ നിലയിൽ കുരിശിനെ ഉടക്കുകയെന്നല്ല മറിച്ച്, ക്രൈസ്തവ ധർമത്തിന്റെ തെറ്റായ വിശ്വാസത്തെ ഇല്ലായ്മ ചെയ്യുകയെന്നതാണ്. ഈ കാര്യം പ്രകടമാക്കുന്നതിന് ആദ്യത്തെ സ്ഥലം സിയാൽക്കോട്ട് സ്ഥാപിതമായി. അവിടെ അദ്ദേഹം വ്യക്തമായ വിജയം കരസ്ഥമാക്കി. അത് അദ്ദേഹത്തിന്റെ സത്യതയ്ക്കുള്ള വ്യക്തമായ തെളിവാണ്. മറ്റുള്ള മുസ്‌ലിം പണ്ഡിതന്മാർ പാതിരിമാരെ നേരിടുന്നതിന് ഭയന്നപ്പോൾ അദ്ദേഹം ഇസ്‌ലാമിനെ പ്രതിരോധിച്ചുകൊണ്ട് അവരെ നേരിടുകയുണ്ടായി.

ഒരിക്കൽ സിയാൽക്കോട്ടിലെ ഹാജിപുര പ്രദേശത്തെ അലായിശ എന്നു പേരുള്ള ഒരു പാതിരിയുമായി ഹദ്റത്ത് മസീഹ് മൗഊദ്(അ) വാദപ്രതിവാദം നടത്തുകയുണ്ടായി. പാതിരി സാഹിബ് വാദപ്രതിവാദത്തിന് തുടക്കം കുറിച്ചുകൊണ്ട് ഇപ്രകാരം പറഞ്ഞു: ക്രൈസ്തവമതം വിശ്വസിക്കാതെ മോക്ഷം സാധ്യമല്ല. മോക്ഷത്തിന്റെ വിശദമായ നിർവചനം എന്താണെന്ന് പറയുകയെന്ന് മാത്രമേ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയാൻ ആവശ്യപ്പെട്ടിട്ടുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇത് പറയേണ്ട താമസം പാതിരി ആശ്ചര്യപ്പെടുകയും താൻ ഈ രീതിയിലുള്ള തർക്കശാസ്ത്രം പഠിച്ചിട്ടില്ലെന്ന് പറഞ്ഞെഴുന്നേറ്റ് പോവുകയും ചെയ്തു. ഇതുപോലെ സിയാൽക്കോട്ടിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഏതൊരു പാതിരിമാരോടാണോ ആശയവിനിമയം നടത്തിയിട്ടുള്ളത് അവരിൽ ഒരാൾ ബട്ലർ എന്ന പാതിരിയായിരുന്നു. അദ്ദേഹം സ്കോച്ച് മിഷന്റെ പേരുകേട്ട വലിയ പാതിരിയായിരുന്നു.

പാതിരി ബട്ലർ അദ്ദേഹത്തിന്റെ തെളിവിൽ അങ്ങേയറ്റം പ്രഭാവിതനാവുകയും ഓഫീസിന്റെ അവസാന സമയങ്ങളിൽ അധികനേരവും ഹദ്റത്ത് മസീഹ് മൗഊദിന്റെ സന്നിധിയിൽ ഹാജരാവുകയും സംസാരിച്ചുകൊണ്ട് അദ്ദേഹത്തിന്റെ താമസസ്ഥലംവരെ പോവുകയും വളരെ ശ്രദ്ധയോടെ അദ്ദേഹത്തിന്റെ സംസാരം കേൾക്കുകയും ചെയ്യുമായിരുന്നു. എന്നാൽ, കുടുസായ ചിന്താഗതിയിലുള്ള പാതിരിമാർ അദ്ദേഹത്തെ ഇതിൽനിന്ന് തടയുകയും ഇതിൽ താങ്കൾക്കും മിഷനും നാണക്കേടാണെന്നും അതുകൊണ്ട് താങ്കൾ അവിടെ പോകരുതെന്നും പറയുകയും ചെയ്തു. അദ്ദേഹം പറഞ്ഞു: 'ഇദ്ദേഹം മഹാനായ ഒരു വ്യക്തിയാണ്. ഇദ്ദേഹത്തിന് സമാനനായി ആരുമില്ല. ഇത് നിങ്ങൾക്ക് മനസ്സിലാകുകയില്ല. ഞാൻ ഇത് നല്ലപോലെ മനസ്സിലാക്കിയിരിക്കുന്നു.' (അൽഹക്കം 1934 ഏപ്രിൽ 7)

പാതിരി ബട്ലർ സാഹിബ് വിദേശത്തേക്ക് പോകുമ്പോൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ കാണാതെ പോകുന്നത് അദ്ദേഹം ഇഷ്ടപ്പെട്ടിരുന്നില്ല. അങ്ങനെ അദ്ദേഹം ഓഫീസ് സമയത്ത് കച്ചേരിയിൽ വരികയും ഡപ്യൂട്ടി കമ്മീഷണർ ചോദിച്ചപ്പോൾ മിർസാ സാഹിബിനെ കാണാൻ വന്നതാണെന്ന് പറയുകയും ചെയ്തു. അതു കഴിഞ്ഞ് മിർസാ സാഹിബ് ഇരുന്ന സ്ഥലത്ത് അദ്ദേഹം പോവുകയും കുറച്ച് നേരം ഇരുന്ന് തിരിച്ചുപോവുകയും ചെയ്തു. (താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 93)

### 1877-ലെ ആഗമം:
ഹക്കീം ഹുസാമുദ്ദീൻ സാഹിബിന്റെ ക്ഷണപ്രകാരം 1877-ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ പോകുകയും തന്റെ ആത്മാർഥ ഹിന്ദു സുഹൃത്ത് ലാലാ ഭീംസീനിന്റെ വീട്ടിൽ താമസിക്കുകയുണ്ടായി. (താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 148)

### 1892-ലെ ആഗമം:
ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിക്കൽക്കൂടി സിയാൽക്കോട്ടിൽ വരണമെന്ന് അവിടെയുള്ള അഹ്മദികൾ ആഗ്രഹം പ്രകടിപ്പിച്ചു. അവിടന്ന് ലാഹോറിൽ വന്നപ്പോൾ മൗലവി അബ്ദുൽ കരീം സാഹിബ് സിയാൽക്കോട്ടിലെ ജമാഅത്തംഗങ്ങളുടെ ആഗ്രഹപ്രകാരം ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സിയാൽക്കോട്ടിലേക്ക് ക്ഷണിച്ചു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ ക്ഷണം സ്വീകരിക്കുകയും 1892 ഫിബ്രവരിയിലെ രണ്ടാമത്തെ ആഴ്ച സിയാൽക്കോട്ടിലേക്ക് പോവുകയും ഹക്കീം ഹുസാമുദ്ദീൻ സാഹിബിന്റെ വീട്ടിൽ താമസിക്കുകയും ചെയ്തു. (താരീഖെ അഹ്മദിയ്യത്ത് വാല്യം 1, പേജ് 459)

### 1904-ലെ ആഗമം:
വാദത്തിനുശേഷം ഹദ്റത്ത് മസീഹ് മൗഊദ്(അ) 1892 ലും 1904 ലും സിയാൽക്കോട്ടിൽ പോയിരുന്നു. 1904-ൽ ഒക്ടോബർ 27-നാണ് അദ്ദേഹം ഖാദിയാനിൽനിന്ന് പുറപ്പെട്ടത്. രാത്രിയിൽ അവിടെ എത്തുന്ന വണ്ടിയിൽ യാത്ര ചെയ്യണമെന്നാണ് അദ്ദേഹം ആഗ്രഹിച്ചിരുന്നത്. എന്നാൽ, കൂടുതൽ ആളുകൾ വരവേൽക്കാൻ സ്റ്റേഷനിൽ വരുന്നതിന് ഹദ്റത്ത് മസീഹ് മൗഊദ്(അ)പകൽ വണ്ടിയിൽ അവിടെ എത്തണമെന്നായിരുന്നു സിയാൽക്കോട്ട് ജമാഅത്തംഗങ്ങളുടെ ആഗ്രഹമെങ്കിലും ഹുദൂർ(അ) ഈ നിർദേശം ഇഷ്ടപ്പെട്ടില്ല. ഭൗതികരായ ആളുകൾ, തങ്ങളുടെ പ്രതാപം ജനങ്ങളെ കൂടുതൽ കാണിക്കുന്നതിന് ഉച്ചനേരത്ത് എത്തണമെന്നാണ് ആഗ്രഹിക്കാറുള്ളത്. പക്ഷേ, ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ഭൗതികമായ കാര്യത്തോട് ഒരു താൽപര്യവുമുണ്ടായിരുന്നില്ല.

### വരവേൽപ്പും അതിഥി സൽക്കാരവും:
ശത്രുക്കൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ സ്വീകരിക്കുന്നത് തടയാൻ വേണ്ടി അങ്ങേയറ്റം ശ്രമിക്കുകയുണ്ടായി. എന്നാൽ, കഠിനശത്രുത ഉണ്ടായിട്ടും അദ്ദേഹത്തെ സ്വീകരിക്കാൻ ധാരാളമാളുകൾ എത്തുകയും സ്റ്റേഷനിൽ വളരെയധികം തിരക്കനുഭവപ്പെടുകയും ചെയ്തു. ഹുദൂർ(അ)ന് താമസിക്കാൻ ഹക്കിം ഹുസാമുദ്ദീൻ സാഹിബിന്റെ വീട്ടിലാണ് ഏർപാട് ചെയ്തത്. മറ്റുള്ളവർക്കു താമസിക്കാൻ അടുത്തുള്ള ഒരു വീട് ഒഴിപ്പിക്കുകയും ചെയ്തു. സിയാൽക്കോട്ടിലെ ജമാഅത്തംഗങ്ങൾ ഇവിടെ അതിഥി സൽക്കാരത്തിൽ ഒരു കുറവും വരുത്തിയിട്ടില്ല.

### ബയ്അത്ത് പരിപാടി
ഒക്ടോബർ 28 ജുമുഅ ദിവസം ഹക്കീം ഹുസാമുദ്ദീൻ സാഹിബിന്റെ മസ്ജിദിൽ മൗലവി അബ്ദുൽ കരീം സാഹിബ് ജുമുഅ നമസ്കരിപ്പിച്ചു. ജുമുഅയ്ക്കുശേഷം ധാരാളമാളുകൾ ബയ്അത്ത് ചെയ്തു. തിരക്ക് കാരണം എല്ലാവർക്കും

ഹുദൂർ(അ)ന്റെ പരിശുദ്ധകരങ്ങളിൽ കൈവെച്ചു കൊണ്ട് ബയ്അത്ത് ചെയ്യുകയെന്നത് അസംഭാവ്യമായിരുന്നു. ആളുകൾ ബയ്അത്ത് ചെയ്യുന്നതിനായി പല ഭാഗങ്ങളിലായി 12 തലപ്പാവ് വിവിധ വശങ്ങളിൽ വിരിക്കുകയുണ്ടായി. ബയ്അത്തിനുശേഷം അവിടന്ന് വികാരഭരിതമായ പ്രസംഗം നടത്തുകയും തന്റെ വാദത്തിനുള്ള സത്യസാക്ഷ്യത്തെ അടിസ്ഥാനപ്പടുത്തി പ്രസംഗിക്കുകയും ചെയ്തു.

## തിരിച്ചുപോകാനുള്ള ഉദ്ദേശ്യം മാറ്റിവെച്ചു:

ഹുദൂർ(അ) ഈ ദിവസം കുറേ നേരം തിരക്കിന്നിടയിൽ നിന്നതുകൊണ്ട് സുഖമില്ലാതെയായി. ഒക്ടോബർ 29, 3 തിയതികളിൽ അദ്ദേഹത്തിന് പുറത്തിറങ്ങാൻ സാധിച്ചില്ല. ഇതിന്നിടയിൽ അതിഥികൾ വീണ്ടും സമ്മേളിച്ചു. ആളുകളുടെ ഈ ആധിക്യം സിയാൽക്കോട്ട് ജമാഅത്തി ന് പരീക്ഷണത്തിന് കാരണമാകുമോ എന്ന് അദ്ദേഹം ചിന്തിച്ചു. അതിനാൽ ഹുദൂർ(അ) ഒക്ടോബർ 31ന് തിരിച്ചുപോകാൻ തീരുമാനിച്ചു. ഇത് ജനങ്ങൾക്ക് മനസ്സിലായപ്പോൾ അവർ കഠിനമായി വിഷമിച്ചു. ഈ ഉദ്ദേശ്യത്തെ മാറ്റിവെക്കണമെന്ന് അദ്ദേഹത്തോട് അപേക്ഷിക്കുകയുണ്ടായി. അങ്ങനെ തന്റെ ഉദ്ദേശ്യം ആ മഹാത്മാവ് മാറ്റിവെച്ചു.

## ലക്ചർ സിയാൽക്കോട്ട്:

ഈ ദിവസങ്ങളിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇസ്‌ലാമിനെ കുറിച്ച് ഒരു പ്രഭാഷണം തയ്യാറാക്കണമെന്നും ഇത് 2–ാം തിയതി വായിച്ചു കേൾപ്പിക്കണമെന്നും നിർദ്ദേശമുണ്ടായി. കഠിനമായ രോഗാവസ്ഥയിലായിരുന്നിട്ടും അദ്ദേഹം ഒക്ടോബർ 31–ാം തിയതി ഉച്ചക്കുശേഷം പ്രഭാഷണം എഴുതുകയും നവംബർ 2–ാം തിയതി അത് പ്രസിദ്ധീകരിക്കുകയും ചെയ്തു.

ഹുദൂർ(അ)ന്റെ പ്രഭാഷണം കേൾക്കുന്നതിൽനിന്ന് ജനങ്ങളെ തടയുന്നതിന് പക്ഷപാതികളായ പണ്ഡിതന്മാർ അങ്ങേയറ്റം ശ്രമിക്കുകയുണ്ടായി. ഈ സംഭവത്തെക്കുറിച്ച് ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ) പറയുന്നു:

“ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ എത്തിയപ്പോൾ, ഇദ്ദേഹത്തിന്റെ പ്രസംഗം കേൾക്കാൻ പോകുന്നവരുടെ നിക്കാഹ് മുറിഞ്ഞുപോകുന്നതാണെന്ന് മൗലവിമാർ ഫത്‌വ നൽകുകയുണ്ടായി. എന്നാൽ, ജനങ്ങൾ ഈ ഫത്‌വ വിലവെക്കാത്ത നിലയിലുള്ള ആദരവാണ് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് നൽകിയത്. ആളുകൾ പോകുന്നത് തടയുന്നതിന് കാവൽക്കാരെ നിയോഗിച്ചിരുന്നു. പോകുന്നവരെ കല്ലെറിയാൻ വഴിയിൽ കല്ലുകൾ കൂട്ടിയിരുന്നു. പിന്നീട് നിർബന്ധം ചെലുത്തി ആളുകളെ പുറത്താക്കുകയും ചെയ്തു.”(അൻവാറുൽ ഉലൂം, വാള്യം 7, പേജ് 192)

ഇത്രയെല്ലാം പരിശ്രമങ്ങളുണ്ടായിട്ടും ഈ പ്രസംഗം കേൾക്കാൻ ജനങ്ങൾ തടിച്ചുകൂടി. നവംബർ 2 രാവിലെ 7 മണിക്കാണ് പ്രസംഗത്തിനുള്ള സമയം നിശ്ചയിച്ചിരുന്നത്. ഈ ജൽസയിൽ ഹദ്റത്ത് ഖലീഫത്തുൽ മസീഹ് ഒന്നാമൻ(റ) അധ്യക്ഷത വഹിക്കുകയും മൗലവി അബ്ദുൽ കരീം സാഹിബ് അത് വായിച്ചുകേൾപ്പിക്കുകയും ചെയ്തു. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഈ പ്രഭാഷണത്തിൽ ഇസ്‌ലാമിന്റെ സവിശേഷത വളരെ നല്ലനിലയിൽ വിവരിക്കുകയുണ്ടായി. പ്രസംഗം കേട്ടതിനുശേഷം ആ സമയത്ത് ഡ്യൂട്ടിയിലുണ്ടായിരുന്ന ഒരു പോലീസുദ്യോഗസ്ഥൻ ഇപ്രകാരം പറഞ്ഞു:

“നിങ്ങൾ ഈ വ്യക്തിയെ എന്തിനാണ് എതിർക്കുന്നതെന്ന കാര്യത്തിൽ ഞങ്ങൾ അത്ഭുതപ്പെടാറുണ്ട്. ഇതിനെ എതിർക്കേണ്ടത് ഞങ്ങളോ അല്ലെങ്കിൽ ഹിന്ദുക്കളോ ആണ്. ഇസ്‌ലാം സത്യവും യഥാർത്ഥവുമായ മതമാണെന്നാണ് അദ്ദേഹം സ്ഥാപിച്ചത്. ഞങ്ങളുടെ മതം തെറ്റാണെന്നാണ് സ്ഥാപിച്ചത്; നിങ്ങൾ വെറുതെയാണ് എതിർക്കുന്നത്.” (അൽഹക്കം നവംബർ 30, 1904)

## കൃഷ്ണനാണെന്നുള്ള വാദം

ഹദ്റത്ത് മസീഹ് മൗഊദ്(അ) താൻ കൃഷ്ണനാണെന്ന് ആദ്യമായി വാദിച്ചത് സിയാൽക്കോട്ടിൽ വെച്ചായിരുന്നു. അദ്ദേഹം പറയുന്നു:

“ഏതുപോലെ അല്ലാഹു എന്നെ മുസ്‌ലീംകൾക്കും ക്രിസ്ത്യാനികൾക്കും വാഗ്ദത്ത മസീഹായി അയച്ചുവോ അതുപോലെ ഞാൻ ഹിന്ദുക്കൾക്കും അവതാരമാണ്. ഭൂമിയിൽ നടമാടിക്കൊണ്ടിരിക്കുന്ന തിന്മകളെ നിർമാർജനം ചെയ്യുന്നതിനുവേണ്ടിയാണ് ഞാൻ വന്നിട്ടുള്ളത്. ഞാൻ ഇക്കാര്യം 20 വർഷമായി പറഞ്ഞുകൊണ്ടിരിക്കുന്നു. ഏതുപോലെ ഇബ്നു മർയമിന്റെ നിറത്തിൽ ഞാൻ വന്നുവോ അതുപോലെതന്നെ ഹിന്ദുമതത്തിലെ എല്ലാ ദൈവഭക്തന്മാരേക്കാളും വലിയ ഭക്തനായ രാജാകൃഷ്ണന്റെ നിറത്തിൽ വന്നിരിക്കുന്നു. അല്ലെങ്കിൽ ആത്മീയമായനിലയിൽ ഞാൻ അദ്ദേഹം തന്നെയാണെന്ന് പറയാം. ഇത് എന്റെ ധാരണയല്ല. മറിച്ച് ആകാശഭൂമികളുടെ ദൈവമായ അല്ലാഹു എനിക്ക് വെളിപ്പെടുത്തിതന്ന കാര്യങ്ങളാണ്. ഒരു പ്രാവശ്യമല്ല പല പ്രാവശ്യം ഇക്കാര്യം എന്നോട് പറഞ്ഞിരിക്കുന്നു. അതായത് നീ ഹിന്ദുക്കൾക്ക് കൃഷ്ണനും മുസ്‌ലിംകൾക്കും ക്രിസ്ത്യാനികൾക്കും വാഗ്ദത്ത മസീഹുമാണെന്ന്. ഇത് കേട്ടാൽ, ഒരു കാഫിറിന്റെ പേര് തന്നിൽ ചേർത്തുകൊണ്ട് കുഫ്റിനെ വളരെ വ്യക്തമായി സ്വീകരിച്ചിരിക്കുന്നുവെന്ന് അജ്ഞരായ മുസ്‌ലിംകൾ പറയുമെന്ന് എനിക്കറിയാം. എന്നാൽ, ഇത് ദൈവിക വെളിപാടാണ്. ഇതിനെ വ്യക്തമാക്കാതെ എനിക്ക് നിൽക്കാൻ സാധിക്കുകയില്ല. ഇത്രയും വലിയ ജനസാകല്യത്തിനു മുമ്പിൽ ഇക്കാര്യം പറയുന്ന ആദ്യ ദിവസമാണിന്ന്. കാരണം അല്ലാഹുവിന്റെ ഭാഗത്തുനിന്ന് വരുന്ന ആളുകൾ മറ്റുള്ളവരുടെ പരിഹാസത്തേയും കുത്തുവാക്കുകളേയും ഭയപ്പെടാറില്ല.”(ലക്ചർ സിയാൽക്കോട്ട്, റൂഹാനി ഖസായിൻ, വാള്യം 20, പേജ് 228)

## അന്യരുടെ സാക്ഷ്യം

ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈശ്വരഭക്തിയെ കുറിച്ചും പരിശുദ്ധിയെ കുറിച്ചും മഹത്തായ ആത്മീയാവസ്ഥകളെ കുറിച്ചും ചില സംഭവങ്ങൾ സമർപ്പിക്കാം.

ഹക്കീം മള്ഹർ ഹുസയ്ൻ സാഹിബ് കഠിന ശത്രുവായിട്ടും ഇപ്രകാരം പറയാൻ നിർബന്ധിതനായി:“വിശ്വാസയോഗ്യമായ നില, ഉയർന്ന സഹിഷ്ണുതയും, ഉന്നതമായ ചിന്താഗതിയുമുള്ള മനുഷ്യൻ തന്റെ ശ്രേഷ്ഠമായ മനഃക്കരുത്തിന്നെതിരിൽ ആരേയും ഒന്നുമായി മനസ്സിലാക്കുകയില്ല.”(അൽഹക്കം, ഏപ്രിൽ 7, 1934)

മൗലവി സഫ്ർ അലി സാഹിബിന്റെ പിതാവ് മുൻശി സിറാജുദ്ദീൻ സാഹിബ് പറയുന്നു: “1860–61 കാലഘട്ടത്തിൽ മിർസാ ഗുലാം അഹ്മദ് സാഹിബ്(റ) സിയാൽക്കോട്ട് ജില്ലയിൽ ഗുമസ്തനായിരുന്നു. ആ സമയത്ത് അദ്ദേഹത്തിന്റെ വയസ്സ് 22, 23 ആയിരുന്നു. യുവത്വത്തിലും അങ്ങേയറ്റം സാത്വികനും, മുത്തഖിയുമായിരുന്നുവെന്ന് ഞങ്ങൾക്ക് പറയാൻ സാധിക്കും. ജോലി കഴിഞ്ഞതിനുശേഷമുള്ള മുഴുവൻ സമയവും മതപരമായ വായനയിൽ ചെലവഴിച്ചിരുന്നു. ആളുകളെ കാണുന്നത് വളരെ കുറച്ചു സമയം മാത്രം.” (സമീന്ദാർ പത്രം 1908, മെയ്)

ഹദ്റത്ത് മസീഹ് മൗഊദ്(അ) സിയാൽക്കോട്ടിൽ ചെലവഴിച്ച കാലത്തെ സ്മരിച്ചുകൊണ്ട് മൗലാനാ സയ്യിദ് മീർ ഹസൻ സാഹിബ് സിയാൽക്കോട്ടി എഴുതുന്നു. “അഹോ കഷ്ടം! നമ്മൾ അദ്ദേഹത്തെ വിലമതിച്ചില്ല. അദ്ദേഹത്തിന്റെ ഉന്നതമായ ആത്മീയതയെ വിവരിക്കാൻ സാധിച്ചിട്ടില്ല. അദ്ദേഹത്തിന്റെ ജീവിതം ഒരു സാധാരണ മനുഷ്യന്റെ ജീവിതമായിരുന്നില്ല. മറിച്ച് അദ്ദേഹം അല്ലാഹുവിന്റെ പ്രത്യേക ദാസന്മാരിൽപെട്ടയാളായിരുന്നു. ഇത്തരമാളുകൾ ലോകത്ത് വളരെ കുറച്ച് മാത്രമേ വരാറുള്ളൂ.” (അൽഹക്കം, ഏപ്രിൽ 7, 1934)

## അനുഗൃഹീത സ്ഥലങ്ങൾ:

**മസ്ജിദ് ഹക്കീം ഹുസാമുദ്ദീൻ:** ഹദ്റത്ത് മസീഹ് മൗഊദ്(അ) ജോലിചെയ്തിരുന്ന കാലത്തും വാദത്തിനുശേഷവും ഈ മസ്ജിദിൽ നമസ്കരിച്ചിരുന്നു.

**അബ്ദുൽ അസീസിന്റെ വീട്:** ഈ വീട്ടിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജോലിചെയ്തിരുന്ന കാലത്ത് താമസിച്ചിരുന്നു.

**ഹക്കീം ഹുസാമുദ്ദീന്റെ വീട്:** 1892ലും 1904ലും ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇവിടെയാണ് താമസിച്ചത്.

**കച്ചേരി:** ഇവിടെ ഹദ്റത്ത് മസീഹ് മൗഊദ്(അ) ജോലി ചെയ്തിരുന്നു.

**സറായെ മഹാരാജ (മഹാരാജയുടെ സത്രം):** ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സാന്നിദ്ധ്യത്തിൽ ഇവിടെവച്ചാണ് “*ലക്ചർ സിയാൽക്കോട്ട്*” വായിച്ചു കേൾപ്പിച്ചത്.

**റെയിൽവേ സ്റ്റേഷൻ:** 1904ൽ ഹദ്റത്ത് മസീഹ് മൗഊദ്(അ)സിയാൽക്കോട്ടിൽ വന്നപ്പോൾ ഈ സ്റ്റേഷനിലാണിറങ്ങിയത്. ശക്തമായ എതിർപ്പുണ്ടായിട്ടും അദ്ദേഹത്തെ സ്വീകരിക്കുന്നതിന് ധാരാളമാളുകൾ സ്റ്റേഷനിലുണ്ടായിരുന്നു.

അല്ലാഹു നമ്മുടെ ജമാഅത്തിന് ദിനംപ്രതി അളവറ്റ പുരോഗതി നൽകുകയും നമ്മൾ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ അനുഗൃഹീത അധ്യാപനങ്ങളിൽനിന്ന് ഫലം കരസ്ഥമാക്കുന്നവരായി മാറുകയും ചെയ്യുമാറാകട്ടെ. ആമീൻ.

---

***സയ്യിദുനാ ഹദ്റത്ത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ് പറയുന്നു: “ജാമിഅ അഹ്മദിയ്യായിൽ പോകുന്നവരിൽ വഖ്ഫെ നൗ കുട്ടികളുടെ എണ്ണം കൂടുതലുണ്ടാവേണ്ടതാണ്. നമ്മുടെ മുമ്പിൽ ലോകം മുഴുവനുമുള്ള മൈതാനമാണുള്ളത്. ഏഷ്യാ, ആഫ്രിക്ക, യൂറോപ്പ്, അമേരിക്ക, ഓസ്ട്രേലിയ, ദ്വീപസമൂഹങ്ങൾ തുടങ്ങി എല്ലായിടത്തും നമ്മൾ എത്തേണ്ടതാണ്. എല്ലായിടത്തും എല്ലാ വൻകരകളിലുമല്ല, എല്ലാ രാജ്യത്തുമല്ല, എല്ലാ നഗരത്തിലുമല്ല മറിച്ച് എല്ലാ കസബകളിലും എല്ലാ ഗ്രാമങ്ങളിലും ലോകത്തിലെ ഓരോ വ്യക്തിയും വരെ ഇസ്‌ലാമിന്റെ മനോഹരമായ അധ്യാപനം എത്തിക്കേണ്ടതാണ്. കുറച്ചു മുബല്ലിഗുമാരെക്കൊണ്ട് ഈ ജോലി ചെയ്യാൻ സാധിക്കുകയില്ല.”***

***(ഖുത്ബ ജുമുഅ 19 – 01 – 2018)***

---

**പേജ് 16 ൽ നിന്ന്**

നിറുത്തുക. വിധി അല്ലാഹുവിനോടു ചേർത്തു പറയേണ്ടത് നല്ല അവസരവുമായി ബന്ധപ്പെടുത്തിയാണ്. അവൻ സർവശക്തനാണെന്നറിയുക. അവൻ നിരന്തരം കരുണ ചൊരിയുന്നവനാണെന്നറിയുക. അവൻ അതിരില്ലാതെ കരുണ ചെയ്യുകയും ചോദിക്കാതെ നല്കുകയും ചെയ്യുന്നവനാണെന്നറിയുക. പ്രശ്നങ്ങൾ പരിഹരിച്ചു തരുന്നത് അവനാണ്. ഹദ്റത്ത് ഇബ്റാഹീം(അ) ഈ 'ദൈവവിധി' വിഷയത്തിന് എത്ര സൂക്ഷ്മമായ മഹത്ത്വമാണ് നല്കിയിട്ടുള്ളത്. അദ്ദേഹം പറഞ്ഞു, 'എനിക്ക് രോഗം പിടിപെടുന്നു. അല്ലാഹു സുഖപ്പെടുത്തുന്നു. അറിവില്ലാത്തവനാകുന്നു, അറിവ് അല്ലാഹു നല്കുന്നു. ശ്രദ്ധയില്ലാതെ ചെയ്യുന്നു, ശ്രദ്ധയിൽ അവൻ കൊണ്ടുവരുന്നു. അതിനാൽ നിങ്ങളും അക്രമപരമായ കാര്യങ്ങൾ അല്ലാഹുവുമായി ബന്ധപ്പെടുത്തി പറയാതിരിക്കുക. നിങ്ങളിൽനിന്ന് കാലദോഷം അകലാൻ നിങ്ങളുടെ അനാസ്ഥകളും വീഴ്ചകളും അകറ്റുക. അവൻ ഉണ്ടാക്കിയിട്ടുള്ള നിയമങ്ങളെ ശരിയായരീതിയിൽ കർമപഥത്തിൽ കൊണ്ടു വരിക. 'വിധി' യുടെ ഈ പ്രശ്നം നമ്മുടെ ജമാഅത്തിൽ പൊന്താതിരിക്കാൻ ശ്രദ്ധിക്കുക. (ഊഢ്നീ വാലിയോം കേ ലിയെ ഫൂൽ പേജ് 247 – 250)

പേജ് 1 ല്‍ നിന്ന്

അവര്‍ സൂര്യനെ ദൃഷ്ടി ഉയര്‍ത്തി നോക്കുകപോലും ചെയ്തില്ല. ആര്‍ക്കുവേണ്ടിയാണോ ഭിത്തിനിര്‍മിക്കപ്പെട്ടത്, അതു എന്റെ ജമാഅത്താണ്. ഞാന്‍ സത്യമായും സത്യമായും പറയുന്നു: ശത്രുക്കളുടെ ബലാല്‍ക്കാരങ്ങളില്‍നിന്ന് രക്ഷിക്കപ്പെടുന്നവര്‍ അവരാണ്. അലസതയില്‍ അടിത്തറയുള്ള എല്ലാ ഓരോരുത്തരേയും ശിര്‍ക്കും നിരീശ്വരത്വവും തിന്നുകളയുന്നു. എന്നാല്‍, ഈ ജമാഅത്തിന് ദീര്‍ഘായുസ്സുണ്ടാകും. ശയ്ത്വാന്‍ അതിന്റെമേല്‍ വിജയം വരിക്കുകയില്ല. സാത്താനിക സംഘങ്ങള്‍ക്ക് അതിന്റെമേല്‍ വിജയമുണ്ടാകുകയില്ല. അവരുടെ ന്യായപൂര്‍ത്തി വാളിനെക്കാള്‍ കൂടുതല്‍ മൂര്‍ച്ചയുള്ളതും അമ്പിനെക്കാള്‍ ശക്തമായി ഉള്ളില്‍ തുളച്ചുകയറുന്നതുമായിരിക്കും. അവര്‍ ഖിയാമത്തുനാള്‍ വരെ എല്ലാ ഓരോ മതത്തിന്റേയുംമേല്‍ വിജയിച്ചുകൊണ്ടുപോകുന്നതാണ്." (ളമീമ ബറാഹീനെ അഹ്മദിയ്യാ വാല്യം 5, റൂഹാനി ഖസാഇന്‍ വാല്യം 21, പേജ് 312)

**കറ്റുകെട്ടുകാര്‍ക്ക് അല്ലാഹുവിന്റെ സര്‍ക്കാറില്‍ ഒരു ഏര്‍പ്പാടുമില്ലേ?:**

അല്ലാഹു വിശുദ്ധഖുര്‍ആനില്‍ നബി(സ)തിരുമേനിയെ സംബോധന ചെയ്തുപറയുന്നു: ഈ നബി എന്നെക്കുറിച്ച് കറ്റുകെട്ടിപ്പറഞ്ഞാല്‍ നാം അദ്ദേഹത്തെ നശിപ്പിക്കുമായിരുന്നു. നുബുവ്വത്ത് വാദത്തിനുശേഷം നബി(സ) തിരുമേനിയുടെ ജീവിത കാലമായ അതായത് 23 വര്‍ഷം ഒരു നബി, സത്യവാനാണെന്നതിന്റെ തെളിവാണ്. അതായത് കള്ളപ്രവാചകന്‍ ഒരിക്കലും ഇത്രകാലം അല്ലാഹുവിന്റെ പിടിത്തത്തില്‍നിന്ന് രക്ഷപ്പെടുകയില്ല. ഹാഫിള് മുഹമ്മദു യൂസുഫ് സാഹിബ് എന്നയാള്‍ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലഘട്ടത്തില്‍, ധാരാളം കള്ളപ്രവാചകന്മാര്‍ 23 വര്‍ഷംവരെ, എന്നല്ല അതിനെക്കാള്‍ കൂടുതലും ജീവിച്ചിരുന്നുവെന്ന് വാദിച്ചിരുന്നു. അതിനുള്ള മറുപടിയില്‍ ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു: 'അതായത് അല്ലാഹുവിന്റെ സര്‍ക്കാറില്‍ കള്ളപ്രവാചകന്മാര്‍ക്ക് ഒരു ഏര്‍പ്പാടുമില്ലെന്ന് ! അവിടെ എല്ലാ വ്യാജനും സുഖമാണത്രെ! അല്ലാഹുവിനെക്കുറിച്ച് ഏതെങ്കിലും നബി കളവു പറഞ്ഞാലും ഇഹലോക ജീവിതത്തില്‍ അവന് ഒരു ശിക്ഷയുമില്ലെന്നോ? അതായത് ദൈവത്തിന്റെ നിയമത്തെക്കാള്‍ മനുഷ്യനിര്‍മിതമായ സര്‍ക്കാറിന്റെ നിയമമാണ് മികച്ചുനില്‍കുന്നതെന്ന്! അവിടെ വ്യാജ പദ്ധതികള്‍ ആസൂത്രണം ചെയ്യുന്നവര്‍ കൈയോടെ പിടിക്കപ്പെടുകയും ശിക്ഷിക്കപ്പെടുകയും ചെയ്യുന്നു." (തുഹ്ഫത്തുന്ന ദ്‌വ, റൂഹാനീ ഖസാഇന്‍ വാല്യം 19, പേ. 93)

**നബി(സ) തിരുമേനിയുടെ 23 വര്‍ഷജീവിതകാലം ദിവ്യാത്ഭുതവും പ്രവചനവുമല്ലേ?:**

ഇവിടെ നബി(സ)തിരുമേനിക്ക് വിശുദ്ധ ഖുര്‍ആന്‍ പൂര്‍ണമായും ഇറങ്ങുന്നതുവരെ- അത് 23 വര്‍ഷമായിരുന്നു, ജീവിതം നീട്ടിക്കിട്ടിയതും അദ്ദേഹത്തെ നശിപ്പിക്കുന്നതിനുള്ള പരിശ്രമങ്ങളില്‍നിന്ന് സുരക്ഷിതനായിരുന്നതും ജീവിതായുസ് പൂര്‍ത്തിയാക്കി ദൈവകല്പനയോടെ പോയതും - ഞാനും 80വര്‍ഷംവരെ ജീവിച്ചിരിക്കുമെന്ന് പ്രവചനമുണ്ട്, ഞാന്‍ ഈ എല്ലാകാര്യങ്ങളും പൂര്‍ത്തിയാക്കാതെ ഇതൊന്നും ഹാഫിള് സാഹിബിന്റെ ദൃഷ്ടിയില്‍ ദിവ്യാത്ഭുതത്തിന്റെ നിറമുള്ളതാകുകയില്ലെന്ന പ്രശ്നവും പരിഹരിക്കപ്പെട്ടു. അത്തരം പ്രവചനങ്ങള്‍ പുലരുന്നതുകൊണ്ട് ഒരാളും സത്യവാനാണെന്ന് മനസ്സിലാക്കപ്പെടുകയില്ല. ചുരുക്കത്തില്‍ ഞാനാകട്ടെ നബി(സ)തിരുമേനിയാകട്ടെ ഹാഫിള് സാഹിബിന്റെ മതത്തിന്റെ അടിസ്ഥാനത്തില്‍ ഈ സംരക്ഷണത്തേയും ദൈവികമായ പാപരഹിതത്വത്തേയും ഞങ്ങളുടെ സത്യത്തിനുള്ള തെളിവായി പറയാന്‍ പാടില്ല! എന്നല്ല കള്ള പ്രവാചകനും അതില്‍ പങ്കാളിയാകാവുന്നതാണ്! എന്നാല്‍, ഇങ്ങനെവരുമ്പോള്‍ വിശുദ്ധ ഖുര്‍ആനിന്റെ സകല വിവരങ്ങളും തെറ്റായിപ്പോകുന്നു. കാരണം എല്ലാ കറ്റുകെട്ടുകാരനും പിടിക്കപ്പെടുമെന്നും നിന്ദ്യനാക്കപ്പെടുമെന്നും നശിപ്പിക്കപ്പെടുമെന്നുമുള്ളത് വിശുദ്ധ ഖുര്‍ആനില്‍നിന്ന് സ്ഥാപിതമാണ്." (തുഹ്ഫത്തുന്നദ്‌വ, റൂഹാനി ഖസാഇന്‍ വാല്യം 19, പേജ് 93)

**സത്യവാനു ലഭിക്കുന്നതുപോലുള്ള ദൈവസഹായം കള്ളപ്രവാചകനും ലഭിക്കുകയാണെങ്കില്‍ സത്യവാനും കള്ളവാനും തമ്മിലുള്ള വ്യത്യാസമെന്താണ്?:**

സത്യവാനും കള്ളവാനും തമ്മില്‍ അല്ലാഹുവിന്റെ പക്കല്‍ ഒരു വ്യത്യാസവുമില്ലേ? തീര്‍ച്ചയായും വ്യത്യാസമുണ്ട്. അല്ലാഹു തന്റെ നബിമാരേയും മുര്‍സില്‍മാരേയും എല്ലാ രംഗത്തും സഹായിക്കുന്നു. കള്ളവാനെ തന്റെ വാഗ്ദാനമനുസരിച്ച് നശിപ്പിക്കുന്നു. അതിനാല്‍ എല്ലാരംഗത്തും സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നുണ്ടായിട്ടുള്ള അല്ലാഹുവിന്റെ പിന്തുണയും സഹായവും അവിടന്ന് സത്യവാനാണെന്നതിനുള്ള തെളിവാണ്. അവിടന്ന് പറയുന്നു:

"ഹാഫിള് സാഹിബിന്റെ പക്കല്‍ വ്യാജപ്രവാചകന്മാര്‍ക്കും എത്രമാത്രം ദൈവസഹായം ലഭിക്കുമെന്നാല്‍, ശത്രുക്കളുടെ ജീവന്‍ ബലിയര്‍പ്പിച്ചുള്ള പരിശ്രമങ്ങളുണ്ടായാലും തങ്ങളുടെ മതത്തെ മണ്ണില്‍ നാട്ടുന്നതുവരെ അവര്‍ ജീവിച്ചിരിക്കാവുന്നതാണ്. അപ്പോള്‍ ഈ അടിസ്ഥാനപരമായ നിയമമനുസരിച്ച് സത്യവാന്മാരായ എല്ലാ നബിമാരും മണ്ണിലടിഞ്ഞുപോയി. വ്യാജവും സത്യവും തമ്മില്‍ കഠിനമായ കുഴപ്പവുമായി. ആയിരക്കണക്കിന് ശത്രുക്കളുടെ നൂറുക്കണക്കിന് ദുഷ്ചിന്തകളും വഞ്ചനകളും പരിശ്രമങ്ങളും ഉണ്ടായിട്ടും ഒരു ദൈവദൂതനെ ജീവിപ്പിച്ചുവെക്കുകയും ദീനിനെ ഭൂമിയില്‍ സ്ഥാപിക്കുകയും ചെയ്യുക എന്നത് അല്ലാഹുവിന്റെ വലിയ ദൃഷ്ടാന്തമാണ്. അത് സത്യവാനും സമ്പൂര്‍ണരുമായ നബിമാര്‍ക്ക് നല്കപ്പെടുന്നതാണ്. അപ്പോള്‍ ഈ ദിവ്യദൃഷ്ടാന്തത്തില്‍ കള്ളപ്രവാചകനും ഉള്‍പ്പെടുമ്പോള്‍ ദിവ്യദൃഷ്ടാന്തവും വിശ്വാസാര്‍ഹമാകുകയില്ല. സത്യവാനായ നബിയുടെ സത്യസാക്ഷ്യത്തിന് അഖണ്ഡിതമായ ഒരു അടയാളവും ബാക്കി ഉണ്ടാകുകയില്ല. ഹാഫിള് സാഹിബേ! താങ്കള്‍ ഇസ്‌ലാമിനെത്തന്നെ നശിപ്പിച്ചിരിക്കുന്നു. ഹാഫിള് ആകുകയാണെങ്കില്‍ ഇങ്ങനെയാണ് ആകേണ്ടത്!" (തുഹ്ഫത്തുന്നദ്‌വ, റൂഹാനീ ഖസാഇന്‍ വാല്യം 19, പേജ് 93)

**മസീഹ് മൗഊദിനെ നശിപ്പിക്കുന്നതിന് ചെയ്യാത്തതായി ഒന്നുമില്ല. എന്നാല്‍, അല്ലാഹു അദ്ദേഹത്തെ കാക്കുകയും അവിടത്തെ ജമാഅത്ത് അഭിവൃദ്ധിപ്പെടുകയും ചെയ്തു:**

അല്ലാഹുവില്‍നിന്ന് വരുന്നവര്‍ക്കെതിരെയുള്ള ശത്രുക്കളുടെ ഒരു പദ്ധതിയും വിജയിക്കുകയില്ലെന്നത് തികച്ചും വ്യക്തവും നേരേയുള്ളതുമായ കാര്യമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "പിന്നീട് മറ്റൊരു അടയാളവും അവര്‍ക്കുവേണ്ടി ഉണ്ടായിരുന്നു; അവര്‍ എന്നെ നശിപ്പിക്കുന്നതിനുവേണ്ടി കഠിനാധ്വാനം ചെയ്തു. ഒരു തന്ത്രവും ഒരു ചതിയും ചെയ്യാതിരുന്നില്ല. എല്ലാതരം എതിര്‍പ്പും സര്‍വ്വശക്തിയും മാധ്യമങ്ങളും പ്രയോഗിച്ചു. കഴിവിന്റെ പരമാവധി പയറ്റിനോക്കി. അനുവദനീയവും അല്ലാത്തതുമായ സകല മാര്‍ഗങ്ങളും സ്വീകരിച്ചു. ചീത്ത പറഞ്ഞും നിന്ദിച്ചും അപമാനിച്ചും പ്രവര്‍ത്തിച്ചു. ഭരണകര്‍ത്താക്കള്‍വരെ കേസുകള്‍ എത്തിച്ചു. വധശ്രമ കുറ്റം ആരോപിച്ചു. അതിന്റെ ഫലമെന്തായി? ആദ്യ ദിനങ്ങളില്‍ 40 ആളുകളെക്കാള്‍ കുറവായിരുന്ന ജമാഅത്ത് ഇന്ന് എഴുപതിനായിരത്തോളമെത്തി.' (നുസൂലുല്‍ മസീഹ്, റൂഹാനീ ഖസാഇന്‍ വാല്യം 18, പേജ് 409)

**ഒറ്റ യുദ്ധത്തില്‍ത്തന്നെ മുസയ്‌ലിമ നശിച്ചൊടുങ്ങി: എന്നാല്‍, നിങ്ങള്‍ 20 വര്‍ഷമായി യുദ്ധം ചെയ്തുവരുന്നു. എല്ലാ യുദ്ധത്തിലും പരാജയപ്പെടുകയും ചെയ്യുന്നു:**

'നിങ്ങള്‍ എന്റെ പേര് മുസയ്‌ലിമത്തുല്‍ കദ്ദാബ് എന്നു വെച്ചു. എന്നാല്‍, മുസയ്‌ലിമ ഒറ്റ യുദ്ധത്തില്‍ത്തന്നെ നശിച്ചൊടുങ്ങി, നിങ്ങള്‍ 20 വര്‍ഷമായി എനിക്കെതിരെ യുദ്ധം ചെയ്തുവരുന്നു. എല്ലാ യുദ്ധത്തിലും പരാജയപ്പെട്ടുകൊണ്ടിരിക്കുന്നു. സത്യവാന്മാരുടേയും സത്യവിശ്വാസികളുടേയും അടയാളം ഇങ്ങനെയാണോ? നിങ്ങള്‍ ചുരുങ്ങിക്കൊണ്ടു പോകുന്നതും നാം വളര്‍ന്നുകൊണ്ടു പോകുന്നതും നിങ്ങള്‍ കാണുന്നില്ലേ? നിങ്ങളുടെ ചുവട് ഏതെങ്കിലും സത്യത്തിലായിരുന്നെങ്കില്‍ ഈ പോരാട്ടത്തില്‍ നിങ്ങളുടെ അവസാനം ഇങ്ങനെയായിരുന്നോ ഉണ്ടാകേണ്ടിയിരുന്നത്?' (നുസൂലുല്‍ മസീഹ്, റൂഹാനി ഖസാഇന്‍ വാല്യം 18, പേജ് 409)

**ശത്രുക്കളുടെ നാശം: മസീഹ് മൗഊദിന്നെതിരില്‍ അദ്ദേഹത്തിന്റെ ശത്രുക്കള്‍ നിരന്തരം നാശമടഞ്ഞതും മസീഹ് മൗഊദിന് ആദരവോടുകൂടി പ്രശസ്തി കിട്ടിയതും അദ്ദേഹം സത്യവാനാണെന്നുള്ളതിന്റെ അടയാളമല്ലേ?**

തന്റെ മഅ്മൂറിനും മുര്‍സലിനുംവേണ്ടി അദ്ദേഹത്തിന്റെ ശത്രുക്കളെ നശിപ്പിക്കേണ്ടിവന്നാല്‍ അല്ലാഹു മടിക്കുകയില്ല. ശത്രുക്കളുടെ നാശം അല്ലാഹുവിന്റെ ദൂതന്റേയും മുര്‍സലിന്റേയും സത്യസാക്ഷ്യത്തിനുള്ള വളരെ വലിയ തെളിവാണ്. തന്റെ ഈ ശത്രുക്കളുടെ നാശത്തെ കുറിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു:

'ഒന്നാമതായി നിങ്ങളില്‍നിന്നുള്ള മൗലവി ഇസ്മായീല്‍ അലിഗഢ് എനിക്കെതിരില്‍ പറഞ്ഞു; നമ്മളില്‍ ആരോണോ കള്ളവാദി അവന്‍ ആദ്യം മരിക്കുന്നതാണ്. നിങ്ങള്‍ക്കറിയാം അയാള്‍ മരിച്ചിട്ട് 10 വര്‍ഷം കഴിഞ്ഞു. ഇപ്പോള്‍ മണ്ണില്‍നിന്ന് അയാളുടെ എല്ലുകള്‍ പോലും കിട്ടുകയില്ല. പിന്നീട് പഞ്ചാബില്‍നിന്ന് മൗലവി ഗുലാം ദസ്തഗീര്‍ ഖസ്വൂരി എഴുന്നേറ്റു. താനെന്തോ ആണെന്ന് അയാള്‍ കരുതി. അയാള്‍ തന്റെ ഗ്രന്ഥത്തില്‍ എനിക്കെതിരെ എഴുതി; നമ്മളില്‍ ആരാണോ കള്ളവാദി അവന്‍ ആദ്യമെ മരിക്കുന്നതാണ്. ഗുലാം ദസ്തഗീറും മരിച്ചിട്ട് വര്‍ഷങ്ങളായി. അച്ചടിച്ച ആ ഗ്രന്ഥം ഇന്നും ലഭ്യമാണ്. ഇപ്രകാരംതന്നെ മൗലവി റശീദ് അഹ്മദ് ഗംഗോഹി എഴുന്നേറ്റു. എനിക്കെതിരില്‍ ഒരു വിജ്ഞാപനം പ്രസിദ്ധീകരിച്ചു. കള്ളവാദിയുടെമേല്‍ ലഅ്നത്ത് ചൊല്ലി. കുറച്ചു ദിവസം കഴിഞ്ഞപ്പോള്‍ കാഴ്ച നഷ്ടപ്പെട്ട് അന്ധനായി. നോക്കൂ! പാഠം പഠിക്കുക. അതുകഴിഞ്ഞ് മൗലവി ഗുലാം മുഹ്‌യുദ്ദീന്‍ ലഘോക്കക്കാരന്‍ എഴുന്നേറ്റു. അയാളും അങ്ങനെതന്നെ ഇല്‍ഹാം പ്രസിദ്ധീകരിച്ചു. അവസാനം അയാളും വേഗം ലോകത്തുനിന്ന് വിടപറഞ്ഞു. പിന്നീട് അബ്ദുല്‍ഹഖ് ഗസ്നവി എഴുന്നേല്‍ക്കുകയും എനിക്കെതിരില്‍ മുബാഹല ചെയ്ത് കള്ളവാദിയുടെമേല്‍ അല്ലാഹുവിന്റെ ശാപം ഉണ്ടാകട്ടെ എന്നും, അയാള്‍ക്ക് അനുഗ്രഹം ഉണ്ടാകരുതെന്നും ലോകത്ത് അയാളുടെ പേരോ അടയാളമോ ഉണ്ടാകരുതെന്നും ദുആ ഇരന്നു. നിങ്ങള്‍ സ്വയം നോക്കുക, ആ ദുആകള്‍ക്ക് എന്തു ഫലമാണുണ്ടായതെന്ന് ! ഇപ്പോള്‍ അയാള്‍ ഏതവസ്ഥയിലാണെന്നും നാം ഏതവസ്ഥയിലാണെന്നും നോക്കുക! ഈ മുബാഹലക്കുശേഷം എല്ലാ ഓരോ കാര്യത്തിലും അല്ലാഹു നമുക്കു അഭിവൃദ്ധി നല്കി. വലിയ വലിയ അടയാളങ്ങള്‍ വെളിപ്പെടുത്തി; ആകാശത്തുനിന്നും ഭൂമിയില്‍നിന്നും. ഒരു ലോകംതന്നെ എന്നിലേക്ക് തിരിച്ചുവിട്ടു. മുബാഹല നടന്നപ്പോള്‍ 40 പേരാണ് എനിക്ക് സുഹൃത്തുക്കളുണ്ടായിരുന്നത്. ഇന്നവര്‍ എഴുപതിനായിരത്തിന്നടുത്താണ്. സാമ്പത്തികമായ വിജയങ്ങള്‍ ഇപ്പോള്‍വരെ രണ്ടുലക്ഷത്തിലേറെ രൂപയാണ്. ഒരു ലോകത്തെ അടിമകളെപോലെ വിശ്വാസക്കാരാക്കി. ഭൂമിയുടെ അറ്റങ്ങളോളം എനിക്ക് പ്രശസ്തി നല്കി. നിര്‍വൃതി ലഭിക്കുന്നതിന് ഒന്നാമതായി ഖാദിയാനില്‍ വരിക. എന്നിട്ടു നോക്കുക അനുയായികളുടെ സൈന്യം എത്രമാത്രമാണ് ഇവിടെ തമ്പടിച്ചിരിക്കുന്നതെന്ന്. പിന്നീട് അബ്ദുല്‍ ഹഖ് ഗസ്നവി, അമൃത്സറിലെ ഏതെങ്കിലും കടയിലോ ചന്തയിലോ ഏതവസ്ഥയിലാണ് നടക്കുന്നതെന്ന് നോക്കുക! അല്ലാഹുവിന്റെ ശക്തി പരസ്യമായ നിലയില്‍ എന്നെ പിന്തുണച്ചുകൊണ്ട് ആകാശത്തുനിന്നിറങ്ങിക്കൊണ്ടിരിക്കുന്നു. എന്നാല്‍, ഇവര്‍ തിരിച്ചറിയുന്നില്ല." (നുസൂലുല്‍ മസീഹ്, റൂഹാനീ ഖസാഇന്‍ വാല്യം 18, പേജ് 409)


**നൂറുല്‍ ഇസ്‌ലാംവകുപ്പിന്റെ പ്രവര്‍ത്തന സമയം:**

രാവിലെ 9 മണിമുതല്‍ രാത്രി 11 മണിവരെ.വെള്ളിയാഴ്ച ദിവസം അവധിയായിരിക്കും.

**1800 3010 2131**

ഈ ടോള്‍ഫ്രീ നമ്പറില്‍ വിളിച്ച് താങ്കള്‍ക്ക് അഹ്മദിയ്യ ജമാഅത്തിനെക്കുറിച്ച് കാര്യങ്ങള്‍ മനസ്സിലാക്കാവുന്നതാണ്.

## മസീഹ് മൗഊദ് മരിക്കുമെന്ന് പ്രവചനം ചെയ്തവർ മരിച്ചൊടുങ്ങി:

ചില മസ്ജിദുകളിൽ ഞാൻ മരിക്കാൻ വേണ്ടി സുജൂദിൽ കിടന്ന് അലമുറയിട്ട് കരഞ്ഞു. മൗലവി ഗുലാം ദസ്തഗീർ ഖസൂരി തന്റെ ഗ്രന്ഥത്തിലും മൗലവി ഇസ്മായീൽ അലീ ഗഢുകാരനും ഖണ്ഡിതമായ കല്പന പുറപ്പെടുവിച്ചത് അയാൾ കള്ളവാദിയാണെങ്കിൽ തങ്ങളെക്കാൾ മുമ്പേ മരിക്കുമെന്നാണ്; കള്ളവാദിയായതുകൊണ്ട് തീർച്ചയായും തങ്ങളെക്കാൾ മുമ്പേ മരിക്കും. എന്നാൽ, ആ ഗ്രന്ഥങ്ങൾ ലോകത്ത് പ്രസിദ്ധീകരിച്ചുകഴിഞ്ഞപ്പോൾ ക്ഷണത്തിൽ അവർതന്നെ മരിച്ചു. ഈ രീതിയിൽ അവരുടെ മരണം വിധിച്ചത് കള്ളവാദി ആരാണെന്നാണ്. പക്ഷേ, എന്നാലും ഈയാളുകൾ പാഠം പഠിക്കുന്നില്ല. ഇത് മഹത്തായൊരു ദിവ്യദൃഷ്ടാന്തമല്ലേ? ലഘോക്കെകാരനായ മുഹ്‌യുദ്ദീൻ എന്നെ കുറിച്ച് മരണ പ്രവചനം പ്രസിദ്ധീകരിച്ചു. അയാളും മരിച്ചു! മൗലവി ഇസ്മായീൽ പ്രസിദ്ധീകരിച്ചു, അയാളും മരിച്ചു! മൗലവി ഗുലാം ദസ്തഗീർ ഒരു ഗ്രന്ഥം രചിച്ച് താൻ മരിക്കുന്നതിനുമുമ്പേ ഞാൻ മരിക്കുമെന്ന് കോലാഹലങ്ങളോടെ പ്രസിദ്ധീകരിച്ചു. അയാളും മരിച്ചു! പാതിരി ഹമീദുല്ലാ പിശാവരി, എന്റെ മരണത്തെ സംബന്ധിച്ച് 10 മാസത്തെ കാലാവധി നിശ്ചയിച്ച് പ്രവചനം ചെയ്തു. അയാളും മരിച്ചു! ലേഖ്റാം എന്റെ മരണത്തെ സംബന്ധിച്ച് മൂന്നുവർഷം കാലാവധി നിശ്ചയിച്ചു പ്രവചനം ചെയ്തു. അയാളും മരിച്ചു!(ഖമീമ തുഹ്ഫ ഗോൽഡവിയ, റൂഹാനി ഖസാഇൻ വാള്യം 17, പേജ് 45)

### നബി(സ) തിരുമേനിയുടെ കാലത്തിനുശേഷം ഒരു എതിരാളിക്കും ഇത്തരം വ്യക്തമായ പരാജയവും നിന്ദ്യതയും ഉണ്ടായിട്ടില്ല:

നബി(സ)തിരുമേനിയുടെ കാലത്തിനുശേഷം അല്ലാഹുവിന്റെ ഏതെങ്കിലും ആൾക്കും സത്യവാനുമെതിരിൽ ഏതെങ്കിലും എതിരാളിക്ക് എപ്പോഴെങ്കിലും ഇത്തരം വ്യക്തവും തെളിമയാർന്നതുമായ പരാജയവും നിന്ദ്യതയും ഉണ്ടായതായി ഞാനൊരിക്കലും വിശ്വസിക്കുന്നില്ല; എന്റെ ശത്രുക്കൾക്ക് എനിക്കെതിരിൽ ഉണ്ടായതുപോലെ! അവർ എന്റെ അഭിമാനത്തിനുമേൽ ആക്രമണം നടത്തിയെങ്കിൽ അവസാനം അവർതന്നെ അപമാനിതരായി. എന്റെ ജീവനുമേൽ ആക്രമണംനടത്തി, ഇയാളുടെ സത്യത്തിന്റേയും കളവിന്റേയും കാലാവധി ഇതാണെന്നും തങ്ങളെക്കാൾ മുമ്പേ മരിക്കുമെന്നും പറഞ്ഞവർ സ്വയം മരിച്ചു. മൗലവി ഗുലാം ദസ്തഗീറിന്റെ ഗ്രന്ഥം പ്രസിദ്ധീകരിച്ചിട്ട് അധികകാലമായിട്ടില്ല. അയാൾ എത്ര ധൈര്യത്തോടെയാണ് എഴുതിയതെന്ന് നോക്കുക! ഞങ്ങൾ ഇരുവരിൽ കള്ളവാദി ആദ്യം മരിക്കുന്നതാണ്. പിന്നെ അയാൾതന്നെ മരിച്ചു. ഇതിൽനിന്ന് പ്രകടമാകുന്നത് എന്റെ മരണം ആഗ്രഹിച്ചിരുന്നവർ, അല്ലാഹുവിനോടു ഞങ്ങളിരുവരിൽ കള്ളവാദിയെ ആദ്യം മരിപ്പിക്കേണമേ എന്ന് ദുആ ചെയ്തു അവസാനം അവർതന്നെ മരിച്ചു. ഒന്നോ രണ്ടോ അല്ല. മറിച്ച് അഞ്ചു ആളുകൾ അങ്ങനെ ചെയ്തു. ഇഹലോകവാസം വെടിഞ്ഞു!" (ഖമീമ തുഹ്ഫ ഗോൽഡവിയ, റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 46)

## 30 ദജ്ജാൽ വരുമെന്നതിന് മറുപടി.

### 30 ദജ്ജാൽവരും എന്നാൽ, നബിയോ മുജദ്ദിദോ ഒന്നുപോലും വരില്ല. എത്ര നല്ല വിശ്വാസം!!

മുസ്‌ലിം ഉലമാ സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)നെ നെറികെട്ട നിലയിൽ എതിർത്തു. എങ്ങനെ എതിർത്തുവെന്നാൽ, അതിന്റെ ഉദാഹരണം നബി(സ)തിരുമേനിയുടെ ജീവിതത്തിൽ മാത്രമേ കാണുകയുള്ളൂ. നിരന്തരം ചീത്തവിളിച്ചു. ദജ്ജാൽ എന്ന് മുദ്രയടിച്ചു. ദജ്ജാലെന്ന് വിളിച്ചതിന് മറുപടിയായി ഹദ്റത്ത് മസീഹ് മൗഊദ്(അ) പറഞ്ഞു:

"ഈ ഉമ്മത്തിനെ ഉന്മൂലനം ചെയ്യുന്നതിന് 30 ദജ്ജാൽ വരുമെന്ന് ഹദീഥുകളിൽ പറയുന്നു; ഇതെന്തൊരു വിശ്വാസമാണ് !!! അജ്ഞരേ! ഈ ഉമ്മത്തിന് അത്തരത്തിലുള്ള ദുർഭാഗ്യതയും അത്തരത്തിലുള്ള ഭാഗ്യദോഷവുമാണോ ഉള്ളത്. അവരുടെ ഓഹരിയിൽ 30 ദജ്ജാൽ മാത്രം ബാക്കിയായി ! ദജ്ജാൽ എന്തായാലും 30 ഉണ്ട്. എന്നാൽ, കുരിശിന്റെ കൊടുങ്കാറ്റിനെ തടയുന്നതിന് ഒരു മുജദ്ദിദുപോലും വന്നില്ല. ദൗർഭാഗ്യം! അല്ലാഹു മുൻകടന്ന ഉമ്മത്തിനുവേണ്ടി ഒന്നിനു പിറകെ ഒന്നായി നിരന്തരം നബിമാരെ അയച്ചു. പക്ഷേ, ഈ ഉമ്മത്തിന്റെ ഊഴം വന്നപ്പോൾ അവർക്ക് 30 ദജ്ജാലിനെ കുറിച്ചുള്ള 'സുവാർത്ത'യാണ് കേൾപ്പിക്കപ്പെട്ടത്! ഈ ഉമ്മത്തിലെ ഉലമാ അവസാനം യഹൂദികളായിത്തീരുമെന്ന പ്രവചനവും സ്ഥാപിക്കപ്പെട്ടതാണ്. ഇതുവരെ ലക്ഷക്കണക്കിനാളുകൾ മുർത്തദ്ദായിപ്പോയി എന്നതും പ്രകടമാണ്. അവർ ഇസ്‌ലാം ദീനിനെ ഉപേക്ഷിച്ചു. സ്വയമേവ ഇതേ ഉമ്മത്തിൽനിന്ന് നൂറ്റാണ്ടിന്റെ തലയ്ക്കൽ ഒരു ദജ്ജാലിനെ അയക്കാതെ അല്ലാഹുവിന് മതിയായില്ലെന്നോ? അവന്റെ മനസ്സിന് വയറു നിറഞ്ഞില്ലെന്നോ? കാരുണ്യം വർഷിക്കപ്പെട്ട എത്ര നല്ല ഉമ്മത്ത് ! ഇത്തരം പാരിതോഷികങ്ങളാണ് അതിനുള്ളത്! ഈ ദജ്ജാലിനെ വധിക്കുന്നതിനുവേണ്ടി മുഅ്മിനീംകളുടെ സുജൂദുകളിൽ മൂക്കുതേഞ്ഞു പോകുംവിധം ലക്ഷക്കണക്കിന് ദുആകളും ചെയ്യപ്പെട്ടു. എന്നാൽ, അല്ലാഹു കേട്ടില്ല. അവൻ മുഖം തിരിച്ചു കളയുന്നു. എന്നാൽ, ഇതിന് വിപരീതമായി അവരുടെ ഈ ദജ്ജാൽ 30 വർഷമായി അഭിവൃദ്ധിപ്പെട്ടുകൊണ്ടിരിക്കുന്നു. ലോകത്ത് ആകാശത്തിലെ പ്രകാശംപോലെ വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇതിൽനിന്ന് സ്ഥാപിതമാകുന്നത് ഈ ഉമ്മത്ത് അങ്ങേയറ്റം ഭാഗ്യം കെട്ടതാണെന്നാണ്. ഇതിനെ നശിപ്പിക്കുക എന്നത് അല്ലാഹുവിന്റെ ഉറച്ച തീരുമാനം ആണെന്നാണ്. ഇത് എങ്ങനെയുള്ള ദൈവ കോപമാണ്. ഒന്ന് ഉമ്മത്തിനെ ദജ്ജാലുകളുടെ കൈയിൽ കൊടുത്തു. ഇതുവരെ സത്യമസീഹിനേയും മഹ്ദിയേയും കുറിച്ച് ആകാശത്തുനിന്നും ഭൂമിയിൽനിന്നും ഒരു വിവരവുമില്ല. ആയിരക്കണക്കിന് നിലവിളി ഉയർത്തിയിട്ടും ജീവിച്ചിരിപ്പുണ്ടോ മരിച്ചോ? എവിടെയാണ് ഉള്ളത്? ഏതു ഭാഗത്താണുള്ളത്?എന്നതിനെ കുറിച്ച് കാണാതായ അവരിരുവരും മറുപടി നല്കുന്നില്ല; നബിമാർ നിശ്ചയിച്ചിട്ടുള്ള സമയവും കഴിഞ്ഞുപോയി. ഉമ്മത്തിനെ ക്രൈസ്തവ മതം തിന്നിരിക്കുന്നു. എന്നാൽ, അല്ലാഹുവിന് കരുണയും തോന്നിയില്ല; മഹ്ദിയുടേയും മസീഹിന്റേയും ഹൃദയം അലിഞ്ഞതുമില്ല."(നുസൂലുൽ മസീഹ്, റൂഹാനീ ഖസാഇൻ, വാള്യം 18, പേജ് 411)

### വിശ്വാസം ശീലമായാൽ ഉപേക്ഷിക്കാൻ പ്രയാസമാണ്:

'എല്ലാ ഓരോ വിശ്വാസവും ശീലമായിക്കഴിഞ്ഞാൽ അത് ഉപേക്ഷിക്കുക ദുഷ്കരമാണ്. ഇക്കാരണത്താലാണ് കാലങ്ങളായി മരിച്ചുകഴിഞ്ഞ ഹദ്റത്ത് മസീഹ് നിങ്ങളുടെ ചിന്തയിൽ ഇപ്പോഴും സ്ഥൂല ശരീരത്തോടെ ആകാശത്തിലിരിക്കുന്നത്. പുരാതന വിശ്വാസങ്ങൾ കാരണത്താൽ അത് ഓരോ നിമിഷവും നാവിൽ ഇറക്കപ്പെട്ടുകൊണ്ടിരിക്കുന്നു.' (നുസൂലുൽ മസീഹ്, റൂഹാനീ ഖസാഇൻ. വാള്യം 18, പേജ് 413)

### പോരാട്ടത്തിനുള്ള ക്ഷണവും ജമാഅത്ത് അഭിവൃദ്ധിപ്പെടുമെന്നുള്ള മഹാപ്രവചനവും. ഭാവിയിൽ ഇസ്‌ലാം കൊണ്ടുള്ള ഉദ്ദേശ്യം അഹ്‌മദിയ്യ മുസ്‌ലിം ജമാഅത്തായിരിക്കും.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ)തന്റെ സത്യസാക്ഷ്യം സ്ഥാപിക്കുന്നതിനുവേണ്ടി എല്ലാ മാർഗവും സ്വീകരിച്ചു. എല്ലാ രീതിയിലും മനസ്സിലാക്കിക്കൊടുത്തു. എല്ലാ രീതിയിലും മത്സരിക്കാൻ ക്ഷണിച്ചു. എതിരാളികളെ പോരാട്ടത്തിനായി അവിടന്ന് ക്ഷണിച്ചത് തന്റെ അറിവ് പ്രകടിപ്പിക്കാനായിരുന്നില്ല. മറിച്ച് ആ മാർഗത്തിലൂടെയെങ്കിലും ജനങ്ങൾ സത്യം സ്വീകരിക്കാനായിരുന്നു; അവർ മനസ്സിലാക്കാൻവേണ്ടിയായിരുന്നു. അവിടന്ന് വിശുദ്ധ ഖുർആനിന്റെ തഫ്സീർ എഴുതാൻ വെല്ലുവിളിച്ചു. അടയാളങ്ങൾ കാണിക്കാൻ വെല്ലുവിളിച്ചു. ദുആ സ്വീകാര്യതയിൽ മത്സരിക്കാൻ ക്ഷണിച്ചു. അദ്ദേഹത്തിന്റെ വിശ്വാസപരമായ ഒരു രചന താഴെ രേഖപ്പെടുത്തുകയാണ്.

"എന്നെ നിഷേധിക്കാൻ ഇത്രമാത്രം മുസ്വീബത്തുകൾ പേറുന്നതെന്തിനാണെന്ന് എനിക്കറിയില്ല. ആകാശത്തിന്റെ ചുവട്ടിൽ എന്നെപ്പോലെ ഇപ്രകാരം പിന്തുണലഭിച്ച മറ്റാരെങ്കിലുമുണ്ടെങ്കിൽ, ആ ആൾ എന്റെ വാഗ്ദത്ത മസീഹ് വാദത്തെ നിഷേധിക്കുന്നുണ്ടെങ്കിൽഎനിക്കെതിരിൽ എന്തുകൊണ്ട് രംഗത്തു വരുന്നില്ല? പെണ്ണുങ്ങളുടെ മാതിരി സംസാരിക്കുവാൻ ആർക്കാണ് അറിഞ്ഞുകൂടാത്തത്? ലജ്ജയില്ലാത്ത നിഷേധികളെന്നും ഇങ്ങനെ തന്നെയാണ് ചെയ്തുകൊണ്ടിരിക്കുക. ഞാൻ രംഗത്തിറങ്ങി നില്ക്കുമ്പോൾ ബുദ്ധിജീവികളും ഉലമാക്കളും ദർവേശുമാരും ചിന്തകന്മാരുമായ മുപ്പതിനായിരത്തോളം ആളുകളടങ്ങിയ ജമാഅത്ത് എന്നോടൊപ്പം ഉണ്ടായിരിക്കുകയും സ്വർഗീയ ദൃഷ്ടാന്തങ്ങൾ മഴപോലെ വെളിപ്പെട്ടുകൊണ്ടിരിക്കുകയും ചെയ്യുമ്പോൾ എന്ത്, ഊത്തുകൾകൊണ്ട് ഈ ദൈവിക പ്രസ്ഥാനത്തെ തകർത്തു കളയാമെന്നോ? ഇതൊരിക്കലും തകർന്നുപോകുന്നതല്ല. ദൈവികമായ ഈ സംവിധാനത്തെ വേരറുക്കാൻ ആഗ്രഹിക്കുന്നവരാരോ അവർ തന്നെ തകർന്നു തരിപ്പണമാകും.

1. അല്ലാഹു എനിക്ക് ഖുർആനിക ദിവ്യജ്ഞാനം നല്കി അനുഗ്രഹിച്ചു.

2. അല്ലാഹു എനിക്ക് ഖുർആന്റെ ഭാഷയിൽ അത്ഭുതദൃഷ്ടാന്തം നല്കി അനുഗ്രഹിച്ചു.

3. അല്ലാഹു എന്റെ പ്രാർഥനകൾക്ക് മറ്റാരുടേതിനെക്കാളധികം സ്വീകാരം നല്കി.

4. നിന്നെ എതിർക്കുന്ന ഓരോ ആളും പരാജിതരായിത്തീരുമെന്ന് അല്ലാഹു എനിക്ക് വാഗ്ദാനം നല്കിയിരിക്കുന്നു.

5. അല്ലാഹു എനിക്ക് ഭൂമിയിൽനിന്നുള്ള അടയാളം നല്കി.

6. അല്ലാഹു എനിക്ക് ആകാശത്തുനിന്നുള്ള അടയാളം നല്കി.

7. നിന്റെ അനുയായികൾ എല്ലായ്പ്പോഴും തങ്ങളുടെ സത്യദൃഷ്ടാന്തങ്ങളാൽ വിജയശ്രീലാളിതരായിത്തീരുമെന്നും ലോകത്ത് അധികമായി അവരും അവരുടെ സന്താനങ്ങളും വലിയ വലിയ ബഹുമാന പദവികൾ ആർജിക്കുമെന്നും അല്ലാഹുവിൽനിന്ന് വന്നിട്ടുള്ളതാരോ ആ ആൾക്ക് ഒരു നഷ്ടവും നേരിടുകയില്ലെന്ന് സ്ഥാപിച്ചു കാണിക്കുമെന്നും അല്ലാഹു എനിക്ക് സുവാർത്ത നല്കിയിരിക്കുന്നു.

8. അല്ലാഹു എനിക്ക് വാഗ്ദാനം നല്കിയിരിക്കുന്നു; ഖിയാമത്തുന്നാൾവരെ അതായത് ഈ ലോകത്തിന്റെ പരമ്പര അവസാനിപ്പിക്കപ്പെടുന്നതുവരെ അവൻ അനുഗ്രഹങ്ങൾ വെളിപ്പെടുത്തിക്കൊണ്ടിരിക്കുമെന്നും എത്രത്തോളമെന്നാൽ, രാജാക്കന്മാർ നിന്റെ വസ്ത്രങ്ങളിൽനിന്ന് അനുഗ്രഹം തേടുമാറാകുമെന്നും.

9. അല്ലാഹു ഇന്നേയ്ക്ക് 20 വർഷം മുമ്പേ എനിക്കു സുവിശേഷം നല്കുകയുണ്ടായി, ഞാൻ നിഷേധിക്കപ്പെടുമെന്നും ലോകർ എന്നെ സ്വീകരിക്കുകയില്ലെന്നും എന്നാൽ, അവൻ എന്നെ സ്വീകരിക്കുകയും വളരെ ശക്തിമത്തായ ആക്രമണങ്ങളിലൂടെ എന്റെ സത്യം തെളിയിച്ചുകാട്ടുമെന്നും.

10. അല്ലാഹു എനിയ്ക്ക് വാഗ്ദത്തം നല്കിയിരിക്കുന്നു; നിന്റെ ബർക്കത്തുകൾ വീണ്ടും പ്രകാശം വെളിപ്പെടുത്തുമാറാകുന്നതിനായി നിന്നിൽ നിന്നു, നിന്റെ ബീജത്തിൽനിന്നുതന്നെ, ഒരാളെ എഴുന്നേല്പിക്കുമെന്നും അവനിൽ ഞാൻ റൂഹുൽ ഖുദുസിന്റെ (പരിശുദ്ധാത്മാവിന്റെ) അനുഗ്രഹങ്ങൾ ഊതുമെന്നും അവൻ പവിത്ര പുരുഷനും അല്ലാഹുമായി വളരെ വിശുദ്ധമായ ബന്ധം പുലർത്തുന്നവനുമായിരിക്കുമെന്നും സത്യത്തിന്റേയും ഔന്നത്യത്തിന്റേയും നിലയനം ആയിരിക്കുമെന്നും അത് അല്ലാഹു ആകാശത്തുനിന്ന് ഇറങ്ങിയതുപോലെ ആയിരിക്കുമെന്നും. വ തിൽക്ക അശ്റത്തുൽ കാമില. ഇത് പരിപൂർണമായ പത്ത് അടയാളങ്ങൾ.

നോക്കൂ! ആ കാലം ഇതാ വരികയായി; വളരെ അടുത്തെത്തിയിരിക്കുന്നു. അല്ലാഹു ഈ ജമാഅത്തിന് വളരെ വലിയ സ്വീകാരം പരത്തും;ഈ ജമാഅത്ത് കിഴക്കും പടിഞ്ഞാറും വടക്കും തെക്കുമെല്ലാം വ്യാപിക്കുമാറാകും; ലോകത്ത് ഇസ്‌ലാമെന്നുവച്ചാൽ ഈ ജമാഅത്തുതന്നെയായിരിക്കും. ഈ വാക്കുകളൊന്നും മനുഷ്യന്റെ വാക്കുകളല്ല; ഏതൊരുവന്റെ പക്കൽ ഒന്നുംതന്നെ അസാധ്യമായിരിക്കുന്നില്ലയോ ആ അല്ലാഹുവിന്റെ വഹ്‌യുകളാകുന്നു ഇവ." (തുഹ്ഫയെ ഗോൽഡവിയ്യ പേജ് 95-96, റൂഹാനി ഖസാഇൻ വാള്യം 17, പേജ് 181-182)

### സത്യവാനേയും കള്ളവാനേയും തീരുമാനിക്കുന്നതിന് എനിക്കെതിരിൽ ശാപപ്രാർഥന ചെയ്യുക. കരഞ്ഞുകരഞ്ഞു എന്റെ നാശം ആഗ്രഹിക്കുക.

സയ്യിദുനാ ഹദ്റത്ത് മസീഹ് മൗഊദ്(അ) നിരവധി സ്ഥലങ്ങളിൽ പറഞ്ഞിട്ടുള്ളത് ആരൊക്കെ തന്റെ മരണം മുഖേന താൻ കള്ളനാണോ സത്യവാനാണോ എന്ന് തീരുമാനിക്കാൻ ആഗ്രഹിച്ചത് അല്ലാഹു ക്ഷണത്തിൽ അവരുടെ ജീവൻ എടുത്തു എന്നാണ്. സത്യവാനെതിരിൽ ആയിരക്കണക്കിന് ജീവനാണെങ്കിലും അല്ലാഹു ഒട്ടും

വകവെക്കുകയില്ല. നൂറുക്കണക്കിന് ശത്രുക്കൾ ആ മഹാത്മാവുമായി പോരാടുകയും മുബാഹല ചെയ്യുകയും അവിടത്തെമേൽ ശാപ പ്രാർഥന നടത്തുകയും അല്ലാഹുവിൽനിന്ന് അദ്ദേഹത്തിന്റെ മരണം ആഗ്രഹിക്കുകയും ചെയ്ത് നാശമടഞ്ഞു. ആരെങ്കിലും ശാപപ്രാർഥന മുഖേന ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ സത്യാസത്യം ഉരച്ചു നോക്കാനാഗ്രഹിക്കുന്നെങ്കിൽ ഇപ്പോഴും ആവഴി തുറന്നു കിടപ്പുണ്ട്. ഇതു സംബന്ധമായി അദ്ദേഹത്തിന്റെ ഈമാൻ ദൃഢീകരിക്കുന്ന വചനങ്ങൾ വായിച്ചാലും.

"എന്നാൽ, നിങ്ങളെന്നെ കള്ളവാദിയായി കരുതുന്നുവെങ്കിൽ നിങ്ങൾക്കിതും ചെയ്യാം. നിങ്ങൾ മസ്ജിദുകളിൽ ഒരുമിച്ചുകൂടിയിട്ടോ ഒറ്റയൊറ്റയായിട്ടോ എന്റെ നാശത്തിനായി പ്രാർഥിച്ചുകൊള്ളുവിൻ. വാവിട്ടു നിലവിളിച്ചുകൊണ്ട് എന്നെ നിർമൂലനം ചെയ്യുവാൻ പ്രാർഥിക്കുവിൻ. ഞാൻ കള്ളവാദിയാണെങ്കിൽ നിശ്ചയമായും ആ പ്രാർഥനകൾ സ്വീകരിക്കപ്പെടും. എന്നാൽ, ഓർത്തുക്കൊള്ളുവിൻ! നിങ്ങളുടെ നാവുകൾ മുറിക്കപ്പെട്ടുപോകുമാറ് നിങ്ങൾ പ്രാർഥിച്ചാലും നിങ്ങളുടെ നാസികകൾ തേഞ്ഞുമാഞ്ഞുപോകുമാറ് നിങ്ങൾ സാഷ്ടാംഗ പ്രണാമം ചെയ്താലും അശ്രുധാരകളാൽ കൺകുഴികൾ ചീഞ്ഞുപോകുകയും കൺപീലികൾ കൊഴിഞ്ഞുപോകുകയും കാഴ്ച നഷ്ടപ്പെട്ടു പോകുകയും ഒടുവിൽ ബുദ്ധി മന്ദീഭവിച്ചു അപസ്മാരമോ ഭ്രമതയോ ബാധിക്കുകയും ചെയ്യുമാറ് നിങ്ങൾ കരഞ്ഞു വിളിച്ചു പ്രാർഥിച്ചാലും നിങ്ങളുടെ പ്രാർഥനകൾ സ്വീകരിക്കപ്പെടുകയില്ല, എന്തെന്നാൽ ഞാൻ ദൈവത്തിങ്കൽ നിന്നുള്ളവനാകുന്നു. ആരാണോ എന്റെമേൽ ശാപ പ്രാർഥന ചെയ്യുന്നത് ആ ശാപപ്രാർഥന അവനിൽത്തന്നെ പതിക്കുന്നതാണ്. എന്നെ കുറിച്ച് എന്റെമേൽ ലഅ്നത്തുണ്ടാകട്ടെ എന്ന് ആരാണോ പറയുന്നത് ആ ശാപം അവന്റെ ഹൃദയത്തിൽ പതിക്കുന്നതാണ്. എന്നാൽ, അവൻ അതറിയുന്നില്ല. ആരാണോ എന്നോടു മൽപിടിത്തം എന്ന് നിശ്ചയിച്ചുകൊണ്ട് ഞങ്ങളിൽ ആരാണോ കള്ളവാദി അവൻ ആദ്യമേ മരിക്കണേ എന്ന് ദുആകൾ ചെയ്യുന്നത് മൗലവി ഗുലാം ദസ്തഗീർ ഖസ്വൂരീ കണ്ട അതേഫലം തന്നെയായിരിക്കും അവന്റേതും." (അർബഈൻ, റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 471)

## മസീഹ് മൗഊദിനെ എതിർക്കൽ, അല്ലാഹുവിനെ എതിർക്കലാണ്. അല്ലാഹുവിനോടു വഴക്കിടേണ്ട!

## എന്നെ നശിപ്പിക്കുക എന്നത് നിങ്ങളുടെ ജോലിയല്ല.

"എത്രത്തോളം ഞാൻ പിന്നോട്ടുമാറാൻ ആഗ്രഹിക്കുന്നുവോ അത്രത്തോളം അല്ലാഹു എന്നെ പിടിച്ചു മുന്നോട്ടുകൊണ്ടുവരുന്നു. ഞാൻ നിന്റെ കൂടെയുണ്ടെന്നും എന്റെ ആകാശീയമായ സൈന്യങ്ങൾ നിന്നോടൊപ്പമുണ്ടെന്നും പറഞ്ഞ് സമാധാനിപ്പിക്കാത്ത രാത്രികൾ വളരെ കുറച്ചേയുള്ളു. മനഃപരിശുദ്ധിയുള്ളയാളുകൾ മരിച്ചതിനുശേഷം അല്ലാഹുവിനെ കാണുമെങ്കിൽ ഞാൻ അവന്റെ മുഖകമലത്തെതൊട്ട് സത്യം ചെയ്യുന്നു, ഞാനിപ്പോഴും അവനെ കണ്ടുകൊണ്ടിരിക്കുന്നു. ലോകം എന്നെ തിരിച്ചറിയുന്നില്ല. പക്ഷേ, എന്നെ അയച്ചവൻ എന്നെ അറിയുന്നു. എന്റെ നാശം ആഗ്രഹിക്കുന്നത് അവരുടെ തെറ്റും ആപാദചൂഢം ദൗർഭാഗ്യവുമാണ്. യഥാർഥ ഉടമസ്ഥൻ തന്റെ കൈയാൽ നട്ട വൃക്ഷമാകുന്നു ഞാൻ. ആരാണോ എന്നെ മുറിക്കാനാഗ്രഹിക്കുന്നത് അവൻ ഖാറൂനിൽനിന്നും യഹൂദ അസ്കരിയോത്തിയിൽനിന്നും അബൂജഹ്ലിന്റെ വിഹിതത്തിൽനിന്നും കുറച്ചുഭാഗം എടുക്കാനാണ് ആഗ്രഹിക്കുന്നത്. ആരെങ്കിലും മൈതാനത്തുവരാൻ ഞാൻ നിത്യവും നിറകണ്ണുകളോടെ കാത്തിരിക്കുകയാണ്; മിൻഹാജുന്നുബുവ്വത്തനുസരിച്ച് എന്നെക്കൊണ്ട് തീരുമാനം പറയിക്കാനും എന്നിട്ടു അല്ലാഹു ആരുടെ കൂടെയാണെന്ന് നോക്കാനും! എന്നാൽ, മൈതാനത്തിറങ്ങുക എന്നത് ഒരു ഹിജഡയുടേയും ജോലിയല്ല. അതേ ഗുലാം ദസ്തഗീർ നമ്മുടെ രാജ്യത്തെ പഞ്ചാബിലെ സത്യനിഷേധികളുടെ സൈന്യത്തിന്റെ ഒരുപടയാളിയായിരുന്നു. അദ്ദേഹം പ്രയോജനപ്പെട്ടു. ഇപ്പോൾ ഇവരിൽനിന്ന് അദ്ദേഹത്തിന്റെ മാതൃകയായി ആരെങ്കിലും ഇറങ്ങുക എന്നത് അസംഭാവ്യമാണ്. അല്ലയോ ജനങ്ങളേ! നിങ്ങൾ നിശ്ചയമായും മനസ്സിലാക്കിക്കൊള്ളുവിൻ! എന്നോടൊപ്പം അവസാന സമയംവരെ കൂറുകാണിക്കുന്ന കൈയാണുള്ളത്. നിങ്ങളുടെ പുരുഷന്മാരും നിങ്ങളുടെ സ്ത്രീകളും നിങ്ങളുടെ യുവാക്കളും നിങ്ങളുടെ വൃദ്ധരും നിങ്ങളുടെ ചെറിയവരും നിങ്ങളുടെ വലിയവരുമെല്ലാം ചേർന്നുകൊണ്ട് എന്റെ നാശത്തിനുവേണ്ടി ദുആകൾ ചെയ്താലും എത്രത്തോളമെന്നാൽ, സുജൂദ് ചെയ്ത് ചെയ്ത് നിങ്ങളുടെ നാസികകൾ തേഞ്ഞുപോയാലും കൈകൾ തളർന്നുപോയാലും അല്ലാഹു ഒരിക്കലും നിങ്ങളുടെ ദുആകൾ സ്വീകരിക്കുകയില്ല. തന്റെ ജോലി പൂർത്തിയാക്കാത്തിടത്തോളം അവൻ നില്ക്കുകയുമില്ല. മനുഷ്യരിൽനിന്ന് ഒരാൾപോലും എന്നോടൊപ്പമില്ലെങ്കിലും അല്ലാഹുവിന്റെ മലക്കുകൾ എന്നോടൊപ്പമുണ്ടാകും. നിങ്ങൾ സാക്ഷ്യങ്ങൾ മറച്ചുവെക്കുകയാണെങ്കിൽ അടുത്തുതന്നെ കല്ലുകൾ എനിക്കുവേണ്ടി സാക്ഷിപറയും. അതുകൊണ്ട് നിങ്ങളുടെ ജീവനിൽ അക്രമം ചെയ്യാതിരിക്കുക. കള്ളവാദികളുടെ മുഖം വേറെയാണ്; സത്യവാദികളുടെ വേറേയും. അല്ലാഹു ഒരു കാര്യവും തീരുമാനമെടുക്കാതെ വിട്ടുകളയുകയില്ല. കളവും വഞ്ചനയും നിറഞ്ഞ ജീവിതത്തിനുമേൽ ഞാൻ ലഅ്നത്തു ചൊല്ലുന്നു; സൃഷ്ടികളെ ഭയന്നുകൊണ്ട് സ്രഷ്ടാവിന്റെ കാര്യത്തിൽനിന്ന് മാറിപ്പോകുന്നതിന്റെ അവസ്ഥയുടെ മേലും. സർവ്വശക്തനായ അല്ലാഹു കൃത്യസമയത്ത് ആ സേവനം എന്നെ ഏല്പിച്ചു. അതിനുവേണ്ടി എന്നെ സൃഷ്ടിച്ചു. ഞാൻ അതിൽ അലസത കാണിക്കുകയെന്നത് ഒരിക്കലും സംഭാവ്യമല്ല; സൂര്യൻ ഒരു ഭാഗത്തുനിന്നും ഭൂമി ഒരു ഭാഗത്തുനിന്നും പരസ്പരം ചേർന്ന് ഞെരിച്ചുകളഞ്ഞാലും! മനുഷ്യൻ എന്താണ്? കേവലം ഒരുകീടം. ബശർ എന്താണ്? കേവലം ഒരു രക്തക്കട്ട. ഒരു കീടത്തിനും ഒരു രക്തക്കട്ടയ്ക്കുംവേണ്ടി ഹയ്യൂമും ഖയ്യൂമുമായവന്റെ കല്പനയെ ഞാൻ എങ്ങനെയാണ് മാറ്റിവെക്കുക. എപ്രകാരം അല്ലാഹു മുമ്പേ വന്ന ദൂതന്മാരുടേയും നിഷേധികളുടേയും ഇടയിൽ ഒരുനാൾ വിധിപറഞ്ഞുവോ അതേപ്രകാരം അവൻ ഇപ്പോഴും വിധി പറയുന്നതാണ്. ദൈവനിയോഗിതർ വരുന്നതിനും ഒരു കാലമുണ്ട്; പിന്നീട് പോകുന്നതിനും ഒരു കാലമുണ്ട്. ഞാൻ അകാലത്തിൽ വന്നിട്ടില്ലെന്ന് തീർച്ചയായും മനസ്സിലാക്കിക്കൊള്ളുക; അകാലത്തിൽ പോകുകയുമില്ല. അല്ലാഹുമായി പോരാടാതിരിക്കുക! എന്നെ ഉന്മൂലനം ചെയ്യുക എന്നത് നിങ്ങളുടെ പണിയല്ല." (ഉമീമ തുഹ്ഫയെ ഗോൽഡവിയ്യ, റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 49)

## എതിരാളികൾ പാഴ്വേല ചെയ്ത് തങ്ങളെ നശിപ്പിക്കുന്നു. അവരാൽ പിഴുതെറിയപ്പെടുന്ന ചെടിയല്ല ഞാൻ.

"ഇബ്റാഹിം അലയ്ഹിസ്സലാമിന് നല്കപ്പെട്ട അതേ സത്യതയാണ് എന്റെ ആത്മാവിലുള്ളത്. ഇബ്റാഹീമി ബന്ധമാണ് എനിക്കു അല്ലാഹുവിനോടുള്ളതും. എന്റെ രഹസ്യത്തെ ആർക്കും അറിയില്ല; എന്നാൽ, എന്റെ അല്ലാഹു! എതിരാളികൾ പാഴ്വേല ചെയ്തു തങ്ങളെ നശിപ്പിക്കുകയാണ്. അവരുടെ കൈയാൽ പിഴുതെറിയപ്പെടുന്ന ചെടിയല്ല ഞാൻ. അവരുടെ മുമ്പിലുള്ളവരും അവരുടെ പിമ്പിലുള്ളവരും അവരിലെ ജീവിച്ചിരിക്കുന്നവരും അവരിൽനിന്ന് മരിച്ചുപോയവരും എല്ലാവരും ഒരുമിച്ചു കൂടിഎന്നെ ഉന്മൂലനം ചെയ്യുന്നതിനുവേണ്ടി പ്രാർഥിച്ചാലും എന്റെ അല്ലാഹു ആ എല്ലാ പ്രാർഥനകളേയും ലഅ്നത്തിന്റെ രൂപത്തിലാക്കി അവരുടെ മുഖത്തേക്കു വലിച്ചെറിയുന്നതാണ്. നോക്കൂ! നൂറുക്കണക്കിന് ബുദ്ധിമതികൾ നിങ്ങളുടെ ജമാഅത്തിൽ നിന്ന് പുറത്തിറങ്ങി നമ്മുടെ ജമാഅത്തിൽ ചേർന്നു കൊണ്ടുപോകുന്നു. ആകാശത്തിൽ ഒരു ബഹളമുണ്ടായിരിക്കുകയാണ്. മലക്കുകൾ പരിശുദ്ധ മനസ്സുകളെ പിടിച്ച് വലിച്ച് ഇവിടെ കൊണ്ടുവരുന്നു. ഇപ്പോൾ ഈ ആകാശീയമായ നടപടികളെ മനുഷ്യന് തടുക്കാൻ കഴിയുമോ? നിങ്ങൾക്ക് ശക്തിയുണ്ടെങ്കിൽ തടയുക! നബിമാരുടെ എതിരാളികൾ ചെയ്തുകൊണ്ടിരുന്ന എല്ലാ തന്ത്രങ്ങളും വഞ്ചനകളും നിങ്ങൾ ചെയ്തുകൊള്ളുക. ഒരു തന്ത്രവും മാറ്റിവെക്കേണ്ട. അങ്ങേയറ്റം കിണഞ്ഞു പരിശ്രമിക്കുക. മരണത്തിൽ കലാശിക്കുംവിധം ശാപപ്രാർഥനകൾ നടത്തുക. എന്നിട്ടു നോക്കുക, നിങ്ങൾക്കെന്താണ് ചെയ്യാൻ കഴിഞ്ഞതെന്ന്! അല്ലാഹുവിൽനിന്ന് അടയാളങ്ങൾ മഴപോലെ വർഷിച്ചുകൊണ്ടിരിക്കുന്നു. എന്നാൽ, നിർഭാഗ്യനായ മനുഷ്യൻ ദൂരെനിന്ന് ആക്ഷേപം ഉന്നയിക്കുന്നു. ആരുടെ മനസ്സുകളിലാണോ സീൽ അടിച്ചിട്ടുള്ളത് അവരെ നാം എങ്ങനെയാണ് ചികിത്സിക്കാനാണ്? അല്ലാഹുവേ നീ ഈ ഉമ്മത്തിനുമേൽ കരുണ ചൊരിഞ്ഞാലും. ആമീൻ."(അർബയീൻ നമ്പർ 4, റൂഹാനീ ഖസാഇൻ വാള്യം 17, പേജ് 472)

ഇക്കാലഘട്ടത്തിലെ ഇമാം സയ്യിദുനാ ഹദ്റത്ത് മിർസാ ഗുലാം അഹ്മദ് ഖാദിയാനി, മസീഹ് മൗഊദ് മഹ്ദിയെ മഅ്ഹൂദ്(അ)ന്റെ സത്യസാക്ഷ്യത്തെ മനസ്സിലാക്കി അദ്ദേഹത്തിൽ വിശ്വസിക്കാനും തങ്ങളുടെ ദുൻയാവും ആഖിറത്തും സുവർണമാക്കാനും അല്ലാഹു മുസ്ലിം ഉമ്മത്തിന് സന്മാർഗം നല്കുമാറാകട്ടെ. ആമീൻ (മൻസ്വൂർ അഹ്മദ് മസ്റൂർ)

...........★...........★...........★...........

AL ISLAM

പേജ് 11ൽ നിന്ന്

റാബിത്വത്തിൽ ആലമിൽ ഇസ്ലാമിയ്യ ജമാഅത്തിന്നെതിരിൽ കുഫ്ർ ഫത്വ വിധിച്ചു. അഹ്മദികളെ നശിപ്പിക്കാൻ ഗൂഢപദ്ധതികൾ ആസൂത്രണം ചെയ്തു. കഴിവ് മുഴുവൻ പ്രയോഗിച്ചു.

ഇനി അല്ലാഹുവിനെ മുൻനിറുത്തി സാക്ഷി പറയുക! നിങ്ങൾ അഹ്മദിയ്യത്തിനെ നശിപ്പിക്കുന്നതിൽ വിജയിച്ചോ? നിങ്ങളുടെ എല്ലാ തന്ത്രങ്ങളും തടസങ്ങളും ഉണ്ടായിട്ടും അഹ് മദിയ്യാ ജമാഅത്ത് ഒന്നിനുപിറകെ ഒന്നാകെ പടവുകൾ താണ്ടിക്കൊണ്ടുപോയി. നിങ്ങളുടെ എല്ലാ പദ്ധതികളും പരാജയപ്പെട്ടു. നിങ്ങൾ കഴിവിന്റെ പരമാവധി പയറ്റി നോക്കി. എന്നാൽ, കതബല്ലാഹു ലഅ്ഗ്‌ലിബന്ന അന വ റുസുലീ എന്ന അല്ലാഹുവിന്റെ വാഗ്ദാനം (താനും തന്റെ റസൂൽമാരും വിജയിക്കുകതന്നെ ചെയ്യുമെന്ന് അല്ലാഹു വിധിയെഴുതിയിരിക്കുന്നു– 58:22) അനുസരിച്ച് ഹദ്റത്ത് മസീഹ് മൗഊദ്(അ) വിജയിച്ചു. അവിടത്തെ ജമാഅത്ത് മതപരവും ആത്മീയവും ധാർമികവുമായ നിലയിൽ ലോകത്ത് വിജയിച്ചുകൊണ്ടേപോകുന്നു.

ഹദ്റത്ത് മസീഹ് മൗഊദ്(അ) പറയുന്നു: "എതിരാളികൾ പാഴ്വേല ചെയ്ത് തങ്ങളെ നശിപ്പിച്ചു കൊണ്ടിരിക്കുകയാണ്. അവരുടെ കൈയാൽ പിഴുതെറിയപ്പെടുന്ന ചെടിയല്ല ഞാൻ. അവർക്കുമുമ്പേയുള്ളവരും പിമ്പേയുള്ളവരും ജീവിച്ചിരിക്കുന്നവരും മരിച്ചവരുമെല്ലാം സംഘടിച്ചാലും, എന്നെ നശിപ്പിക്കുന്നതിനുവേണ്ടി ദുആ ചെയ്താലും അല്ലാഹു അവരുടെ ദുആകളെ ശാപത്തിന്റെ രൂപത്തിലാക്കി അവരുടെ മുഖത്തേക്ക് എറിയുന്നതാണ്. നോക്കൂ! നൂറുക്കണക്കിന് ബുദ്ധിമതികൾ നിങ്ങളുടെ ജമാഅത്തിൽനിന്ന് പുറത്തുചാടി നമ്മുടെ ജമാഅത്തിൽ ചേർന്നുകൊണ്ടുപോകുന്നു. ആകാശത്തിൽ ഒരു ബഹളംതന്നെ നടക്കുകയാണ്. മലക്കുകൾ പരിശുദ്ധഹൃദയങ്ങളെ വലിച്ച് ഇങ്ങോട്ടു കൊണ്ടുവരുന്നു." (അർബയീൻ, നമ്പർ 4, റൂഹാനീഖസായിൻ, വാള്യം 17, പേജ് 473)

അല്ലാഹു എല്ലാ ജമാഅത്തംഗങ്ങളേയും ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ജീവിതമാതൃക പിൻപറ്റി സഹിഷ്ണുതയോടേയും ആത്മനിയന്ത്രണത്തോടേയും ക്ഷമയോടേയും സഹനത്തോടേയും എതിരാളികളുടെ എതിർപ്പ് സഹിച്ചുകൊണ്ട് അല്ലാഹുവിലേക്ക് ജനങ്ങളെ ക്ഷണിക്കാൻ തൗഫീഖ് നല്കുമാറാകട്ടെ. ഇതിന്റെ ഫലമായി ഏറ്റവും കൂടുതൽ സൽപ്രകൃതക്കാർ ജമാഅത്തിൽ ചേർന്നുകൊണ്ട് തങ്ങളുടെ ഇഹപരലോകങ്ങൾ സുവർണമാക്കിക്കൊണ്ടുപോകുമാറാകട്ടെ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ ഉൾക്കാഴ്ചാഭരിതമായ സന്ദേശം മനസ്സിലാക്കിക്കൊണ്ടു പോകുന്നവരാകട്ടെ.

സ്വിദ്ഖ് സെ മേരീ ത്വരഫ് ആവോ ഉസീമേ ഖയ്ർ ഹെ
ഹെ ദരന്ദെ ഹർത്വരഫ് മെ ആഫിയത്ത് കാ ഹും ഹിസ്വാർ.
(സത്യസന്ധതയോടെ എന്നിലേക്ക് വരിക, അതിലാണ് നന്മയുള്ളത്. നാലുഭാഗത്തും വന്യമൃഗങ്ങളാണുള്ളത്, ഞാൻ സൗഖ്യത്തിന്റെ കോട്ടയാകുന്നു)

...........★...........★...........★...........